തായമ്പത്തോടി ഗ്രാമപഞ്ചായത്ത്

വികസനരേഖ

മഹാത്മാഗാന്ധി - ഇന്ത്യയുടെ രാഷ്ട്രപിതാവ്

127-3

കായംകൊടി ഗ്രാമ പഞ്ചായത്ത്

വികസന സെമിനാർ

നവംബർ 28

ദേവർകോവിൽ

പ്രസിഡണ്ട്
സി. പി. സരോജിനിദേവി

ഭരണസമിതി അംഗങ്ങൾ

എൻ.കെ. ചന്ദ്രൻ
വി.പി. ആയിഷ
കെ.കെ. ഉമ്മർ മാസ്റ്റർ

പരപ്പുമ്മൽ കുഞ്ഞബ്ദുള്ള മാസ്റ്റർ
കെ.സി. മാതു
ഇ. സുമതി ടീച്ചർ
എ.പി. മല്ലിക



വൈസ് പ്രസിഡണ്ട്
ടി. മൊയ്തു

ആസൂത്രണ സമിതി

ചെയർമാൻ	സി. പി. സരോജിനി ദേവി
കൺവിനർ	എം. കെ. ശശി
അംഗങ്ങൾ	കെ. രാജൻ മാസ്റ്റർ
	ഇ. കെ. കരണ്ടോട്
	കെ. അശോകൻ
	കെ.കെ.സി. കുഞ്ഞബ്ദുള്ള മാസ്റ്റർ
	വി. കെ. കരുണൻ



സ്റ്റാൻഡിംഗ് കമ്മിറ്റി
ചെയർമാൻ
ടി. ടി. നാണു

10
8
6
7
1
5
9
2
4
3
N
W
E
S
റോഡ്
തോട്
പുഴ
കനാൽ
കായക്കൊടി
ഗ്രാമപഞ്ചായത്ത്

ചീഫ് എഡിറ്റർ — കെ. പ്രേമൻ

എഡിറ്റർ — എൻ. പി. കേളപ്പൻ മാസ്റ്റർ

എഡിറ്റോറിയൽ ബോർഡ്

കെ. പി. ചന്ദ്രൻ

കെ. മുകുന്ദൻ

എ.പി. സുരേഷ്മാസ്റ്റർ

പി. ഗോപി

സി. സതീശൻ മാസ്റ്റർ

ടി. സൈനുദ്ദീൻ മാസ്റ്റർ

യു.വി വിനോദൻ മാസ്റ്റർ

കെ.ടി. ലത്തീഫ്

ടി.ടി. കൃഷ്ണൻ

സി. പി സുരേന്ദ്രൻ

കെ.കെ. രതീഷ്

വി. പി. രാജീവൻ

താ

ളു

ക

ളി

ൽ

മു ഖ ക്കു റി പ്

ഇ ന്ന ലെ ക ളി ലൂ ടെ

പ്ര കൃ തി യും മ നു ഷ്യ നും

വി ദ്യാ രം ഗം

സാം സ് കാ രി ക രം ഗം

കൃ ഷി യും കൃ ഷി യി ട ങ്ങ ളും

മൃ ഗ പ രി പാ ല നം

മ ത്സ്യ സ മ്പ ത്ത്

വീ ട്

സാ മൂ ഹ്യ ക്ഷേ മം

കു ടി വെ ള്ളം

ആ രോ ഗ്യ സംര ക്ഷ ണം

ഊ ർ ജ്ജം

റോഡുകൾ പാലങ്ങൾ

പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം

വ്യവസായം

സഹകരണം

വിഭവസമാഹരണം

ഗ്രാമപഞ്ചായത്ത് പ്രവർത്തന രേഖ

വികസന രേഖ തയ്യാറക്കിയവർ

സ്ത്രീ

cover
sreekumar
sketch & layout
manoj monalisa

പഞ്ചായത്തിന്റെ പൊതുവിവരണം

പഞ്ചായത്തിന്റെ പേര്	കായക്കൊടി
വില്ലേജ്	കായക്കൊടി
ബ്ലോക്ക് പഞ്ചായത്ത്	കുന്നുമ്മൽ
ഡിവിഷനുകൾ	കായക്കൊടി, കുന്നുമ്മൽ ഭാഗികം
ജില്ലാ പഞ്ചായത്ത്	കോഴിക്കോട്
ഡിവിഷനുകൾ	കുറ്റ്യാടിഭാഗികം നരിപ്പറ്റ ഭാഗികം
താലൂക്ക്	വടകര
അസംബ്ലി മണ്ഡലം	നാദാപുരം
വിസ്തീർണ്ണം	28.14 ച.കി.മീ.
ജനസംഖ്യ	21,175 (1991 ലെ സെൻസസ്)
വാർഡുകളുടെ	എണ്ണം 10
അതിരുകൾ	

വടക്ക്	നരിപ്പറ്റ, കാവിലും പാറ പഞ്ചായത്ത്
തെക്ക്	മരുതോങ്കര കുറ്റ്യാടി പഞ്ചായത്തുകൾ
കിഴക്ക്	കാവിലും പാറപഞ്ചായത്ത്.
പടിഞ്ഞാറ്	നരിപ്പറ്റ കുന്നുമ്മൽ പഞ്ചായത്ത്.

പ്രസിന്റിന്റെ പേര്	സി.പി. സരോജിനി ദേവി
വൈസ് പ്രസിഡന്റിന്റെ പേര്	ടി. മൊയ്തു
സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ	ടി.ടി. നാണു.

മുഖക്കുറിപ്പ്

സ്വാതന്ത്ര്യലബ്ധിക്കു ശേഷം കേരളത്തിന്റെ വികസന മേഖലയിൽ പദ്ധതികൾ പലതും ആവിഷ്ക്കരിക്കപ്പെട്ടിട്ടുണ്ടെങ്കിലും ലക്ഷ്യം പൂർണ്ണമായും നിറവേറ്റപ്പെടാതെ പോയി. ഉദ്പാദനമേഖലകളിലെ മാന്ദ്യവും സേവന തുറകലിലെ നിലവാരത്തകർച്ചയും ഇന്ന് ഗുരുതരമായ പ്രതിസന്ധിയായി മാറിയിരിക്കയാണ്. കേന്ദ്രീകൃത ആസൂത്രണ സംവിധാനത്തിന്റെ പോരായ്മകൾ തന്നെയാണ് ഇതിന് കാരണങ്ങളായി ചൂണ്ടിക്കാണിക്കപ്പെടുന്നത്. പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രദേശത്തിന്റെ ഭൂപ്രകൃതിക്കോ ജനകീയ ആവശ്യങ്ങൾക്കോ അനുസൃതമായ പദ്ധതികളല്ല വികസനത്തിന്റെ ഭാഗമായി നടപ്പിലാക്കുന്നത്. ജനപങ്കാളിത്തമില്ലായ്മ പദ്ധതികൾ വിജയിക്കാതെ പോയതിന് മറ്റൊരു പ്രധാന കാരണമാണെന്ന് കാണാം. കഴിഞ്ഞ ഒരു പതിറ്റാണ്ടിലേറെ കാലമായി ഗുരുതരമായ ഈ പ്രശ്നം സജീവമായി ചർച്ചചെയ്യപ്പെട്ടിട്ടുണ്ട്. നിരന്തരമായ ഇത്തരം ചർച്ചകളിലൂടെയാണ് ഒമ്പതാം പദ്ധതി ജനകീയ പദ്ധതി എന്ന മുദ്രാവാക്യം ഉയർന്നുവരുന്നത്. ഈ പദ്ധതിയുടെ അടിസ്ഥാന സ്വഭാവം തദ്ദേശീയമായ പദ്ധതികളുടെ സാദ്ധ്യതകൾ തദ്ദേശിയരാൽ ആരായുകയും അവലോകനം ചെയ്യുകയും പരിഹാര നിർദ്ദേശങ്ങൾ ഉണ്ടാക്കുകയും ചെയ്യുക എന്നതു തന്നെ. കേന്ദ്രീകൃതമായ ആസൂത്രണ പദ്ധതിക്കുകീഴിൽ ഗ്രാമ പഞ്ചായത്തുകൾ ഇച്ഛാശക്തി ഇല്ലാത്ത നിഴൽ നാടകങ്ങളായി മാറുന്നതിനു പകരം ഗ്രാമ സഭകളുടെ സാഹയത്തോടെ പദ്ധതി രൂപീകരണത്തിന്റെ കേന്ദ്ര സ്ഥാനത്തു നിൽക്കുന്നു എന്നതാണ് ജനകീയ പദ്ധതിയുടെ സവിശേഷത.

കഴിഞ്ഞ ഏഴു പഞ്ചവത്സര പദ്ധതികളിൽ ആദ്യത്തെ രണ്ടു പദ്ധതികൾ മാത്രമെ ലക്ഷ്യത്തിന്റെ 90% മെങ്കിലും കൈവരിച്ചിട്ടുള്ള. തുടർന്നിങ്ങോട്ട് വികസനത്തിന്റെ ഗ്രാഫ് കുത്തനെ താഴുകയായിരുന്നു. വികസനത്തിന്റെ അടിസ്ഥാന മേഖലകളായ കൃഷിയുടെയും വ്യവസായത്തിന്റെയും വളർച്ച പൊതുവെ പിറകോട്ടടിക്കുകയും വിദ്യാഭ്യാസം ആരോഗ്യം എന്നീ വികസന മേഖലകളിൽപ്പെട്ട സേവനമേഖലയിൽ വമ്പിച്ച നിലവാരത്തകർച്ച അനുഭവപ്പെട്ടു തുടങ്ങുകയും ചെയ്തു.

സേവന മേഖലകളിലുണ്ടായ അഭൂതപൂർവ്വമായ വളർച്ചയാണ് കേരളമാതൃക എന്ന സുപ്രധാനമായ വിശേഷണത്തിന്റെ അടിസ്ഥനം. ഇത് നില നിൽക്കുമ്പോൾ തന്നെ വികസനത്തിന്റെ അടിസ്ഥാന ഘടകമായ ഉദ്പാദനമേഖല ഗുരുതരമായ തകർച്ച നേരിട്ടു കൊണ്ടേയിരുന്നു കാർഷിക മേഖലയിലെ ഭൂവിനിയോഗത്തിന്റെ കാര്യത്തിൽ കേരളം ഇന്ത്യൻ ശരാശരിയേക്കാൾ മേലെയാണെങ്കിലും ഉദ്പാദനക്ഷമതയുടെ കാര്യത്തിൽ കാലക്രമേണ നാം പിന്നോക്കം പോയി കാർഷിക മേഖലയെ പുഷ്ടിപ്പെടുത്താൻ പുതിയ സാഹചര്യത്തിൽ ലഭ്യമായ സ്ഥലത്ത് ശാസ്ത്രീയമായി കൂടുതൽ കൃഷിചെയ്യുക മാത്രമെ നമുക്ക് നിർവ്വാഹമുള്ളൂ.

വികസനത്തിന്റെ ദ്വിതീയ മേഖലയായ വ്യവസായ മേഖലയും പ്രതിസന്ധി വിമുക്തമല്ല. പ്രാദേശിക തലത്തിൽ കേരളം കൂടുതൽ ആശ്രയിക്കുന്നത് ചെറുകിട പരമ്പരാഗത വ്യവസായങ്ങളെയാണ്. ഉദ്പാദനക്ഷമതയിലും നടത്തിപ്പിന്റെ കാര്യക്ഷമതയിലും ഇത്തരം വ്യവസായങ്ങൾ വളരെപിന്നിലാണ്. മൂലധനനിക്ഷേപങ്ങളുടെയും മറ്റു പാശ്ചാത്തല സൗകര്യങ്ങളുടെയും അപര്യാപ്തതമൂലം പുതിയ സംരംഭകർ ഈ രംഗത്തേയ്ക്ക് കടന്നുവരാൻ വൈമനസും പ്രകടിപ്പിക്കുന്നു. അസംസ്കൃത വസ്തുക്കളുടെ പ്രാദേശികമായ ലഭ്യതയും ഉൽപ്പന്നങ്ങളുടെ ആവശ്യവുമാണ് ഒരു പ്രാദേശത്തിന്റെ വ്യവസായ സാദ്ധ്യതകൾ നിർണ്ണയിക്കുന്നത്. കാർഷിക മേഖലയിലെ ഉൽപ്പന്നങ്ങൾ ഉപയോഗപ്പെടുത്തി പരമ്പരാഗത ചെറുകിട വ്യവസായങ്ങൾ വളർത്തിയെടുക്കാവുന്നതാണ്. അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കികൊടുക്കുകയും വ്യാവസായിക പരിജ്ഞാനം ലഭ്യമാക്കുകയും ചെയ്താൽ സുലഭമായ മനുഷ്യ വിഭവങ്ങൾ ഉപയോഗപ്പെടുത്തി ചെറുകിട പരമ്പരാഗത വ്യവസായങ്ങൾ ഗ്രാമ തലത്തിൽ അഭിവൃദ്ധിപ്പെടുത്താം.

സേവന മേഖലകളായ വിദ്യാഭ്യാസം ആരോഗ്യം എന്നീ തുറകളിൽ മറ്റ് രണ്ട് മേഖലകളെയും അപേക്ഷിച്ച് നാം ഏറെ മുന്നിലാണെങ്കിലും ഗുണനിലവാരത്തിന്റെ കാര്യത്തിൽ ഇനിയും മുന്നേറേണ്ടതുണ്ട്. ജനകീയമായ ഇടപെടലുകളും മെച്ചപ്പെട്ട ആസൂത്രണവും കൊണ്ടു മാത്രമെ ഈ

രംഗത്ത് നിലവാര തകർച്ച മറികടക്കാൻ കഴിയുകയുള്ളു. വിദ്യാഭ്യാസ രംഗത്ത് നിലവാരം മെച്ചപ്പെടുത്തുന്നതോടൊപ്പം കൃഷിയുടെയും വ്യവസായത്തിന്റെയും ഒരു അനുബന്ധ ശീലം കൂടി വിദ്യാർത്ഥികളിൽ വളർത്തിയെടുക്കേണ്ടതാണ്.

കേരളത്തിന്റെ വികസന മേഖലയെ സംബന്ധിക്കുന്ന ഇത്തരം ചർച്ചകളാണ് യഥാർത്ഥത്തിൽ ജനകീയ പദ്ധതിക്ക് രൂപം കൊടുക്കാൻ കാരണമായിത്തീർന്നത്.

കായക്കൊടി ഗ്രാമ പഞ്ചായത്തിൽ ജനകീയ ആസൂത്രണ പ്രസ്ഥാനത്തിന്റെ ഒന്നാം ഘട്ടം വിജയകരമായി പര്യവസാനിച്ചു. പദ്ധതി പ്രാവർത്തികമാക്കുന്നതിന് വിപുലമായ വിശേഷാൽ ഗ്രാമസഭകൾ വിളിച്ചു ചേർക്കുകയും വിവിധ വിഷയങ്ങളെ അധികരിച്ച് സജീവമായ ചർച്ചകൾ നടത്തുകയും ചെയ്തു. വികസന പ്രശ്നങ്ങളും സാധ്യതകളും പരിഹാര നിർദ്ദേശങ്ങളും ഗ്രാമസഭകളിൽ നിന്നു രൂപപ്പെട്ടു വരികയായിരുന്നു. ഈ ചർച്ചകളാണ് വികസന റിപ്പോർട്ടിന്റെ അടിസ്ഥാന ഘടകങ്ങളായി വർത്തിക്കുന്നത്. വ്യത്യസ്ത തിയ്യതികളിലായി വിളിച്ചു ചേർക്കപ്പെട്ട കായക്കൊടി ഗ്രാമ പഞ്ചായത്തിലെ പത്തു ഗ്രാമ സഭകളിലും കൂടി 2646 അംഗങ്ങളുടെ പേര് റജിസ്റ്റർ ചെയ്യപ്പെടുകയുണ്ടായി. യഥാർത്ഥത്തിൽ പങ്കാളിത്തം ഇതിലും എത്രയൊ കൂടുതലാണ്. ജനകീയ ആസൂത്രണത്തിന്റെ സന്ദേശം ആദ്യഘട്ടത്തിൽ പൂർണ്ണമായും ജനങ്ങളിൽ എത്തിക്കാൻ കഴിഞ്ഞില്ലെങ്കിലും ഇതിന്റെ പ്രാധാന്യം ഗ്രാമവാസികൾ ഉൾക്കൊണ്ടിട്ടുണ്ട് എന്നാണ് ഗ്രാമ സഭകളിലെ ജനപങ്കാളിത്തം സൂചിപ്പിക്കുന്നത്.

കായക്കൊടി ഗ്രാമ പഞ്ചായത്തിലെ ഗ്രാമ സഭകളിലെ ജനകീയ പങ്കാളിത്തം പട്ടിക

തിയ്യതി	വാർഡ്	സ്ഥലം	പു.	സ്ത്രീ	ജന പ്രതിനിധികൾ	ഉദ്യോഗസ്ഥന്മാർ	ആകെ
28-9-96	i	ആക്കൽ എൽ.പി.എൽ.പി. സ്ക്കൂൾ	86	47	3	3	139
29-9-96	ii	ദേവർകോവിൽ എം.യു.പി സക്കൂൾ	97	44	4	1	146
21-9-96	iii	ദേവർകോവിൽ വെസ്റ്റ് എൽ.പി.സ്ക്കൂൾ	95	19	5	1	120
28-9-96	iv	കരങ്ങാട് ജി.എൽ.പി. സ്ക്കൂൾ	154	54	6	3	217
15-9-96	V	ചങ്ങരംകുളം യു.പി.സ്ക്കൂൾ	132	48	5	2	187
22-9-96	vi	കോവുക്കുന്ന്	231	153	3	1	388
14-9-96	vii	കായക്കൊടി ഹൈ സ്ക്കൂൾ	124	77	12	2	215
29-9-96	viii	ആക്കൽ എൽ.പി. എൽ.പി	266	119	5	2	392
21-9-96	ix	പട്ടർ കുളങ്ങര എൽ.പി. സ്ക്കൂൾ	152	73	3	1	229
22-9-96	x	നിടുമണ്ണൂർ എൽ.പി.സ്ക്കൂൾ	360	246	5	2	613

പരിശീലന ഘട്ടങ്ങൾ

ഘട്ടം	ആക്ടി വിസറ്റുകൾ	ഡി.ആർ.പി.മാർ	ജന പ്രതിനിധികൾ	ഉദ്യോഗസ്ഥർ	ആകെ
ഒന്നാം ഘട്ടം	47	4	12	7	70
രണ്ടാം ഘട്ടം	50	6	11	5	72

ഭരണ ചരിത്രം

1962 ഏപ്രിൽ ഒന്നിന് കായക്കൊടി പഞ്ചായത്ത് നിലവിൽ വന്നു. 1964 ഡിസം:19ന് നടന്ന തിരഞ്ഞെടുപ്പിനെത്തുടർന്ന് അവിഭക്ത കമ്യൂണിസ്റ്റ് പാർട്ടി മുസ്ലിം ലീഗ് സഖ്യം കോൺഗ്രസ്സിനെയും പി.എസ്.പി.യെയും പരാജയപ്പെടുത്തി. 1965 ജന: ഒന്നിന് മുസ്ലീം ലീഗിലെ ജ. വി.കെ. കുഞ്ഞമ്മത് മാസ്റ്റർ പ്രസിഡന്റും സി.പി.ഐ (എം) ലെ ശ്രീ. പി. കണ്ണക്കുറുപ്പ് വൈ. പ്രസിഡന്റുമായി ഭരണസമിതി നിലവിൽ വന്നു, വൈസ് പ്രസിഡന്റ് ശ്രീ. പി. കണ്ണക്കുറിപ്പിന്റെ നിര്യാണത്തെ തുടർന്ന് ശ്രീ. കെ. സി. കുഞ്ഞിക്കണ്ണനെ വൈ. പ്രസിഡന്റായി തെരെഞ്ഞെടുത്തു. മൊത്തം 9 ദേശമുണ്ടായിരുന്നെങ്കിലും കൂട്ടൂർ ചങ്ങരകുളം ദേശങ്ങളെയും ആക്കൽ നിടുമണ്ണൂർ ദേശങ്ങളെയും ഉൾപ്പെടുത്തി രണ്ടു വാർഡുകളായാണ് പരിഗണിച്ചിരുന്നത്. ഏഴ് വാർഡുകളിൽ നിന്നും ഏഴ് മെമ്പർമാർക്ക് പുറമെ ഒരു നോമിനേറ്റ് അംഗവും ഉണ്ടായിരുന്നു.

മെമ്പർമാർ

1. കെ.കെ. കുഞ്ഞിരാമൻ
2. വി.കെ. കുഞ്ഞമ്മത് മാസ്റ്റർ
3. എം.ടി. ആലിക്കുട്ടി
4. കെ. അന്ത്രു
5. എ.കെ. ചാത്തുനായർ
6. പി. കണ്ണക്കുറുപ്പ്
7. കെ. സി. കഞ്ഞിക്കണ്ണൻ
8. പി. നാരായണി (നോമിനേറ്റ് അംഗം)

നീണ്ട പതിനാറ് വർഷത്തെ ഇടവേളയ്ക്കു ശേഷം 1980 ൽ വീണ്ടും തെരെഞ്ഞെടുപ്പ് നടക്കുമ്പോഴേക്കും രാഷ്ട്രീയ സഖ്യത്തിൽ മാറ്റം വരികയും സി.പി.എം കോൺഗ്രസ്സ് (എസ്സ്) ആന്റണി കോൺഗ്രസ്സ് സഖ്യത്തെ പരാജയപ്പെടുത്തി മുസ്ലിം ലീഗ് കോൺഗ്രസ്സ് (ഐ), ജനതാപാർട്ടി സഖ്യം മുസ്ലിം ലീഗിലെ ജ. കെ.ടി. അബൂബക്കർ മൗലവിയുടെ നേതൃത്വത്തിൽ അധികാരത്തിൽ വരികയും ചെയ്തു. കോൺഗ്രസ്സിലെ ശ്രീ. കെ.വി. കുമാരനായിരുന്നു വൈ. പ്രസിഡന്റ്. തെരെഞ്ഞെടുപ്പിന് മുമ്പു നടത്തിയ വാർഡു വിഭജനത്തിൽ കൂട്ടൂർ, ചങ്ങരകുളം ആക്കൽ, നിടുമണ്ണൂർ എന്നീ ദേശങ്ങളെ നാല് വ്യത്യസ്ത വാർഡുകളാക്കി, പഞ്ചായത്തിലെ മൊത്തം ഒമ്പത് വാർഡുകളാക്കി മാറ്റിയിരുന്നു.

മെമ്പർമാർ

1. പ്രഭാവതി
2. കെ.ടി. അബൂബക്കർ മൗലവി
3. കെ.കെ. കുഞ്ഞബ്ദുള്ള ഹാജി
4. എൻ.പി. രാഘവൻ മാസ്റ്റർ
5. ഹാജി കെ.എ. പൊറോറ
6. പി. വിജയൻ
7. കെ.പി. കഞ്ഞിക്കണ്ണൻ
8. പി.പി. കേളപ്പൻ
9. കെ.വി. കുമാരൻ

1988 ൽ നടന്ന മൂന്നാമത് തെരഞ്ഞെടുപ്പിൽ സി.പി.എം. കോൺ.എസ്സ് മുന്നണി കോൺ.ഐ മുസ്ലിംലീഗ് സി.എം.പി. സഖ്യത്തെ പരാജയപ്പെടുത്തി സ. പി.വിജയന്റെ (സി.പി.എം) നേതൃത്വത്തിൽ അധികാരത്തിൽ വന്നു. ശ്രീ. ടി.ടി. നാണു (സി.പി.എം) ആയിരുന്നു വൈസ് പ്രസിഡന്റ്

മെമ്പർമാർ

1. കെ.പി. ബാലൻ മാസ്റ്റർ
2. വി.കെ. കുഞ്ഞമ്മത് മാസ്റ്റർ
3. കെ.ടി. അബൂബക്കർ മൗലവി
4. മഠത്തിൽ രവീന്ദ്രൻ
5. പി. വിജയൻ
6. കെ.സി. മാതു
7. ടി.ടി. നാണു.
8. എ.പി. മല്ലിക
9. യൂ കെ. എം രാജൻ

ആകെ ഒമ്പത് വാർഡുകൾ

1995 ൽ വീണ്ടും വാർഡ് വിഭജനം നടത്തുകയും 1,2,7,8 വാർഡുകളുടെ ഭാഗങ്ങൾ കൂട്ടിച്ചേർത്ത് പത്താമതൊരു വാർഡുകൂടി രൂപീകരിച്ചു. ഈ തെരഞ്ഞെടുപ്പിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി 10 ൽ 6 സീറ്റ് പിടിച്ചെടുത്തു കൊണ്ട് ഐക്യജനാധിപത്യ മുന്നണിയെ പരാജയപ്പെടുത്തി ശ്രീമതി. സി.പി. സരോജി ദേവി (സി.പി.എം) യുടെ നേതൃത്വത്തിൽ അധികാരത്തിൽ വന്നു ശ്രീ. ടി. മൊയ്തു (ജനതാദൾ) വൈസ്. പ്രസിഡന്റ് ശ്രീ. ടി.ടി. നാണു (സി.പി.എം) സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാനുമാണ്.

മെമ്പർമാർ

1. എൻ. കെ. ചന്ദ്രൻ
2. വി.പി. ആയിഷ
3. കെ.കെ. ഉമ്മർ മാസ്റ്റർ

4. പരപ്പുമ്മൽ കുഞ്ഞബ്ദുള്ള മാസ്റ്റർ
5. ടി. മൊയ്തു
6. കെ.സി. മാതു
7. ടി.ടി. നാണു
8. സി.പി. സരോജിനിദേവി
9. ഇ. സുമതി ടീച്ചർ
10. എ.പി. മല്ലിക.

നിലവിലുള്ള ഭരണസമിതി 1995 ഒക്ടോബർ 2 ന് അധികാരമേറ്റെടുത്ത് 13 മാസങ്ങൾ പിന്നിട്ടിരിക്കയാണ്. നമ്മുടെ പഞ്ചായത്ത് രൂപം കൊണ്ടതിന് ശേഷം നാലാമത്തെ ഭരണസമിതിയാണ് ഇന്ന് പഞ്ചായത്തിനെ നയിച്ചുകൊണ്ടിരിക്കുന്നത്. 1962 മുതൽ 1996 വരെയുള്ള സുദീർഘമായ മുപ്പത്തിനാല് വർഷങ്ങൾ. വികസന മേഖലയിൽ ഒരു ചുവട് മുന്നിലെത്തുക എന്നത് ഓരോ ഘട്ടത്തിലും നമ്മുടെ ലക്ഷ്യമായിരുന്നു. ഇന്നിപ്പോൾ പുതിയ ത്രിതല പഞ്ചായത്ത് ഭരണ സംവിധാനം വിഭാവനം ചെയ്യുന്ന അധികാരങ്ങളും ചുമതലകളും പഞ്ചായത്തുകൾ കൈയ്യേറ്റിരിക്കയാണ്. ഒൻപതാം പദ്ധതി ജനകീയ പദ്ധതി എന്ന പുതിയ ആശയം ലക്ഷ്യത്തിലേക്കുള്ള ദൂരം കുറക്കുമെന്ന പ്രത്യാശനമുക്കു നൽകിട്ടുണ്ട്. നമ്മുടെ പ്രദേശത്തിന്റെ രാഷ്ട്രീയ സാമൂഹ്യ വൈവിദ്ധ്യങ്ങളെ വികസനത്തിന്റെ പുതിയ. രാഷ്ട്രീയവുമായി കൂട്ടിയിണക്കുന്ന കണ്ണിയായി വർത്തിക്കാനുള്ള പരിശ്രമത്തിലാണ് നമ്മുടെ പഞ്ചായത്ത് ഭരണസമിതി ക്രിയാത്മകമായ ഒരു വികസന സംസ്കാരത്തിന്റെ ആദ്യഘട്ടങ്ങൾ വിജയകരമായി പൂർത്തിയാക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. രാഷ്ട്രീയമായ ചേരിതിരിവുകൾക്കതീതമായി ജനങ്ങളുടെ വിശാലവും ആത്മാർത്ഥവുമായ കൂട്ടായ്മ കെട്ടിപ്പടുക്കുന്നതിലൂടെ പഞ്ചായത്തിന്റെ വരും കാല പദ്ധതികൾക്ക് രൂപം കൊടുക്കാൻ നമുക്ക് കഴിയണം. പഞ്ചായത്തിലെ വിവിധ ഗ്രാമ സഭകളിൽ നിന്നുയർന്നുവന്ന വ്യത്യസ്ഥ മേഖലയിലെ പ്രശ്നങ്ങളുടെ സാദ്ധ്യതകളും വിശകലനം ചെയ്യുന്ന ഗ്രാമ പഞ്ചായത്തിന്റെ വികസന റിപ്പോർട്ട് സമഗ്രമായ ചർച്ചക്ക് വേണ്ടി മുന്നോട്ടു വെക്കുകയാണ്.

ഇന്നലെകളിലൂടെ...



സാമൂഹികസാംസ്കാരികചരിത്രം

ജന്മികുടിയാൻ ബന്ധങ്ങളിലധിഷ്ഠിതമായ സാമൂഹ്യ ഘടനയിൽ നിന്നാണ് ഈ പ്രദേശത്തിന്റെ ലഭ്യമായ ചരിത്രം ആരംഭിക്കുന്നത്. 1792-ൽ ബ്രിട്ടീഷ് കമ്പനി മലബാറിന്റെ ഭരണം ഏറ്റെടുക്കുമ്പോൾ കടത്തനാടൻ കല്ലിനു കിഴക്കുള്ള പ്രദേശങ്ങൾ (ഇന്നത്തെ കുന്നുമ്മൽ പഞ്ചായത്തിന്റെ മൊകേരി ഉൾപ്പെടുന്ന ചിലപ്രദേശങ്ങൾ, കായക്കൊടി, കുറ്റ്യാടി, കാവിലും പാറ എന്നീ ഭാഗങ്ങൾ) കോട്ടയം അഥവാ കൊറ്റ്യോട്ട് രാജാവിന്റെ അധീനതയിലായിരുന്നു. വീരപഴശ്ശി കേരളവർമ്മ രാജയായിരുന്നു ആ കാലത്ത് കോട്ടയം രാജാവ്. ഭൂമിയുടെ അധീശത്വം ചില ജന്മി കുടുംബങ്ങൾക്കായിരുന്നു. ആക്കലിടം, നിടുമണ്ണൂർ, ചേലോട്ടിടം, കുറുങ്ങോട്ടിടം, എന്നിവ പ്രധാനപ്പെട്ട ജന്മികുടുംബങ്ങളായിരുന്നു. രാജാവിന്റെ പ്രതിപുരുഷനായി നാടുവാണിരുന്നവർ നാടുവാഴികളായീ അറിയപ്പെട്ടു. 'അരിയിട്ടു വാഴ്ച' എന്ന പേരിലായിരുന്നു ഇത് അറിയപ്പെട്ടത്. നെടുമണ്ണൂർ, ആക്കലിടം, കുറുങ്ങോട്ടിടം, ചേലോട്ടിടം എന്നീ നാട്ടുവാഴിക്കുടുംബങ്ങൾക്കായിരുന്നു നാടുവാഴ്ചയ്ക്കുള്ള അധികാരം. മരുമക്കത്തായ സമ്പ്രദായം നിലനിന്നുവന്ന ഇത്തരം കുടുംബങ്ങളിൽ മൂത്ത കാരണവർ 'മൂപ്പിൽ സ്ഥാനിയായി അറിയപ്പെട്ടു. നാടുവാഴികളുടെ അധികാരം ചോദ്യം ചെയ്യപ്പെട്ടിരുന്നില്ല. ഒരു കാലത്ത് കൊല്ലും കൊലയും നടത്താനുള്ള അധികാരം പോലും നാടുവാഴികളിൽ നിക്ഷിപ്തമായിരുന്നുവത്രെ! വിളവിന്റെ അടിസ്ഥാനത്തിൽ കുടിയാന്മാർ നല്കിവന്ന പാട്ടമായിരുന്നു ജന്മിനാടുവാഴി കുടുംബങ്ങളിലെ വരുമാനത്തിന്റെ മുഖ്യ സ്രോതസ്സ്. തികച്ചും കൃഷിയിൽ അധിഷ്ടിതമായിരുന്നു ജനങ്ങളുടെ ജീവിത രീതി.

ചങ്ങരംകുളം യു. പി. സ്കൂളിൽ വെച്ചു നടന്ന മിശ്രഭോജനം സാമൂഹിക പരിഷ്കരണരംഗത്ത് പ്രത്യേകം പരാമർശമർഹിക്കുന്ന ഒരു സംഭവമാണ്. യശഃശരീരരായ ശ്രീ. എ. കെ. ഗോപാലൻ, കെ. കേളപ്പൻ മൊയാരത്ത് ശങ്കരൻ, എന്നിവർ തദ്ദേശീയരായ സാമൂഹ്യ പ്രവർത്തകരോടൊപ്പം മിശ്രഭോജനത്തിൽ, പങ്കെടുക്കാൻ ഈ വിദ്യാലയത്തിൽ എത്തിച്ചേരുകയുണ്ടായി. മനസ്സ് അനുവദിക്കാതെ മാറിനിന്ന ഒരു ഹരിജൻ ബാലനെ ശ്രീ. എ. കെ. ഗോപാലൻ മടിയിലിരുത്തി ഊണുകൊടുത്ത സംഭവം ഗ്രാമത്തിലെ പഴമക്കാർ ഇന്നും ഉൾപുളകത്തോടെ ഓർക്കുന്നു.

ഗതകാല സംസ്കൃതികളെക്കുറിച്ചുള്ള അറിവ് തലമുറകളിലേയ്ക്ക് കൈമാറ്റം ചെയ്യപ്പെട്ടത് കലാരൂപങ്ങളിലൂടെയാണ്. പാടിപ്പതിഞ്ഞ നാടൻ പാട്ടുകളിൽ നാടുവാഴികളുടെ ചെയ്തികൾ പരാമർശിക്കുന്ന ഈരടികളും ചരിത്രത്തിലെ വീരസ്മൃതികളുമുണ്ട്. വിദേശാധിപത്യത്തിനെതിരെ തന്റെ നാട്ടുരാജ്യത്തിന്റെ ഉപദേശീയത ഉയർത്തിപ്പിടിച്ച വീരപഴശ്ശിയുടെ ഓർമ്മകളുണ്ട്.

തന്റെ രാജ്യത്തിന്റെ ആസ്ഥാനമായ പഴശ്ശിയിൽ നിന്നും വയനാട്ടിലേക്കും അവിടെ നിന്ന് തിരിച്ചും ---------- ഗറില്ലാ സമരം നടത്തിയ പഴശ്ശിക്ക് കായക്കൊടിയിലെ മലമ്പ്രദേശങ്ങൾ ഇടത്താവളങ്ങളായിരുന്നിട്ടുണ്ട്. വയനാട്ടിലേക്കുള്ള പ്രധാന പാതകളെല്ലാം ബ്രിട്ടീഷ് പോലീസ്സ് മുദ്ര വെച്ചതോടെ മലനിരകളിലെ ഊടുപാതകൾ തന്റെ യാത്രയ്ക്കുള്ള സുരക്ഷിത മാർഗ്ഗമായി പഴശ്ശി തെരഞ്ഞെടുത്തു. പഴശ്ശിയാത്രയുടെ ചരിത്രമുഹൂർത്തങ്ങൾ ഓർമിപ്പിക്കുന്ന ചില സ്ഥലനാമങ്ങൾ ഈ പ്രദേശങ്ങൾക്കുണ്ട്. യാത്രാമദ്ധ്യേ പഴശ്ശി പട്ടിണികിടക്കേണ്ടിവന്ന കുന്നിൻ പ്രദേശം 'പഷ്ണിക്കുന്നു' ആയി മാറിയെന്ന് ജനങ്ങൾ വിശ്വസിച്ചുപോരുന്നു. 'പടവെട്ടിയാൻ പാറ' 'പാലുകാച്ചിമല', 'ഉറിതൂക്കിമല'

എന്നിവയും ചരിത്ര സംഭവങ്ങൾ സാക്ഷ്യപ്പെടുത്തുന്ന ചില സ്ഥലനാമങ്ങളാണ്. ഈ മലനിരകളിലെ ഊടുവഴികളിലൂടെ നാടുകാണിയിലെത്തുക എളുപ്പവും സുരക്ഷിതവുമാണ് ഈ പ്രദേശത്തിനടുത്തുനിന്നും കണ്ടെടുത്ത വാളും വാൾപിടിയും സ്ഥലനാമങ്ങൾ സംബന്ധിച്ച വിശ്വാസത്തിലേക്ക് വെളിച്ചം വീശുന്ന തെളിവുകളാണ്. പഴശ്ശി സമരത്തിന്റെ വീരസ്മൃതികൾ പിൽക്കാലത്ത് സമരോന്മുഖമായ രാഷ്ട്രീയാന്തരീക്ഷം വളർത്തിയെടുക്കാൻ ഈ പ്രദേശത്തിന് സഹായകരമായിട്ടുണ്ട്.

ക്രമേണ ജന്മികുടിയാൻ ബന്ധങ്ങളിലെ വൈരുദ്ധ്യം മൂർഛിക്കപ്പെട്ടുവന്നെങ്കിലും ഈ നൂറ്റാണ്ടിന്റെ ആരംഭകാലം വരെ സാമൂഹ്യഘടനയിൽ കാര്യമായ മാറ്റങ്ങളൊന്നുമില്ലാതെ കടന്നുപോയി. ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിൽ ശ്രീനാരായണ ഗുരുവിന്റെയും വാഗ്ഭടാനന്ദന്റെയും സ്വാധീനം ഈ പ്രദേശത്തും ജനതയുടെ ചിന്താമണ്ഡലത്തിൽ നവോത്ഥാനത്തിന്റെ പുതിയ വെളിച്ചം വീശി. അതോടൊപ്പം ഇന്ത്യൻ ദേശീയ പ്രസ്ഥാനത്തിന്റെ ആവിർഭാവം, കായക്കൊടിയിലും പരിസരപ്രദേശങ്ങളിലും അതിന്റെ അലയൊലികൾ സൃഷ്ടിച്ചു. വിദ്യാലയങ്ങൾ സാമൂഹ്യ രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെ പശ്ചാത്തലമായി വർത്തിച്ചു.

പഴശ്ശിയാത്രയുടെ ചരിത്രമുഹൂർത്തങ്ങൾ ഓർമിപ്പിക്കുന്ന ചില സ്ഥലനാമങ്ങൾ ഈ പ്രദേശങ്ങൾക്കുണ്ട്. യാത്രാമദ്ധ്യേ പഴശ്ശി പട്ടിണി കിടക്കേണ്ടിവന്ന കുന്നിൻ പ്രദേശം 'പഷ്ണിക്കുന്നു' ആയി മാറിയെന്ന് ജനങ്ങൾ വിശ്വസിച്ചുപോരുന്നു. 'പടവെട്ടിയാൻ പാറ' 'പാലുകാച്ചിമല', 'ഉറിതൂക്കിമല' എന്നിവയും ചരിത്ര സംഭവങ്ങൾ സാക്ഷ്യപ്പെടുത്തുന്ന ചില സ്ഥലനാമങ്ങളാണ്.

1920 കളുടെ ആരംഭത്തിൽ കായക്കൊടി വില്ലേജിലെ ആദ്യത്തെ കോൺഗ്രസ്സ് കമ്മിറ്റി നിലവിൽ വന്നു. കൊയിലോത്ത് കൃഷ്ണൻ നമ്പ്യാരായിരുന്നു ആദ്യത്തെ പ്രസിഡന്റ് കുറുങ്ങോട്ടു കുന്നുമ്മൽ ചന്തുക്കുറുപ്പ് ആദ്യകാല പ്രവർത്തകരിൽ ഒരാളയിരുന്നു. 'കായക്കൊടി ഗാന്ധി' എന്ന പേരില്ഡ അറിയപ്പെട്ടിരുന്ന ഇദ്ദേഹം ഇന്ത്യൻ നേഷനൽ കോൺഗ്രസ്സിന്റെ സന്ദേശങ്ങൾ പ്രചരിപ്പിക്കുകയും യുവാക്കളെ പ്രസ്ഥാനത്തിന്റെ ആശയങ്ങളിൽ ആകൃഷ്ടരാക്കുകയും ചെയ്തു. സമീപ പ്രദേശമായ മൈകേരി സാമൂഹിക നവോത്ഥാന പ്രസ്ഥാനങ്ങളുടെയും ദേശീയ പ്രസ്ഥാനത്തിന്റെയും ശക്തികേന്ദ്രങ്ങളിലൊന്നായിരുന്നു. എം. ഗോപാലക്കുറുപ്പ്, സി. പി. കൃഷ്ണൻ നായർ മുതലായവർ മൈകേരിയിലെ നേതൃനിരയിൽ സജീവമായിക്കഴിഞ്ഞിരുന്നു.

1930 ന്റെ ആരംഭത്തിൽ ഉപ്പ് നിയമ ലംഘനത്തിനുള്ള മഹാത്മാഗാന്ധിയുടെ ആഹ്വാനത്തിന്റെ അല മലബാറിലും ആഞ്ഞുവീശിത്തുടങ്ങി. ഏപ്രിൽ 13ന് ശ്രീ. കേളപ്പജിയുടെ നേതൃത്വത്തിൽ കോഴിക്കോട്ടുനിന്നാരംഭിച്ച ഉപ്പു സത്യാഗ്രഹ ജാഥ മലബാറിലെ ഉൾനാടൻ ഗ്രാമങ്ങളിലൂടെ പയ്യന്നൂരിനെ ലക്ഷ്യമാക്കി നീങ്ങി. ബാലുശ്ശേരി, നടുവണ്ണൂർ, കുറ്റ്യാടി തളീക്കര, ചങ്ങരംകുളം, കക്കട്ട് എന്നീ പ്രദേശങ്ങളിലൂടെയാണ് ജാഥ കടന്നുപോയത്. മൊയാരത്ത് ശങ്കരൻ, പി. കൃഷ്ണപ്പിള്ള രാമർ കുറുപ്പ്, ടി. എസ്സ്. തിരുമുമ്പ്, കെ. എ. കേരളീയൻ തുടങ്ങി 33 പേരാണ് ജാഥയിലുണ്ടായിരുന്നത്. ജാഥയ്ക്ക് ചങ്ങരംകുളം യു.പി സ്കൂളിൽ ഉജ്വലമായ സ്വീകരണം ഏർപ്പെടുത്തിയിരുന്നു. എം. ഗോപാലക്കുറുപ്പ്, സി. പി. കൃഷ്ണൻ നായർ, കുറുങ്ങോട്ടുകുന്നുമ്മൽ ചന്തുക്കുറുപ്പ്, കൊടുവങ്ങൽ അമ്പുക്കുറുപ്പ്, എ. വി. കുഞ്ഞിരാമൻ നായർ നാറാണത്തിൽ കരുണാകരൻ നമ്പ്യാർ മുതലായവർ സ്വീകരണത്തിന് നേതൃത്വം നൽകി.

"വരിക വരിക സഹജരെ
വലിയ സഹന സമരമായ്
കരളുറച്ചു കൈകൾ കോർത്തു
കാൽ നടക്കുപോകനാം"

അംശീനാരായണപ്പിള്ളയുടെ സമരഗീതം കുടിനിന്നവർ ഏറ്റുപാടി. ഗ്രാമം ഉണരുകയും ദേശീയ പ്രസ്ഥാനത്തിന്റെ മുഖ്യധാരയിലേക്ക് ഒന്നുകൂടി അടുക്കുകയുമായിരുന്നു. ഉപ്പ് സത്യാഗ്രഹത്തിന്റെ പ്രചരണപ്രസംഗം നടത്തിയതിന് ശ്രീ. എ. പി കൃഷ്ണൻ തളീക്കരയിൽ അറസ്റ്റുചെയ്യപ്പെട്ടു. നാലുമാസം ജയിലിലടച്ചു.

സ്വാതന്ത്ര്യസമരം ശക്തപ്പെട്ടതോടെ അയിത്തത്തിനും തൊട്ടുകൂടായ്മക്കുമെതിരെയും സമരവും കേരളത്തിൽ ശക്തി പ്രാപിച്ചു. 1931 ലെ ഗുരുവായൂർ സത്യാഗ്രഹത്തോടൊപ്പം നാട്ടിന്റെ നാനാഭാഗത്തും തീണ്ടലിനെതിരായ ശക്തമായ സാമൂഹ്യ മുന്നേറ്റങ്ങളുണ്ടായി.

ഈ കാലത്ത് ചങ്ങരംകുളം യു. പി. സ്കൂളിൽ വെച്ചു നടന്ന മിശ്രഭോജനം സാമൂഹിക പരിഷ്ക്കരണരംഗത്ത് പ്രത്യേകം പരാമർശമർഹിക്കുന്ന ഒരു സംഭവമാണ്. യശഃശരീരരായ ശ്രീ. എ. കെ. ഗോപാലൻ, കെ. കേളപ്പൻ മൊയാരത്ത് ശങ്കരൻ, എന്നിവർ തദ്ദേശീയരായ സാമൂഹ്യ പ്രവർത്തകരോടൊപ്പം മിശ്രഭോജനത്തിൽ, പങ്കെടുക്കാൻ ഈ

കരോടൊപ്പം മിശ്രഭോജനത്തിൽ, പങ്കെടുക്കാൻ ഈ വിദ്യാലയത്തിൽ എത്തിച്ചേരുകയുണ്ടായി. മനസ്സ് അനുവദിക്കാതെ മാറിനിന്ന ഒരു ഹരിജൻ ബാലനെ ശ്രീ. എ. കെ. ഗോപാലൻ മടിയിലിരുത്തി ഊണു കൊടുത്ത സംഭവം ഗ്രാമത്തിലെ പഴമക്കാർ ഇന്നും ഉൾപുളകത്തോടെ ഓർക്കുന്നു. അയിത്തോചാടനത്തിനും പ്രദേശത്തിന്റെ സാമൂഹിക നവോത്ഥാനത്തിനും ഈ സംഭവം ഒരു പ്രചോദനമായിരുന്നിട്ടുണ്ട്. ചങ്ങരംകുളം യു.പി സ്കൂളിനടുത്തായി ദേശീയ പ്രസ്ഥാനത്തിൽനിന്നും ശക്തി ആവാഹിച്ചു പ്രവർത്തനമാരംഭിച്ച ഒരു നൂൽ നൂൽപുകേന്ദ്രമുണ്ടായിരുന്നു. ഈ കാലഘട്ടത്തിൽ ആവിർഭവിച്ച മഹിളാ പ്രസ്ഥാനത്തിന്റെ ഒരു ഉപകേന്ദ്രമായിരുന്നു ഇത്. നൂൽ നൂൽപുമായി ബന്ധപ്പെട്ട് പ്രവർത്തിച്ച വരിൽ ഏറെയും സ്ത്രീകളായിരുന്നു. രാമർ കുറുപ്പിന്റെ ഭാര്യ മാധവിഅമ്മ, വേങ്ങച്ചാലിൽ പാത്തു എന്നിവർ ഈ സ്ഥാപനത്തിന്റെ ആദ്യകാല പ്രവർത്തകരായിരുന്നു.

ദേശീയ രാഷ്ട്രീയത്തിലെന്നപോലെ മലബാറിലും 1934 ൽ മാതൃസംഘടനയിൽ കോൺഗ്രസ്സ് സോഷിലിസ്റ്റ് പാർട്ടി രൂപംകൊണ്ടു. കായക്കൊടിയിലെ കോൺഗ്രസ്സ് പ്രവർത്തകരിൽ ഗണ്യമായ ഒരു വിഭാഗം കോൺഗ്രസ്സ് സോഷ്യലിസ്റ്റ് ആശയങ്ങളുമായി അടുത്തു തുടങ്ങി ഇതേ കാലഘട്ടത്തിൽ കർഷക പ്രസ്ഥാനവും ശക്തി പ്രാപിച്ചു വന്നു.

ജന്മിമാരിൽ നിന്നും സ്ഥലം പാട്ടത്തിനെടുത്ത് കൃഷിചെയ്യുന്ന സമ്പ്രദായം നിലവിലുണ്ടായിരുന്നു. ഇങ്ങിനെ പാട്ടത്തിനെടുക്കുന്ന കിഴക്കൻ മലകളിൽ കർഷകർ സംഘടിതമായി പുനം (നെല്ല്) കൃഷി ചെയ്തുവന്നു. വിഷുപ്പക്ഷി കരഞ്ഞു തുടങ്ങുന്നതോടെ വിത്തും കൈക്കോട്ടുമായി കരിങ്ങാട്ടു മലകളിലേക്ക് കയറിപ്പോകുന്ന കർഷകർ പുനം കൊത്തി കൃഷിയിറക്കിയാൽ പിന്നെ തിരിച്ചുപോരുന്നത് വിളവെടുപ്പിനുശേഷം കെട്ടിയുയർത്തിയ കാവൽ മാടങ്ങളിൽ അവർ വിളവിനു കാവലിരുന്നു. നാട്ടറിവുകൾ പ്രയോജനപ്പെടുത്തി വന്യജീവികളെ അകറ്റി. വിളവെടുപ്പിനു സമയമാകുന്നതോടെ പാട്ടം പിരിക്കാൻ ജന്മിമാരുടെ കാര്യസ്ഥന്മാർ മലനിരകളിലേക്ക് കയറിത്തുടങ്ങുന്നു. പാട്ടം പിരിവ് പല പ്പോഴും അന്യായവും ക്രൂരവുമായിരുന്നു. വാരം, പാട്ടം, വാശി, നുരി, ശീലക്കാശ് ഇവയെല്ലാം അന്യായത്തിന്റെ പര്യായ പദങ്ങളായിമാറി. കൃഷിക്കാർ ചെറുത്ത് നില്പ് ആരംഭിച്ചു. 1930 കളുടെ അവസാനത്തോടെ മലയോരങ്ങൾ സംഘർഷ മേഖലകളായി മാറി. ചരിത്രത്തിന്റെ അനിവാര്യമായ ഈ ഘട്ടത്തിൽ കർഷകർ സംഘടിച്ചുതുടങ്ങി. അവർ മര്യാദപാട്ടത്തിനു വേണ്ടി സമരമാരംഭിച്ചു ക്രമേണ സമരം ശക്തിപ്പെട്ടു തുടങ്ങി. സഖാവ് സി. എച്ച്. കണാരന്റെ നേതൃത്വത്തിൽ തലശ്ശേരിയിൽ നിന്നും റെഡ് വളന്റിയർമാരും വടകര നിന്നും ശ്രീ. എം. കെ. കേളുവിന്റെ നേതൃത്വത്തിൽ കോൺഗ്രസ്സ് വളന്റിയർമാരും കരിങ്ങാട്ടേക്കു മാർച്ചുചെയ്തു. ശക്തമായ ചെറുത്തുനില്പിന്റെ ഫലമായി ജന്മിമാരുടെ കാര്യസ്ഥന്മാർ പിൻവാങ്ങി. കോളേരി കോരൻ തുടങ്ങിയ കർഷക കാരണവൻമാർ ഈ കർഷക സമരത്തിന്റെ നേതൃനിരയിലുണ്ടായിരുന്ന സമര വളന്റിയറായിരുന്നു ടി. കെ. കെ. അബ്ദുള്ള ഹാജി കൃഷിക്കാർക്കിടയിൽ ആശയ പ്രചരണം നടത്തുന്നതിൽ പ്രധാനി ആയിരുന്നു. ഈ കാലത്ത് കണ്ണൂർ ചിറക്കൽ താലൂക്കിലും പുനം കൃഷിക്കാർ സമര രംഗത്തായിരുന്നു. മലബാറിലെ കർഷകസമരചരിത്രത്തിൽ പുനം കൃഷി സമരം ഏറെ പ്രാധാന്യ മർഹിക്കുന്ന ഒന്നാണ്. ഈ പ്രദേശത്തെ പ്രഥമ കർഷക സമ്മേളനം വട്ടോളിയിൽ വെച്ചു നടന്നു. ഇ. എം ശങ്കരൻ നമ്പൂതിരിപ്പാട്, കെ. കേളപ്പൻ, കെ. ദാമോദരൻ മുതലായവർ പങ്കെടുത്ത സമ്മേളനമായിരുന്നു അത്, കെ. ദാമോദരന്റെ 'പാട്ടബാക്കി' ഗ്രാമങ്ങളിൽ അവതരിപ്പിച്ചു. കോവുക്കുന്ന്, നാടകം അവതരിപ്പിച്ച കേന്ദ്രങ്ങളിൽ ഒന്നായിരുന്നു കർഷക സമരങ്ങൾക്ക് ഊർജം പകരുന്നതിന് അരങ്ങുകൾ പ്രയോജനപ്പെട്ടു.

1940 സപ്തംബറിൽ ചേർന്ന എ. ഐ. സി. സി. യോഗം വ്യക്തി സത്യാഗ്രഹമാരംഭിക്കാൻ തീരുമാനിച്ചു. മലബാറിൽ കോഴിപ്പുറം ദമ്പതിമാർ വ്യക്തി സത്യാഗ്രഹത്തിന് നേതൃത്വം നൽകി. ഇന്ത്യൻ നേഷനൽ കോൺഗ്രസ്സിന്റെ കായക്കൊടിയിലെ പ്രവർത്തകർ സടകുടഞ്ഞെഴുന്നേറ്റു. ആക്കലിടത്തിൽ കൃഷ്ണൻ നമ്പ്യാർ, കെ. എം. കുട്ടിക്കൃഷ്ണമാരാർ, പി. വി. കുഞ്ഞിക്കൃഷ്ണൻ നായർ, ഇ. കെ. കുഞ്ഞിക്കേളുക്കുറുപ്പ്, തുണ്ടിക്കാട്ടിൽ കുഞ്ഞിക്കണ്ണക്കുറുപ്പ് മാസ്റ്റർ, എൻ. കെ. ചാത്തുക്കുറുപ്പ് മാസ്റ്റർ, മഠത്തുകുനിമൊയ്തു തുടങ്ങിയവർ കോൺഗ്രസ്സിന്റെ സജീവ പ്രവർത്തകരായി മാറിക്കഴിഞ്ഞിരുന്നു. വ്യക്തി സത്യാഗ്രഹത്തിൽ പങ്കെടുത്തതിന് പി. വി. കുഞ്ഞിക്കൃഷ്ണൻ നായർ കുറ്റ്യാടിയിൽ നിന്നും അറസ്റ്റുചെയ്യപ്പെട്ടു. 1940 മാർച്ചു മാസത്തിൽ എ. വി. കുഞ്ഞിരാമൻ നായർ കെ. പി. സി. സി. മെമ്പർ ആയി. 1941 ൽ എ. വി. കുഞ്ഞിരാമൻ നായരും കുട്ടിക്കൃഷ്ണമാരാരും വ്യക്തി സത്യാഗ്രഹത്തിൽ പങ്കെടുത്തു. കുറ്റ്യാടി ഒരു സമര കേന്ദ്രമായിരുന്നു. സത്യാഗ്രഹ സന്ദേശവുമായി എ. വി. കുഞ്ഞിരാമൻ നായർ ചിറക്കൽ താലൂക്കിലൂടെ

കാസർഗോഡ്, മഞ്ചേശ്വരം, ഉഡുപ്പി, കുന്താപുരം വഴി മുന്നോട്ടു നീങ്ങി ബോബൈ പ്രവിശ്യയുടെ ഭാഗമായ ബഡക്കലിൽ പ്രവേശിച്ചതോടെ പോലീസ്സ് അറസ്റ്റ് ചെയ്തു. ആറുമാസത്തെ തടവിനു ശിക്ഷിക്കപ്പെട്ടു. ഏർവാഡാ ജയിലിൽ നിന്നും ശിക്ഷകഴിഞ്ഞു പുറത്തിറങ്ങിയ എ. വി. 1942ൽ നാട്ടിൽ തിരിച്ചെത്തി. ഇതേ കാലഘട്ടത്തിൽ ശ്രീ. കെ. എം. കുട്ടിക്കൃഷ്ണമാരാർ സത്യാഗ്രഹ സന്ദേശവുമായി ഡൽഹിയെ ലക്ഷ്യം വെച്ചു നടക്കാൻ ആരംഭിച്ചു. യാത്രയുടെ ഓരോ ഘട്ടത്തിലും പുതിയ സമരഭടൻമാർ ജാഥയോടൊപ്പം ചേർന്നു. ജാഥ കൊച്ചു കൊച്ചു ഗ്രൂപ്പുകളായി ഇടത്താവളങ്ങളിൽ തങ്ങി. ജാഥയുടെ സന്ദേശം പ്രചരിപ്പിച്ചു മദിരാശിയിലേക്കു നീങ്ങി. 1941 നവംബർ 17ന് ജാഥ മദിരാശിയിലെത്തി. തമിഴനാട് കോൺഗ്രസ്സ് കമ്മിറ്റി പ്രസിഡണ്ട് കാമരാജ് സത്യാഗ്രഹികളെ അഭിസംബോധനം ചെയ്തു. നവംബർ 21ാം തിയ്യതി കുട്ടിക്കൃഷ്ണമാരാർ അറസ്റ്റുചെയ്യപ്പെട്ടു. ബെല്ലാരി അലിപുരം സെൻട്രൽ ജയിലിൽ തടവ്. ജയിൽ മോചിതനായ മാരാർ നാട്ടിൽ തിരിച്ചെത്തി സംഘടനാ പ്രവർത്തനത്തിൽ മുഴുകി.

രണ്ടാംലോക മഹായുദ്ധം നാട്ടിൽ പട്ടിണിയും ദുരിതവും വിതച്ചു. കോൺഗ്രസ്സ് ദേശവ്യാപകമായി 'ക്വിറ്റ് ഇന്ത്യാ' സമരത്തിന് ആഹ്വാനം ചെയ്തു. 'ക്വിറ്റ്ഇന്ത്യ' യുടെ കാഹളം ഇന്ത്യൻ ഗ്രാമങ്ങളിലേക്കു പടർന്നു. 1942 ആഗസ്റ്റ് 27 ന് കക്കട്ടിൽ റജിസ്റ്റാഫീസ് പിക്കറ്റ് ചെയ്തു. കുറ്റ്യാടിയിൽ നിന്ന് ആരംഭിച്ച പിക്കറ്റിങ്ങ് ജാഥയ്ക്ക് ശ്രീ. എ. വി. കുഞ്ഞിരാമൻ നായർ നേതൃത്വം നൽകി. കുട്ടിക്കൃഷ്ണമാരാർ, പി. വി. കുഞ്ഞിക്കൃഷ്ണൻ നായർ മുതലായവർ ജാഥാംഗങ്ങളായിരുന്നു. സമരഭടന്മാർ അറസ്റ്റ് ചെയ്യപ്പെട്ടു. തുടർന്നു രണ്ടുമാസത്തെ തടവിനു ശിക്ഷിച്ചു. പോലീസ് നടപടിയുടെ വിചിത്രമായ മുഖം വെളിപ്പെടുത്തുന്ന ഒരു സംഭവമായിരുന്നു, ഈ കേസ്സിൽ ഉൾപ്പെടുത്തി 4 കമ്യൂണിസ്റ്റുകാരെ ഒരു കൊല്ലത്തെ നല്ല നടപ്പിനു ശിക്ഷിച്ചത്. മലബാറിലെ കോൺഗ്രസ്സ് നേതൃത്വം കോൺഗ്രസ് സോഷിലിസ്റ്റായിരുന്ന കെ. ബി. മേനോൻ ഏറ്റെടുത്തതോടെ പ്രവർത്തനങ്ങൾ കൂടുതൽ തീവ്രവാദത്തിലേക്കു നീങ്ങി. കീഴരിയൂർ ബോംബു കേസ്സ് ഫറൂക്ക് പാലം തകർക്കൽ എന്നീ സംഭവങ്ങൾ ഇതിന്റെ തുടർച്ചയായിരുന്നു. നമ്മുടെ പ്രദേശത്തെ കോൺഗ്രസ്സ് പ്രവർത്തകർ ക്വിറ്റിന്ത്യാ വാർഷിക ദിനാചരണം കൊണ്ടാടിയത് നാദാപുരം മജിസ്ട്രേട്ടുകോടതിക്ക് ഡയനാമിറ്റു വെച്ചുകൊണ്ടാണ് കെ. എം കുട്ടികൃഷ്ണമാരാർ ആണ് ഇതിന് നേതൃത്വം കൊടുത്തത്.

1942 ൽ രണ്ടാം ലോക മഹായുദ്ധത്തിന്റെ മൗലിക സ്വഭാവം തന്നെ മാറിക്കഴിഞ്ഞിരുന്നു. ജർമനി, ഇറ്റലി, ജപ്പാൻ തുടങ്ങിയ ഫാസിസ്റ്റുശക്തികൾ ഒരു വശത്തും സോവിയറ്റ് യൂനിയൻ ബ്രിട്ടൻ, ഫ്രാൻസ്, അമേരിക്ക തുടങ്ങിയ ജനാധിപത്യ ശക്തികൾ മറുവശത്തുമായുള്ള ആ യുദ്ധത്തെ ഒരു ജനകീയ യുദ്ധമായി കമ്യൂണിസ്റ്റുകാർ വിലയിരുത്തി. ഇന്ത്യൻ കമ്യൂണിസ്റ്റ് പാർട്ടിയും കോൺഗ്രസ്സ് സോഷ്യലിസ്റ്റ് പാർട്ടിയും തമ്മിൽ പ്രകടമായ ചേരിതിരിവ് വ്യക്തമായി. ദേശീയ രാഷ്ട്രീയത്തിലെ ഈ നിലപാട് കായക്കൊടിയിലെ രാഷ്ട്രീയ മണ്ഡലത്തിലും ദൃശ്യമായി. ഈ ഒരു നിലപാടിന്റെ ഭാഗമായി കമ്മ്യൂണിസ്റ്റ് പാർട്ടി പ്രവർത്തകർ ക്വിറ്റ് ഇന്ത്യാ സമരത്തിൽ നിന്നും മാറി നിന്നു. ലോക മഹായുദ്ധകെടുതികൾ വാരിവിതച്ചു. നാട്ടിൽ പട്ടിണിയും ദാരിദ്ര്യവും നടമാടി. കോളറ പടർന്നു പിടിച്ചു. കമ്യൂണിസ്റ്റ് പാർട്ടി പ്രവർത്തകർ രാഷ്ട്രീയ പ്രവർത്തനങ്ങളോടൊപ്പം ദുരിതാശ്വാസ പ്രവർത്തനങ്ങളിലും ശ്രദ്ധ കേന്ദ്രീകരിച്ചു. എ. വി. നാരായണക്കുറുപ്പ്, കൊടുവങ്ങാൽ അമ്പുക്കുറുപ്പ് സി. എച്ച്. ചാത്തു. പേരോടൻ കണ്ടി കണ്ണക്കുറുപ്പ്, കുനിയിൽ അനന്ത ക്കുറുപ്പ് മുതലായവർ കായക്കൊടിയിലെ കമ്യൂണിസ്റ്റ് നേതൃത്വ നിരയിൽ സജീവമായി. രാഷ്ട്രീയ പ്രവർത്തനത്തോടൊപ്പം കലാ സാംസ്കാരിക രംഗത്തുള്ളവരെ പ്രോത്സാഹിപ്പിക്കുന്ന കാര്യത്തിലും മുൻപന്തിയിൽ പ്രവർത്തിച്ച വരിൽ ഓർമ്മിക്കപ്പെടേണ്ട പേരുകളിൽ ഒന്നാണ് കരുവളത്തിൽ കുഞ്ഞമ്മദ് സാഹിബിന്റെത്

ജന്മിത്വത്തിനും സാമ്രാജ്യത്വത്തിനുമെതിരായ സമരം ശക്തിപ്പെടുത്തുന്നതിനോടൊപ്പം പൂർത്തീകരിക്കപ്പെടാതെ പോയ അയിത്തോച്ചാടന സമരവും കമ്യൂണിസ്റ്റ് പാർട്ടി ഏറ്റെടുത്തു. ഉയർന്ന ജാതിയിൽ പെട്ടവർ മാത്രം ഉപയോഗിച്ചുന്ന പുള്ളിനോട്ട് ക്ഷേത്രക്കുളത്തിൽ ജാതിമത ഭേദമെന്യേ കുളിച്ചുകൊണ്ടാണ് നമ്മുടെ പ്രദേശത്ത് ഈ സമരത്തിന് തുടക്കം കുറിച്ചത്. എ. പി. കൃഷ്ണൻ പി, കേളപ്പൻ നായർ, തരിപ്പയിൽ കണ്ണൻ, കെ. ടി. കുഞ്ഞിരാമൻ. കുഞ്ഞാപ്പുമാസ്റ്റർ, വി. പി. ബാലകൃഷ്ണൻ തുടങ്ങിയവർ ഇതിന് നേതൃത്വം കൊടുത്തു. ഈ കേസിലെ പ്രതികൾ ഒരു വർഷത്തെ തടവിന് ശക്ഷിക്കപ്പെട്ടു.

1947-ൽ ഇന്ത്യൻ ട്രേഡ് യൂണിയൻ കോൺഗ്രസ്സ് പാരീസ് കമ്യൂൺ ദിനമായ മാർച്ച് 18 അവകാശ പ്രഖ്യാപന ദിനമായി ആചരിക്കാൻ തീരുമാനിച്ചു. ഇന്ത്യയിലെ വ്യവസായ മേഖലയിൽ ഉജ്വലമായി ആചരിച്ച മാർച്ച് 18 കർഷകർ ഏറ്റെടുത്ത്

നടത്തിയത് മൊകേരിയിലായിരുന്നു. മൊകേരിയിൽ പ്രവർത്തിച്ചുവന്ന ബാസൽ മിഷൻ കാരുടെ വിദ്യാലയത്തിനു പരിസരത്ത് പൊതുയോഗം നടത്താൻ നിശ്ചയിച്ചു. കോവുക്കുന്നിലെ സഖാക്കൾ പ്രകടനമായി മൊകേരിയിലെത്തി പ്രകാശം ഗവൺമെന്റിനെതിരായി പ്രസംഗിച്ചതിന്റെ പേരിൽ അറസ്റ്റ് വാറന്റ് നിലവിലുണ്ടായിരുന്ന പി. കുഞ്ഞിരാമൻ നമ്പ്യാർ പ്രസംഗമാരംഭിച്ചു. പ്രസംഗം തുടങ്ങുവെ വെടി ഉതിർത്തുകൊണ്ട് പോലീസ് കടന്നു വന്നു. ചിന്നൻ കണാരൻ കുനിയിൽ അനന്ത കുറുപ്പ് എന്നിവർക്ക വെടിവെപ്പിൽ പരിക്കേറ്റു. പോലീസും ജനങ്ങളും തമ്മിൽ ഏറ്റു മുട്ടി . പോലീസിന്റെ തൊപ്പി പിടിച്ചുവാങ്ങി തീവെച്ചു. പുന്നപ്ര സമരത്തിനു ശേഷം മൊകേരിയിലെത്തിയ കെ. എസി. ബോൺ ജനങ്ങളുടെ ചെറുത്തു നില്പിനു പിന്നിലെ കരുത്തായി നിലകൊണ്ടു. പി. കുഞ്ഞിരാമൻ നമ്പ്യാർ, എ. പി. കൃഷ്ണൻ എൻ. പി. മൊയ്തു. ടി. കെ. കൃഷ്ണക്കുറുപ്പ് തരിപ്പയിൽ കണ്ണൻ, കെ. അനന്തക്കുറുപ്പ് എൻ. പി. അബ്ദുള്ള , ചിന്നൻ കണാരൻ തുടങ്ങി 21 പേർ ഈ കേസിൽ പ്രതികളായി. ഇവർ കണ്ണൂർ സേലം ജയിലുകളിൽ തടവുകാരായി

1947 ആഗസത് 15 ന് മറ്റെതൊരു ഇന്ത്യൻ ഗ്രാമത്തെയും പോലെ സ്വാതന്ത്ര്യദിനം കായക്കൊടിയിലും ,സമുചിതമായി ആഘോഷിക്കപ്പെട്ടു. വിദ്യാലയങ്ങളിൽ ദേശീയ പതാക ഉയർന്നു. വിദ്യാർത്ഥികൾ കൊച്ചു കൊച്ചു ജാഥകളായി നിങ്ങി. കക്കട്ടിൽ റാലിയും പൊതുയോഗവും നടത്തി.

സ്വാതന്ത്ര്യലബ്ധിവരെയുള്ള കായക്കൊടിയിലേയും പരിസര പ്രദേശങ്ങളിലെയും രാഷ്ട്രീയ ചരിത്രം ഇവിടെ അവസാനിക്കുകയാണ്. ദേശീയ പ്രസ്ഥാനങ്ങളുടെയും കമ്യൂണിസ്റ്റ് പാർട്ടിയുടെയും പ്രവർത്തനങ്ങളിൽ സ്വന്തം ജീവിതം കൊണ്ട് ഉജ്ജ്വലമായ അദ്ധ്യായങ്ങൾ എഴുതിച്ചേർത്തവർ നിരവധിയാണ്. അരങ്ങിലും അണിയറയിലും നിന്ന് പോരാടിയ കർമ്മ ധീരൻമാരിൽ പലരുടെയും പേരുകൾ സംക്ഷിപ്തമായ ഈ കുറിപ്പിൽ ഉൾപ്പെടാതെ പോയിരിക്കാമെന്ന് ഖേദപൂർവ്വം കുറിച്ചുകൊള്ളട്ടെ.

പ്രദേശത്തിന്റെ നവോത്ഥാന ദേശീയ പ്രസ്ഥാനങ്ങളുടെ ചരിത്രത്തിൽ കായക്കൊടിയിലെ വിദ്യാലയങ്ങൾക്ക് നിർണായകമായ പങ്കുണ്ടായിരുന്നു. ഇതിൽ ചങ്ങരം കുളം യു. പി. സ്കൂളിന്റെ പേര് പ്രത്യേകം പ്രസ്താവ്യമാണ്. മേൽ പ്രസ്താവിച്ച രാഷ്ട്രീയ നേതാക്കളിൽ പലരും രൂപപ്പെട്ടു വന്നത് ഈ വിദ്യാലയത്തിന്റെ സാസ്കാരികോന്മുഖമായ പശ്ചാത്തലത്തിലാണ്.

1909ൽ പരേതനായ മാത്തിൽ മൊയ്തിൻ മുസ്ല്യാർ സ്ഥാപിച്ച ആലക്കാട് എൽ. പി. സ്കൂൾ ; ദേവർ കോവിൽ വെസ്റ്റ് എൽ. പി. സ്കൂൾ ; 1919 ൽ ശ്രീ. സി. പി. നാരായണൻ നായർ സ്ഥാപിച്ച ചങ്ങരം കുളം യു. പി. സ്കൂൾ എന്നിവ കായക്കൊടിയിലെ ആദ്യകാല വിദ്യാഭ്യാസ സ്ഥാപനങ്ങളാണ്.

കതിരൂരിൽ നിന്നും നമ്മുടെ പ്രദേശത്തെത്തി ആയുർവേദ ചികിത്സയും നാട്ടു വിദ്യാലയവും ആരംഭിച്ച ശ്രീ. പോറാണ്ടിയിൽ കൃഷ്ണൻ നായർ വിദ്യാഭ്യാസ രംഗത്തെ ആദ്യകാല പ്രവർത്തകരിൽ ഒരാളാണ്. ഇദ്ദേഹം സ്ഥാപിച്ച വിദ്യാലയമാണ് കുട്ടുരിലെ പട്ടർ കുളങ്ങര എൽ പി. സ്കൂൾ. 1954 ൽ സ്ഥാപിച്ച ആക്കൽ. എൽ. പി. എൽ പി. സ്കൂളും, അതേവർഷം സ്ഥാപിച്ച ഹയാത്തുൽ ഇസ്ലാം മദ്രസ്സയും പഞ്ചായത്തിലെ മറ്റുരണ്ടു വിദ്യാലയങ്ങളാണ്.

തയ്യുള്ളതിൽ കുഞ്ഞി മൊയ്തിൻ സ്ഥാപിച്ച ഹയാത്തുൽ ഇസ്ലാം മദ്രസ പിൽക്കാലത്ത് സർക്കാർ വിദ്യാലയമാക്കാൻ വിട്ടുകൊടുക്കുകയാണുണ്ടായത്. 1940 കളുടെ തുടക്കത്തിൽ പള്ളിയിൽ വെച്ചു മത പഠനം നടത്തുന്ന സമ്പ്രദായം ദേവർ കോവിൽ പ്രദേശത്ത് നിലവിലുണ്ടായിരുന്നു. അറബി മലയാളം എന്ന പ്രത്യേക ലിപി അഭ്യസിപ്പിച്ചതിലൂടെ മുസ്ലീം സ്ത്രീ വിഭാഗങ്ങളിൽ സാക്ഷരത കൈവരിക്കാൻ ഈ കാലഘട്ടത്തിൽ കഴിഞ്ഞിട്ടുണ്ട്. പി. എ. തങ്ങൾ വള്ളിയാട്ട് അലഹസ്സൻ മുസ്ല്യാർ ഒ. പി. കുഞ്ഞബ്ദുള്ള സാഹിബ്, മധുമൽ അബ്ദുള്ള മുസ്ല്യാർ പുത്തൻപുരയിൽ ഹൈദർ മുസ്ല്യാർ എന്നിവരുടെ ഈ രംഗത്തുള്ള സേവനം പ്രത്യേക പരാമർശമർഹിക്കുന്നുണ്ട്. ദേവർ കോവിൽ പ്രവൃത്തിച്ചുവരുന്ന എം. യു. പി. സ്കൂൾ അതിന്റെ പ്രവർത്തനം ആരംഭിച്ചത് കൊടക്കൽ പള്ളിയിലാണ്.

അനൗപചാരിക വിദ്യാഭ്യാസ മേഖലയിൽ പ്രത്യേക പരാമർശമർഹിക്കുന്ന ഒന്നായിരുന്നു സാക്ഷരതാ പ്രസ്ഥാനം. പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ ഇതിന്റെ സ്വാധീനം ഇപ്പോഴും നിലനിൽക്കുന്നു.

കലാ കായിക സാംസ്കാരിക രംഗങ്ങളിലും ഒട്ടേറെ സംഭാവനകൾ നൽകാൻ കായക്കൊടിയിലെ ജനങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്. കായക്കൊടി പഞ്ചായത്തിലെ കോവുക്കുന്നു ദേശം കളരി അഭ്യാസികളുടെയും കോൽക്കളി ആശാന്മാരുടെയും കേളീരംഗമായിരുന്നു. പഞ്ചായത്തിന്റെ പല പ്രദേശങ്ങളിലും

ഇന്നും നിലനിന്നു പോരുന്ന തിറ ഉത്സവങ്ങളും ഉണ്ട്. ഓമനപ്പുതിയോനും തമ്പുരാട്ടിയും പൊട്ടത്തി ഭഗവതി, കരിയാത്തൻ തിറ എന്നിവയ്ക്കു പുറമെ മാങ്ങോട്ട്, വലിയപുത്തനൂര, നടോൽ, വരിക്കോളി എന്നിവിടങ്ങളിലും തിറ ഉത്സവം കൊണ്ടാടുന്നു. ഇത്തരം തനത് കലാരൂപങ്ങളോട് ജനങ്ങൾ ഇന്നും വർദ്ധിച്ചതോതിലുള്ള ആഭിമുഖ്യം പുലർത്തിപ്പോരുന്നു.

ജനങ്ങളുടെ മുഖ്യമായ ജീവനോപാധി കൃഷി ആയിരുന്നു. മുൻ കാലങ്ങളിൽ കായക്കൊടി പ്രദേശം വിശാലമായ നെൽ വയലുകളായിരുന്നു. കൃഷിയുമായി ബന്ധപ്പെട്ടവരുടെ പത്തായങ്ങൾ പൊതുവെ സമ്പന്നമായിരുന്നു. എന്നാൽ ഇതിനൊരു മറുവശം കൂടി ഉള്ളത് കാണാതിരുന്നു കൂടാ. കൃഷിത്തൊഴിലിനെ മാത്രം ആശ്രയിച്ചു ഉപജീവനം തേടിയിരുന്ന വർ ഏറെ ക്ലേശകരമായ ജീവിതമാണ് നയിച്ചിരുന്നത്. കേരളത്തിന്റെ സാമൂഹ്യ സ്ഥിതിയിലുണ്ടായ മാറ്റം ഭൂരഹിത കർഷകർക്ക് നാമമാത്രമായെങ്കിലും ഭൂമി വീതിച്ചുകിട്ടാൻ ഇടയാക്കി. ഇതു കായക്കൊടിയിലെയും സാമൂഹ്യ സാമ്പത്തിക സ്ഥിതിയിൽ നിസ്സാരമല്ലാത്ത മാറ്റങ്ങളുണ്ടാക്കാൻ പര്യാപ്തമായി എന്നാൽ കാർഷിക മേഖല പൊതുവെ ദുർബലപ്പെടുകയായിരുന്നു.

പാടശേഖരങ്ങളിൽ പലതും ക്രമാനുഗതമായി മണ്ണിട്ടു നികത്തി മൺ തിട്ടകളായി മാറി. കൊയ്തൊഴിഞ്ഞ പാടങ്ങളിൽ കന്നുകാലികൾ കാലായിക്കു മേഞ്ഞതും കുട്ടികളും മുതിർന്നവരും തലേ പന്തുകളിച്ചതും ഓർമ്മമാത്രമായി മാറി. അക്കാലത്തെ കൊയ്തൊഴിഞ്ഞ പാടങ്ങളിൽ കന്നുകാലികൾ കൂട്ടം കൂട്ടമായി മേഞ്ഞു നടന്നത് ഐശ്വര്യത്തിന്റെ ചിഹ്നമായി ഗ്രാമ വാസികൾ കരുതിപ്പോന്നു. തലമുറകൾ മാറി. ഗ്രാമവാസികളിൽ പലരും ഉപജീവനത്തിന്റെ പുതിയ മേച്ചിൽ സ്ഥലങ്ങൾ തേടി.

ഭൂപരിഷ്കരണ നിയമങ്ങളും ജനങ്ങളുടെ അവബോധത്തിലുണ്ടായ വന്വിച്ച തോതിലുള്ള മാറ്റവും ഭൂതകാലത്തിന്റെ സമ്പന്നമായ സമര സ്മരണകളിലും നമ്മെ ഏറെ മുന്നോട്ടു കൊണ്ടു പോകേണ്ടതായിരുന്നു. യഥാർത്ഥത്തിൽ പുരോഗതിയെ സംബന്ധിക്കുന്ന നമ്മുടെ സ്വപ്നങ്ങൾ പൂർണമായി സാക്ഷാത്കരിക്കാൻ കഴിയാതെ പോയി. വികസന മേഖല ഗുരുതരമായ പ്രതിസന്ധിയിലകപ്പെട്ടിരിക്കയാണ്. വികസനത്തിന്റെ പ്രാഥമിക ദ്വിതീയ മേഖലയിലെ മാന്ദ്യമാണ് ഈ പ്രതിസന്ധിക്ക് കാരണമായത്. കൃഷിയും വ്യവസായവും വൻ തകർച്ചയെ നേരിടുകയാണ്. പുതിയ തലമുറ ഭൂതകാലപൈതൃകത്തിൽ നിന്നും ഊർജ്ജം വലിച്ചെടുത്ത് അവരുടെ കർമരംഗം സജീവമാക്കിയെങ്കിൽ മാത്രമേ ഈയൊരു പ്രതിസന്ധിയെ മുറിച്ചുകടക്കാൻ നമുക്കു സാധിക്കുകയുള്ളൂ. കൃഷി യഥാർത്ഥ ഉപജീവനമാർഗമായി സ്വീകരിച്ചിട്ടുള്ളവർ നാമമാത്രമായി. കൃഷി തൊഴിലിനോട് ആഭിമുഖ്യമുള്ള പലർക്കും സ്വന്തമായി കൃഷിഭൂമി സ്വന്തമായി ഉള്ളവരാകട്ടെ കൃഷി ഒരു മാന്യമായ തൊഴിലായി കണക്കാക്കാതെയായി. വികസന മേഖലയാകെ ഒരു തരം മുരടിപ്പിനെ നേരിട്ടുകൊണ്ടിരിക്കുകയാണ്. ഈ ഒരു ദശാസന്ധിയിലാണ് പുതിയ വല്ലുവിളികൾ ഏറ്റെടുക്കാൻ ഗ്രാമം തയ്യാറെടുക്കുന്നത്. സമൂഹ പുനർനിർമാണത്തിനു സ്വയം സമർപ്പിക്കാൻ കഴിഞ്ഞ പൂർവികരുടെ കർമധീരത നമ്മെ ഉത്തേജിപ്പിക്കേണ്ടതാണ്. വികസനത്തിലെ ജനകീയ പങ്കാളിത്തവും വികസന സംസ്കാരവും പുതിയ വെല്ലുവിളികൾ ഏറ്റെടുക്കാൻ കരുത്ത് പകരുമെന്ന് നമുക്ക് പ്രത്യാശിക്കാം.



പ്രകൃതിയും മനുഷ്യനും

കായക്കൊടി ഗ്രമപഞ്ചായത്ത് കോഴിക്കോട് ജില്ലയുടെ വടക്കുഭാഗത്ത് പശ്ചിമഘട്ട മലനിരകളോട് ചേർന്ന സ്ഥിതി ചെയ്യുന്നു. പഞ്ചായത്തിന്റെ ഏററവും വടക്കു ഭാഗത്തായി കൊരണപ്പാറ തലയുയർത്തി നിൽക്കുന്നു. കൊരണപ്രദേശമാണ് സമുദ്ര നിരപ്പിൽനിന്നും ഏറ്റവും ഉയർന്നുകിടക്കുന്ന പ്രദേശം . കൊരണയോട് ചേർന്ന് പഞ്ചായത്തി ലെ 58.045 ഏക്കറോളം വരുന്ന വനം സ്ഥിതി ചെയ്യുന്നു. പഞ്ചായത്തിന്റെ വടക്കു ഭാഗത്തുനിന്നു തെക്കോട്ടു പോകുന്തോറും ഉയരം ക്രമേണ കുറഞ്ഞു വരികയും മലനിരക്കുകളിൽ നിന്ന് പുറപ്പെടുന്ന അരുവികളും തോടുകളും തെക്കുഭാഗത്ത് 4 കിലോമീറ്റർ നീളത്തിൽ നമ്മുടെ പഞ്ചായത്തിലൂടെ ഒഴുകുന്ന കുറ്റ്യാടി ചെറുപുഴയിലെത്തി ച്ചേരുകയും ചെയ്യുന്നു. കൊരണ മലയുടെ ഉയരങ്ങളിൽ നിന്നു നോക്കിയാൽ പഞ്ചായത്തിന്റെ ഭൂപ്രകൃതി സംബന്ധിച്ച് ഒരു ഏകദേശ ചിത്രം നമുക്ക് കിട്ടും. കൊരണയുടെ വടക്കുഭാഗത്ത് പ്രസിദ്ധമായ ഉറിതൂക്കിമലയും പടിഞ്ഞാറുഭാഗത്ത് പഷ്ണിക്കുന്നും തലയുയർത്തി നിൽക്കുന്നു. കിഴക്ക് ഭാഗത്ത് ഉയർന്നു താണു നിൽക്കുന്ന വയനാടൻ മലനിരകൾ ദൂരെ നാടുകാണിചുരം വരെ വ്യാപിച്ചു കിടക്കുന്നതു കാണാം.

കൊരണപ്പാറക്ക് പുറമെ പഞ്ചായത്തിലെ പ്രധാന മലകളാണ് മുണ്ടേ്യാട്, അടക്കോറ, കോട്ടമല, ഇരുളാൻ മല, കട്ടിപ്പാറ, പഷ്ണിക്കുന്ന്, പാലയാട് മല, അത്തിക്കോട്, പുളക്കണ്ടി, കൊയ്യമ്പാറ, പടിച്ചിൽ എന്നിവ. നീലിയങ്ങാട്, ചേറ്റുപൊയിൽ മുതൽ പരപ്പ്, കോളിക്കുൽ വരെ വ്യാപിച്ചു കിടക്കുന്ന ചരിഞ്ഞ പ്രദേശങ്ങളും നെടുമണ്ണൂർ, വണ്ണാത്തിപ്പൊയിൽ പുത്തറ, കായക്കൊടി തുടങ്ങിയ താഴ്വരകളും ചങ്ങരംകുളം, ദേവർകോവിൽ, കുട്ടൂർ, കരങ്ങോട്, തളിയിൽ, പാണ്ടിവയൽ മുതലായ സമതലങ്ങളും കരിക്കാടൻ പൊയിൽ ഉൾപ്പെടെ പുഴയോരപ്രദേശങ്ങളും പെട്ടതാണ് പഞ്ചായത്തിന്റെ ഭൂപ്രകൃതി. പഞ്ചായത്തിലെ ഭൂപ്രകൃതിയുടെ സ്വഭാവം താഴെ പറയുന്ന പ്രകാരമാണ്. റോഡുകൾ ഏകദേശം 126 ഏക്കറും, തോട് 55 ഏക്കറും, പുഴ 45.50 ഏക്കറും വനം 58.045 ഏക്കറും , കനാൽ 74 ഏക്കറും ഉണ്ടെന്ന് വില്ലേജ് ഓഫീസിലെ പുറമ്പോക്ക് റജിസ്റ്ററിൽ നിന്നും മനസ്സിലാക്കാം. പാറകളും പാറക്കെട്ടുകളും നിറഞ്ഞ ഫലഭൂയിഷ്ടമായ മണ്ണും, ചരൽ നിറഞ്ഞ ചെമ്മണ്ണും വളക്കുറുള്ള കറുത്ത മണ്ണും അടങ്ങിയതാണ് പഞ്ചായത്തിലെ മൺതരം. പഞ്ചായത്തിൽ നടത്തിയ പഠന പര്യടനത്തിൽ നിന്നും ശേഖരിച്ച വിവരങ്ങൾ താഴെക്കൊടുത്തിരിക്കുന്ന രണ്ട് ട്രാൻസെക്ടിൽ നിന്നും മനസ്സിലാക്കാം.

ജനപ്രകൃതി.

1991 ലെ സെൻസസ് കണക്കു പ്രകാരം കായക്കൊടി ഗ്രാമപഞ്ചായത്തിലെ ജനസംഖ്യ 21175 ആണ്. അതിൽ 10413 പുരുഷന്മാരും 10762 സ്ത്രീകളുമാണ്. പുരുഷന്മാരെ അപേക്ഷിച്ച് 349സ്ത്രീകൾ നമ്മുടെ പഞ്ചായത്തിൽ കൂടുതലാണ്. ആകെ 3907 വീടുകൾ ഈ പഞ്ചായത്തിലുണ്ട്. അതായത് ഒരു വീട്ടിൽ ശരാശരി 5.42 ആളുകൾ താമസിക്കുന്നു. ഭൂമിയുടെ വിസ്തീർണം കണക്കാക്കുമ്പോൾ ജനസാന്ദ്രത 1 ചതുരശ്ര കിലോ മീററിനു 752.49 ആണ്. 6 വയസ്സിനു താഴെയുള്ള കുട്ടികളുടെ എണ്ണം 2941 ആണ്. ഇതിൽ 1469 ആൺകുട്ടികളും 1472 പെൺകുട്ടികളുമാണ്. പഞ്ചായത്തിൽ 531 പട്ടികജാതി ജനസംഖ്യ ഉള്ളതിൽ 264 പുരുഷന്മാരും 267 സ്ത്രീകളുമാണ്. പട്ടികവർഗവിഭാഗത്തിൽ മൊത്തം 39 പേരുള്ള ഈ പഞ്ചായത്തിൽ 17 പേർ പുരുഷന്മാരും 22 പേർ സ്ത്രീകളുമാണ്. സ്ത്രീകളിൽ 8415 പേരും പുരുഷന്മാരിൽ 7592 പേരും സാക്ഷരരാണ്. പഞ്ചായത്തിൽ ആകെ 16007 പേർ സാക്ഷരരാണ് ഇത് പഞ്ചായത്തിലെ ആകെ ജനസംഖ്യയുടെ 75.59 ശതമാനമാണ്. എന്നാൽ 1990 ൽ നടന്ന വമ്പിച്ച സാക്ഷരതാപ്രവർത്തനത്തിൽ പഞ്ചായത്തിലെ

നിരക്ഷരരായ ഭൂരിപക്ഷം പേർക്കും അക്ഷരത്തിന്റെ വെളിച്ചം പകരാൻ കഴിഞ്ഞിട്ടുണ്ട്. കഴിഞ്ഞ അഞ്ച് വർഷത്തിന്നിടയിൽ പഞ്ചായത്തിലെ ജനസംഖ്യയിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. സാമൂഹ്യ സാമ്പത്തിക സർവെ നടത്താത്തത് കാരണം കൃത്യമായ കണക്ക് ലഭ്യമല്ല.

വാർഡുതലത്തിൽ ജനസംഖ്യാ വിവരങ്ങൾ പട്ടിക പ്പെടുത്തിയിരിക്കുന്നു.

വാർഡുതല ജനസംഖ്യാ വിവരപട്ടിക

പട്ടിക – എ.

വാർഡ്	പുരുഷൻ	സ്ത്രീ	ആകെ	പട്ടിക ജാതി	പട്ടിക വർഗ്ഗം	സാക്ഷരർ
I	1735	1728	3463	103	6	2650
II	1087	1259	2346	59	-	1675
III	950	1079	2029	43	-	1511
IV	1214	1264	2478	60	1	1829
V	801	871	1672	23	2	1322
VI	1511	1483	2994	51	-	2245
VII	1072	1078	2150	9	-	1620
VIII	1334	1291	2625	52	10	2051
IX	709	709	1418	131		1104

അഭ്യസ്ത വിദ്യരുടെ തൊഴിലില്ലായ്മ പഞ്ചായത്തിലെ മുഖ്യമായ പ്രശ്നമാണ്. തൊ ഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന് ഊന്നൽ നൽകിയാലെ ഇതിനൊരു മാറ്റമുണ്ടാകു. പഞ്ചായത്തിലെ ജനങ്ങളുടെ തൊഴിൽ വിവരകണക്കുകൾ ചുവടെ പട്ടികയിൽ കൊടുക്കുന്നു.

മേൽ പട്ടികയിൽ നിന്നും മൊത്തം 15432 പേർ ജോലി ഇല്ലാത്തവരാണെന്നു കാണാം. ഇതിൽ 6 വയസ്സിനു താഴെയുള്ള 2941 കുട്ടികളെ ഒഴിവാക്കിയാൽ മൊത്തം 68.50 ശതമാനം വരും. അതേ സമയം ജോലിയുള്ളവർ 3905 പേർ മാത്രമാണ് ഇതിൽ 6 വയസ്സിനു താഴെയുള്ള 2941 പേരെ ഒഴിവാക്കിയാൽ മൊത്തം ജനസംഖ്യയുടെ 21.42 ശതമാനമാണ്. പേരിനുമാത്രം ജോലിയുള്ള 1838 പേർ പഞ്ചായത്തിലുണ്ട്. ഇതിൽ 6 വയസ്സിനു താഴെയുള്ളവരെ ഒഴിവാക്കിയാൽ മൊത്തം ജനസംഖ്യയുടെ 10.08 ശതമാനം വരും

ജനങ്ങളുടെ പ്രധാന വരുമാന മാർഗ്ഗമായിരുന്ന കർഷകരംഗം ആദായ കരമല്ലാതായതോടെ മറ്റു തൊഴിൽ മേഖലകളിലേയ്ക്കുള്ള കടന്നുകയറ്റം വർദ്ധിച്ചുവരികയാണ്. പ്രധാനമായും കെട്ടിട നിർമ്മാണ രംഗത്തേക്കാണ് ഇങ്ങിനെയുള്ള കടന്നുകയറ്റം നടന്നുകൊണ്ടിരിക്കുന്നത്. കർഷകത്തൊഴിലാളികളുടെ എണ്ണം ഗണ്യമായതോതിൽ കുറഞ്ഞുകൊണ്ടിരിക്കുന്നു. അഭ്യസ്തവിദ്യരിൽ വളരെ ചെറിയ ശതമാനത്തിനു മാത്രമെ ജോലിയുള്ളൂ

പഞ്ചായത്തിൽ മുമ്പ് ജാതിമത ഉച്ചനീചത്വങ്ങൾ നിലനിന്നിരുന്നുവെങ്കിലും നവോത്ഥാന പ്രസ്ഥാനങ്ങളുടെയും മറ്റു പുരോഗമന പ്രസ്ഥാനങ്ങളുടെയും ശ്രമഫലമായി ഇന്ന് ഈ രംഗത്ത് തികച്ചും വ്യത്യസ്തമായ ഒരു പ്രകൃതിയാണ് നിലനിൽക്കുന്നത്

ജൈവ സമ്പത്ത്

മറ്റു പ്രദേശങ്ങളിലെന്ന പോല നമ്മുടെ നാടും ജൈവ വൈവിധ്യങ്ങളുടെ കലവറയായിരുന്നു. ജീവിത രീതിയിലും കൃഷിയിലുമുണ്ടായ ആധുനിക വൽക്കരണം ക്രമേണ പരിസ്ഥിതി സന്തുലിതാവസ്ഥയെ തകർക്കുകയും ജൈവസമ്പത്ത് നാശോന്മുഖമാവുകയും ചെയ്തു. വിവിധങ്ങളായ ചില പക്ഷികളും, മൃഗങ്ങളും, അമൂല്യങ്ങളായ ഔഷധ സസ്യങ്ങളും നമ്മുടെ പ്രദേശത്തു നിന്നും അപ്രത്യക്ഷമായി തുടങ്ങി.

പക്ഷികൾ

നമ്മുടെ പഞ്ചായത്തിലെ മലമ്പ്രദേശങ്ങളിലും വനമേഖലകളിലും വയലേലകളിലും താഴ്വാരങ്ങളിലും വിവിധയിനം പക്ഷികളെ കണ്ടുവരുന്നു. അനുകൂലമായ കാലാവസ്ഥകളിൽ ദേശാടനം നടത്തുന്ന ചില പക്ഷികൾ വൃശ്ചികം ധനു മാസങ്ങളിൽ ഈ പ്രദേശം വിശ്രമകേന്ദ്രമാക്കാറുണ്ട്. ഋതുഭേദങ്ങളുടെ മാറ്റങ്ങൾക്കനുസൃതമായി കണ്ണങ്കൈ കൊളയട്ടയിൽ കണ്ണുകൾക്ക് ഹരം പകരുന്ന പലയിനം ദേശാടനക്കിളികൾ എത്തിച്ചേരുകപതിവാണ്.

നമ്മുടെ പക്ഷിസമ്പത്ത്

(പട്ടിക സി)

കാക്ക, പ്രാവ് കുയിൽ, മൈന, ചെമ്പോത്ത്, കുളക്കോഴി, ഓലചാത്തൻ ചവേല, മരക്കൊത്തൻ, മാടപ്രാവ് മഞ്ഞക്കിളി,,കൊച്ച കുരുവി,അടയ്ക്കാകുരുവി, ഇരട്ടത്തലപ്പക്ഷി, കൂമൻ, നത്ത്, പരുന്ത്, പ്രാപ്പിടിയൻ വാവൽ, തത്ത, വാഴതത്ത, വേലിതത്ത അരിപ്രാവ്,

വെള്ളക്കാക്ക അരിപ്രാവ്,

വംശനാശംസംഭവിച്ചുകൊണ്ടിരിക്കുന്നവ–മഞ്ഞക്കിളി, കുന്നൽ, ചോലപ്രാവ്, വെള്ളക്കിളി, കാട

കാക്കപ്പുള്ള്, പൊൻമാൻ, നീലപൊൻമാൻ, പുള്ളിക്കുയൽ, വെക്കാക്ക, അരിപ്പാവ് മഞ്ഞക്കിളി , കുന്നൻ, ചോലപ്രാവ്, വെള്ളക്കിളി, കാട,

വളർത്തു പക്ഷികൾ :- കോഴികൾ , താറാവ്, കാട, ലവ്ബേർഡുകൾ

വന്യ മൃഗങ്ങൾ

ഒരു കാലഘട്ടത്തിൽ കായക്കൊടി പഞ്ചായത്തിലെ മലമ്പ്രദേശങ്ങൾ വന്യ മൃഗങ്ങളുടെ സങ്കേതങ്ങളായിരുന്നു. എന്നാൽ ജനങ്ങൾ കാടുകൾ വെട്ടിത്തെളിച്ച് കൃഷി ചെയ്യുകയും വീടുവെയ്ക്കുകയും ചെയ്തതോടുകൂടി പല വന്യമൃഗങ്ങളും നമ്മുടെ കാടുകളിൽ നിന്നും മലമ്പ്രദേശങ്ങളിൽ നിന്നും അപ്രത്യക്ഷമായി

(പട്ടിക.ഡി)

നമ്മുടെ മൃഗസമ്പത്ത്

കുരങ്ങൻ , കുറുക്കൻ, പന്നി, മുള്ളൻപന്നി, മുയൽ, (കുട്ടുമുയൽ) കീരി, മരപ്പട്ടി (കള്ളുണ്ണി) മെരുക്, കാട്ടെലി എന്നിവ കൂടാതെ ഉടുമ്പ്, ഈനാമ്പേച്ചി (ഉരഗങ്ങൾ)

അപ്രത്യക്ഷമായ മൃഗങ്ങൾ ആന, നരി, പുലി, മാൻ, കേഴ, ഹനുമാൻ കുരങ്ങ്.

പാമ്പ് വർഗ്ഗങ്ങൾ

നമ്മുടെ പഞ്ചായത്തിലെ മലമ്പ്രദേശങ്ങളിലും മറ്റ് നീർത്തടപ്രദേശങ്ങളിലും വിഷം ഉള്ളവയും ഇല്ലാത്തവയുമായ വിവിധയിനം പാമ്പുകളെ കാണാം.

(പട്ടിക . ഇ)

പാമ്പുകൾ വിഷമുള്ളവ വിഷമില്ലാത്തവ

മൂർഖൻ പെരുമ്പാമ്പ്

അണലി നീർക്കോലി

കരിവേര മലമ്പേര

വെള്ളിക്കെട്ടൻ തേയ്വാൻ

ചേനത്തണ്ടൻ മണ്ണുലിപാമ്പ്

മരപ്പാമ്പ്

ചേര

ഔഷധസസ്യങ്ങൾ

പഞ്ചായത്തിലെ വനഭൂമിയിലും മറ്റ് പ്രദേശങ്ങളിലും അപൂർവ്വമായ ഔഷധച്ചെടികൾ കണ്ടുവരുന്നുണ്ട്. എന്നാൽ പലയിനങ്ങളും ഇന്ന് വംശനാശത്തിന്റെ ഭീഷണിയിലാണ്. പഞ്ചായത്തിൽ കണ്ടുവരുന്ന ചില ഔഷധ ച്ചെടികളുടെ പേര് താഴെ ചേർക്കുന്നു.

ഔഷധ ച്ചെടികൾ

(പട്ടിക എഫ്)

കുറുന്തോട്ടി , വേപ്പ്, (ആര്യ വേപ്പ്) ,കരിവേപ്പ് , ഓരില, മൂവില, നന്നാറി, കച്ചോലം, തുമ്പ, കാശിത്തുമ്പ, വെളുത്തതുമ്പ, തുളസി, കരിന്തുളസി, വെളുത്ത തുളസി കാട്ടുതുളസി, തേൾക്കട. കുറിഞ്ഞി, മുക്കണ്ണൻ, പെരേല, വെറ്റില, മുരിങ്ങ, പിച്ചകം, മുല്ല, പതിറ്റടി, തുവ്വ, കൊടിത്തുവ്വ, ഈശരമുല്ല, ചെക്കി, മുറികൂട്ടി. തൊട്ടാവാടി, ശംഖുപുഷ്പം, കീഴാർനെല്ലി, വാതം കൊല്ലി, ബ്രഹ്മി, ആടലോടകം, കറപ്പ, ഗ്രാമ്പൂ, ജാതിക്ക, ബദാം, ഓരിലത്താമര, പൂക്കൈത, ശതാവരി, കാട്ടുചേന, ചേർ, തെഴുതാമ, കുവളം, നാരകം, പൊന്നാംപിര, രാമച്ചം, ഇരുവേരി, മുയൽച്ചെവി, വേലിമേൽപ്പരുത്തി, നായ്ക്കുരുണ, മുഞ്ഞ, ചിറ്റാമൃത്, ഇടിഞ്ഞിൽ, കഞ്ഞിക്കൂർക്കൽ, ആവണക്ക്, എരുക്ക്, ഒങ്ങ്, കഞ്ഞണ്ണി അമൽപ്പൊരി മുതലായവ

മഴ കലണ്ടർ 1994 മുതൽ 1996 വരെ

(സെന്റീമീറ്റർ അവലംബം : പെരുവണ്ണാമൂഴി വികസന കേന്ദ്രം)

വർഷം	ജനുവരി	ഫിബ്രുവരി	മാർച്ച്	ഏപ്രിൽ	മെയ്	ജൂൺ	ജൂലൈ	ആഗസ്റ്റ്	സെപ്തംബർ	ഒക്ടോബർ	നവംബർ	ഡിസംബർ
1994	ഇല്ല	ഇല്ല	ഇല്ല	28.99	14. 56	161.3	121.8	781	34.9	55.4	8.66	ഇല്ല
1995	ഇല്ല	ഇല്ല	0.32	30.5	45.1	76.6	111 .3	71.6	34.6	20.8	24.2	ഇല്ല
1996	ഇല്ല	ഇല്ല	ഇല്ല	6.76	14.88	72.9	109.5	756	28.	19.2	0	0

ജലപ്രകൃതി

ജൂൺ ജൂലൈ മാസങ്ങളിലാണ് ഏറ്റവും കൂടുതൽ മഴ ലഭിക്കുന്നത്. ഏറ്റവും കുറവ് മഴ ലഭിക്കുന്നത് ജനുവരി ഫെബ്രുവരി മാസങ്ങളിലുമാണ്. പഞ്ചായത്തിൽ കിട്ടുന്ന മഴസംബന്ധിച്ച കലണ്ടർ താഴെ കോടുക്കുന്നു.

പഞ്ചായത്തിലെ ജലസ്രോതസ്സുകളുടെ പട്ടിക താഴെ കോടുക്കുന്നു.

ജലസ്രോത സ്സുകളുടെ പട്ടിക

(പട്ടിക . ജി)

ക്രമനമ്പർ	തോടുകൾ	ഉത്ഭവം	പതിക്കുന്ന സ്ഥലം
1.	കായക്കൊടി തോട്	കരിങ്കുറ്റി മല	തടാങ്ങൽ ക്ഷേത്രത്തിനു സമീപം
2.	ചേനപ്പൊയിൽ തോട്	ചേനപ്പാറ	അളിക്കര. കുറ്റാടി. ചെറുപുഴ
3.	പുക്കാട് തോട്	മുണ്ടയാട്	തായി കോവിൽ കുറ്റാടി ചെറുപുഴ
4.	കൊയിലോത്തും താഴ തോട്	പടിഞ്ഞിക്കുന്ന്	കുഴിപ്പാട്
5.	തെക്കേതോട്	കുന്നുമ്മൽ പഞ്ചായത്ത്	കല്ലാച്ചി
6.	ചമ്മേത്തോട്	ഒരേപ്പാറ	കായക്കൊടിത്തോട്

(പട്ടിക -ഏച്ച്)

പുഴയുടെ പേര്	ഉത്ഭവം	പതനം
കുറ്റാടി ചെറുപുഴ	കാവിലുംപാറ	കുറ്റാടി പഞ്ചായത്ത്



ജലസ്രോതസ്സുകളായ തോടുകൾക്കും , പുഴകൾക്കും പുറമെ കായക്കൊടി കൊളാട്ട, മടത്തും കുനിത്താഴ കുളം എന്നിവയും നിരവധി ക്ഷേത്ര കുളങ്ങളും സ്രാമ്പികളോടുമനുബന്ധിച്ച കുളങ്ങളും പഞ്ചായത്തിൽ നിലവിലുണ്ട്. കൂടാതെ വടക്കു കിഴക്കൻ മലനിരകളിലുള്ള ശുദ്ധജല ഉറവകളും പഞ്ചായത്തിന്റെ മാത്രം പ്രത്യേകതയത്രെ. ഭൂപ്രകൃതിപരമായി പഞ്ചായത്ത് നിരവധി കുന്നുകൾ നിറഞ്ഞതായതിനാൽ ഉയർന്ന ഭാഗങ്ങളിലും ചരിവുകളിലും വേനൽക്കാലങ്ങളിൽ ശുദ്ധജലക്ഷാമം അനുഭവപ്പെടുന്നുണ്ട്. മാർച്ച്, ഏപ്രിൽ, മെയ് മാസങ്ങളിലാണ് ഏറ്റവും കൂടുതൽ ജലക്ഷാമം അനുഭവപ്പെടുന്നത്.

വിദ്യാരംഗം

നമ്മുടെ പ്രദേശത്തിന്റെ നവോത്ഥാന ദേശീയ പ്രവസ്ഥാനങ്ങളുടെ പശ്ചാത്തലമായി വർത്തിച്ചത് വിദ്യാലയങ്ങളാണ്. നാട്ടു പള്ളിക്കൂട്ടങ്ങളിൽ നിന്നും തുടങ്ങി ആധുനിക വിദ്യാലയങ്ങളിലേക്കുള്ള വികാസ പരിണാമങ്ങൾക്കിടയിൽ ഒരു നീണ്ട കാലത്തിന്റെ ചരിത്രമുണ്ട്. അക്ഷരങ്ങളുടെ ലോകത്തു നിന്നും അകന്ന് സമൂഹത്തിന്റെ പുറമ്പോക്കുകളിൽ പകച്ചു നിന്ന അധ:സ്ഥിതന്റെ ഉയർച്ചയുടെ ചരിത്രം കൂടിയാണത്.

1901 ൽ പരേതനായ മഠത്തിൽ മൊയ്തീൻ മുസ്ല്യാർ സ്ഥാപിച്ച ആലക്കാട് എൽ.പി. സ്ക്കൂൾ ചങ്ങരംകുളം യു.പി. സ്കൂൾ എന്നിവ പഞ്ചായത്തിലെ ആദ്യകാല വിദ്യാലയങ്ങളിൽ ചിലതാണ്. കായക്കൊടി എം. എൽ.പി. സ്കൂൾ, ലിവാഉൽ ഇസ്ലാം മദ്രസ കായക്കൊടി ഹയാത്തുൽ ഇസ്ലാം മദ്രസ കരങ്ങോട് ആക്കൽ എൽ. പി.സ്ക്കൂൽ എന്നിവയും ആദ്യകാല വിദ്യാഭ്യാസ സ്ഥാപനങ്ങളാണ്.

ഭൗതിക വിദ്യാഭ്യാസത്തോടൊപ്പം മതപഠനങ്ങൾക്ക് ഊന്നൽ നൽകിക്കൊണ്ട് സ്ഥാപിച്ച വിദ്യാഭ്യാസ സ്ഥാപനങ്ങളും മുൻകാലങ്ങളിൽ നമ്മുടെ പ്രദേശത്ത് ഉദയം ചെയ്തിട്ടുണ്ട്.

നമ്മുടെ വിദ്യാലയങ്ങളിലെ ഊർജ്ജസ്വലമായ അടിത്തറയിൽ നിന്നാണ് ശ്രീ.എ.പി. കുഞ്ഞിരാമൻ നായർ, കെ.എം.കുട്ടികൃഷ്ണൻമാരാർ മുതലയാവർ ദേശീയ പ്രസ്ഥാനത്തിന്റെ നേതൃ നിരയിലേക്ക് ഉയർന്നു വന്നത് ദേശീയ പ്രസ്ഥാനവുമായി ബന്ധപ്പെട്ട് പല സ്വഭാവങ്ങൾക്കും വിദ്യാലയങ്ങൾ വേദിയായിട്ടുണ്ട്. പിന്നീട് ദേശീയ നേതാക്കളായി മാറിയ സ്വാതന്ത്ര്യ സമര സേനാനികൾ അവരുടെ സമര പര്യടന വേളകളിൽ നമ്മുടെ വിദ്യാലയങ്ങളും സുപ്രധാന കേന്ദ്രങ്ങളായി തെരഞ്ഞെടുത്തിട്ടുണ്ട്. ശ്രീ. എ. കെ. ഗോപാലൻ കെ. കേളപ്പൻ, കോഴിപ്പുറം ദമ്പദിമാർ എന്നിവർ നമ്മുടെ പ്രദേശത്തെ വിദ്യാലയങ്ങളിൽ എത്തിച്ചേർന്നിട്ടുണ്ട്. തന്റെ ഭൂദാന യാത്രക്കിടയിൽ ശ്രീ. വിനോബജി തെരഞ്ഞെടുത്ത കേന്ദ്രങ്ങളിലൊന്ന് നമ്മുടെ പഞ്ചായത്തിലെ ചങ്ങരം കുളം യു. പി. സ്കൂളാണ്.

വിദ്യാഭ്യാസസ്ഥാപനങ്ങളുടെ സമ്പന്നമായ ഈ പൈതൃകത്തിൽ നിന്നാണ് നാം ആരംഭിക്കുന്നത്. ഒട്ടേറെ സാമൂഹ്യ പ്രവർത്തകരുടെയും വിദ്യാഭ്യാസ പ്രവർത്തകരുടേയും ശ്രമഫലമായി കായക്കൊടി പഞ്ചായത്തിൽ 12 ഔപചാരിക വിദ്യാഭ്യാസ സ്ഥാപനങ്ങളുണ്ട്. ഈ സ്ഥാപനങ്ങളിൽ മൊത്തം 5247 വിദ്യാർത്ഥികൾ പഠനം നടത്തുന്നു.

പഞ്ചായത്തിലെ വിദ്യാലയങ്ങൾ പട്ടികയിൽ (വാർഡ് തിരിച്ച്).കൊടുത്തിരിക്കുന്നു.

വാർഡ്	എൽ.പി.	യു.പി.	ഹൈസ്കൂൾ	ഉടമസ്ഥത	ആകെ
I.	ഏക്കൽ LVLPS	ഇല്ല	ഇല്ല	സ്വകാര്യം	1
II		ദേവർകോവിൽ " l	ഇല്ല	സ്വകാര്യം	1
III	ദേവർ കോവിൽ W.L.P.S തളീക്കം l.p.s	ഇല്ല	ഇല്ല	സ്വകാര്യം	1
iv	G.L.P.S ണ്ടോട്	ഇല്ല	ഇല്ല	ഗവൺമെന്റ്	1
v	ഏലക്കാട് G.L.P.S	ചങ്ങരം കുളം യു.പി	ഇല്ല	സ്വകാര്യം	2
vi	കോവുക്കു ന് L.P.S	ഇല്ല	ഇല്ല	സ്വകാര്യം	1
vii		എ.എം യു.പി കായക്കൊടി	.K.P.E.S.H.S കായക്കൊടി	സ്വകാര്യം	2
viii	-	-	-	-	-
ix	പട്ടർകുള ങ്ങര L.P.S	-	-	സ്വകാര്യം	1
x	നിടുമണ്ണൂർ L.P.S	-	-	"	1

കായക്കൊടി പഞ്ചായത്തിലെ ഒരു വാർഡിലൊഴികെ മറ്റെല്ലാവാർഡുകളിലും ഓരോ വിദ്യാഭ്യാസ സ്ഥാപനമെങ്കിലുമുണ്ട്. മിക്കവയും സ്വകാര്യ മാനേജ്മെന്റിന്റെ കീഴിലാണ്. പഞ്ചായത്തിലെ സ്കൂളുകളിൽ ഒരു എൽ.പി.സ്കൂൾ മാത്രമാണ്

ഗവൺമെന്റ് ഉടമസ്ഥതയിലുള്ളൂ.

പഞ്ചായത്തിലെ വിദ്യാലയങ്ങളിൽ പഠിക്കുന്ന വിദ്യാർഥികളിൽ 2655 ആൺകുട്ടികളും, 2592 പെൺകുട്ടികളും ഉൾപെടുന്നു. മുൻകാലങ്ങളെ അപേക്ഷിച്ച് പെൺകുട്ടികൾ വിദ്യാഭ്യാസത്തിന് ഒട്ടും പിന്നിലല്ല എന്നു നമുക്ക് മനസ്സിലാക്കാം.

ഇത്രയധികം വിദ്യാഭ്യാസ സ്ഥാപനങ്ങളുണ്ടെങ്കിലും യു.പി, ഹൈസ്ക്കൂൾ പഠനത്തിന് സമീപ പഞ്ചായത്തുകളിലെ കുറ്റ്യാടി ഗവ: ഹൈസ്ക്കൂൾ ചാത്തങ്കോട്ട്നട ഹൈസ്ക്കൂൾ, വട്ടോളി നാഷനൽ ഹൈസ്ക്കൂൾ, RNMHS നരിപ്പറ്റ, കുറ്റ്യാടി MIUP എന്നീ വിദ്യാലയങ്ങളെ പഞ്ചായത്തിലെ ഒട്ടനവധി വിദ്യാർഥികൾ ആശ്രയിക്കുന്നു. പഞ്ചായത്തിലെ ഏക ഹൈസ്ക്കൂൾ സ്ഥിതി ചെയ്യുന്നത് പഞ്ചയത്തിന്റെ മധ്യത്തിലാണെങ്കിലും അവിടെയെത്തിച്ചേരാൻ വേണ്ടത്ര ഗതാഗത സൗകര്യം ഇല്ല. കരങ്ങോട് വാർഡിൽ ഒരു യു.പി.സ്കൂൾ ഇല്ലാത്തതിനാൽ അവിടെയുള്ള വിദ്യാർഥികൾ കുറ്റ്യാടി MIVP സ്കൂളിനെ ആശ്രയിക്കുന്നു. നിടുമണ്ണൂർ വാർഡിലെ ഭൂരിഭാഗം വിദ്യാർഥികളും, പാതിരിപ്പറ്റ, നരിപ്പറ്റ ചീക്കോന്ന് യു.പി സ്കൂളുകളേയും ആശ്രയിക്കുന്നു.

പഞ്ചായത്തിലെ വിദ്യാലയങ്ങളിൽ പഠിക്കുന്ന വിദ്യാർഥികളുടെ എണ്ണം പട്ടികയായി കൊടുത്തിരിക്കുന്നു.

ആകെ വിദ്യാർഥികൾ			എൽ.പി			യു.പി			ഹൈസ്കൂൾ
ആ.	പെ.	ശത.	ആ.	പെ.	%	ആ.	പെ.	%	
5247	800	777 30.05	1395	1302		51	.40 460	513	18.54

(അവലാബം സ്കൂൾ റിപ്പോർട്ട്)

കായക്കൊടി പഞ്ചായത്തിലെ വിദ്യാർഥികളുടെയും അധ്യാപകരുടെയും എണ്ണത്തെ സൂചിപ്പിക്കുന്ന വിശദമായ പട്ടിക ചുവടെ കൊടുത്തിരിക്കുന്നു.

ലഭ്യമായ കണക്കനുസരിച്ച് ഏറ്റവും കൂട്ടതൽ വിദ്യാർഥികൾ പഠിക്കന്ന വിദ്യാലയം L.P വിഭാഗത്തിൽ ദേവർകോവിൽ വെസ്റ്റ്. എൽ.പി.സ്കൂളും, ഏറ്റവും കുറവ് തളീക്കര എൽ.പി. സ്കൂളും ആണ. യു.പി വിഭാഗത്തിൽ ഇത് യഥാക്രമം ദേവർകോവിൽ എം.യു.പി സ്കൂളും, ചങ്ങരംകുളം യു.പി.സ്കൂളും ആണ്. പെൺകുട്ടികൾ ഏറ്റവും കൂടുതലുള്ള എൽ.പി.സ്കൂൾ ദേവർകോവിൽ വെസ്റ്റ് എൽ.പിയും, യു.പി സ്കൂൾ ദേവർകോവിൽ യു.പിയും ആണ്.

പട്ടിക

വിദ്യാർഥികൾ, അദ്ധ്യാപകർ

ക്രമ നമ്പർ	സ്കൂളിന്റെ പേര്	സ്കൂളിന്റെ സ്വഭാവം (സർക്കാർ/എയിഡഡ്)	വിദ്യർത്ഥികൾ ആൺ	പെൺ	ആകെ	അധ്യാപകർ പു	സ്ത്രീ	ആകെ
1	ആക്കൽ എൽ.വി.എൽ.പി സ്കൂൾ	എയിഡഡ്	89	49	138	5	1	6
2	ദേവർക്കോവിൽ വെസ്റ്റ് എൽ.പി	"	182	179	361	10	3	13
3	തളീക്കര എൽ.പി	"	51	56	107	4	1	5
4	ആലക്കാട് എം.എൽ.പി	"	89	83	172	4	2	6
5	കോവുക്കുന്ന് എൽ.പി	"	90	86	176	3	3	6
6	നിടുമണ്ണൂർ എൽ.പി	"	129	148	277	8	2	10
7	പട്ടർക്കുളങ്ങര എൽ.പി	"	112	119	231	5	4	9
8	കരണ്ടോട് ഗവ: എൽ.പി	സർക്കാർ	58	57	115	4	2	6
9	ദേവർകോവിൽ എം.യു.പി	എയിഡഡ്	546	561	1107	27	13	40
10	ചങ്ങരംകുളം യു.പി	"	298	280	578	14	8	22
11	കായക്കൊടി എ.എം.യു.പി	"	551	461	1012	29	6	35
12	കായക്കൊടി കെ.പി.ഇ.എസ്.എച്ച്.എസ്	"	460	513	973	32	8	40
	ആകെ	-	2655	2592	5247	145	53	

198

കായക്കൊടി പഞ്ചായത്തിലെ വിദ്യാലയങ്ങളിൽ ആകെ 117 പട്ടികജാതി വിദ്യാർഥികൾ പഠനം നടത്തുന്നു. ആകെ വിദ്യാർഥികളുടെ 2.22% മാത്രമാണ് ഇത്.

ഗ്രാമപഞ്ചായത്തിൽ 12 വിദ്യാലയങ്ങളിലായി 198 അദ്ധ്യാപകർ ജോലി നോക്കി വരുന്നു ഇതിൽ 53 സ്ത്രികളും 145 പുരുഷന്മാരുമാണ്. വനിതകളുടെ ശതമാനം 26.76 ആണെന്ന് മനസ്സിലാക്കാം. ഇവരിൽ തദ്ദേശീയർ വെറും 82 പേരാണ്.

പഞ്ചായത്തിലെ വിദ്യാലയങ്ങളിൽ ജോലി ചെയ്യുന്ന അധ്യാപകരുടെ എണ്ണം വേർതിരിച്ച് പട്ടികയായി ചുവടെ കൊടുത്തിരിക്കുന്നു.

അധ്യാപകരുടെ എണ്ണം

ക്രമനമ്പർ	വിദ്യാലയത്തിന്റെ പേര	പഞ്ചായത്തിനകത്ത്	പഞ്ചായത്തിനു പുറത്ത്	ആകെ
1	ആക്കൽ L.V.L.P.S	2	4	6
2	ഓർക്കോവിൽ MUPS	15	25	40
3	തളിയിൽ .P.S	3	2	5
4	ഓർക്കോവിൽ W.L.P.S	5	8	13
5	കരണ്ടോട് ജി.എൽ.പി	0	6	6
6	ആലക്കാട് M.L.P.S	5	1	6
7	ചങ്ങോംകുളം യു.പി	11	11	22
8	കോരുക്കുന്ന് എൽ.പി	1	5	6
9	എ.എം.യു.പി കായക്കൊടി	18	17	35
10	കെ.പി.ഇ.എസ്. എച്ച് കായക്കൊടി	14	26	40
11	പട്ടർകുളങ്ങര L.P.S	4	5	9
12	തിരുവള്ളൂർ L.P.S	4	6	10
	ആകെ	82	116	198

കായക്കൊടി പഞ്ചായത്തിലെ മിക്ക വിദ്യാലയങ്ങളുടെയും ഭൗതിക സാഹചര്യങ്ങൾ പരിശോധിച്ചാൽ വേണ്ടത്ര പുരോഗമിച്ചിട്ടില്ല എന്നതാണ് സത്യം. ഓലമേഞ്ഞ ഷെഡുകളും, കുണ്ടും കുഴിയും നിറഞ്ഞ തറകളും, വിജനം ഇല്ലാത്ത ക്ലാസ് മുറികളും ആണ് ഇന്നും പല വിദ്യാലയങ്ങൾക്കുമുള്ളത്. മാനേജ്മെന്റ് സ്വകാര്യ വ്യക്തികളുടേതും, കമ്മറ്റികളുടേതും ആണെങ്കിലും അവർ വിദ്യാലയത്തിന്റെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്ന കാര്യത്തിൽ വേണ്ടത്ര ശ്രദ്ധ പതിപ്പിക്കുന്നില്ല എന്നു വേണം കരുതാൻ. ഏക ഗവൺമെന്റ് എൽ.പി. സ്കൂളിന്റെ സ്ഥിതി താരതമ്യേന മെച്ചപ്പെട്ടതാണ്. കെട്ടിടത്തിന്റെ കാര്യത്തിൽ അവർ സ്വയം പര്യാപ്തത നേടിയിട്ടുണ്ട്.

കെട്ടിട സൗകര്യത്തിന് പുറമെ മറ്റു ഭൗതിക സാഹചര്യങ്ങൾ കൂടി ഇത്തരത്തിലുള്ള ഒരു റിപ്പോർട്ടിൽ പരാമർശിക്കുന്നത് നന്നായിരിക്കും. പഞ്ചായത്തിലെ വിദ്യലയങ്ങളിലെ ഭൗതിക സാഹചര്യങ്ങളെ കുറിച്ചുള്ള ഒരു പട്ടിക താഴെ കൊടുത്തിരിക്കുന്നു

ക്രമനമ്പർ	വിദ്യാലയത്തിന്റെ പേര്	ആകെ വിദ്യാർഥികൾ	ആകെ അധ്യാപകർ	മുറ്റം	കക്കൂസ്	കുടിവെള്ളം	വൈദ്യുതി
1	ആക്കൽ എൽ.പി.എസ്.പി	138	6	1	ഇല്ല	ഉണ്ട്	ഇല്ല
2	ഓർക്കോവിൽ MUP	1107	40	2	1	"	ഉണ്ട്
3	ഓർക്കോവിൽ വെസ്റ്റ് LPS	361	13	1	1	"	"
4	തളിക്കര LPS	107 5	ഇല്ല	ഇല്ല	"	ഇല്ല	ഇല്ല
5	ചങ്ങോംകുളം യു.പി	578	21	1	1	"	ഉണ്ട്
6	ആലക്കാട് എം.എൽ.പി	172	6	2	1	"	ഇല്ല
7	കരണ്ടോട് ജി.എൽ.പി	115	5	2	1	"	ഉണ്ട്
8	കോരുക്കുന്ന് LPS	176	6	1	ഇല്ല	"	ഇല്ല
9	തിരുവള്ളൂർ LPS	277	10	2	"	"	ഉണ്ട്
10	കായക്കൊടി AMUP	1012	28	2	1	"	"
11	പട്ടർകുളങ്ങര LPS	231	9	1	ഇല്ല	"	ഇല്ല
12	കെ.പി.ഇ.എസ്.എച്ച്.എസ് കായക്കൊടി	973	40	2	2	"	ഉണ്ട്

ഭൗതിക സാഹചര്യങ്ങൾ

വിദ്യാലയങ്ങളിൽ ഒന്നു മാത്രമാണ് മൂത്രപ്പുര ഇല്ലാത്തത്. എന്നാൽ നല്ല വിദ്യാലയങ്ങൾ സൗകര്യപ്രദമായ കക്കൂസ് ഇല്ലാത്തവ. കുടിവെള്ള സൗകര്യം എല്ലാ വിദ്യാലയങ്ങൾക്കുമുണ്ട്. പക്ഷെ വൈദ്യുതീകരിക്കാത്ത അഞ്ചു വിദ്യാലയങ്ങൾ പഞ്ചായത്തിലുണ്ട്. കുടി വെള്ളം കിണറുകളിൽ നിന്ന് വലിച്ചെടുക്കേണ്ട അവസ്ഥയുള്ള സ്കൂളുകളും, പൈപ്പ് സംവിധാനമുള്ള സ്കൂളുകളും പഞ്ചായത്തിലുണ്ട്. തളിക്കര എൽ.പി, ആക്കൽ എൽ.വി.എൽ.പി, കരണ്ടോട് എൽ.പി, ആലക്കാട് എം.എൽ.പി, പട്ടർകുളങ്ങര എൽ.പി വിദ്യാലയങ്ങളിൽ കുടിവെള്ളം കിണറുകളിൽ നിന്നും കോരിയെടുക്കേണ്ട അവസ്ഥയാണിന്നുള്ളത്.

വിദ്യാലയങ്ങളിലെ ഭൗതിക സാഹചര്യങ്ങൾ വിദ്യാത്ഥികളുടെ പഠന നിലവാരത്തെ തീർച്ചയായും സ്വാധീനിക്കുന്നുണ്ട് അനാരോഗ്യകരമായ അന്തരീക്ഷവും പൊട്ടി പൊളിഞ്ഞ ബഞ്ചുകളും വിദ്യാർത്ഥികളുടെ മനസ്സിനെ പഠനകാര്യങ്ങളിൽ നിന്ന് അറ്റന്ന ഘടകമാണ് സൗകര്യമില്ലാത്ത ക്ലാസ് മുറികളിൽ ബോധനം നടത്തുന്ന അധ്യാപകരുടെ സ്ഥിതിയും വ്യത്യസ്തമല്ല .

ജനകീയ സമിതികളുടേയും, ഗ്രാമപഞ്ചായത്തിന്റേയും ശ്രദ്ധ ഈ രംഗത്ത് പതിയേണ്ടതുണ്ട്. സഹകാര്യ മാനേജ്മെന്റുകളും, ഗ്രാമപഞ്ചായത്തും ഒത്തൊരുമിച്ചുള്ള സംരംഭങ്ങൾക്ക് ഈ രംഗത്ത് വലിയ മാറ്റങ്ങൾ ഉണ്ടാക്കാൻ സാധിക്കും. വിദ്യാർഥികളുടെ പഠന നിലവാരം മെച്ചപ്പെടുത്താൻ ഇത് സഹായകമാകും.

ഭൗതിക സാഹചര്യങ്ങൾക്കുപുറമെ ഓരോ വിദ്യാർഥിക്കും പഠനം രസകരമാക്കുന്നതിന് വിദ്യാലയത്തിലെ അക്കാഡമിക് സൗകര്യങ്ങൾ മെച്ചപ്പെടുത്തേണ്ടതുണ്ട്. സൗകര്യപ്രദമായ ലൈബ്രറിയും, ലബോറട്ടറിയും മറ്റു ആധുനിക ഉപകരണങ്ങളും അക്കാഡമിക് നിലവാരത്തെ സ്വാധീനിക്കുന്ന ഘടകങ്ങളാണ്.

നമ്മുടെ വിദ്യാലയങ്ങളിലെ അക്കാദമിക് സൗകര്യങ്ങൾ പരിശോധിച്ചാൽ ലൈബ്രറി, ബ്ലേക്ക് ബോർഡ്, ടേപ്പ് റിക്കോർഡർ എന്നിവ എല്ലാ വിദ്യാലയങ്ങളിലും ഉണ്ട്. ആവശ്യമായ പഠനോപകരണങ്ങളുള്ള ആറും, ലാബ് സൗകര്യമുള്ള അഞ്ചും റേഡിയോ സ്വന്തമായുള്ള പതിനൊന്ന് വിദ്യാലയങ്ങളും നമ്മുടെ പഞ്ചായത്തിലുണ്ട്. സ്ലൈഡ് പ്രൊജക്ടുകളുള്ളവ നാലും ഉച്ച ഭാഷിണികളുള്ള സ്കൂളുകൾ രണ്ടെണ്ണവുമാണുള്ളത്. എട്ട് വിദ്യാലയങ്ങളിൽ മാതൃസംഘത്തിന്റെ പ്രവർത്തനമുണ്ട്. ടെലിവിഷൻ സൗകര്യവും സിനിമാ പ്രൊജക്ടറും ക്ലാസ്സ് പി.ടി എ യും ഒറ്റ വിദ്യാലയത്തിലുമില്ല.

എല്ലാ വിദ്യാലയങ്ങളിലും ലൈബ്രറി സൗകര്യമുള്ളതായി കണക്കുകൾ സൂചിപ്പിക്കുന്നു. ഈ ലൈബ്രറികളുടെ അവസ്ഥ പരിശോധിച്ചാൽ കാര്യക്ഷമമല്ലെന്നു പറയാം. വിദ്യാർഥികളുടെ ഫീസിൽ നിന്നും പിൻവലിക്കുന്ന സംഖ്യയാണ് ഇതിന് വകയിരുത്തുന്ന ആകെ മൂലധനം. ക്ലാസ് റൂമുകളിലെ പഠനം വിപുലപ്പെടുത്തുന്നതിന് ഉപകരിക്കുന്ന മേഖല എന്ന നിലക്ക് ലൈബ്രറി സംവിധാനത്തെ പരിപോഷിപ്പിക്കേണ്ടതുണ്ട്. ക്ലാസടിസ്ഥാനത്തിൽ സംഖ്യ സ്വരൂപിച്ച് വിദ്യാലയത്തിലെ ലൈബ്രറികളിൽ പുസ്തകങ്ങൾ വാങ്ങിക്കുന്ന ഒരു സംവിധാനം ഉണ്ടാക്കുക, വിദ്യാലയം സ്ഥിതി ചെയ്യുന്ന പ്രദേശങ്ങളിലെ വീടുകളിൽ നിന്നും പുസ്തകങ്ങൾ ശേഖരിക്കുക, പൂർവ വിദ്യാർഥികളോട് പുസ്തകങ്ങൾ സംഭാവന ചെയ്യിക്കുക, തുടങ്ങിയ പരിപാടികൾ സംഘടിപ്പിച്ചാൽ ലൈബ്രറികളിലെ പുസ്തകങ്ങളുടെ എണ്ണം വർധിപ്പിക്കാൻ കഴിയും. പുസ്തകങ്ങൾ തിരഞ്ഞെടുക്കുമ്പോൾ ശ്രദ്ധ ആവശ്യമാണ് വിദ്യാർത്ഥികളുടെ ഭാവനയെ സമ്പന്നമാക്കുന്നതും വായനയോട് താല്പര്യമുണ്ടാക്കാൻ ഉതകുന്നതുമായിരിക്കണം പുസ്തകങ്ങൾ സൗകര്യപ്രദമായ ഒരു 'വായന മൂറിയും' ഓരോ വിദ്യാലയത്തിലും ഉണ്ടാകേണ്ടതുണ്ട്. പഞ്ചായത്ത് സ്കൂൾ ലൈബ്രറികൾക്ക് പുസ്തകം വാങ്ങാൻ ധനസഹായം നൽകേണ്ടതാണ്.

മിക്ക വിദ്യാലയങ്ങളിലെയും ലബോറട്ടറി സൗകര്യങ്ങൾ മെച്ചപ്പെട്ടതല്ല. മെച്ചപ്പെട്ട ലബോറികൾ പഠന കാര്യങ്ങളിൽ പ്രധാനപ്പെട്ടതാണ്. അനുഗ്രഹമാണ്. സ്കൂൾ മാനേജ്മെന്റും, പി.ടി.എ യും ഈ രംഗത്ത് ശ്രദ്ധിക്കേണ്ടതാണ്. കൂടാതെ മിക്കവിദ്യാലയങ്ങളിലും (ഹൈസ്കൂൾ ഒഴികെ) ലബോറട്ടറികൾക്കായി പ്രത്യേക മുറികൾ ഇല്ല എന്നതാണ് അവസ്ഥ. വളരെ ഉത്തരവാദിത്തത്തോടുകൂടി കൈകാര്യം ചെയ്യേണ്ട ലബോറോട്ടറി വസ്തുക്കൾ സ്റ്റാഫ് റൂമിന്റെ ഏതെങ്കിലും ഒരു കോണിൽ അടച്ചുറപ്പില്ലാത്ത അലമാരകളിൽ സൂക്ഷിക്കുന്ന അവസ്ഥ നിലനിൽക്കുന്നു.

നമ്മുടെ വിദ്യാലയങ്ങളിൽ അദ്ധ്യാപക രക്ഷാകർതൃ സമിതിയുടെ പ്രവർത്തനം സജീവമാണ്. മിക്ക വിദ്യാലയങ്ങളിലെയും പാഠ്യ, പാഠ്യേതര പ്രവർത്തനങ്ങൾക്ക് പി.ടി.എ അവയുടേതായ സംഭാവനകൾ നല്കിവരുന്നു. കുടിവെള്ളം സൗകര്യം മെച്ചപ്പെടുത്തൽ, ലൈബ്രറി, ഉച്ചഭാ

ഷിണി, ഉച്ചഭക്ഷണ വിതരണം, കലാ-കായിക മത്സരങ്ങളുടെ സാമ്പത്തിക സഹായം, എന്നീ രംഗങ്ങളിലും പി.ടി.എ യുടെ പ്രവർത്തനം ശ്ലാഘനീയമാണ്. കായക്കൊടി എ.എം.യു.പി, ദേവർകോവിൽ യു.പി, കായക്കൊ ടി ഹൈസ്ക്കൂൾ എന്നിവിടങ്ങളിലെ പി.ടി.എ കൾ മാതൃകാപരമായ പ്രവർത്തനം കാഴ്ച വെച്ചതായി കാണാം.

വിദ്യാലയങ്ങലിലെ പഠന നിലവാരം മെച്ചപ്പെടുത്തുന്നതിന് അധ്യാപകരുടെ ശ്രമം മാത്രം പോര. മറിച്ച് രക്ഷിതാക്കളുടെതായ ശ്രമവും ഈ രംഗത്തുണ്ടാവേണ്ടതുണ്ട്. പിന്നോക്കം നിൽക്കുന്ന വിദ്യാർഥികളെ കണ്ടെത്തി അവർക്ക് വേണ്ടി പ്രത്യേക പരിശീലനം സംഘടിപ്പിക്കുക, മിടുക്കരായ വിദ്യാർഥികളെ ആദരിക്കുന്നതിന് സ്കോളർഷിപ്പ് നല്കുക, അധ്യാപകരെ പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടി ചില പരിപാടികൾ ആവിഷ്കരിക്കുക തുടങ്ങിയ കാര്യങ്ങളിൽ പി.ടി.എ യുടെ സജീവ ശ്രമം പതിയേണ്ടതുണ്ട്.

പി.ടി.എ പോലെത്തന്നെ വിദ്യാലയങ്ങളിൽ ഉണ്ടാക്കേണ്ടതായ ഒരു സമിതിയായി നമുക്ക് മാതൃസംഘത്തിനെ കാണാം. എന്നാൽ ഈ സമിതികൾ പഞ്ചായത്തിൽ നിർജീവമാണെന്ന് തന്നെ പറയാം. വർഷാന്ത്യത്തിൽ ഒരു ജനറൽ ബോഡിയിൽ ഒതുങ്ങുന്ന അവസ്ഥയാണ് മാതൃസംഘത്തിനുള്ളത്. അമ്മമാർക്ക് മക്കളുടെ വിദ്യാഭ്യാസ കാര്യത്തിൽ കൂടുതൽ ശ്രദ്ധിക്കാം എന്നിരിക്കെ അമ്മമാരുടെ വേദികൾ വേണ്ടത്ര സജീവമാകേണ്ടത് വളരെ അത്യന്താപേക്ഷിതമാണ്.

നമ്മുടെ വിദ്യാലയങ്ങളിലെ വിദ്യാഭ്യാസ നിലവാരം ഉദ്ദിഷ്ട ലക്ഷ്യം കൈവരിച്ചിട്ടില്ല എന്നാണ് ആസൂത്രണ സമിതി പ്രവർത്തകർ സ്കൂളുകളിൽ നിന്ന് ശേഖരിച്ച വിവരങ്ങൾ സൂചിപ്പിക്കുന്നത്. കായക്കൊടി ഹൈസ്കൂളിലെ കഴിഞ്ഞ 5 വർഷത്തെ SSLC വിജയ ശതമാനവും 1996-97 അധ്യായന വർഷത്തെ പാദ വാർഷിക പരീക്ഷയിലെ കുട്ടികളുടെ മാർക്ക് നിലവാരവും ഈ നിലക്ക് നമ്മെ ചിന്തിക്കാൻ പ്രേരിപ്പിക്കുന്നു.

പഞ്ചായത്തിലെ ഏക ഹൈസ്കൂളായ കെ.പി.ഇ.എസ്.എച്ച്.എസ്സിലെ കഴിഞ്ഞ 5 വർഷത്തെ SSLC വിജയശതമാനം കുറിക്കുന്ന പട്ടിക ശ്രദ്ധിക്കുക.

സ്കൂളിന്റെ പേര്	1991-92	1992-93	1993-94	1994-95	1995-96
കെ.പി.ഇ.എസ്. എച്ച്.എസ്സ്	40%	43%	43%	33.62%	30%

കഴിഞ്ഞ 5 വർഷങ്ങളിലായി SSLC വിജയ ശതമാനം അമ്പതിലും കുറവാണെന്നു കാണുന്നു.

ക്ലാസ്സുകൾ	30% ൽ താഴെ മാർക്ക് കിട്ടിയവർ	30% ത്തിനും 40% ഇടക്ക്	40% - 50%	50% - 60%	60%	ആകെ
III	212	103	110	110	101	636
IV	187	126	121	77	102	613
V	167	117	124	64	92	568
VI	167	78	79	89	92	509
VII	249	86	60	104	81	580
	982	504	494	444	468	2892

(അവലാബം: സ്കൂൾ റിപ്പോർട്ട്)

മുകളിലെ പട്ടിക പരിശോധിച്ചാൽ നമ്മുടെ പഞ്ചായത്തിലെ വിദ്യാർത്ഥികളുടെ പിന്നോക്കാവസ്ഥയുടെ ഒരു ചിത്രം നമ്മുക്കു രൂപപ്പെടുത്താം. 3 മുതൽ 7 വരെ ക്ലാസുകളിൽ പഠിക്കുന്ന 2892 വിദ്യാർത്ഥികളിൽ 982 പേരും 30%ത്തിൽ താഴെ മാർക്ക് ലഭിച്ചവരാണ്.(33.95%) 30% നും 40% ഇടക്ക് മാർക്ക് ലഭിച്ചവർ 504 ഉം (17.42%) 40%ത്തിനും 50 % ത്തിനും 60% ത്തിനും ഇടക്ക് മാർക്ക് ലഭിച്ചവർ 494 ഉം (17.08%) 50% ത്തിനും 60% ത്തിനും ഇടക്ക് മാർക്ക് കിട്ടിയവർ 444 ഉം (15.35%) ആണ്. 60% മാർക്ക് ലഭിച്ചവർ 468 (16.20%) കുട്ടികൾ മാത്രമാണെന്ന് കാണാം.

വിദ്യാഭ്യാസ നിലവാരത്തിലുള്ള ഈ പിന്നോക്കാവസ്ഥക്ക് കാരണങ്ങൾ പലതാണ്. അധ്യാപകരുടെതായ പ്രശ്നങ്ങളും , വിദ്യാർത്ഥികളുടെ ഭാഗത്തുനിന്നുള്ള പ്രശ്നങ്ങളും, ഇതിൽ കാണാൻ സാധിക്കും. വിദ്യാലയാന്തരീക്ഷം, സ്ക്കൂൾ പ്രവൃത്തി ദിവസങ്ങൾ നഷ്ടപ്പെടൽ എന്നിവ ഇതിനു കാരണമാണ് .

വിദ്യാർത്ഥികളിൽ മുസ്ലിം വിഭാഗത്തിന്റെ പിന്നോക്കവസ്ഥക്ക് മറ്റു ചില കാരണങ്ങൾ കൂടി കണ്ടെത്താം. അവരെ സംബന്ധിച്ചിടത്തോളം രാവിലെ 7.30 ന് തുടങ്ങുന്ന പഠനം അവസാനിക്കുന്നത് രാത്രി 8.30 നാണ്.

പാഠ്യേതര പ്രവർത്തനങ്ങളിൽ പഞ്ചായത്തിലെ വിദ്യാലയങ്ങളുടെ അവസ്ഥ മെച്ചപ്പെട്ട പരിശ്രമങ്ങൾ.

കായക്കൊടി ഹൈസ്കൂളിൽ വർഷം തോറും ഗംഭീരമായ രീതിയിൽ യുവജനോൽസവങ്ങൾ സംഘടിപ്പിച്ചുവരുന്നു. മുൻവർഷങ്ങളിൽ സബ്ജില്ലാ യുവജനോത്സവത്തിൽ ഒന്നാം സ്ഥാന

തെത്താൻ ഹൈസ്കൂളിന് സാധിച്ചിട്ടുണ്ട്. ജില്ലാ മത്സരങ്ങളിലും മുൻവർഷങ്ങളിൽ ഹൈസ്കൂളിലെ വിദ്യാർഥികൾ പങ്കെടുത്തിട്ടുണ്ട്. സംസ്ഥാന യുവ ജനോത്സവത്തിൽ പഞ്ചായത്തിന്റെ ചരിത്രത്തിലാ ദ്യമായി ഒരിനത്തിൽ (ഉർദുപദ്യത്തിൽ) എ. ഗ്രേഡ് ലഭിച്ച ഒരു വിദ്യാർഥിയെ (സാലിം അബ്ദുൽ മജീദ്. കെ) സംഭാവന ചെയ്യാൻ ഈ വിദ്യാലയത്തിനു സാധിച്ചിട്ടുണ്ട്. പഞ്ചായത്തിലെ വിദ്യാർഥിയായ സിതാര കെ. എന്ന കുട്ടിക്ക് മാർഗം കളിയിൽ സംസ്ഥാന മേളയിൽ എ ഗ്രേഡ് ലഭിച്ചിട്ടുണ്ട്. പുതിയ സംവിധാനത്തിൽ സംഘടിപ്പിച്ചു പോരുന്ന സബ്ജില്ല യുവജനോൽസവത്തിന് ദേവർകോവിൽ യു.പി.സ്കൂൾ കഴിഞ്ഞവർഷം വേദിയായിരുന്നു എന്നകാര്യം ഇവിടെ പരാമർശിക്കേണ്ടതാണ്.

കഴിഞ്ഞ വർഷത്തെ സബ്ജില്ല യുവജനോ ത്സവത്തിൽ യു.പി. വിഭാഗത്തിൽ രണ്ടാം സ്ഥാനം പഞ്ചായത്തിലെ കായക്കൊടി എ.എം.യു.പി സ്കൂളി നായിരുന്നു. കഴിഞ്ഞ വർഷത്തെ കലാപ്രതിഭ ഈ വിദ്യാലയത്തിലായിരുന്നു. മുൻവർഷങ്ങളിൽ പല ഇനങ്ങളിലും ജില്ലാതല മത്സരങ്ങളിൽ വിദ്യാർഥി കളെ പങ്കെടുപ്പിക്കാൻ ഈ വിദ്യാലയത്തിനു കഴി ഞ്ഞിട്ടുണ്ട്. എൽ.പി. വിഭാഗം ഒപ്പനയിൽ രണ്ടു വർഷങ്ങളിൽ ജില്ലയിൽ ഒന്നാം സ്ഥാനം കാരസ്ഥ മാക്കാനും ഈ വിദ്യാലയത്തിന് കഴിഞ്ഞിട്ടുണ്ട്.

പഞ്ചായത്തിലെ മറ്റു വിദ്യാലയങ്ങളും കലാ മത്സരങ്ങളിൽ സജീവമായി പങ്കെടുത്തു വരുന്നു എന്നത് ആശാവഹമായ ഒരു പ്രവണതയാണ്.

സ്പോർട്സ് രംഗത്ത് പഞ്ചായത്തിലെ വിദ്യാ ലയങ്ങളുടെ പങ്ക് സജീവമല്ല. വിശാലമായ മൈതാ നങ്ങളുടെ അഭാവം ഇതിനൊരു കാരണമാണ്. കായ ക്കൊടി ഹൈസ്കൂളിൽ കഴിഞ്ഞ വർഷം മാത്രമേ ഒരു കോർട്ട് നിർമിക്കപ്പെട്ടിട്ടുള്ളൂ. യു.പി. സ്കൂളു കളിൽ ഒരു വിശാലമായ കോർട്ടുള്ളത് ചങ്ങരംകു ളത്ത് മാത്രമാണ്. ഇത് കൊണ്ട് സബ്ജില്ലാ-കോംപ്ലക്സ് സ്പോർട്സ് രംഗത്ത് ഈ വിദ്യാലയം മികവുകാട്ടുന്നു. ഒരു കോർട്ട് സ്വന്തമായി ഇല്ലെ ങ്കിലും ദേവർകോവിൽ യു.പി. സ്കൂൾ കായികരം ഗത്ത് മെച്ചപ്പെട്ട പ്രാതിനിധ്യം നിലനിർത്തുന്നു. എൽ.പി വിഭാഗത്തിൽ കരണ്ടോട് ജി.എൽ.പി, ദേവർകോവിൽ വെസ്റ്റ് എൽ.പി. എന്നീ സ്കൂളു കളും സജീവമായി പങ്കെടുക്കാറുണ്ട്.

വിദ്യാഭ്യാസരംഗത്ത് ജനകീയ സമിതികളുടെ പ്രവർത്തനം ആരംഭിച്ചതോടു കൂടി പഞ്ചായത്ത് തലത്തിൽ സ്കൂൾ കോംപ്ലക്സ് പ്രവർത്തനം തുടങ്ങി. സ്കൂൾ വിദ്യാർഥികൾക്കിടയിലെ നിരക്ഷ രത, നിർമാർജനം, അധ്യപകർക്കുള്ള പരിശീലനം എന്നിവ ലക്ഷ്യമാക്കി ഒട്ടേറെ പ്രവർത്തനങ്ങൾ ഗ്രാമപഞ്ചായത്ത് കോംപ്ലക്സ് ഏറ്റെടുത്ത് നടത്തി വരുന്നു. വിദ്യാലയങ്ങളിൽ സംഘടിപ്പിച്ച പ്രത്യേക സർവെ വഴി പഠനത്തിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർഥികളെ കണ്ടെത്തുകയും അവർക്ക് വേണ്ട പ്രത്യേക പരിശീലനവും വിദ്യാഭ്യാസ കോംപ്ലക്സ് നടത്തി വരുന്ന വിവിധ വിഷയങ്ങളിൽ അധ്യാപ കർക്ക് വേണ്ട അവബോധം നല്കാനും കോംപ്ലക്സ് പ്രവർത്തനം കൊണ്ട് സാധിച്ചിട്ടുണ്ട്. ഈ പ്രവർത്തനങ്ങൾക്കെല്ലാം, രക്ഷിതാക്കളുടെ ഭാഗത്ത് നിന്നും സജീവമായ സഹകരണം ലഭിച്ചു വരുന്നു.

ഔപചാരിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉണ്ടെങ്കിലും തൊഴിലധിഷ്ഠിത കോഴ്സുകൾക്ക് പ്രാമുഖ്യം നല്കുന്ന യാതൊരു സ്ഥാപനവും നമ്മുടെ പഞ്ചായത്തിലില്ല. ടൈപ് റൈറ്റിംഗ്, കംപ്യൂ ട്ടർ ട്രൈനിംഗ് തുടങ്ങി ജോലി സാധ്യതയുള്ള കോഴ്സുകൾക്ക പ്രാധാന്യം നൽകുന്ന സ്ഥാപന ങ്ങൾ ഈ പഞ്ചായത്തിൽ ഉയർന്നു വരേണ്ടതുണ്ട്.

പഞ്ചായത്തിന് പുറത്ത് അധ്യാപകരായി ജോലി നോക്കുന്ന കുറെയധികം പേർ നമ്മുടെ പഞ്ചായത്തിലുണ്ട്. ഉന്നത വിദ്യാഭ്യാസ സ്ഥാപന ങ്ങളിൽ ജോലി നോക്കുന്നവർ വേറെയും. മെഡി ക്കൽ, എൻജിനീയറിംഗ്, കംപ്യൂട്ടർ, തുടങ്ങിയ രംഗ ങ്ങളിൽ വിദ്യാഭ്യാസം നടത്തുന്ന ഒട്ടേറെ വിദ്യാർഥി കളും ഇവിടെയുണ്ട്.

സമാന്തര വിദ്യാലയങ്ങൾ ഒന്നും തന്നെ നമ്മുടെ പഞ്ചായത്തിലില്ല. SSLC ക്ക് ശേഷം മാർക്ക് കുറഞ്ഞ വിദ്യാർഥികൾ ഇന്ന് പഠനം നട ത്തുന്നത് മൊകേരി, കുറ്റ്യാടി, തൊട്ടിൽപാലം തുട ങ്ങിയ പ്രദേശങ്ങളിലെ പാരലൽ കോളേജുകളി ലാണ്. കൂടാതെ ഹൈസ്കൂൾ വിദ്യാർഥികൾ ട്യൂഷൻ പോലും ഈ സ്ഥാപനങ്ങളെയാണ് ആശ്ര യിക്കുന്നത്.

ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ പ്രാരംഭ ഘട്ടത്തിൽ ഗ്രാമം തോറും സംഘടിപ്പിച്ച ഗ്രാമ സഭകളിൽ സജീവമായ ചർച്ചക്ക് വഴിതെളി യിച്ച ഒരു വിഷയമായിരുന്നു വിദ്യാഭ്യാസം. നാടിന്റെ പുരോഗതിക്ക് അത്യന്താപേക്ഷിതമായ വിദ്യാ ഭ്യാസം പുരോഗമിക്കുക എന്നത് എല്ലാവരുടേയും ആവശ്യമായിരുന്നു. വിദ്യാലയങ്ങളിലെ ഭൗതിക സാഹചര്യങ്ങൾ, അക്കാഡമിക് നിലവാരം, സൗക ര്യങ്ങൾ എന്നിവിഷയങ്ങളിലൂന്നിക്കൊണ്ട് സജീവ മായ ചർച്ച തന്നെ ഗ്രാമസഭകളിൽ നടന്നു. സമരം

മൂലം നഷ്ടപ്പെടുന്ന അധ്യായന ദിവസം, നിലവാര തകർച്ച, അധ്യാപകവിദ്യാർഥി അനുപാതം, കായിക പരിശീലനത്തിനുള്ള സൗകര്യമില്ലായ്മ എന്നീ രംഗങ്ങളെ ചർച്ച സ്പർശിച്ചു. പഞ്ചായത്തിലെ വിദ്യാഭ്യാസ പുരോഗതിക്ക് അധ്യാപകരും, രക്ഷിതാക്കളും, ഗ്രാമപഞ്ചായത്തും ഒത്തൊരുമിച്ചു പ്രവർത്തിക്കണം എന്ന ഒരു നിഗമനം ചർച്ചയിൽ ഉരുത്തിരിഞ്ഞു വന്നു. ഗ്രാമസഭയിൽ ഉയർന്നു വന്ന പ്രശ്നങ്ങൾ നമുക്ക് താഴെ പറയുന്ന രീതിയിൽ പട്ടികപ്പെടുത്താവുന്നതാണ്.

1. ആക്കൽ എൽ.പി.എൽ.പി സ്കൂൾ, ദേവർകോവിൽ എം.യു.പി. സ്കൂൾ, കരണ്ടോട് ജി.എൽ.പി സ്കൂൾ എന്നിവിടങ്ങളിലെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുക.

2. നിടുമണ്ണൂർ എൽ.പി. കോവുക്കുന്ന് എൽ.പി, കരണ്ടോട് എൽ.പി എന്നിവ യു.പി ആയും ദേവർകോവിൽ യു.പി ഹൈസ്കൂളായും ഉയർത്തുക.

3. ഒന്നാം വാർഡിലെ മൂടാട് ഭാഗത്തും, രണ്ടാം വാർഡിലെ കൊടക്കൽ പ്രദേശത്തും ഓരോ ബാലവാടികൾ സ്ഥാപിക്കുക.

4. പഞ്ചായത്ത് തലത്തിൽ ഒരു വിദ്യാഭ്യാസ നിരക്ഷകനെ നിയമിക്കുകയും സ്കൂൾ സന്ദർശനത്തിന് അവസരമുണ്ടാക്കുകയും ചെയ്യുക.

5. അധ്യാപക രക്ഷാകർത്തൃ സമിതിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുക.

6. വിദ്യാസമ്പന്നരായ യുവതീയുവാക്കൾക്ക് ഒരു ഗൈഡൻസ് സെന്റർ പഞ്ചായത്തിൽ സ്ഥാപിക്കുക.

7. കായക്കൊടി എ.എം.യു.പി സ്കൂളിലെ കളിസ്ഥല പ്രശ്നം പരിഹരിക്കുന്നതിന് സ്കൂളിന്റെ തൊട്ടടുത്ത സ്ഥലം ഗ്രാമപഞ്ചായത്ത് ഏറ്റെടുത്ത് അവിടെ മിനി സ്റ്റേഡിയം സ്ഥാപിക്കുക.

8. പട്ടർകുളങ്ങര എൽ.പി. സ്കൂളിലെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുക.

9. വിദ്യാലയ നടത്തിപ്പിനെ കുറിച്ച് ജനകീയ മോണിറ്ററിംഗ് സിസ്റ്റം ഉണ്ടാക്കുക.

10. ഉച്ചക്കഞ്ഞി വിതരണത്തിന് ഗ്രാമപഞ്ചായത്ത് സഹായം നല്കുക.

11. പ്രൈമറി സ്കൂളുകളിലെ ഹെഡ്മാസ്റ്റർമാർക്കു സ്കൂളുകളിലെ പ്രവർത്തനങ്ങൾ നോക്കി നടത്തുന്നതിനുവേണ്ടി അവരുടെ ജോലി ഭാരം കുറക്കാൻ വേണ്ട പ്രവർത്തനം നടത്തുക.

12. മാനസികവും ശാരീരികവും ആയ വൈകല്യമുള്ള വിദ്യാർഥികൾക്ക് പ്രത്യേക വിദ്യാലയങ്ങൾ സ്ഥാപിക്കുക.

13. VIIIാം വാർഡിൽ ഒരു വിദ്യാഭ്യാസ സ്ഥാപനം ഉണ്ടാക്കുക.

സാംസ്കാരികരംഗം

തനതു കലാരൂപങ്ങളുടെയും നാടൻ കലാ കായിക പ്രവർത്തനങ്ങളുടേതുമായ സമ്പന്നമായ ഒരു സാംസ്കാരിക ചരിത്രം കായക്കൊടിക്കുണ്ട്. കുലദൈവങ്ങളുടെയും ക്ഷേത്രാചാരങ്ങളുടെയും ഭാഗമായി നടന്നുവന്ന തിറ ഉത്സവങ്ങൾ കായക്കൊടിയിലെ വിവിധ പ്രദേശങ്ങളിൽ ഇന്നും നിലനിന്നു പോരുന്നു. വരിക്കോളിയിലെ 'കുട്ടിച്ചാത്തൻ' തിറ ദേവർകോവിലുള്ള അറയിൽ ഭഗവതി ക്ഷേത്ര ത്തിലെ 'രുധിരക്കോലം' മാടത്തിൽ കരിയാത്തൻ ക്ഷേത്രത്തിലെ 'ഗുളികൻ കരിയാത്തൻ, കുട്ടിച്ചാ ത്തൻ തിറ നടേൽ മുത്തപ്പൻ ക്ഷേത്രത്തിലെ മുത്ത പ്പൻ, കുട്ടിച്ചാത്തൻ ഉത്സവങ്ങൾ എന്നിവ ഇന്നും നിലനിൽക്കുന്ന തിറ ഉത്സവങ്ങളാണ്. ഇടക്കാലത്ത് നിലച്ചുപോവുകയും ഇപ്പോൾ നടന്നുവരുന്നതുമായ എള്ളിക്കാം പായിലെ 'വനമൂർത്തി' കരണ്ടോട് വലിയപുത്തനുരയിലെ കുട്ടിച്ചാത്തൻ. പരദേവത, മാങ്ങോട്ടു ക്ഷേത്രത്തിൽ ചാമുണ്ടി, ഭഗവതി, മെകല്,ഗുളികൻ എന്നിവയും പ്രധാനപ്പെട്ട തിറ യുത്സവങ്ങൾ തന്നെ. കോവുകുന്നിലെ പാണ്ടി വയ ലിൽ നടത്തിവന്ന 'ഗുരുസി' നിലച്ചു പോയ ഉത്സവ ങ്ങളിൽ ഒന്നാണ്.

നടോൽ മുത്തപ്പൻ ക്ഷേത്രത്തിലെ ഉത്സവ ത്തോടനുബന്ധിച്ച് നടന്നുവരുന്ന കുറ്റ്യാടി കന്നു കാലി ചന്തയ്ക്ക് വിപുലമായ വാണിജ്യ പ്രാധാന്യ മുണ്ട്. തലമുറകൾ മാറിവന്നെങ്കിലും കാലപ്രവാഹ ത്തിൽ നഷ്ടപ്പെട്ടു പോയിട്ടില്ലാത്ത പ്രദേശത്തിന്റെ പ്രധാനപ്പട്ട ഉത്സവമായി തിറയും അതോടനുബ ന്ധിച്ച് കാലിച്ചന്തയും ഇന്നും നിലനിൽക്കുന്നു. കൃഷിയെ ആശ്രയിച്ചു ജീവിച്ചുവന്ന ഗ്രാമീണ ജന സമൂഹത്തിന്റെ ആവശ്യങ്ങളുടെ അനിവാര്യത യാണ് ഇത്തരം ഉത്സവങ്ങളുടെയും വാണിജ്യകേ ന്ദ്രങ്ങളുടെയും ആവിർഭാവത്തിനിടയാക്കിയത്. കർഷകർ വിളയിറക്കുന്നതിന്റെ മുൻ ഒരുക്കങ്ങളായി ഉഴുതുകാളകളെ കൈമാറ്റം ചെയ്യുന്നത് ഇത്തരം കാലിച്ചന്തകളിലാണ്. സ്ത്രീകളും, കുട്ടികളും നാണ യങ്ങൾ ഒരുക്കൂട്ടി ചന്തയെ കാത്തിരിക്കുന്ന പതിവ് നമുക്ക് അന്യമാവുകയാണ്. കുറ്റ്യാടി കന്നുകാലി ച്ചന്തക്ക് നിദാനമമായ നടോൽ ഉത്സവം കായ ക്കൊടി പഞ്ചായത്തിലാണെങ്കിലും ഇതിന്റെ വാണിജ്യ സാദ്ധ്യതകൾ കുറ്റ്യാടി പഞ്ചായത്തി നാണ് ലഭിച്ചത്.

നമ്മുടെ സാംസ്കാരിക മേഖലയെ സമ്പന്നമാക്കുവാൻ പഴയ കാലത്ത് കായക്കൊടി യിൽ ഒത്തുകൂടിയവരിൽ ബേപ്പൂരിന്റെ പ്രിയപ്പെട്ട കഥാകാരൻ ശ്രീ. വൈക്കം മുഹമ്മദ് ബഷീർ, ശ്രീ നെല്ലിക്കോട് ഭാസ്കരൻ, ഗായകൻ ശ്രീ. ബാബുരാജ് എന്നിവരുടെ നാമധേയങ്ങൾ പ്രധാനപ്പെട്ടതാണ്. കായക്കൊടിയിലെ ആദ്യകാല കലാപ്രവർത്തന ങ്ങൾ ഒറ്റപ്പെട്ട ചില നാടക പരിശ്രമങ്ങളിൽ ഒതു ങ്ങിയിരുന്നു കെ. ദാമോദരന്റെ 'പട്ടാഭാക്കി', ടി.കെ. കൃഷ്ണക്കുറുപ്പിന്റെ 'മർദിതൻ' എന്നിവ ആദ്യകാ ലത്ത് കായക്കൊടിയിൽ അരങ്ങേറിയ നാടകങ്ങ ളാണ് ഇന്ന് ഈ രംഗത്ത് അനൽപമായ പ്രതീക്ഷ കൾ സമ്മാനിച്ചുകൊണ്ട് ചില സംഘടനകളെങ്കിലും നമ്മുടെ പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ പ്രവർത്തിച്ചുവരുന്നു. പുതിയ തലമുറയ്ക്ക് നാട കത്തിന്റെ ആദ്യക്ഷരങ്ങൾ പകർന്നുകൊടുക്കാൻ ശ്രമിച്ച ശ്രീ. യു.ടി. നാരയണൻ മാസ്റ്ററുടെ അകാല വേർപാട് നമുക്ക് നികത്താനാവാത്ത നഷ്ടമായി തന്നെ അവശേഷിക്കുകയാണ്.

ആരാധനാലയങ്ങൾ

കായക്കൊടി പഞ്ചായത്തിലെ പ്രസിദ്ധമായ ഒരു ക്ഷേത്രമാണ് കൊട്ടിയൂർ ദേവസ്വത്തിനു കീഴി ലുള്ള ജാതിയൂർ ക്ഷേത്രം. കൊട്ടിയൂർ ശിവക്ഷേ ത്രത്തിലെ ദക്ഷയാഗത്തിന് തികൊണ്ടുപോകുന്നത് ഈ ക്ഷേത്രത്തിൽ നിന്നാണ്. 'യാഗ തിയൂര് ലോപി ച്ചാണ് 'ജാതിയൂര് ആയത് എന്ന ചരിത്രം ഇതിന് സമീപത്തുള്ള ചാതിയൂർ ശിവക്ഷേത്രം മറ്റൊരു പൗരാണിക ക്ഷേത്രമാണ്.

മുസ്ലീം ആരാധനാലയങ്ങളിൽ നടന്നുവരുന്ന ആഘോഷങ്ങളിൽ പ്രധാനപ്പെട്ടത് ചെറിയ പെരു ന്നാളും ബലിപ്പെരുന്നാളുമാണ്. റബി ഉൽ അവ്വൽ മാസത്തിൽ മദ്രസകളിൽ നബിദിനാഘോഷപരിപാ ടികൾ സംഘടിപ്പിക്കാറുണ്ട്. കൂടാതെ ചില പള്ളി കളിലും സ്രാമ്പികളിലും ആണ്ടുനേർച്ചകളും നടന്നു വരുന്നു നമ്മുടെ പഞ്ചായത്തിലെ വിവിധ മത വിഭാ ഗങ്ങൾക്കിടയിൽ നടന്നു വരുന്ന ഉത്സവങ്ങളെ ക്കുറിച്ചും നേർച്ചകളെക്കുറിച്ചും ഉള്ള വിവരങ്ങൾ പട്ടിക 'എ'യിൽ കൊടുത്തിരിക്കുന്നു.

വാർഡ്	ആരാധനാലയങ്ങൾ	ഉത്സവങ്ങൾ നേർച്ചകൾ	തിയ്യതി
I	വിരിക്കോല്ലി കുട്ടിച്ചാത്തൻ ക്ഷേത്രം	കുട്ടിച്ചാത്തൻ തിറ മഹോത്സവം	മകരം 10
	പൂക്കാട് അയ്യപ്പ ഭജന മഠം	അയ്യപ്പൻ വിളക്ക് മഹോത്സവം	ധനു 10
	മാടത്തിൽ കരിയാത്തൻ ക്ഷേത്രം	തിറയുത്സവം	കുംഭ മാസം
	ചെറുപ്പായിൽ നരസിംഹ മൂർത്തി ക്ഷേത്രം.	നിത്യ പൂജ	
	മഞ്ചക്കൽ സ്രാമ്പി.		
II	അറയിൽ ഭവതി ക്ഷേത്രം, ദേവർകോവിൽ	രുധിരക്കോലം	കുംഭമാസത്തിലെ ഭരണി
	ദേവർകോവിൽ പള്ളി	ആണ്ട് നേർച്ച	റബീഉൽ ആഖർ 11
	തളിയിൽ ശ്രീ സുബ്രഹ്മണ്യ ക്ഷേത്രം	പ്രത്യേക ഉത്സവങ്ങൾ നടക്കാറില്ല	
	കൊടക്കൽ പള്ളി	ആണ്ട് നേർച്ച	റബീഉൽ ആഖർ 11
	കാഞ്ഞരോളി പ്പീടിക സാമ്പ്രി		
III	തളീക്കര പള്ളി	ആണ്ട് നേർച്ച	റബീഉൽ ആഖർ 11
	നടോൽ മുത്തപ്പൻ ക്ഷേത്രം	തിറയുത്സവം	ധനു 21, 22
	വേട്ടക്കൊരുമകൻ ക്ഷേത്രം	ഉത്സവങ്ങൾ നടക്കാറില്ല	
IV	പുള്ളിനോട്ട് മഹാ വിഷ്ണു ക്ഷേത്രം	അഷ്ടമി രോഹിണി	ചിങ്ങത്തിലെ അഷ്ടമി നാളിൽ
	കരണ്ടോട് സ്രാമ്പി	ആണ്ട് നേർച്ച	റബീഉൽ ആഖർ 11
	മുക്കിൽ സ്രാമ്പി	ആണ്ട് നേർച്ച	റബീഉൽ ആഖർ 11
	കുളങ്ങര പള്ളി	ആണ്ട് നേർച്ച	റബീഉൽ ആഖർ 11
V	കായക്കൊടി ജുമായത്ത് പള്ളി	ആണ്ട് നേർച്ച	റബീഉൽ ആഖർ 11
	ജാതിയൂർ ശിവക്ഷേത്രം	മണ്ഡല വളക്ക്	വൃശ്ചിക 1 മുതൽ ധനു 10 വരെ
	ചാതിയൂർ ശിവക്ഷേത്രം	ശിവരാത്രി മഹോത്സവം	കുംഭമാസം
	കിളിയംവയൽ പള്ളി	ആണ്ട് നേർച്ച	റബീഉൽ ആഖർ 11
VI	അയ്യപ്പ ഭജനമഠം	മൺഡലകാലവിളക്ക്	വൃശ്ചിക 1 മുതൽ ധനു 10 വരെ
	കോവുക്കുന്നു സ്രാമ്പി		
	ഞേഞ്ഞോൽ സ്രാമ്പി	ആണ്ട് നേർച്ച	റബീഉൽ ആഖർ 11
	മേലേക്കാടൻ സ്രാമ്പി	ആണ്ട് നേർച്ച	റബീഉൽ ആഖർ 11
VII	കല്ലിടുക്കിൽ സ്രാമ്പി		
	ചരപ്പറമ്പത്ത് സ്രാമ്പി		
	തലപ്പൊയിൽ കുനി സ്രാമ്പി		
	കായക്കൊടി അയ്യപ്പഭജന മഠം	അയ്യപ്പൻ വിളക്ക് മഹോത്സവം	ധനു 13
	കുറുങ്ങോട്ടു കുന്നു അയ്യപ്പ ഭജനമഠം	മൺഡലകാലവിളക്ക	വൃശ്ചികം ധനു
VIII	എള്ളീക്കാം പാറ വനമൂർത്തി	വനമൂർത്തി തിറമഹോത്സവം	കുഭം 16
IX	മാങ്ങോട്ട് അമ്പലം	തിറയുത്സവം	കുംഭം 4, 5
	കുട്ടുരു സ്രമ്പി	ആണ്ട് നേർച്ച	റബീഉൽ ആഖർ 11
	ആക്കൽ പള്ളി	ആണ്ട് നേർച്ച	റബീഉൽ ആഖർ 11
X	പള്ളിയറക്കോവിൽ	പള്ളിയറ തിരയുത്സവം	ഇപ്പോൾ നടക്കാറില്ല
	കോളിന്റെ ചുവട്ടിൽ	തിറ നടന്നു വന്നിരുന്നു.	

കൂട്ടൂർ വാർഡിൽ നിലച്ചുപോയ ഉത്സവങ്ങളിലൊന്നാണ് പാറക്കൽ കുളിഅറയിലെ കുളികെട്ട്.

തനത് കലാരൂപങ്ങൾ

തച്ചോളി ഒതേനനും ഉണ്ണിയാർച്ചയും അഭ്യാസമുറകളുടെ ചുവടുറപ്പിച്ച കളരിയാണ് കടത്തനാട്. കടത്തനാടിന്റെ കളരിപാരമ്പര്യം ഇന്നും കുറ്റിയറ്റു പോകാതെ ചിലപ്രദേശങ്ങളിലെങ്കിലും നിലനിൽക്കുന്നു. മുൻകാലങ്ങളിൽ നമ്മുടെ പഞ്ചായത്തിലെ കോവുക്കുന്നു പ്രദേശം കേളി കേട്ട കളരി അഭ്യാസികളുടെ കേന്ദ്രമായിരുന്നു. ശ്രീ. ഒതേനൻ ഗുരിക്കൾ കളരി ഗുരുക്കന്മാരിൽ പ്രധാനിയും ആയോധനകലയിൽ തനതായ വ്യക്തി മുദ്രപതിപ്പിച്ച കെ.ടി. സത്യൻ ഒതേനൻ ഗുരിക്കളുടെ ശിഷ്യനാണ് ആകൃഷ്ടരായി വദേശികൾ പോലും കടത്തനാടിന്റെ പാരമ്പര്യം അറിയുവാനും, കളരി അഭ്യസിക്കുവാനും നമ്മുടെ പുതിയ തലമുറ കളരിയുടെ പാരമ്പര്യ വിസ്മരിക്കുന്നുതും ആയോധന കല എന്നതിലുപരി, കളരിയിലൂടെ, മെയ്വഴക്കത്തിന്റെ സാദ്ധ്യതകൾ കണ്ടെത്താൻ ശ്രമിക്കുന്നില്ല എന്നതും ഖേദകരമാണ്. ആയോധനകലാരംഗത്ത് അന്യസംസ്കാരങ്ങളുടെ കുത്തൊഴുക്കിൽ പാരമ്പര്യരീതികൾ നമ്മൾ കൈവിടുകയാണ്. മെയ് വഴക്കവും കലയും ഒത്തിണങ്ങിയ കോൽക്കളി ഇന്നു സജീവമാണ്. ഡൽഹിയിലെ ക്ഷണിക്കപ്പെട്ട സദസ്സിനുമുമ്പിൽ കോൽക്കളി അവതരിപ്പിക്കാനുള്ള അവസരം കായക്കൊടിയിലെ മുൻകാലകോൽക്കളി സംഘത്തിന് ലഭിച്ചിരുന്നു. ചുവട്, താളം, വായ്ത്താരി എന്നിവയുടെ വിയതിയാനങ്ങൾക്കനുസരിച്ച് കോൽക്കളിയിൽ വിവിധരീതികൾ പ്രചാരത്തിലുണ്ട്. പ്രതാപം നഷ്ടപ്പെടാത്ത ഒരു കലാരൂപമായി പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ കോൽക്കളി ഇന്നും നിലനിൽക്കുന്നുണ്ട്.

ചുവട്, താളം, പാട്ട്, വേഷം എന്നിവയ്ക്ക് പ്രാധാന്യമുള്ള മറ്റൊരു കലാരൂപമാണ് ദഫ് മുട്ട്. ആകർഷകമായ ഈ മാപ്പിള കലാരൂപത്തിന് നമ്മുടെ പഞ്ചായത്തിൽ ഏറെ പ്രാധാന്യമുണ്ട്. നമ്മുടെ പ്രദേശത്ത് ഇന്നും പ്രചാരമുള്ള മറ്റൊരു കലാരൂപമാണ് ഒപ്പന. മുസ്ലീം വിവാഹച്ചടങ്ങിനോടനുബന്ധിച്ച് ഈ കലാരൂപം അരങ്ങേറുന്നു. മണവാട്ടിയെ അണിയിച്ചൊരുക്കുമ്പോഴും പുതുമണവാളനെ അറകേറ്റമ്പോഴും ഒപ്പനപ്പാട്ടിന്റെ ഈണത്തിനൊപ്പം ചടങ്ങിന് ഉത്സവ പ്രതീതി കൈവരുന്നു.

മതമൈത്രി.

ഹിന്ദു മുസ്ലീം വിഭാഗങ്ങളാണ് കായക്കൊടിയിലെ പ്രധാന ജനസമൂഹം. നാമമാത്രമായ ക്രിസ്ത്യൻ കുടുംബങ്ങളും പഞ്ചായത്തിലുണ്ട്. മത വിഭാഗങ്ങൾ ഇടകലർന്നു ജീവിക്കുന്ന പ്രദേശങ്ങളാണ് ഭൂരിഭാഗവും. മുൻകാലങ്ങളിൽ വ്യത്യസ്ത വിഭാഗങ്ങളിൽ നിലനിന്നിരുന്ന ശക്തമായ സൗഹൃദം പുതിയ തലമുറ ഏറ്റുവാങ്ങിയിട്ടുണ്ട്. മത വിഭാഗങ്ങളുടെ വിശേഷ ദിവസങ്ങൾ സൗഹൃദം പുതുക്കുന്ന വേദിയാണ്. വിവാഹ ചടങ്ങുകളിലെ പരസ്പര പങ്കാളിത്തം സൗഹൃദാന്തരീക്ഷത്തിന് കളമൊരുക്കുന്ന മറ്റൊരു പ്രധാന ഘടകമാണ്. ആഘോഷ ദിവസങ്ങളിൽ കലാസാസ്കാരിക സംഘടനകൾ നടത്തുന്ന സാംസംസ്കാരിക പരിപാടികൾ വ്യത്യസ്തമതവിഭാഗങ്ങൾ ഒത്തു ചേർന്ന് സംഘടിപ്പിക്കുന്നു.

സാംസ്കാരിക സംഘങ്ങൾ

പഞ്ചായത്തിലെ പ്രധാനപ്പെട്ട സാംസ്കാരിക കേന്ദ്രങ്ങൾ വിദ്യാലയങ്ങളാണ്. കാർഷിക നവോത്ഥാന പ്രസ്ഥാനങ്ങളുടെ പശ്ചാത്തലഭൂമികയായി വർത്തിക്കാൻ വിദ്യലയങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്. ഇതിനുപുറമെ പ്രദേശത്തിന്റെ കലാ സാംസ്കാരിക രംഗം പുഷ്ടിപ്പെടുത്തുന്നതിൽ വ്യാപൃതരായിട്ടുള്ള സംഘടനകൾ ഇവിടെ പ്രവർത്തിച്ചു വരുന്നു. ജനങ്ങളുടെ ബോധനിലവാരത്തിൽ മൗലികമായ മാറ്റം വരുത്തുന്നതിൽ ശാസ്ത്ര സാഹിത്യ പരിഷത്തിന്റെ പ്രവർത്തനങ്ങൾ ചിലപ്രദേശങ്ങളിൽ വിലപ്പെട്ടതായിരുന്നു. നമ്മുടെ പഞ്ചായത്തിലെ യുവജനങ്ങൾക്കിടയിൽ സേവന സന്നദ്ധതയുടെ സാംസ്കരം വളർത്തിയെടുക്കുന്നതിൽ പരിഷത്തിന്റെ പങ്ക് നിസ്തുലമാണ്. ലക്ഷ്യം നിറവേറ്റുന്നതിൽ ആവേശകരമായ പ്രസ്ഥാനത്തിന്റെ സാക്ഷരതാ പ്രസ്ഥാനത്തിന്റെ ലക്ഷ്യം നിറവേറ്റുന്നതിൽ ആവേശകരമായ പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്താൻ യുവാക്കളെ സജ്ജമാക്കുന്നതിൽ മുൻ നിരയിൽ പ്രവർത്തിച്ച സംഘടനകളിൽ ഒന്നാണ് പരിഷത്ത്. പ്രദേശത്തെ സർഗപ്രതിഭകളെ വളർത്തിയെടുക്കാൻ ചില സാംസ്കാരിക സംഘടനകൾ പരിശ്രമിക്കാറുണ്ടെങ്കിലും മറ്റു ചിലത് നാമമാത്രമായ പ്രവർത്തനങ്ങളിൽ ഒതുങ്ങി നിൽക്കുന്നു. പ്രഫഷണൽ സംഘങ്ങളുടെ കലാപരിപാടികൾക്ക് വേദിയൊരുക്കുന്ന സംഘാടകർ മാത്രമായി കലാസമിതികൾ ചുരുങ്ങുന്നത് കണ്ടുവരുന്നുണ്ട്. ഇത്തരംപരിപാടികൾക്കൊപ്പം കലാ രൂപങ്ങൾ സ്വന്തമായി ആവിഷ്കരിക്കാനുള്ള പരിശ്രമങ്ങളിൽകൂടി ഏർപ്പെട്ടാൽ മാത്രമേ സാമൂഹ്യ ലക്ഷ്യങ്ങൾ പൂർണമായും കൈവരിക്കാൻ ഇത്തരം സംഘങ്ങൾക്ക് സാധിക്കുകയുള്ളൂ. പഞ്ചായത്തിൽ വായനശാലകളെയും ഗ്രന്ഥാലയങ്ങളെയും ഉപയോഗപ്പെടുത്തുന്നവർ നിരവധിയാണെങ്കിലും ഇവരിൽ ഏറിയ കൂറും വായനയുടെ ഒരു പുതിയ സംസ്കാരം കരുപ്പിടിപ്പിച്ചെ

ടുക്കുന്നതിൽ വിജയിച്ചിട്ടുണ്ടെന്ന് പ്രതീക്ഷിക്കുക വയ്യ. ഗൗരവമായ വായനക്കുതകുന്ന പുസ്തകങ്ങൾ തിരഞ്ഞെടുക്കാൻ ഗ്രന്ഥാലയങ്ങൾ ശ്രദ്ധിക്കുകയും ഇത്തരം പുസ്തകങ്ങളെ പരമാവധി ഉപയോഗപ്പെടുത്താൻ വായനക്കാർക്ക് സാധിക്കുകയും വേണം. വനിതകൾ ലൈബ്രറികളിലേക്ക് വരുന്നത് നാട്ടിൻപുറങ്ങളിൽ ഇപ്പോഴും സർവസാധാരണമായിട്ടില്ല. ഈ രംഗത്ത് ആശാവഹമായ ചില പുതിയ പ്രവണതകൾ വന്നു തുടങ്ങിയിട്ടുണ്ട്. കായക്കൊടി ഗ്രാമ പഞ്ചായത്ത് കണയങ്കോട് സ്ഥാപിച്ച പി. കണ്ണക്കുറുപ്പ് സ്മാരക സാംസ്കാരിക നിലയം തദ്ദേശ വാസികളായ സ്ത്രീകളിൽ വായനാശീലം വളർത്തിയെടുക്കുന്നതിന് സഹായകമാവുന്നുണ്ട്. ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ മറ്റു വായനശാലകൾക്കും അനുകരണീയമായ മാതൃകയാണ്.

പഞ്ചായത്തിലെ ഗ്രന്ഥാലയങ്ങളുടെ വർത്തമാനകാല സാഹചര്യങ്ങൾ വിലയിരുത്തുമ്പോൾ ഈ രംഗത്തെ പൂർവകാല സംരംഭങ്ങൾ പരിശോധിക്കാതെ വയ്യ. 1970 കളിൽ നിടുമണ്ണൂരിൽ പ്രവർത്തനമാരംഭിച്ച ഗ്രാമീണ കലാവേദിയാണ് പിൽക്കാലത്ത് പ്രദേശത്തിന്റെ ഉന്നതമായ സാസ്കാരിക കേന്ദ്രമായി മാറിയ എ.കെ. ജി. സ്മാരക ഗ്രന്ഥാലയം. പഞ്ചായത്തിൽ പൊതു ടി.വി. നിലവിലുള്ള ഏക സാംസ്കാരിക നിലയം കൂടിയാണിത്. ആദ്യകാലത്ത് പ്രവർത്തനമാരംഭിച്ച മറ്റു രണ്ടു ഗ്രന്ഥാലയങ്ങളാണ് കായക്കൊടിയിലെ മുഹമ്മദ് ഇക്ബാൽ ലൈബ്രറിയും തളീക്കരയിലെ കൈരളി ഗ്രന്ഥാലയവും. ഗ്രന്ഥശാലാ സംഘത്തിന്റെ അംഗീകാരമുള്ള ഈ രണ്ട് ഗ്രന്ഥാലയങ്ങളും ദൗത്യ നിർവഹണത്തിൽ ഇടക്കാലത്ത് വ്യാപൃതമായിക്കാണുന്നില്ല. ഗ്രന്ഥശാലാസംഘത്തിൽ അഫിലിയേഷനുള്ള മറ്റൊരു ഗ്രന്ഥാലയമാണ് ക്രസന്റ് ദേവർ കോവിൽ. നാലായിരത്തോളം പുസ്തകങ്ങളുള്ള ഈ ഗ്രന്ഥാലയം നല്ല രീതിയിൽ പ്രവൃത്തിച്ചു വരുന്നു. ഏകദേശം ഇരുന്നൂറു വരിക്കാർ ഈ ഗ്രന്ഥാലയത്തിൽ പുസ്തകങ്ങളുപോയോഗപ്പെടുത്തുന്നുണ്ട്. പിന്നീട് നിലവിൽ വന്ന ഗ്രന്ഥാലയങ്ങളാണ് പാലൊളിയിലെ വിവേക്, പുന്നത്തോട്ടത്തിലെ പി. ടി കണാരൻ സ്മാരക ഗ്രന്ഥാലയം, പൂക്കാട് നവരംഗ് വായനശാല, ആന്റ് ഗ്രന്ഥാലയം, കരിക്കാടൻ പൊയിൽ അക്ഷര വായനശാല, ചങ്ങരംകുളത്ത് പ്രവർത്തിച്ചുവരുന്ന തപസ്വി, ശില്പി, കായക്കൊടിയിലെ ജ്വൽസ്, നവ്യ എന്നിവ. മേൽപ്പറഞ്ഞവയിൽ അക്ഷര , ശില്പി, തപസ്വി, പി.ടി. കണാരൻ സ്മാരക ഗ്രന്ഥാലയം, നവരംഗ്, ജ്വൽസ്, നവ്യ മുതലായവ സ്വന്തം കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നവായാണ്.

ഗ്രന്ഥാലയങ്ങളെയും വായനശാലകളെയും സംബന്ധിക്കുന്ന പട്ടിക ചുവടെ ചേർക്കുന്നു

പട്ടിക

ഗ്രന്ഥാലയങ്ങളെയും വായനശാലകളെയും സംബന്ധിപ്പിച്ച പട്ടിക

കമനമ്പർ	പേരും മേൽവിലാസവും	കെട്ടിടത്തിന്റെ വിവരം	കീഴിൽ പ്രവർത്തിപ്പിക്കുന്നയുടെ വിവരം	ഗ്രാന്റ് ലഭിക്കുന്നുണ്ടോ എന്ന്	മറ്റഭിപ്രായങ്ങൾ
1.	ക്രസന്റ് ലൈബ്രറി. ദേവർകോവിൽ	വാടക	കൾച്ചറൽ സെന്റർ	ഗ്രന്ഥശാലാ സംഘം	
2.	അക്ഷര വായനശാല, കരിക്കാടം പൊയിൽ	സ്വന്തം	-	ഇല്ല	
3.	കൈരളി ഗ്രന്ഥാലയം, തളീക്കര	വാടക		ഗ്രന്ഥ ശാലാ സംഘം	സ്ഥലം സ്വന്തമായുണ്ട്
4.	ശില്പി ലൈബ്രറി, ചങ്ങരംകുളം.	സ്വന്തം	ആർട്ട്സ് ഏന്റ് സ്പോർട്ട്സ് ക്ലബ്.		
5.	തപസ്വി ലൈബ്രറി. ചങ്ങരം കുളം	സ്വന്തം	ആർട്ട്സ് ഏന്റ് സ്പോർട്ട്സ് ക്ലബ്.		
6.	നവോദയ വായനശാല , കോവുക്കുന്ന്.	താത്കാലികം	ഇല്ല	-	സ്ഥലം സ്വന്തമായുണ്ട്.
7.	ജ്വൽസ് ലൈബ്രറി, കായക്കൊടി	സ്വന്തം	ആർട്ട്സ് ഏന്റ് സ്പോർട്ട്സ് ക്ലബ്.		
8.	നവ്യ, ലൈബ്രറി , കായക്കൊടി	സ്വന്തം	ആർട്ട്സ് ഏന്റ് സ്പോർട്ട്സ് ക്ലബ്.		
9.	മുഹമ്മദ് ഇക്ബാൽ ലൈബ്രറി, കായക്കൊടി	വാടക		ഗ്രന്ഥശാലാസംഘം	
10	നവരംഗ് വായനശാല ഏൻർ ഗ്രന്ഥാലയം, പൂക്കാട്	സ്വന്തം			
11.	പി.ടി. കണാരൻ സ്മാരക വായനശാല ഏന്റ് ഗ്രന്ഥാലയം, പുനത്തോട്ടം	സ്വന്തം			
12.	വിവേക് വായന ശാല ഏന്റ് ഗ്രന്ഥാലയം, പാലോളി	താത്കാലികം			
13.	എ.കെ.ജി. സ്മാരക ഗ്രന്ഥാലയം കിഴക്കെ വള്ളിത്തറ	സ്വന്തം	ഗ്രാമീണകലാകായിക വേദി		

പഞ്ചായത്തിൽ പ്രവർത്തിച്ചു വരുന്ന കലാ സാംസ്കാരിക സംഘടനകളുടെ പൂർണ വിവരം പട്ടിക 'സി'യിൽ സൂചിപ്പിച്ചിട്ടുണ്ട്.

പട്ടിക സി
സാംസ്കാരിക സംഘടനകൾ

	പേരും വിലാസവും	കെട്ടിടത്തിന്റെ വിവരം	ധനസഹായത്തിന്റെ വിവരം	അഫിലിയേഷൻ	പ്രവർത്തനത്തിന്റെ ലഘു വിവരം
1.	യുവസ്വര , മുട്ടുനട	ഇല്ല			കലാരംഗം
2.	ആശയ, എളളിക്കാമ്പാറ	ഇല്ല			കലാരംഗം
3.	ക്രസന്റ്, ദേവർകോവിൽ	വാടക	ഗ്രന്ഥശാലാസംഘം ഗ്രാന്റ്	കേരള ഗ്രന്ഥശാലാ സംഘം	വിദ്യാഭ്യാസം
4.	അക്ഷര, കരിക്കാടം പൊയിൽ	ഉണ്ട്			വിദ്യാഭ്യാസം കലാരംഗം
5.	കൈരളി ഗ്രന്ഥാലയം, തളിക്കര	വാടക	ഗ്രന്ഥശാലാ സംഘം ഗ്രന്റ്	കേരള ഗ്രന്ഥശാലാ സംഘം	വിദ്യാഭ്യാസം, കലാരംഗം
6	നവതരംഗ് തളിക്കര	ഇല്ല	"		കലാകായികരംഗം
7.	ഉദയ, കരങ്ങോട്	വാടക	സ്പോർട്സ് കൗൺസിൽ	വോളി ബോൾ	കായികരംഗം
8.	ജാസ്മിൻ, കണ്ടോട്	വാടക	സ്പോർട്സ് കൗൺസിൽ		കായികരംഗം
9.	ഭാവന , കരണ്ടോട്				കലാകായിക രംഗം
10.	ശില്പി ആർട്സ് ഏന്റ് സ്പോർട്സ് ക്ലബ്, ചങ്ങരംകുളം	സ്വന്തം	സ്കോവയുണിറ്റ് ആരോഗ്യ വകുപ്പ് കേരള സംഗീത നാടക നെഹ്റു യുകേന്ദ്ര കേരള സംഗീത നാടക അക്കാദമി അക്കാദമി		കലാകായിക രംഗം ബ്ലഡ് ഡോണേഴ്സ് ഫോറം
11.	തപസി, ചങ്ങരം കുളം	സ്വന്തം നെഹ്റു	യുവകേന്ദ്ര നെഹ്റു	യുവകേന്ദ്ര	വിദ്യാഭ്യാസ, വനിതാ രംഗം കലാകായിക സാംസ്കാരിക
12.	സർഗ, കായക്കൊടി	ഇല്ല			
13.	ഗ്രാമശ്രീ, ചെക്യാട്	സ്വന്തം			
14.	നവോദയ, കോവുക്കുന്ന്	ഇല്ല			സാംസ്കാരിക രംഗം
15.	ഫൈറ്റേഴ്സ്, കോവുക്കുന്ന്	താത്കാലികം			കായികരംഗം
16.	രചന, കോവുക്കുന്ന്	ഇല്ല			സാംസ്കാരിക രംഗം
17.	സംഘമിത്ര, കായക്കൊടി	വാടക		നെഹ്റു യുവകേന്ദ്ര	കലാ കായിക സാംസ്കാരിക രംഗം
18.	ജൽസ് , കായക്കൊടി	സ്വന്തം	-	നെഹ്റു യുവ കേന്ദ്ര വോളിബോൾ അസോസിയേഷൻ	കലാകായിക വിദ്യാഭ്യാസ രംഗം
19.	നവ്യ, കായക്കൊടി	സ്വന്തം	-	നെഹ്റു യുവ കേന്ദ്ര	കലാകായിക വിദ്യാഭ്യാസ രംഗം
20.	മുഹമ്മദ് ഇക്ബാൽ ലൈബ്രറി കായക്കൊടി	വാടക	ഗ്രന്ഥശാലാസംഘം	ഗ്രന്ഥശാലാസംഘം	വിദ്യാഭ്യാസം
21.	എവർ ഷൈൻ പാലോളി	ഇല്ല	-	-	കലാരംഗം
22.	നവരംഗ് വായനശാല, പുക്കാട്	ഉണ്ട്	-	-	വിദ്യാഭ്യാസ രംഗം
23.	പി.ടി.കണാരൻ സ്മാരക വായനശാല, പുന്നത്തോട്ടം	ഉണ്ട്	-	-	വിദ്യാഭ്യാസം
24.	വിവേക് വായനശാല, പാലോളി	ഇല്ല	-	-	സാംസ്കാരിക രംഗം
25.	ശ്രുതിലയ, കരമ്പാലക്കണ്ടി	സ്ഥലമുണ്ട്	-	-	കലാരംഗം
26.	സംവേദ്യ നിടുമണ്ണൂർ	സ്ഥലമുണ്ട്	-	-	കലാരംഗം
27.	ശില്പ നെടുമണ്ണൂർ	താത്കാലികം	-	-	കലാ, വിദ്യാഭ്യാസം
28.	ഗ്രാമീണയുവജന കലാവേദി നെടുമണ്ണൂർ	സ്വന്തം	-	-	വിദ്യാഭ്യാസരംഗം

അവലംബം ഗ്രാമ സഭാ റിപ്പോർട്ട്, പഞ്ചായത്ത് റജിസ്റ്റർ

സാംസ്കാരിക നവോത്ഥാനത്തിന് കളമൊരുക്കുന്ന മറ്റ് കലാ സാംസ്കാരിക സംഘങ്ങളും ഈ പ്രദേശത്ത് പ്രവർത്തിച്ചു വരുന്നുണ്ട്. 1960 കളിൽ കായക്കൊടിയിലെ സാംസ്കാരിക രംഗത്ത് ഉദയം കൊണ്ട 'റെഡ്സ്റ്റാർ' കലാസമിതിയാണ് പഞ്ചായത്തിലെ കലാ സാംസ്കാരിക രംഗത്തെ ആദ്യത്തെ സംഘടിത രൂപം. ഏറെക്കാലം സാംസ്കാരിക നഭോമണ്ഡലത്തൽ ജ്വലിച്ചു നിൽക്കുകയും പിന്നീട് പൊലിഞ്ഞു പോവുകയും ചെയ്ത റെഡ്സ്റ്റാർ അതിന്റെ പ്രവർത്തന കാലത്ത് ദൗത്യം നിറവേറ്റുന്ന കാര്യത്തിൽ വിജയിച്ചിരുന്നു. കൂടാതെ കലോപാസനമുട്ടുനട, യംഗ്സ്റ്റേർസ് കായക്കൊടി മുതലായവ പ്രവർത്തനം നിലച്ചുപോയ മറ്റു സാംസ്കാരിക സ്ഥാപനങ്ങളാണ്. യുവസ്വര ഉദയ കരണ്ടോട്, ജാസ്മിൻ ഭാവന ശില്പി, തപസി, ശില്പ, നവ്യ, ജ്വൽസ്, സംഘമിത്ര എന്നിവയും സാംസ്കാരിക രംഗത്ത് പ്രവർത്തിച്ചു വരുന്ന സജീവ സംഘടനകളാണ്. ഇതിനു പുറമെ സംസ്ഥാനത്തിനകത്തും പുറത്തും കലാപരിപാടികൾ അവതരിപ്പിച്ച് അംഗീകാരം നേടിയ നിരവധി വക്തികളും ഗ്രൂപ്പുകളും നമ്മുടെ പഞ്ചായത്തിലുണ്ട്. മാന്ത്രിക ചക്രവർത്തി പ്രൊ. വാഴക്കുന്നത്തിന്റെ ശി

ഷ്യന്മാരിൽ പ്രമുഖനായ പി.പി. നാണു നമ്മുടെ പഞ്ചായത്തിലെ ദേവർകോവിൽ സ്വദേശിയാണ് നാണുവിന്റെ 'ചെപ്പും പന്തും' പ്രസിദ്ധമാണല്ലോ..

മാധ്യമങ്ങൾ

പ്രചാരത്തിലുള്ള പത്രങ്ങളുടെ ലഭ്യമായ ഏകദേശ വിവരം പട്ടിക 'ഡി' യിൽ ചേർത്തിരിക്കുന്നു.

പട്ടിക ഡി

ക്രമ നമ്പർ	പത്രത്തിന്റെ പേര്	വിറ്റഴിക്കുന്നു പത്രങ്ങളുടെ എണ്ണം
1	മലയാളമനോരമ	206
2	മാതൃഭൂമി	172
3	ചന്ദ്രിക	160
4	ദേശാഭിമാനി	46
5	മാധ്യമം	46
6	സിറാജ്	40
7	കേരളകൗമുദി	12
8	ഇൻഡ്യൻ എക്സ്പ്രസ്സ്	7

വാർത്താമാധ്യമങ്ങൾ എന്നനിലയിൽയിൽ പത്രങ്ങളെയാണ് പഞ്ചായത്തിലെ ജനങ്ങൾ ഏറെയും ആശ്രയിക്കുന്നത്. റേഡിയോ സർവസാധാരണമാണെങ്കിലും ടി.വി. ഇപ്പോഴും ഒരു ജനകീയ മാധ്യമമായി കഴിഞ്ഞിട്ടില്ല. മിക്കവീടുകളിലും റേഡിയോ ഉണ്ടെങ്കിലും ടെലിവിഷൻ ഉള്ള വീടുകൾ 300ൽ അധികം വരില്ല. 2 പൊതു ടെലിവിഷൻ മാത്രമുള്ള പഞ്ചായത്തിൽ ടെലിവിഷൻ പരിപാടികൾ വീക്ഷിക്കുന്നതിന് ബഹുഭൂരിപക്ഷവും ആശ്രയിക്കുന്നത് അന്യവീടുകളെയാണ്. ഞായറാഴ്ചകളിൽ സംപ്രേഷണം ചെയ്യുന്ന സിനിമയും വിശേഷാൽ സീരിയലുകളും കാണുന്നതിന് ടെലിവിഷൻ സൗകര്യമുള്ള വീടുകളിൽ സ്ത്രീകളുടെയും കുട്ടികളുടെയും വൻതിരക്ക് അനുഭവപ്പെടാറുണ്ട്. വിവിധ പ്രദേശങ്ങളിൽ പൊതു ടെലിവിഷൻ സ്ഥാപിക്കുന്നതിലൂടെ ഈ പ്രശ്നം ഒരു പരിധിവരെ പരിഹരിക്കാൻ സാധിക്കുന്നതാണ്.

വിവാഹ ധൂർത്ത്

വർദ്ധിച്ചു വരുന്ന വിവാഹ ധൂർത്ത് ഗുരുതരമായ ഒരു സാമൂഹ്യ പ്രശ്നമായി നിലനില്ക്കുന്നു. മുൻകാലങ്ങളിൽ സമ്പന്ന വിഭാഗങ്ങളുടെ ഇടയിൽ നിലനിന്നിരുന്ന ആർഭാടപൂർണമായ വിവാഹം ക്രമേണ ഇടത്തരക്കാരിലേക്കും അടിസ്ഥാന വിഭാഗങ്ങളിലേക്കും വ്യാപിച്ചു കൊണ്ടിരിക്കയാണ്. വ്യക്തിയുടെ സാമൂഹ്യ ഔന്നത്യം നിർണയിക്കപ്പെടുന്ന വേദിയായി വിവാഹച്ചടങ്ങുകൾ മാറിക്കൊണ്ടിരിക്കുന്നതും പ്രോത്സാഹജനകമല്ല.

കായികരംഗം

നമ്മുടെ പഞ്ചായത്തിലെ സാമാന്യ ജനങ്ങളെ കൂടുതലായി ആകർഷിച്ചുവരുന്നത് വോളീബോൾ കളിയാണ്. മുൻകാലങ്ങളിൽ തന്നെ വോളിബോളിന് പഞ്ചായത്തിന്റെ മിക്ക പ്രദേശങ്ങളിലും നല്ല പ്രാധാന്യമുണ്ടായിരുന്നു. കൊയ്ത്ത് കഴിഞ്ഞ പാടങ്ങളായിരുന്നു പണ്ടുകാലത്ത് കളിസ്ഥലങ്ങളായി തെരഞ്ഞെടുത്തിരുന്നത്. ഇന്നിപ്പോൾ അത്തരം സാദ്ധ്യതകൾ അസ്തമിച്ചതോടെ അമേച്വർ താരങ്ങളുടെ എണ്ണത്തിൽ ഗണ്യമായ കുറവ് വന്നിട്ടുണ്ട്. പ്രശസ്തരായ കളിക്കാരെ സൃഷ്ടിച്ചെടുക്കാൻ നമുക്ക് കഴിയാതെ പോയതിന്റെ മറ്റൊരു കാരണം വിദഗ്ധ കോച്ചിംഗിന്റെ അഭാവമാണ്. കൂടാതെ വോളീബോൾ ഇപ്പോഴും ഒരു സീസണൽ കായിക വിനോദം മാത്രമാണ്. മുൻകാലങ്ങളിൽ സാംസ്കാരികരംഗത്ത് ബഹുദൂരം മുന്നോട്ടുപോകാൻ വിദ്യാലയങ്ങൾക്ക് സാധിച്ചിട്ടുണ്ടെങ്കിലും കായിക രംഗത്ത് അധികമൊന്നും സംഭാവനചെയ്യാൻ നമ്മുടെ വിദ്യാലയങ്ങൾക്ക് കഴിഞ്ഞിട്ടില്ല. നമ്മുടെ വിദ്യാലയങ്ങളിൽ പലതിനും നല്ല കളിസ്ഥലം ഇല്ല എന്നത് ഒരു സത്യമാണ്. പ്രതിഭകളെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്നതിന് വിദ്യാഭ്യാസ അധികൃതർ കൂടുതൽ ശ്രദ്ധ പതിപ്പിക്കേണ്ടതാണ്. നമ്മുടെ പുതിയ തലമുറ കൂടുതൽ താല്പര്യം കാണിക്കുന്നത് ക്രിക്കറ്റിലാണ്. ക്ലബ്ബുകളുടെ പ്രവർത്തനം കായികരംഗത്ത് പുതിയ ഉണർവിന് സഹായകമാവുന്നുണ്ട്. കോവുക്കുന്ന്, ദേവർകോവിൽ എന്നിവിടങ്ങളിൽ പരിമിതമായ സൗകര്യങ്ങൾ ഉപയോഗിച്ചണെങ്കിലും ഫുട്ബോൾ താരങ്ങൾ വളർന്നു വരുന്നത് ശ്രദ്ധേയമാണ്.

പ്രശ്നങ്ങൾ

1) ഒന്ന്, നാല്, ഒമ്പത് വാർഡുകളിൽ വായനശാലകളോ ഗ്രന്ഥാലയങ്ങളോ ഇല്ല.

2) ക്രസന്റ് ദേവർ കോവിൽ, നവോദയ കോവുക്കുന്ന് വിവേക് പാലോളി, കൈരളി തളീക്കര, മുഹമ്മദ് ഇക്ബാൽ കായക്കൊടി എന്നീ ഗ്രന്ഥാലയങ്ങൾക്ക് സ്വന്തമായി കെട്ടിടങ്ങളില്ല.

3) മിക്ക വായനശാലകളും ഗ്രന്ഥാലയങ്ങളും വൈദ്യുതീകരിച്ചിട്ടില്ല.

4) ഗ്രന്ഥാലയങ്ങൾക്ക് കൂടുതൽ പുസ്തകങ്ങൾ ലഭിക്കാനാവശ്യമായ സർക്കാർ സഹായങ്ങളില്ല.

5) ഭൂരിഭാഗം വായനശാലകൾക്കും കലാസമിതികൾക്കും പൊതു ടെലിവിഷൻ, റേഡിയോ എന്നിവയില്ല.

6) ഫൈറ്റേർസ്, രചന, നവതരംഗ സംഘമിത്ര, എവർഷൈൻ, സംവേദ്യ, ശില്പ, യുവസ്വര, ആശയ, നവരംഗ്, ഉദയ, ജാസ്മിൻ, ഭാവന, ഗ്രാമശ്രീ, ശ്രുതിലയ എന്നീ സാംസ്കാരിക സംഘടനകൾക്ക് സ്വന്തമായി കെട്ടിടമില്ല.

7) പഞ്ചായത്ത് തലത്തിൽ കലാ സാംസ്കാരിക സംഘടനകളുടെ ഏകോപനസമിതി ഇല്ല.

8) പഞ്ചായത്തിൽ കമ്യൂണിറ്റി ഹാൾ ഇല്ല.

9) സാംസ്കാരിക വകുപ്പിന് കീഴിലുള്ള അക്കാദമികളിൽ തപസ്വി ശില്പി ഒഴികെയുള്ള സംഘടനകൾക്ക് അഫിലിയേഷനില്ല.

10) നാടൻ കലാരൂപങ്ങൾക്ക് പ്രാധാന്യം നല്കി സാംസ്കാരിക പരിപാടികൾ സംഘടിപ്പിക്കപ്പെടുന്നില്ല.

11) മിക്ക സ്കൂളുകളിലും കാര്യക്ഷമമായ രീതിയിൽ കലാമേളകൾ സംഘടിപ്പിച്ചുവരുന്നില്ല.

12) പഞ്ചായത്തിൽ സമ്പൂർണമായ ഒരു പൊതു ഗ്രന്ഥാലയത്തിന്റെ അഭാവമുണ്ട്.

13) പഞ്ചായത്തിൽ സാംസ്കാരിക നിലയമായ കണയങ്കോട്ട് കണ്ണക്കുറുപ്പ് സ്മാരകത്തിൽ ഫർണിച്ചറുകളും, പുസ്തകങ്ങളുമില്ല.

14) വിവാഹ ചടങ്ങുകൾ ആർഭാടത്തോടെ നടത്തപ്പെടുന്നു.

15) പഞ്ചായത്തിൽ മിനിസ്റ്റേഡിയം തകർന്നു പോയി.

16) കായിക ക്ലബ്ബുകൾക്ക് സ്പോർട്സ് കൗൺസിലിൽ അഫിലിയേഷനില്ല.

17) അത്ലറ്റിക്സ് ഇനങ്ങൾക്ക് ആവശ്യമായ മൈതാനങ്ങൾ ഇല്ല.

18) പഞ്ചായത്തിന്റെ ചിലഭാഗങ്ങളിൽ അനധികൃത് മദ്യവില്പന നടന്നുവരുന്നു.

പരിഹാര നിർദ്ദേശങ്ങൾ

1) ഒന്ന്, നാല്, ഒമ്പത് വാർഡുകളിൽ വായനശാലകളും ഗ്രന്ഥാലയങ്ങളും സ്ഥാപിക്കുക. സ്വന്തമായി കെട്ടിടമില്ലാത്ത സാംസ്കാരിക സ്ഥാപനങ്ങൾക്ക് കെട്ടിട നിർമാണത്തിനാവശ്യമായ സ്ഥലം കണ്ടെത്തുകയും ലഭ്യമാകുന്ന സർക്കാർ ഗ്രാന്റുകളും നിർമാണത്തിനാവശ്യമായ മനുഷ്യശേഷിയും ഉപയോഗപ്പെടുത്തുകയും വേണം. സർക്കാറിന്റെ വിവിധ വകുപ്പുകൾക്ക് കീഴിലുള്ള സ്ഥലങ്ങൾ വിട്ടുകിട്ടാവാവശ്യമായ നടപടികൾ സ്വീകരിക്കാവുന്നതാണ്.

2) ഗ്രന്ഥാലയങ്ങൾക്കുള്ള ഗ്രാന്റുകളും മറ്റും ലഭിക്കുന്നതിനായി ഗ്രന്ഥശാലാ സംഘത്തിൽ അഫിലിയേറ്റു ചെയ്യപ്പെടേണ്ടതാണ്.

3) കലാ സാംസ്കാരിക സ്ഥാപനങ്ങൾക്ക് പൊതു ടെലിവിഷൻ, റേഡിയോ എന്നിവ അനുവദിക്കുന്നതോടൊപ്പം 3 വർത്തമാനപത്രങ്ങളെങ്കിലും അനുവദിക്കുകയും ചെയ്യണം.

4) പഞ്ചായത്തിൽ അനുയോജ്യമായ സ്ഥലത്ത് കമ്യൂണിറ്റി ഹാൾ സ്ഥാപിക്കാൻ നടപടികൾവേണം. ഇതിനായി തളീക്കരയിലുള്ള ഗ്രാമപഞ്ചായത്ത് ഓഫീസിനോട് ചേർന്ന് കിടക്കുന്ന സ്ഥലം ഉപയോഗപ്പെടുത്തണമെന്ന് നിർദ്ദേശം ഉയർന്നുവന്നിട്ടുണ്ട്. കൂടാതെ ദേവർ കോവിൽ അങ്കിഡക്റ്റിനു സമീപമുള്ള ഇറിഗേഷൻ സ്ഥലവും കായക്കൊടിയിലുള്ള ഇറിഗേഷൻ സ്ഥലവും പരിഗണിക്കാവുന്നതാണ്.

5) മുഴുവൻ കലാസമിതികളും പഞ്ചായത്തിൽ റജിസ്റ്റർ ചെയ്യുകയും ഒരു ഏകോപനസമിതിയുടെ കീഴിൽ വരികയും ചെയ്താൽ സ്ഥാപനങ്ങൾ തമ്മിലുള്ള അനാരോഗ്യകരമായ മത്സരങ്ങൾ ഒഴിവാക്കാനും പ്രവർത്തനങ്ങൾ ലക്ഷ്യപൂർണമാക്കാനും കഴിയും.

6) സർഗവാസനയുള്ള വിദ്യാർഥികളെ കണ്ടെത്തി അവർക്കുവേണ്ട പ്രോത്സാഹനങ്ങൾ നല്കുന്നതിന് വിദ്യാലയങ്ങളിൽ പി.ടി.എ യുടെ സജീവ ശ്രദ്ധ അത്യാവശ്യമാണ്.

7) പഞ്ചായത്തിൽ നവരംഗ് പൂക്കാട്, തപസ്വി ചങ്ങരംകുളം, നവ്യ കായക്കൊടി, ജൽസ് കായക്കൊടി എന്നിവ പഞ്ചായത്തിലെ നാല് ജനവിദ്യാകേന്ദ്രങ്ങളാണ്. എന്നാൽ സാക്ഷരതാ പരിപാടിക്കുണ്ടായ നിർജ്ജീവാവസ്ഥയുടെ ഭാഗമായി ഈ ജനവിദ്യാ കേന്ദ്രങ്ങൾക്ക് പ്രത്യേകിച്ച് കർമ പരിപാടികളൊന്നും ഇല്ല.

8) ആസൂത്രണത്തിന്റെ പാളിച്ചകൊണ്ട് തകർന്നുപോയ പഞ്ചായത്ത് മിനി സ്റ്റേഡിയം പുനർ നിർമിക്കാനാവശ്യമായ നടപടികൾ സ്വീക

രിക്കണം.

9) ഇന്നു പൊതുവെ കണ്ടുവരുന്ന ആർഭാപരമായ വിവാഹച്ചടങ്ങ് ഇടത്തരക്കാരുടെ ജീവിതത്തിൽ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്. പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽ ഈ വിഷയത്തെക്കുറിച്ച് ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കാവുന്നതാണ്. ഇതിനാവശ്യമായ ജനകീയ സമിതികൾ രൂപീകരിക്കാൻ കഴിഞ്ഞാൽ വിവാഹ ധൂർത്ത് പൂർണമായും ഒഴിവാക്കാൻ കഴിയും.

10. കോവുക്കുന്നിൽ ഇറിഗേഷന്റെ കൈവശമുള്ള സ്ഥലം സ്റ്റേഡിയ നിർമ്മാണത്തിന് ഉപയോഗിക്കാവുന്നതാണ്

സാംസ്കാരിക രംഗത്ത് സമ്പന്നമായ പൈതൃകങ്ങൾ സൃഷ്ടിക്കാനും പ്രതിലോമ സംസ്കാരങ്ങളുടെ കുത്തൊഴുക്കിനെ തടഞ്ഞു നിർത്തുന്നതിനും ജാഗരൂകരാകേണ്ട അനിവാര്യമായ കാലഘട്ടത്തിലൂടെയാണ് നാം കടുന്നു പോവുന്നത്. സമൂഹത്തിലെ മുഴവൻ ജനങ്ങളുടെയും ശ്രദ്ധയും പ്രവർത്തനവും സാംസ്കാരിക മൂല്യങ്ങൾ ഉയർത്തിപ്പിടിക്കാൻ സഹായകമാകും വിധം ഉപയോഗപ്പെടുത്താൻ നമുക്ക് കഴിയണം.

കൃഷിയും കൃഷിയിടങ്ങളും

കായക്കൊടി ഗ്രാമപഞ്ചായത്തിന്റെ ചരിത്രം പരിശോധിക്കുമ്പോൾ നമ്മുടെ ഗ്രാമം ഒരു കാർഷിക മേഖലയാണെന്നുപറയാം. നമ്മുടെ ഗ്രാമത്തിലെ കർഷകർ മുഖ്യമായും നെല്ല്, തെങ്ങ്, കവുങ്ങ് എന്നിവ കൃഷിചെയ്തിരുന്നു. ഇടവിളയായി കിഴങ്ങുവർഗങ്ങൾ ധാന്യങ്ങൾ വാഴ, മുതലായവയും കൃഷിചെയ്തിരുന്നു. പഴയകാലത്തെ നമ്മുടെ പഞ്ചായത്തിലെ ജനങ്ങളുടെ മുഖ്യജീവനോപാധി കൃഷിയും അതുമായി ബന്ധപ്പെട്ട തൊഴിൽ മേഖയുമായിരുന്നു.

അര നൂറ്റാണ്ടിനു മുമ്പ് പഞ്ചായത്തിലെ കർഷകർക്ക് സ്വന്തമായി കൃഷിഭൂമി ഉണ്ടായിരുന്നില്ല. മറ്റു പ്രദേശങ്ങളിൽ നിന്നും കൃഷിചെയ്യുന്നതിനുവേണ്ടി പഞ്ചായത്തിലെത്തുകയും ജന്മിമാരുടെ നിർദ്ദേശപ്രകാരം കാർഷികവൃത്തി നടത്തുകയുമായിരുന്നു ചെയ്തിരുന്നത്. ആദ്യകാലത്ത് കർഷകർ ശ്രദ്ധയും പരിചരണവും നല്കിയിരുന്നത് നെൽക്കൃഷിക്കായിരുന്നു. ഉദാഹരണമായി വനങ്ങൾ വെട്ടിത്തെളിയിച്ച് പുനം കൃഷി (നെല്ല്) നടത്തുമായിരുന്നു. അക്കാലത്ത് മഴയെ മാത്രം ആശ്രയിച്ചാണ് കൃഷിചെയ്തുപോന്നിരുന്നത്. സ്വന്തമായി കൃഷിസ്ഥലമില്ലാത്തതുകൊണ്ട് തന്നെ കർഷകർ പരസ്പര ധാരണയോടുകൂടി കൃഷിചെയ്യുകയും അവയെ സംരക്ഷിക്കുകയും ചെയ്തു. പഞ്ചായത്തിലെ കൃഷിഭൂമിയുടെ മുഖ്യ ഉടമസ്ഥർ ജന്മിമാരായിരുന്നു.

ആകെ ഭൂമിയുടെ 30-35 ശതമാനത്തോളം നെൽകൃഷിചെയ്തിരുന്ന വയലുകളായിരുന്നു. ഈ വയലുകളിൽ ഭൂരിഭാഗത്തിലും രണ്ടു വിളകൾ കൃഷിചെയ്തിരുന്നു. നെൽക്കൃഷിക്കു ശേഷം വയലുകളിൽ കർഷകർ കൂട്ടായും ഒറ്റയായും മത്സരബുദ്ധിയോടെ പച്ചക്കറികൃഷി ചെയ്യുമായിരുന്നു. (വെള്ളരി, മത്തൻ, ചീര, കയ്പ, വെണ്ട, പച്ചമുളക്, വഴുതിന, പടവലം) പച്ചക്കറികൃഷി ചെയ്യുന്നതിനു വേണ്ടി നാടൻ വിത്തിനങ്ങളെയാണ് ആശ്രയിച്ചിരുന്നത്. ഉല്പാദന ശേഷി വർദ്ധിപ്പിക്കുന്നതിനുവേണ്ടി ജൈവവളമാണ് കർഷകർ ഉപയോഗിച്ചിരുന്നത്. ചില കർഷകർ പറമ്പുകളിൽ ചക്കര കയ്മ (നെല്ല്) കൃഷിചെയ്യുകയും പതിവായിരുന്നു.

കൃഷിസ്ഥലങ്ങളിലേക്ക് ജലസേചനത്തിനായി തോടുകളിൽ തടയണകെട്ടി ജലതിരിച്ചുവിടുന്ന സമ്പ്രദായമായിരുന്നു നിലവിലുണ്ടായിരുന്നത്. കീട നിയന്ത്രണത്തിനുവേണ്ടി, ചാഴിയെ നശിപ്പിക്കാൻ മുറംവീശൽ, വെണ്ണീർ പറപ്പിക്കൽ, പുകയിലക്കഷായ പ്രയോഗം എലികളെ നശിപ്പിക്കാൻ എലിപ്പെട്ടി, എലികത്രിക, പലക്കെണി എന്നീ നാടൻ രീതികളാണ് സ്വീകരിച്ചിരുന്നത്. പഞ്ചായത്തിലെ പ്രധാനപ്പെട്ട നെൽകൃഷി കേന്ദ്രങ്ങൾ പൂക്കാട് വയൽ, പടുവിലേരിത്താഴം, കണ്ണങ്കൈത്താഴ, പാണ്ടിവയൽ, കുളങ്ങരത്താഴ, കുറ്റ്യാടിവയൽ, (കൊയിലോത്തുതാഴ) കരുവളത്തിൻ താഴ, എന്നീ പ്രദേശങ്ങളായിരുന്നു. ഈ വയലുകളിലൊക്കെ നാലുപാടും വേലിക്കെട്ടി നെൽകൃഷിയെ കന്നുകാലികളിൽ നിന്നും സംരക്ഷിക്കുക പതിവായിരുന്നു.

കർഷകർ കൂട്ടായി ഏറുമാടങ്ങൾ കെട്ടിയും (ഒളിപ്പന്തൽ) പന്നിച്ചട്ട ഉപയോഗിച്ചും ടിൻ കൊട്ടി ശബ്ദമുണ്ടാക്കിയും കാർഷിക വിളകളെ വന്യമൃഗങ്ങളിൽ നിന്നും സംരക്ഷിച്ചുപോന്നു. ഇവിടെ എടുത്തുപറയേണ്ട ഒരു വസ്തുത ആദ്യകാല കർഷകൻ പകൽ പാടത്തു പണിയെടുക്കുകയും രാത്രികാലങ്ങളിൽ അതിനുകാവലിരിക്കുകയും ചെയ്യുക പതിവായിരുന്നു എന്നതാണ്. നമ്മുടെ പഞ്ചായത്തിലെ

മുണ്ടിയോട്, പാലോളി, ചേറ്റുപൊയിൽ, പടിച്ചിൽ പാലയാട്, ഇരുളാൻകുന്ന്, കട്ടിപ്പാറ, അടക്കോറ, കോട്ടമല, ചുണ്ടക്കാട്, പുന്നത്തോട്ടം എന്നീ കുന്നിൽ പ്രദേശങ്ങളിൽ കൃഷിചെയ്തിരുന്ന കർഷകർ അവിടെ താമസിച്ചു കൃഷിപ്പണി ചെയ്യുകയായിരുന്നു പതിവ്. വിനോദ സഞ്ചാരകേന്ദ്രത്തിന് സാദ്ധ്യതയുള്ള 'കുറ്റ്യാടി കൊരണ' എന്നറിയപ്പെടുന്ന കൊരണമലയുടെ താഴ്വാരത്തുപോലും കർഷകർ കൂട്ടായി കൃഷിചെയ്തിരുന്നു.

കാർഷികോല്പന്നങ്ങളുടെ പ്രധാന വിപണന കേന്ദ്രങ്ങൾ മയ്യന്നൂർ, വടകര എന്നിവയായിരുന്നു. പഞ്ചായത്തിലെ ഉല്പന്നങ്ങൾ കാവ് ആയിട്ടും, കാളവണ്ടി ഉപയോഗിച്ചും ആണ് വിപണിയിലെത്തിച്ചിരുന്നത്. കർഷകർ നേരിട്ടും ഇടത്തരക്കാർ മുഖേനയും ഇവ വിറ്റഴിച്ചു. കാർഷിക വൃത്തിയിൽ ഏർപ്പെട്ടിരുന്നവർക്ക് ഉല്പന്നങ്ങൾ തന്നെയാണ് ആദ്യകാലങ്ങളിൽ കൂലിയായി നല്കിയിരുന്നത്.

ഭൂപരിഷ്ക്കരണം നടപ്പിലായതോടുകൂടി കർഷകർക്ക് സ്വന്തമായി ഭൂമിലഭിക്കുകയും അവരുടെ താല്പര്യത്തിന് അനുസരിച്ചുള്ള കൃഷിരീതികൾ നടപ്പിലാക്കുകയും ചെയ്തുതുടങ്ങി. ഇങ്ങിനെ ലഭിച്ച ഭൂമിയിൽ ചില കർഷകർ പാടങ്ങൾ നികത്തി തെങ്ങ്, കവുങ്ങ് മുതലായവ കൃഷിചെയ്യാൻ തുടങ്ങി. ഇത് നമ്മുടെ ഉല്പാദന ക്രമത്തിൽ മാറ്റം വരുത്താനും തുടങ്ങി. പാടങ്ങൾ നികത്തി കൃഷി ചെയ്യുന്നത് വ്യാപകമായതോടെ നീരൊഴുക്കിന്റെ ക്രമം തെറ്റി നീർക്കെട്ടുകൾ രൂപപ്പെടുകയും ചെയ്തിട്ടുണ്ട്. ഇതോടൊപ്പം ചില കർഷകർ കൃഷി ഭൂമി തരിശിടാനും തുടങ്ങി. കൂലിനിലവാരം ഉയർന്നു വന്നതനുസരിച്ച് കൃഷിഭൂമിയിൽ ചെലുത്തിയിരുന്ന അദ്ധ്വാനത്തിന്റെ തോതും ക്രമേണ കുറഞ്ഞുവന്നു. ഗൾഫ് പണത്തിന്റെ സ്വാധീനം മൂലം ജനങ്ങളുടെ താല്പര്യം നിർമാണ മേഖലയിലേക്ക് തിരിയുകയും ചെയ്തു. കാർഷികവൃത്തിയോട് ജനങ്ങളുടെ സമീപനത്തിൽ വന്ന മാറ്റത്തിന്റെ ഭാഗമായി പറമ്പുകളിൽ ചെയ്തിരുന്ന ഇടവിളകൾ കുറഞ്ഞുവരികയും ചെയ്തു. കർഷകർക്ക് സമൂഹത്തിലുണ്ടായിരുന്ന മാന്യത കുറഞ്ഞു വന്നതോടെ പിന്നീടവർ മറ്റു തൊഴിൽ മേഖലകളിലേയ്ക്ക് തിരിയാനും തുടങ്ങി. അവരുടെ ജീവിത വരമാന മാർഗ്ഗം മറ്റു മേഖലകളെ ആശ്രയിച്ചുമായി.

കൃഷി പൊതുവെ ലാഭകരമല്ലാതായതും, ആധുനിക വിദ്യാഭ്യാസം സാർവത്രികമായതും പുതിയ ചെറുപ്പക്കാർക്ക് കാർഷിക വൃത്തിയോടുള്ള താല്പര്യം കുറയാനിടയാക്കി. ഇത് കർഷകത്തൊഴിലാളികളുടെ എണ്ണക്കുറവിനും കാരണമായി. വയലുകൾ തെങ്ങുകൃഷിക്കുവേണ്ടി ഉപയോഗിക്കുന്നതും ഗൃഹനിർമാണത്തിനുപയോഗിക്കുന്നതും വ്യാപകമായതോടെ പരമ്പരാഗതമായി കൃഷിചെയ്തുപോന്നിരുന്ന നമ്മുടെ വിളകളെ ഇതു ബാധിച്ചു. പുരയിടങ്ങളിൽ തെങ്ങ് ഒഴികെയുള്ള മറ്റു ഇടവിളകളെല്ലാം നാമാവശേഷമായിക്കൊണ്ടിരിക്കയാണ്. നമ്മുടെ പഞ്ചായത്തിൽ ജനസംഖ്യയിലുണ്ടായ വർദ്ധനവും കാർഷികമേഖല തകർന്നതിന് ഒരു കാരണമായി. നിലവിലുള്ള കർഷകർക്ക് ആവശ്യത്തിന് ജലം ലഭിക്കാത്തതും ശാസ്ത്രീയമായ കൃഷിരീതിയെ അവലംബിക്കാത്തതും കാർഷിക മേഖലയിൽ ഉല്പാദനം കുറയാൻ കാരണമായിട്ടുണ്ട്. കൃഷിയുമായി ബന്ധപ്പെട്ടുകൊണ്ട് കുളങ്ങൾ, തോടുകൾ എന്നിവയെ സംരക്ഷിച്ചുപോരുന്ന സ്ഥിതിയിലും മാറ്റം വന്നു. പഞ്ചായത്തിൽ നിലവിലുള്ള കുളങ്ങളോ തോടുകളോ ഒന്നും തന്നെ ശരിയായ രീതിയിൽ സംരക്ഷിക്കപ്പെടുന്നില്ല എന്നതാണ് പരമാർത്ഥം.

മണ്ണിൽ അദ്ധ്വാനിക്കുന്ന യഥാർഥ തൊഴിലാളികളുടെ കയ്യിൽ കൃഷിചെയ്യാൻ ഭൂമിയില്ല എന്ന വസ്തുതയും എടുത്തു പറയേണ്ടതാണ്. നമ്മുടെ പഞ്ചായത്തിന്റെ കൈവശഭൂമി സംബന്ധിച്ച വിവരങ്ങൾ പട്ടിക I ൽ വ്യക്തമാകും.

പട്ടിക 1

കൈവശഭൂമി സംബന്ധിച്ച വിവരം

ക്രമ നമ്പർ	ഭൂമിയുടെ വിസ്തീർണ്ണം	കൈവശക്കാരുടെ എണ്ണം
1	1 മുതൽ 10 സെന്റു വരെ	3525
2	10 മുതൽ 25 സെന്റു വരെ	4460
3.	25 മതൽ 50 സെന്റു വരെ	3940
4.	50 മുതൽ 100 സെന്റു വരെ	4210
5	1 ഏക്കർ മുതൽ 2 ഏക്കർ വരെ	1000
6	2 ഏക്കർ മുതൽ 5 ഏക്കർ വരെ	100
7	5 ഏക്രക്ക് മുകളിൽ	60

ഭൂവിനിയോഗം

കായക്കൊടി ഗ്രാമപഞ്ചായത്തിനെ കാർഷിക കാവാവസ്ഥാ മേഖയയിലെ വടക്കൻ മധ്യമേഖലാ പ്രദേശത്ത് ഉൾപ്പെടുത്തിയിരിക്കുന്നു. (അവലംബം - Land Resources of Kerala - Prepared by Kerala State Land Use Board) ഇതനുസരിച്ച് ഈ പ്രദേശത്ത് തെങ്ങ്, നെല്ല്, കവുങ്ങ് എന്നിവ സമൃദ്ധിയായി വളരേണ്ടതാണ്. ലാറ്ററയിറ്റ്

പഞ്ചായത്തിന്റെ ആകെ വിസ്തീർണം 28.14 ചതുരശ്ര കിലോമീറ്ററാണ്. ഭൂപ്രകൃതിയനുസരിച്ച് പഞ്ചായത്തിനെ 6 ഭാഗങ്ങളായി തിരിക്കാം.

ഭൂപ്രകൃതി വിവരങ്ങൾ പട്ടിക 2ൽ ലഭ്യമാണ്.

ഭൂപ്രകൃതി പട്ടിക 2

നമ്പർ	ഭൂപ്രകൃതി	പ്രദേശങ്ങൾ
1	കുന്നിൻ പ്രദേശം	കൊരണമല, മുണ്ടിയോട്, അടക്കോറ, കോട്ടമല ഇരുളാൻമല, 2. കട്ടിപ്പാറ, പഷ്ണിക്കുന്ന്, പാലയാട്മല, മാവിലക്കുന്ന്, അത്തിക്കോട്, പുളക്കണ്ടി, കൊയ്യമ്പാറ, പടിച്ചിൽ.
2.	ചരിഞ്ഞ പ്രദേശം	ചേറ്റുപൊയിൽ, മാവിലപ്പാടി, നീലിയങ്ങാട്, പാലോളി, പുന്നത്തോട്ടം, മാവിലകുന്ന്, കൈതച്ചാലിൽ, കണ്ണങ്കയി, കോളിക്കുൽ (കാനാല), കോളിത്തെറ്റ്, ചുണ്ടക്കാട്, കുരുവന്തോടിത്തറ, 3പറപ്പുമ്മൽ, നെല്ലീലായി, ചൂർക്കുഴി.
3.	താഴ്വര	നിടുമണ്ണൂർ, വണ്ണാത്തിപ്പൊയിൽ, ഈന്തുള്ള തറ, കുയിപ്പാട്, പുതവയ്ൽ, എള്ളീക്കാമ്പാറ, വെങ്കല്ലുള്ളതറ, ഞേണോൽത്താഴ, കൊയിലോത്തുംതാഴപൂത്തറ, കായക്കൊടി.
4.	സമതലം	പൂക്കാട്, ചങ്ങരംകുളം, ദേവർകോവിൽ, കൂട്ടൂർകരണ്ടോട്, തളിയിൽ, പാണ്ടിവയൽ, മൂട്ടുനട.
5.	പുഴയോര പ്രദേശം	കരിക്കാടൻപൊയിൽ, തളിയിൽ, ദേവർകോവിലിന്റെ ചിലഭാഗം.
6.	വനപ്രദേശം	കൊരണമല (മുണ്ടിയോട്)

സോയിൽ ആണ് ഈ മേഖലയിലെ മണ്ണിന്റെ തരം.

കാർഷികവിളകളെ അടിസ്ഥാനപ്പെടുത്തി പഞ്ചായത്തിനെ താഴെപറയുന്ന രീതിയിൽ പട്ടിക 3ൽ പട്ടികപ്പെടുത്തിയിരിക്കുന്നു.

പട്ടിക 3

തെങ്ങ്	1688 ഹെക്ടർ	1329300
കവുങ്ങ്	(300 ഹെ)	64022700
മരച്ചീനി	(150 ഹെ)	40 ടൺ
കുരുമുളക്	(150 ഹെ)	40 "
പ്ലാവ്	(150 ഹെ)	120 "
വാഴ	(50 ഹെ)	399 "
നെല്ല്	(45 ഹെ)	68 "
ചേമ്പ്	(30 ഹെ)	500 "
ഇഞ്ചി	(20 ഹെ)	67 "
മഞ്ഞൾ	(10 ഹെ)	19 '
പച്ചക്കറി	(12 ഹെ)	24 '
കശുമാവ്	(10 ഹെ)	8'
മാവ്	(2 ഹെ)	1868 '
റബ്ബർ	(1 ഹെ)	ഇല്ല
പയർ	(1 ഹെ)	0.075 '

തെങ്ങ് കൃഷി

പട്ടിക പ്രകാരം പഞ്ചായത്തിലുള്ള മുഖ്യവിളതെങ്ങാണ്. മൊത്തം വിസ്തൃതിയുടെ 59.68 ശതമാനം തെങ്ങുകൃഷിക്കായാണ് ഉപയോഗിക്കുന്നത്. കായക്കൊടി പഞ്ചായത്തിലെ ഏറ്റവും ഉയർന്ന പ്രദേശമായ കൊരണ ഭാഗത്തുള്ള വനം പ്രദേശം ഒഴികെ ബാക്കി എല്ലാ സ്ഥലങ്ങളിലും തെങ്ങുകൃഷി ചെയ്യുന്നു. തെങ്ങുകൃഷിയെ സംബന്ധിച്ച വിശദവിവരം പട്ടിക 4 ൽ ചേർത്തിരിക്കുന്നു.

പട്ടിക 4

വിസ്തീർണം തെങ്ങ്	1688 ഹെ.
തെങ്ങ് എണ്ണം	
കായ്ക്കാത്തത്	97698
കായ്ക്കുന്നത്	217958
ആകെ	315656
രോഗം ബാധിച്ചത്	
ബഡ്റോട്ട്	950950
സ്റ്റെം ബ്ലീഡിംഗ്	58
ആകെ	1008

മേൽ പട്ടികയിൽ നിന്നും പഞ്ചായത്തിലെ കർഷകർ മുഖ്യമായും നേരിടുന്ന ഭീഷണി കുമ്പു

ചീയ്യൽ രോഗമാണെന്ന് തെളിയുന്നു. ജലസേചന സൗകര്യത്തിന്റെ അപര്യാപ്തത ഉല്പാദന ക്ഷമ തകുറയുവാൻ കാരണമായിട്ടുണ്ട്. നമ്മുടെ പഞ്ചാ യത്തിലൂടെ കടന്നു പോകുന്ന കുറ്റ്യാടി പദ്ധതി യുടെ വലതുകര മെയിൻ കനാലിലെ ജലം തെങ്ങു കൃഷിക്ക് ഉപയോഗിക്കുവാൻ പാടില്ലെന്ന നിയമം മൂലം കർഷകർ ബുദ്ധിമുട്ടുന്നുണ്ട്. ഈ ജലം തെങ്ങുകൃഷിക്ക് ഉപയുക്തമാക്കിയാൽ ഉല്പാദനം വർദ്ധിപ്പിക്കാൻ കഴിയും. മുഖ്യവിളയായ നാളികേ രത്തിന് ന്യായമായ വിലകിട്ടാത്തത് കർഷകർക്ക് നാളികേരകൃഷിയിൽ താല്പര്യം കുറയുന്നതിന് കാരണമായിട്ടുണ്ട്. നടപ്പു പദ്ധതികൾ വേണ്ടത്ര പ്രചാരത്തിലാവാത്തതും ശാസ്ത്രീയ കൃഷിരീതി അവലംബിക്കാത്തതും തേങ്ങയുല്പാദനത്തിന് തടസ്സം നിൽക്കുന്ന ഘടകങ്ങളാണ്. വിത്ത് തിര ഞ്ഞെടുക്കുന്നതിൽ ശാസ്ത്രീയരീതി സ്വീകരിക്കാ ത്തതും ഒരു ദീർഘകാല വിളയായ തെങ്ങിന്റെ ഉല്പാദന ക്ഷമതയെ പ്രതികൂലമായി ബാധിക്കു ന്നുണ്ട്.

തേങ്ങയുല്പാദനത്തിലെ സംസ്ഥാന ശരാ ശരി 1ന് 38 എന്നാണെങ്കിൽ അതു നമ്മുടെ പഞ്ചാ യത്തിൽ 1ന് 60.99 ആണ്. ഉല്പാദക്ഷമമല്ലാത്ത തെങ്ങുകൂടി കണക്കിലെടുക്കുകയാണെങ്കിൽ ശരാ ശരി 42.11 ആയിരിക്കുന്നതാണ്. ഇതു തന്നെ സംസ്ഥാന ശരാശരിയേക്കാൾ ഉയർന്നതാണെന്നത് പ്രസ്താവ്യമാണ്. ശാസ്ത്രീയരീതിയിൽ തെങ്ങുകൃ ഷിചെയ്യുന്ന ചുരുക്കം കർഷകരെങ്കിലും നമ്മുടെ പഞ്ചായത്തിലുണ്ട്. അവരുടെ അനുഭവം വ്യക്തമാ ക്കുന്നത് ശാസ്ത്രീയ രീതിയിൽ കൃഷിചെയ്യുകയാ ണെങ്കിൽ ഒരു തെങ്ങിന് 100 മേനിയിൽ കൂടുതൽ ഉല്പാദനം നടത്താൻ പറ്റുന്ന തരത്തിലുള്ള ഭൂമി യാണ് നമ്മുടെ പഞ്ചായത്തിൽ എല്ലാ സ്ഥലത്തും ഉള്ളതെന്നാണ്.

നെൽക്കൃഷി

കായക്കൊടി പഞ്ചായത്തിൽ മുൻകാലങ്ങ ളിൽ വ്യാപകമായി നെൽക്കൃഷി നടത്തിയിരുന്നു വെങ്കിലും ഇന്ന് അത് വെറും 45 ഹെക്ടർ സ്ഥലത്ത് മാത്രമായി ചുരുങ്ങിയിരിക്കയാണ്. പഞ്ചായത്തിലെ ഏകദേശം എല്ലാ വാർഡുകളിലും കുറച്ചാണെ ങ്കിലും നെൽക്കൃഷി ചെയ്യുന്നുണ്ട്. ഇന്ന് നമ്മുടെ പഞ്ചായത്തിൽ ഏറ്റവും വ്യാപകമായി നെൽക്കൃഷി നടത്തുന്ന വയൽ 'നാറാണത്തും താഴ' പ്രദേശ മാണ്. ലാഭകരമായ കൃഷി തെങ്ങാണെന്ന് ധരിച്ച് പാടങ്ങൾ നികത്തിയതും, പാടങ്ങളിൽ പാർപ്പിട ങ്ങൾ വ്യാപകമായി നിർമിച്ചതും നെല്ലിന്റെ ഉല്പാ ദനം കുറയുവാൻ കാരണമായി. ഇന്ന് പലവയലു കളും തരിശായി കിടക്കുന്ന അവസ്ഥയാണ്. ഇതിന്റെ പ്രധാന കാരണം ജലസേചന സൗകര്യമ ല്ലായ്മയും നെൽക്കൃഷി നടത്തുന്നതിന്റെ ചിലവി ലുണ്ടായ വർദ്ധനയുമാണെന്ന് കൃഷിക്കാർ പറ യുന്നു. നെൽകൃഷിയുമായി ബന്ധപ്പെട്ട വിവരം പട്ടിക 5ൽ കാണാം.

പട്ടിക 5

നെൽക്കൃഷി സംബന്ധിച്ച പട്ടിക (1988 ലെ കണക്ക് പ്രകാരം)

വിള	വിസ്തീർണം	മൊത്തം ഉല്പാദനം	ഉല്പാദന ക്ഷമത
1ാം വിള	10 ഹെക്ടർ	13 ടൺ	
2ാം വിള	30 ഹെക്ടർ	48 ടൺ	
3ാം വിള	5 ഹെക്ടർ	7 ടൺ	

നമ്മുടെ പഞ്ചായത്തിനെ സംബന്ധിച്ചെടു ത്തോളം നെൽക്കൃഷിക്ക് പുതിയ പാടങ്ങൾ വർദ്ധി പ്പിക്കാനില്ല എന്നതുകൊണ്ടുതന്നെ ഉള്ള പാടങ്ങ ളിൽ ശാസ്ത്രീയരീതിയിൽ കൃഷിചെയ്ത് ഉല്പാ ദനം വർദ്ധിപ്പിക്കാനെ തരമുള്ളൂ. ജലസേചന സൗക ര്യങ്ങൾ പരമാവധി ഉപയോഗിച്ച് മുപ്പൂകൃഷി നട ത്തിയാൽ ഇന്നുള്ളതിന്റെ മൂന്നിരട്ടി ഉല്പാദന വർദ്ധ നയുണ്ടാക്കാൻ കഴിയുമെന്നതിൽ യാതൊരു തർക്ക വുമില്ല. ജലസേചന സൗകര്യമില്ലാത്ത അനവധി വയലുകൾ നമ്മുടെ പഞ്ചായത്തിലുണ്ട്. കിളിയംവ യൽ, പൂക്കാട് വയൽ, നാറാണത്തും താഴവയൽ, പാണ്ടി വയലിൽ ചില ഭാഗങ്ങൾ, ഞേണോൽത്താഴ വഴൽ, പുതവയൽ തുങ്ങിയവ ഇത്തരത്തിൽ ബുദ്ധി മുട്ടനുഭവിക്കുന്ന വയലുകളാണ്. കുറ്റ്യാടി മെയിൻ കനാലിൽ നിന്നും കൈക്കനാൽ വഴി വയലുകളി ലേക്ക് ജലമെത്തിക്കേണ്ടതാണ്. ഉള്ള ജലസ്രോത സ്സുകൾ കണ്ടെത്തി ബണ്ടുകളും തടയണകളും നിർമിച്ച് ജലസേചന സൗകര്യം ഉറപ്പുവരുത്താം. കായക്കൊടി ഗ്രാമ പഞ്ചായിത്തിൽ നടപ്പു പദ്ധതി ക്കാലത്ത് നെൽക്കൃഷിയുടെ വികസനത്തിന് വലിയ പദ്ധതികളോന്നും നടപ്പിലാക്കിയതായി കാണു ന്നില്ല.

കവുങ്ങ്

കായക്കൊടി ഗ്രാമ പഞ്ചായത്തിലെ കാർഷിക കാലാവസ്ഥയ്ക്ക് അനുയോജ്യമായ കൃഷിയാണ് കവുങ്ങ് എന്ന് മുമ്പ് സൂചിപ്പിച്ചിട്ടു ണ്ടല്ലൊ. പഞ്ചായത്തിൽ മൊത്തം 300 ഹെക്ടർ സ്ഥലത്ത് കവുങ്ങ് കൃഷിചെയ്യുന്നുണ്ട്. വർഷത്തിൽ 6,40,22,700 അടയ്ക്ക ഇവിടെ നിന്നും ഉല്പാദി പ്പിക്കുന്നുണ്ട്. ഒരു ഏക്കർ സ്ഥലത്തുനിന്ന് ശരാശരി

ഉല്പാദനം 86400 ആണ്. അത്യുല്പാദന ശേഷിയുള്ള പുതിയ ഇനം വിത്തകൾ തിരഞ്ഞെടുത്ത് ശാസ്ത്രീയ രീതിയിൽ കൃഷി ചെയ്യുന്ന സമ്പ്രദായം പഞ്ചായത്തിൽ ഇതുവരെ നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. കാര്യമായ വളപ്രയോഗം ഇല്ലാതെ തന്നെ കവുങ്ങ് കൃഷിയിലൂടെ ഇന്ന് നല്ല വരുമാനമുണ്ടാക്കാൻ സാധിക്കുന്നുണ്ട്. ഇക്കാര്യം പരിഗണിച്ച് കവുങ്ങ് കൃഷിവികസനത്തിന് പ്രത്യേക പരിപാടികൾ ആവിഷ്ക്കരിക്കേണ്ടതാണ്. കവുങ്ങിനെ ബാധിക്കുന്ന പ്രധാന രോഗം 'മഹാളി' യാണ്. ഇതിനെതിരെ പ്രതിരോധമാർഗങ്ങൾ സ്വീകരിച്ച് ഉല്പാദനക്ഷമത വർദ്ധിപ്പിക്കേണ്ടതും കൃഷിക്കാർക്ക് സാമ്പത്തിക സഹായങ്ങൾ ഉൾപ്പെടെയുള്ള സൗകര്യങ്ങൾ ചെയ്തുകൊടുക്കേണ്ടതുമാണ്.

പഴവർഗ്ഗങ്ങൾ

പഴവർഗ്ഗങ്ങൾ സുലഭമായി കിട്ടുന്ന പ്രദേശമാണ് നമ്മുടെ പഞ്ചായത്ത്. മാമ്പഴം, വാഴപ്പഴം, ചക്കപ്പഴം എന്നിവ പഞ്ചായത്തിന്റെ ഭക്ഷ്യസ്വയം പര്യാപ്തയ്ക്ക് സംഭാവന നൽകുന്നുണ്ട്. സാധാരണക്കാരുടെ പഴമായി ചക്കപ്പഴത്തെ വിശേഷിപ്പിക്കാം. അതുപോലെ ഒളോർ, കോമാങ്ങ, നാട്ടുമാങ്ങ, കുറുക്കൻ മാങ്ങ തുടങ്ങി നിരവധി തരം മാങ്ങകൾ നമ്മുടെ സാമ്പത്തിക രംഗത്തേയും പരിപോഷിപ്പിക്കുന്നുണ്ട്. നേന്ത്രപഴം, മൈസൂർ, മണ്ണൻ, പൂവൻ, മാമ്പില്ലാകുന്നൻ തുടങ്ങി നിരവധി ഇനം വാഴകളും ഇടവിളകളായി പഞ്ചായത്തിൽ കൃഷിചെയ്യുന്നുണ്ട്.

പഴവർഗ്ഗങ്ങളെ താഴെ പറയും പ്രകാരം പട്ടികപ്പെടുത്താം

പട്ടിക 6

ചക്ക	തേൻവരിക്ക, പഴം
മാവ്	ഒളോർ, കുറുക്കൻ, തത്തക്കൊത്തൻ, കോമാങ്ങ, പഞ്ചാരത്താൻമാങ്ങ, പുളിയൻ മാങ്ങ, പറങ്കിമാങ്ങ ഒട്ടുമാങ്ങ കപ്പായി മാങ്ങ
വാഴ	നേന്ത്രവാഴ, കദളി, റോബസ്റ്റ്, തെഴുതാണി, മാമ്പലാക്കുന്നൻ, പൂവൻ, മൈസൂർ, മണ്ണൻ, ഞക്കൻശോദരി, അടക്കാപൂവൻ, ചെങ്കദളി.....
മറ്റിനങ്ങൾ	കൈതച്ചക്ക, സപ്പോട്ട, ചാമ്പക്ക, കശുമാങ്ങ, ചെറി, ഉറുമാമ്പഴം, മുട്ടപ്പഴം.....

ഇടവിളകൾ

നമ്മുടെ പഞ്ചായത്തിലെ മുഖ്യവിളതെങ്ങാണ്. പക്ഷെ ഉള്ള സ്ഥലം പരമാവധി ഉപയോഗപ്പെടുത്തി വ്യത്യസ്തങ്ങളായ ഉല്പന്നങ്ങൾ ലഭിക്കുന്നതിന് ഇടവിളകളെ ആശ്രയിച്ചേ മതിയാകൂ. ദീർഘകാല വിളയായ തെങ്ങിനെ മാത്രം ആശ്രയിച്ച് കർഷകർക്ക് ഇന്നു മുന്നോട്ടു പോവുക സാദ്ധ്യമല്ല. ത്രിതല കൃഷിരീതി ഉപയോഗിക്കുകയാണെങ്കിൽ ഉല്പാദനം നല്ലപോലെ വർദ്ധിപ്പിക്കാം. ഇടവിളകളെ പട്ടിക 7 ൽ ചിട്ടപ്പെടുത്തിയിരിക്കുന്നു.

പ്രധാന ഇടവിളകൾ പട്ടിക 7

ക്രമ നമ്പർ	ഇപ്പോൾ കൃഷിചെയ്യുന്നവ	ഇനിയും കൃഷിചെയ്യാവുന്നവ
1	കവുങ്ങ്	1 പഷായ
2	കുരുമുളക്	2 ചെറുനാരങ്ങ
3	വാഴ	3 സപ്പോർട്ട
4	മരച്ചീനി	4 പേരക്ക
5	ചേമ്പ്	5 നെല്ലി
6	ചേന	6 കൊടംപുളി
7	മഞ്ഞൾ	7 ചാമ്പക്ക
8	ഇഞ്ചി	8 പുളി
9	പച്ചക്കറികൾ	9 ഊർമാമ്പഴം
10	ചെറുകിഴങ്ങ്	10 മുരിങ്ങ
11	മധുരക്കിഴങ്ങ്	
12	കാച്ചിൽ	
13	കൊക്കൊ	
14	ജാതി	
15	കൂർക്കൽ	
16	ഗ്രാപൂ	
17	കൈതച്ചക്ക	

വയൽ നികത്തി കുനിയാക്കിയ ഭാഗങ്ങൾ നമ്മുടെ പഞ്ചായത്തിൽ ഏറെയാണ്. ഈ സ്ഥങ്ങളിൽ ഇടവിളയായ പച്ചക്കറികൾ, വാഴ, മരച്ചീനി മുതലായവ കൃഷിചെയ്യാവുന്നതാണ്. തരിശായി കിടക്കുന്ന പുറമ്പോക്കുഭൂമി കായക്കൊടി പഞ്ചായത്തിന്റെ തെക്ക് ഭാഗമായ ദേവർകോവിൽ ഭാഗങ്ങളിലുണ്ട് ഈ സ്ഥലങ്ങളിൽ പച്ചക്കറി കൃഷിചെയ്യാൻ വലിയ സാദ്ധ്യതകളുണ്ട്. അതുപോലെത്തന്നെ കുറ്റ്യാടി മെയിൽ കനാലിന്റെ ഇരുവശങ്ങളിലും ഇടവിളകൾ കൃഷിചെയ്യുവാൻ പറ്റുന്ന ധാരാളം പുറമ്പോക്കു സ്ഥലങ്ങളുണ്ട്. ഇവിടെ വ്യാപകമായതോ

തിൽ ഇടവിള കൃഷിചെയ്യാൻ സാധിക്കുന്നതാണ്. ജലസേചന സൗകര്യമുള്ളതിനാൽ പഞ്ചായത്തിന്റെ ആവശ്യത്തിലും കൂടുതൽ ഇടവിളകൾ കൃഷിചെയ്യുവാൻ കഴിയുന്നതാണ്. പുറമ്പോക്കു പ്രദേശങ്ങളിൽ കൃഷിചെയ്യുന്നതിന് കൂട്ടുകൃഷി സമ്പ്രദായം സ്വീകരിക്കുന്നത് കൂടുതൽ പ്രയോജനകരമായിരിക്കും. ഇതുകൂടാതെ മറ്റനേകം തരിശുഭൂമികൾ പഞ്ചായത്തിലുണ്ട്. സർവ്വെ നടത്തിയും മറ്റും തരിശുഭൂമികണ്ടുപിടിച്ച്, ദരിദ്രകർഷകർക്ക് കൃഷിചെയ്യാനുള്ള പദ്ധതി ഏറ്റെടുത്തു നടത്തുന്നതും ഈ രംഗത്ത് ഒരു മുന്നേറ്റത്തിന് സാദ്ധ്യതയുള്ള പ്രവർത്തനമായിരിക്കും. കായക്കൊടി പഞ്ചായത്തിന്റെ വടക്ക് കിഴക്ക് ഭാഗത്ത് മുമ്പ് നല്ല രീതിയിൽ ഏലവും മഞ്ഞളും കൃഷിചെയ്തിരുന്നു. എന്നാൽ ഇന്ന് ഏലക്കൃഷി തീരെ ഇല്ലാതായിരിക്കുന്നു. മഞ്ഞൾ കൃഷിയും ഏറെക്കുറെ നാമാവശേഷമായിരിക്കുന്നു. കറുത്ത സ്വർണമെന്ന വിശേഷപ്പേരുള്ള കുരുമുളകിന് പറ്റിയ മണ്ണാണ് ഈ പഞ്ചായത്തിലുള്ളത്. പഴയ നാടൻ ഇനങ്ങളായ കരിങ്കോട്ട്യാൻ, കരിമുണ്ട, ബാലൻ കോട്ട്യാൻ, നാടൻ എന്നിവ ഇപ്പോൾ അപ്രത്യക്ഷമായിരിക്കയാണ്. ഇന്ന് ഏറ്റവും കൂടുതലായി കൃഷിചെയ്യുന്നത് 'ചേട്ടൻ' ഇനത്തിലുള്ള കുരുമുളകാണ്. 'പന്നിയൂർ' എന്ന ഇനം പഞ്ചായത്തിൽ വിപുലമായി കൃഷിചെയ്യുന്നില്ല. 150 ഹെക്ടർ സ്ഥലത്ത് കുരുമുളക് കൃഷിചെയ്യുന്നു. കൊല്ലത്തിൽ ഉല്പാദനം 40 ടൺ ആണ്. ഒരു ഏക്കർ സ്ഥലത്തുനിന്നും കിട്ടുന്ന മൊത്തം ഉല്പാദനം 108 കിലൊഗ്രാം ആണ. കുരുമുളക് തോട്ടങ്ങൾ ഈ പഞ്ചായത്തിൽ ഇല്ലെന്നുതന്നെ പറയാം. കുരുമുളകിനുവേണ്ട പരിചരണത്തെ കുറിച്ചും വളപ്രയോഗങ്ങളെക്കുറിച്ചും കൃഷിക്കാർ അജ്ഞരാണ്. പച്ചക്കറികൾ ഇലക്കറികൾ എന്നിവ കൃഷിചെയ്യാൻ ഏറ്റവും നല്ല സൗകര്യമുള്ള സ്ഥലമാണ് നമ്മുടെ പഞ്ചായത്ത്. ജസസേചന സൗകര്യമുള്ള എല്ലാസ്ഥലങ്ങളിലും ഇതു വ്യാപിപ്പിക്കാവുന്നതാണ്. കൂടാതെ ഒരു വീടിന് ഒരു അടുക്കളത്തോട്ടം എന്ന നിലക്ക് ഓരോ കുടുംബത്തിലും ഇത് വ്യാപിപ്പിച്ചാൽ കുടുംബത്തിന്റെ സാമ്പത്തിക ഭദ്രത ഉയർത്താൻ കഴിയുന്നതോടൊപ്പം കൂടുതൽ ഉണ്ടാകുന്ന ഉല്പന്നങ്ങൾ വിൽക്കാൻ വിപണിയും കണ്ടെത്താം.

ജലസേചനം

ജലസേചന സൗകര്യത്തിന് കായക്കൊടി ഗ്രാമപഞ്ചായത്ത് പ്രധാനമായും ആശ്രയിക്കുന്നത് മഴവെള്ളത്തെയാണ്. കുറ്റ്യാടി പദ്ധതിയുടെ വലതകര കനാൽ, കുറ്റ്യാടി ചെറുപുഴ, നെടുമണ്ണൂർ, കായക്കൊടി, കോവുക്കുന്നുവഴി പഞ്ചായത്തിന്റെ തെക്കുഭാഗത്തുകൂടി പുറത്തേയ്ക്ക് ഒഴുകുന്ന കായക്കൊടിത്തോട്, പുന്നത്തോട്ടം തോട്, ചക്കരത്തോട് മഞ്ചക്കൽ തോട് എന്നിവ ജലസേചനത്തിന് ഉപയോഗിക്കാൻ പറ്റുന്ന ജലവിഭവങ്ങളാണ്. പഞ്ചായത്തിൽ പ്രധാനമായും ഇടവപ്പാതിയും, തുലാവർഷം, ചിലസമയങ്ങളിൽ ഇടമഴയും നന്നായി കിട്ടാറുണ്ട്. പഞ്ചായത്തിന്റെ വടക്കുഭാഗത്തുള്ള മലനിരകളിൽ മഴമാത്രമാണ് ജനങ്ങളുടെയും, കൃഷിയുടെയും വെള്ളത്തിന്റെ ആവശ്യം നിറവേറ്റുന്നത്. വേനൽക്കാലങ്ങളിൽ അത്യാവശ്യം മാത്രം കിട്ടുന്ന ജല ഉറവകൾ കുടിവെള്ളത്തിനുപയോഗിക്കാനല്ലാതെ ജലസേചനത്തിനു മതിയാകുന്നില്ല. മഴ വെള്ളം മുഴുവനായി ഉപയോഗപ്പെടുത്താൻ കഴിയാത്ത അവസ്ഥ ഇന്നു നിലനിൽക്കുന്നുണ്ട്. മലമ്പ്രദേശങ്ങളിൽ വെള്ളം കെട്ടി നിർത്തി കൃഷിചെയ്യുന്ന സമ്പ്രദായം സ്വീകരിച്ചിട്ടില്ല. ഇതുകൊണ്ട് മണ്ണൊലിപ്പും സാധാരണമാണ്. ഇതുകാരണം തോടുകൾ മഴക്കാലത്ത് കരകവിഞ്ഞൊഴുകി വമ്പിച്ച കൃഷി നാശവും ഉണ്ടാക്കാറുണ്ട്. മല നിരകളിലെ ചാലുകളിൽ ചെറിയ കുഴികളെടുത്ത് മഴക്കാലത്ത് വെള്ളം തടഞ്ഞു നിർത്താൻ ഇടയാക്കിയാൽ മുഴുവൻ വെള്ളവും ഭൂമിയിൽ കനിഞ്ഞിറങ്ങുന്നതിനിടയാകും. മഴക്കാലത്ത് വെള്ളം കരകവിഞ്ഞൊഴുകുമ്പോൾ തീരത്ത് വെള്ളം കെട്ടിനിൽക്കാൻ തക്കവണ്ണം പോക്കറ്റുകളുണ്ടാക്കി മണ്ണിന്റെ ഈർപ്പം നിലനിർത്താൻ സാധിക്കുന്നതാണ്.

കായക്കൊടി ഗ്രാമ പഞ്ചായത്തിലെ് ഒന്ന്, രണ്ട് മൂന്ന്, ആറ്, ഏഴ്,് വർഡുകളിലൂടെ ഒഴുകുന്ന കുറ്റ്യാടി പദ്ധതിയുടെ വലതകരമെയിൻ കനാൽ ജലസേചനത്തിന് ഉപയോഗിക്കാവുന്ന നല്ലൊരു ജലസ്രോതസ്സാണ്. എങ്കിലും ഈ വെള്ളത്തെ ഫലപ്രദമായി ചൂഷണം ചെയ്യാൻ കഴിയുന്ന വിധത്തിൽ പദ്ധതികൾ ആസൂത്രണം ചെയ്യപ്പെട്ടിട്ടില്ല. കനാലിന്റെ താഴെയുള്ള പ്രദേശങ്ങളിലെ മണ്ണിന്റെ ഈർപ്പം ഇല്ലാതാകുന്നതിനും പ്രസ്തുത പ്രദേശങ്ങളിലെ നീരൊഴുക്കിന്റെ താളം തെറ്റിക്കുന്നതിനും കാരണമാകുന്നു. മെയിൻ കനാൽ തന്നെ പലഭാഗത്തും ചോർന്ന് ജലം നഷ്ടപ്പെടുകയാണ്. കനാലിലേയ്ക്ക് അവശിഷ്ടങ്ങൾ വലിച്ചെറിഞ്ഞ് വെള്ളം മലിനമാക്കുന്ന ഒരു സ്വഭാവം പൊതുജനങ്ങളിൽ വളർന്നുവരുന്നത് അപകടകരമാണ്. മെയിൽ കനാലിനോടനുബന്ധമായി രണ്ടു കൈക്കനാലുകളാണ് പഞ്ചായത്തിലുള്ളത് (1) പൂക്കാട് കൈക്കനാൽ (2) കോവുക്കുന്നു നിന്നും ചങ്ങരംകുളത്തേക്കുപോകുന്ന കൈക്കനാൽ. കൈക്കനാൽ സംരക്ഷിക്കുന്നതിൽ യാതൊരു ശ്രദ്ധയും കർഷകർ

തോടുകൾ പുഴകൾ പട്ടിക

ക്രമനമ്പർ	തോടുകൾ	ഉൽഭവം	ഒഴുകുന്നവാർഡുകൾ	പതിക്കുന്ന സ്ഥലം
1	കായക്കൊടി തോട്	കരിങ്ങാട്ട് നട	x, vii, vi, v, iv, ix	നടോൽ ക്ഷേത്രത്തിന് സമീപം
2	ചേറ്റുവയൽ തോട്	ചേറ്റുവയൽ	viii, vii, i, ix, iii	തളീക്കര, കുറ്റ്യാടി ചെറുപുഴ
3	പൂക്കാട്	മുണ്ടേ്യാട്	viii, ii, iii	ദേവർകോവിൽ, കുറ്റ്യാടി ചെറുപുഴ
4	കൊയിലോത്തുംതാഴ തോട്	പഷ്ണിക്കുന്ന്	x	കുഴിപ്പാട്
5	വേപ്രത്താഴതോട്	കുന്നുമ്മൽ പഞ്ചായത്ത്	v, iv, iii	കല്ലറച്ചി
6	ചക്കരത്തോട്	കൈതച്ചാൽ	x, vi, v	കായക്കൊടി തോട്

കാണിക്കുന്നില്ല. പൂക്കാട് കൈക്കനാൽ തന്നെ മണ്ണു വീണ് നികന്നിരിക്കുന്ന അവസ്ഥയിലാണ്. ആയതിനാൽ ഇതിലൂടെ ഒഴുകുന്ന ജലം പല ഇടവഴികളിലൂടെയും ഒഴുകി നഷ്ടപ്പെടുകയാണ്. ഇതിനെ ഫലപ്രദമായി തടഞ്ഞു നിർത്തി വെള്ളം പൂർണമായും കൃഷിക്ക് ഉപയോഗപ്പെടുത്താൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

കായക്കൊടി ഗ്രാമപഞ്ചായത്തിലൂടെ 3 കിലോ മീറ്ററോളം ദൂരത്തിൽ ഒഴുകുന്ന കുറ്റ്യാടി ചെറുപുഴ മൂന്നാം വാർഡിലൂടെ കടന്നുപോകുന്നു. ധാരാളം നീരൊഴുക്കുള്ള പുഴയുടെ ജലവിഭവം നമുക്ക് ഉപയോഗപ്പെടുത്താൻ സാധിക്കുന്നില്ല. ഇക്കാര്യത്തിൽ ഒരു പഠനം നടത്തുന്നത് നല്ലതായിരിക്കും. പഞ്ചായത്തിൽ ജലസ്രോതസ്സായി നിലവിലുള്ള കുളങ്ങൾ പ്രധാനമായും ഇവയാണ്. ചേറ്റുവയൽ കുളം, വാഴാക്കലിടത്തിൽ കുളും, മവുള്ളിടത്തിൽ കൊളാട്ട ജലസ്രോതസ്സുകളുടെ വിശദവിവരം താഴെ കൊടുക്കുന്നു.

പഞ്ചായത്തിലെ ജലസ്രോതസ്സുകളുടെ പട്ടിക 8

കുളങ്ങൾ സംബന്ധിച്ച വിവരം പട്ടിക 9

No	Ward	പേര്
1	1	അക്കലിടം കുളം
2	1	എളങ്ങാരംകോട്ട് കുളം
3	2	അണിയാപ്രംതാഴ കുളം
4	2	നെല്ലിയോട്ട് ഇല്ലത്ത് കുളം
5	3	തളിയിൽ കുളം
6	4	പുള്ളിനോട്ട് ക്ഷേത്രക്കുളം
7	4	ഇല്ലത്ത് കുളം
8	4	വലിയ കുളങ്ങരത്താഴ കുളം
9	4	പൊയിൽ കുളം
10	4	കരങ്ങോട് സ്രാമ്പിക്കുളം
11	4	കുളങ്ങരത്താഴ പള്ളിക്കുളം
12	4	കളരിപ്പൊയിൽ കുളം
13	4	വള്ള്യാടൻ ചാത്തോത്ത് കുളം
14	5	കായക്കൊടി കൊളാട്ട (ചിറ)
15	5	പള്ളിപ്പെരുമ്പിടം കുളം
16	5	കായക്കൊടി പള്ളിക്കുളം
17	5	കിളിയം വയൽ പള്ളിക്കുളം
18	5	ജാതിയൂർ മഠം കുളം
19	6	കാക്കാറ്റുപൊയിൽ കുളം
20	6	കോവുക്കുന്നു കുളം
21	6	ആയിലോട്ട് സ്രാമ്പിക്കുളം
22	7	പീടിക കാണ്ടി കുളം
23	7	കുറ്റുങ്ങോട്ട് കുന്ന് കുളം
24	7	ഇടക്കുനി കുളം
25	7	വയൽ സ്രാമ്പിക്കുളം
26	8	ചേറ്റു പൊയിൽ കുളം
27	9	ആക്കൽ പള്ളിക്കുളം
28	9	കുറുപ്പം വീട്ടിൽ കുളം
29	9	കൊല്ലാങ്കണ്ടി കുളം
30	10	കുഴിപ്പാട്ട് കുളം
31	10	രാമച്ചമുള്ള പൊയിൽ കുളം

പുഴ പട്ടിക 10

പേര് കുറ്റ്യാടി	ചെറുപുഴ
ഉത്ഭവം	കാവിലുമ്പാറ
ഒഴുകുന്ന സ്ഥലം	ദേവർ കോവിൽ തളീക്കര
പതനം	കുറ്റ്യാടി പഞ്ചായത്ത്

പുഴയും തോടുകളും കുളങ്ങളുമായി നിരവധി ജലസ്രോതസ്സുകളുള്ള നമ്മുടെ പഞ്ചായത്ത് ജലവിഭവത്താൽ അനുഗ്രഹീതമാണെന്നു പറയാം. ഈ സ്രോതസ്സുകളിലെ ജലലഭ്യതയും നമ്മുടെ പഞ്ചായത്തിലെ ജനസംഖ്യയും താരതമ്യപ്പെടുത്തി പരിശോധിക്കുകയാണെങ്കിൽ ഒരു പക്ഷെ സംസ്ഥാന ശരാശരിയേക്കാൾ പ്രതീശീർഷ ജലലഭ്യതയുള്ള പഞ്ചായത്തായിരിക്കും നമ്മുടേത്. എന്നാൽ പഞ്ചായത്തിന്റെ വടക്കുകിഴക്ക് മലനാടൻ ശുദ്ധ ജല ഉറവകളോ തോടുകളോ ശരിയായി വിനിയോഗിച്ച് നമ്മുടെ കാർഷിക മേഖലയ്ക്ക് കരുത്തും ഓജസ്സും പകരാൻ സാധിക്കുന്നില്ലെന്നുള്ളത് മുൻകാല ആസൂത്രണത്തിൽ വന്ന പാകപ്പിഴതന്നെയായിരുന്നു. ഈ അനുഗ്രഹീതമായ പഞ്ചായത്തിൽ നിരവധി കുടുംബങ്ങൾ വേനൽക്കാലങ്ങളിൽ ബക്കറ്റ് വെള്ളത്തിനായി കാത്തുനിൽക്കുന്ന കാഴ്ച നമുക്ക് പുതുമയല്ലാതായിത്തീർന്നിരിക്കുന്നു - പുതുമഴയെത്തിയാൽ പിന്നിട്ടുപോയ നാളുകളിൽ അനുഭവിച്ച കൊടിയ വരൾച്ചയെ നാം മറന്നു പോകുന്നു എന്ന യാഥാർത്ഥ്യം പുതിയ സാധ്യതകൾ കണ്ടെത്തുവാൻ നമുക്ക് പ്രതികൂലമാവുകയാണ്.

കാർഷിക ബന്ധങ്ങൾ

കാർഷിക മേഖല സംപുഷ്ടമാകുന്നത് കൃഷിക്കാരുടെയും കർഷകതൊഴിലാളികളുടെയും കൂട്ടായ്മയിലാണ്. എന്നാൽ കാലപ്രവാഹത്തിന്റെ ഏതോ ദശാസന്ധിയിൽ കൃഷിക്കാരും കർഷക തൊഴിലാളികളും തമ്മിലുള്ള ബന്ധത്തിന്റെ ദൃഢതയ്ക്ക് ഉലച്ചിൽ തട്ടുകയും ഇത് കാർഷികമേഖലയെ സാരമായി ബാധിക്കുകയും ചെയ്തു എന്നത് ഒരു പരമാർത്ഥം. തന്റെ തൊഴിലാളികളെ കുറിച്ചും, തന്റെ ഉടമസ്ഥരെക്കുറിച്ചും അഭിമാനത്തോടെ സംസാരിച്ചിരുന്നവരുടെ മുഖത്ത് ഇന്ന് തെളിഞ്ഞു വരുന്നത് മറ്റൊരു ചിത്രമാണ്. ഇവിടെ ഒരു തിരിച്ചു പോക്ക് നമുക്ക് അനിവാര്യമാണ്. നമ്മുടെ കാർഷിക രംഗത്തെ വികസനം പൂർണത കൈവരിച്ചുകഴിയുമ്പോൾ അത് സ്ഥായിയും നീതി പൂർവകവും ആയെന്ന് അഭിമാനിക്കാൻ നമുക്ക് കഴിയണം.

കാർഷിക ബന്ധങ്ങളെ സംബന്ധിച്ച പട്ടിക താഴെ കൊടുക്കുന്നു

പട്ടിക 11

	കർഷകൻ		കർഷക തൊഴിലാളികൾ		കർഷക-കർഷകതൊഴിലാളി
കാർഷിക മേഖലയുമായി ബന്ധപ്പെട്ടു കഴിയുന്നവർ	പു	സ്ത്രീ	പു	സ്ത്രീ	
	218	45	310	118	691
ആകെ		263		428	

അവലംബം-സെൻസസ്സ് റിപ്പോർട്ട് 1991

കാർഷിക ജനസംഖ്യയിൽ കർഷക തൊഴിലാളികൾ 61.94 ശതമാനത്തോളം വരും. മൊത്തം ജനസംഖ്യയുടെ 3.26 ശതമാനം പേർ മാത്രമേ കാർഷിക ജോലിയുമായി ബന്ധപ്പെടുന്നുള്ളൂ. ഇതിൽ നിന്നും കൃഷിക്കാരുടെയും കർഷക തൊഴിലാളികളുടെയും എണ്ണം നന്നെ ചുരുക്കമാണെന്ന് കാണാം.

കൂലിസേവന വ്യവസ്ഥകൾ

പട്ടിക 12

പുരുഷൻ	കൂലി (രൂപ)	സ്ത്രീ	കൂലി (രൂപ)
ഉഴവ്	100-125	ഞാറ് നടൽ	50-55
കിള	60-65	കളപറി	50-55
കയ്യാലകെട്ട്	125	കയ്യാലകെട്ട്	60
തേങ്ങ ഇടൽ-10 തെങ്ങ്	5രൂ+5 തേങ്ങ		

(അവലംബം : നാട്ടറിവ്)

പ്രാദേശികാടിസ്ഥാനത്തിൽ ഏറ്റക്കുറിച്ചിലുകൾ ഉണ്ട്

കൊയ്ത്ത്, മെതി എന്നിവയ്ക്ക് പതവും കൂലിയും നൽകി വരുന്നു സ്ത്രീ തൊഴിലാളികൾക്ക് കൊടുക്കുകയാണ് പതിവ്. അതുകൊണ്ടുതന്നെ കൃത്യമായ കൂലി നിരക്ക് ലഭ്യമല്ല.വയൽ നികത്തികുനിയ്ക്കിയതും മറ്റും കാരണം ഈ രംഗത്ത് ജോലി കുറവാണ്.

കാർഷികോപകരണങ്ങൾ

പഞ്ചായത്തിലെ കർഷകർ ഇന്നും സ്വീകരിച്ചുവരുന്നത് പഴയരീതിയിലുള്ള കാർഷികോപകരണങ്ങളാണ്. പടന്ന, കൈക്കോട്ട്, കൊടുവാൾ,

അരിവാൾ, കലപ്പയും നുകവും ചെരിപ്പുപലക, ഏണി മുതലായവയാണ് പ്രധാന ആയുധങ്ങൾ. ഒരു കാലത്ത് വ്യാപകമായി ഉപയോഗിച്ചിരുന്ന ഏത്തം, കട്ടക്കോൽ എന്നിവ ഇന്ന് പ്രയോഗത്തിലില്ല.

നമ്മുടെ പഞ്ചായത്തിലെ കർഷകർ ശാസ്ത്രീയമായ കൃഷിരീതിയെ അവലംബിക്കുന്നതിൽ വിമുഖത കാണിക്കുന്നുവെന്ന് മുമ്പ് സൂചിപ്പിച്ചിട്ടുണ്ടല്ലൊ. നടപ്പുപദ്ധതിക്കാലത്ത് പഞ്ചായത്തിലെ കർഷകർ കൃഷിഭവൻ മുഖേന കൈപ്പറ്റിയ ഉപകരണങ്ങളുടെ കണക്ക് ഈ വസ്തുത വ്യക്തമാക്കുന്നു. കൃഷിഭവൻ മുഖേന വിതരണം നടത്തിയ കാർഷീകോപകരണങ്ങളുടെ പട്ടിക താഴെ കൊടുക്കുന്നു.

കാർഷീകോപകരണങ്ങൾ (കൃഷിഭവനിൽ നിന്ന് കൈപ്പറ്റിയവ)

പട്ടിക 13

ഉഴവുപകരണങ്ങൾ	
മരുന്നു തളി-ഉപകരണങ്ങൾ	
ട്രാക്ടർ	
ട്രില്ലർ	
നാടൻ കലപ്പ	1
റോക്ക് സ്പെയർ	33
നാപ് സ്റ്റാക്ക്സ് പ്രെയർ	3
മറ്റുള്ളവ	
മെതിയന്ത്രം	
തെങ്ങു കയറ്റ യന്ത്രം	2
പോർട്ടബിൾ പമ്പുസെറ്റ്	11

(അവലംബം: കൃഷിഭവൻ രേഖ)

സാമൂഹ്യ ക്ഷേമ വകുപ്പ് ബ്ലോക്ക് തലത്തിൽ 38 പമ്പ് സെറ്റുകൾ കായക്കൊടി ഗ്രാമ പഞ്ചായത്തിലെ വിവിധ വാർഡുകളിൽ വിതരണം ചെയ്തിട്ടുണ്ട്.

കാർഷിക മേഖലയിൽ നഷ്ടപ്പെട്ടതും സാദ്ധ്യമാകേണ്ടതുമായ കൂട്ടായ്മ

നമ്മുടെ പഞ്ചായത്തിലെ കൃഷിസ്ഥലങ്ങൾ പണ്ട് കാർഷികരംഗത്ത് പ്രവർത്തിക്കുന്നവരുടെ ഉത്സവപ്പറമ്പുകളായിരുന്നു. കർഷകരുടെയും കർഷകത്തൊഴിലാളികളുടെയും ഒത്തൊരുമ പല കാർഷിക മേഖലകളിലും പ്രകടമായിരുന്നു. പാടങ്ങളിൽ നെൽകൃഷി കഴിഞ്ഞാൽ പച്ചക്കറി കൃഷി ചെയ്യാനും മറ്റും കർഷകർ തങ്ങളുടെ കൃഷിസ്ഥലങ്ങൾ ദരിദ്രജനവിഭാഗത്തിന് വിട്ടുകൊടുത്തിരുന്നു. ഈ കൃഷിയിനങ്ങളെ പരിചരിക്കാനും മറ്റും കാലത്തും വൈകിട്ടും സംഘങ്ങളായി വന്നെത്തുമായിരുന്ന സ്ത്രീ പുരുഷന്മാരും കുട്ടികളും കൃഷിസ്ഥലങ്ങൾക്ക് ഉത്സവപ്പറമ്പിന്റെ പ്രതീതി ജനിപ്പിച്ചിരുന്നു. വിളവെടുപ്പ് കഴിഞ്ഞാൽ കൃഷിചെയ്യാത്ത തന്റെ അയൽവാസികൾക്കും, സുഹൃത്തുക്കൾക്കും കൊടുത്തയക്കുന്നതിലും അവർ സംതൃപ്തികണ്ടെത്തിയിരുന്നു. നെൽകൃഷി കുറഞ്ഞു വരുന്നതിനനുരിച്ച് മെതിക്കുവാനള്ള കളപ്പുര എന്നിവയും ഇല്ലാതാവുകയാണ്. നെല്ല് കൊയ്തതിനുശേഷം നിർദ്ധനരായവർ 'താപ്പിടി' പെറുക്കി പുത്തരി കഴിക്കാനുള്ള നെല്ല് സംഭരിക്കുന്നത് ഇന്ന് ഓർമമാത്രമായി മാറിയിരിക്കുന്നു. പണ്ടുകാലത്ത് വടക്കുകിഴക്കൻ മലയോരപ്രദേശങ്ങളിലേക്ക് അരിയും പാത്രങ്ങളുമായി തൊഴിലാളികളും, കൃഷിക്കാരും കൂട്ടം കൂട്ടമായി പോവുക പതിവായിരുന്നു. കർഷക കുടുംബങ്ങളിൽ കുടുംബാഗങ്ങൾ ഒത്തുചേർന്ന് ചൂടിപിരിക്കുകയും മറ്റും ചെയ്യാറുണ്ടായിരുന്നു. തേങ്ങ വെട്ടി ഉണക്കി കൊപ്രയാക്കുന്നതും പുകക്കൂടുകളിൽ തേങ്ങ ഉണ്ട (ബോദ്ധ) യാക്കുന്നതും കൂട്ടായ്മയിലൂടെയായിരുന്നു. പണ്ടുകാലങ്ങളിൽ വെള്ളരിയും മറ്റു പച്ചക്കറികളും കൃഷിചെയ്യുന്ന സ്ഥലങ്ങളിൽ പന്തൽ കെട്ടി രാത്രികാലങ്ങളിൽ കാവലിരിക്കുക പതിവായിരുന്നു. കുരുമുളക് മെതിക്കുന്നിതിലും ഈ കൂട്ടായ്മ ദൃശ്യമായിരുന്നു. കൃഷിസ്ഥലങ്ങളിലേക്ക് വെള്ളം തിരിച്ചു വിടുന്നതിൽ പോലും കർഷകർ ഒത്തൊരുമ കാണിച്ചിരുന്നു. ചുരുക്കത്തിൽ കാർഷിക ചരിത്രം കൂട്ടായ്മയുടെ പര്യായമായിരുന്നു

നമ്മുടെ ഗ്രാമതലത്തിൽ നഷ്ടപ്പെട്ടുപോയെ കൂട്ടായ്മയുടെ അന്തരീക്ഷം പുനർസൃഷ്ടിക്കേണ്ടിയിരിക്കുന്നു. നമ്മുടെ പഞ്ചായത്തിൽ കൃഷിയോഗ്യമായ ഭൂമിയുടെ വിസ്തീർണം നാൾക്കുനാൾ കുറഞ്ഞുകൊണ്ടിരിക്കുന്നു. ഉള്ള കൃഷിയിടങ്ങളിൽ ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിച്ചാൽ മാത്രമെ പഞ്ചായത്തിലെ മുഴുവൻ ജനവിഭാഗങ്ങളുടെയും ഭക്ഷണ കാര്യത്തിലുള്ള സ്വയം പര്യാപ്തത കൈവരുത്താനും നിലനിർത്താനും കഴിയുകയുള്ളൂ. പഞ്ചായത്തിൽ ദരിദ്രജന വിഭാഗങ്ങൾ ഏറെയാണ്. ഇവരെ സംഘടിതമായി കൃഷിചെയ്യിപ്പിക്കാൻ പഞ്ചായത്തിൽ സാദ്ധ്യത ഏറെയാണ്. പുറമ്പോക്കുകളും തരിശുഭൂമികളുമായി കിടക്കുന്ന സ്ഥലങ്ങളിൽ കൂട്ടായി കൃഷി ഇരക്കുന്ന രീതി നാം അവലംബിക്കേണ്ടിയിരിക്കുന്നു. നമ്മുടെ പഞ്ചായ

ത്തിലെ ഏറ്റവും ഫലഭൂയിഷ്ടമായ കുറ്റ്യാടി ചെറുപുഴയുടെ ഇരുകരകളും തരിശായി കിടക്കുകയാണ്.

പുറമ്പോക്ക് സംബന്ധിച്ച വിവരങ്ങൾ പട്ടിക 14

(ഭൂമിയുടെ വിസ്തീർണം ഏക്കറിൽ)

പുരയിടം	6373.57
നിലം	275.44
പുറമ്പോക്ക് (പഞ്ചായത്ത് റനവ്യൂ)	237.33
തിരശ്	100.10
ആകെ	6986.44

*(കുറ്റ്യാടി ചെറുപുഴയുടെ ഇരുകരകളിലുമുള്ള പുറമ്പോക്കുഭൂമിയായ 4.97 ഏക്കർ ഉൾപ്പെടുന്നതാണ് ആകെ പുറമ്പോക്ക് ഭൂമി)

കാർഷിക രംഗത്തെ കൂട്ടായ്മ നില നിർത്താൻ ബോധപൂർവം ശ്രമിക്കേണ്ടിയിരിക്കുന്നു. ഇതിനുവേണ്ടി ഓരോ കാർഷികമേഖലയിലും പഞ്ചായത്ത് തല സമിതികൾക്ക് രൂപം കൊടുക്കണം. ആവശ്യമായ വികസനസമിതികൾ പട്ടിക 15 ൽ അന്യത്ര ചേർത്തിരിക്കുന്നു.

വികസന സമിതികൾ

പട്ടിക 15

ക്രമനമ്പർ പഞ്ചായത്ത് തല കാർഷിക വികസന സമിതികൾ

1 കേരകൃഷി (നിലവിലുള്ളത്)

2 കുരുമുളക് (നിലവിലില്ല)

3 കവുങ്ങ് കൃഷി "

4 പച്ചക്കറി കൃഷി "

5 നെൽക്കൃഷി/പാടശേഖര സമിതി "

6 മണ്ണ്, ജലസംരക്ഷണം "

7 വനസംരക്ഷണം

വളം

സാങ്കേതിക സൗകര്യങ്ങൾ ചൂഷണം ചെയ്യുന്നതിൽ നമുക്കുള്ള അപര്യാപ്തതയോ ആണ് പല കാർഷിക വിളകളുടെയും ഉല്പാദന ക്ഷമത കുറയാനുള്ള മുഖ്യകാരണം. വളം ഉപയോഗിക്കുമ്പോൾ സ്വീകരിക്കേണ്ട മുൻകരുതലുകളോ ശാസ്ത്രീയ രീതിയോ നാം സ്വീകരിക്കാറില്ല. മുൻകാലങ്ങളിൽ ജൈവ വളങ്ങൾ മാത്രമെ കൃഷിക്കാർ ഉപയോഗിച്ചിരുന്നുള്ളു ചാണകം, വെണ്ണീർ, തൂപ്പ് എന്നീ ജൈവ വളങ്ങളെയാണ് കൃഷിക്കാർ പ്രധാനമായും ആശ്രയിച്ചത്. കാലക്രമത്തിൽ രാസവളങ്ങൾ അതിന്റെ സ്ഥാനമേറ്റെടുത്തു. രാസവളങ്ങളുപയോഗിക്കുന്നതാവട്ടെ ശാസ്ത്രീയമായ രീതിയിലുമല്ല. ഇത് മണ്ണിന്റെ ജൈവ ഘടന തന്നെ നഷ്ടപ്പെടുത്തവാൻ ഇടവരുത്തുന്നു. വളപ്രയോഗത്തിന് മണ്ണു പരിശോധന അത്യാവശ്യമാണ്. ഇതിനുവേണ്ട സൗകര്യം പഞ്ചായത്തിൽ ഉണ്ടാകേണ്ടതാണ്. കന്നുകാലികളെ വളർത്തൽ കുറഞ്ഞതോടെ ലഭ്യമായ ചാണകത്തിന് വില വർദ്ധിച്ചതും പച്ചിലകളുടെ ദൗർലഭ്യവും കർഷകരെ അമിതമായ രാസവളപ്രയോഗത്തിന് നിർബന്ധിതരാക്കി. അനുയോജ്യമായ സ്ഥലങ്ങളിൽ ജൈവ വളം ലഭിക്കുന്നതരത്തിലുള്ള വിവിധ തരം തൂപ്പു മരങ്ങൾ വെച്ചുപിടിപ്പിക്കുകയും ഓരോ വീടിനോടനുബന്ധിച്ചും ഓരോ കമ്പോസ്റ്റ്കുഴി നിർമിക്കുകയും ചെയ്താൽ ഈ പ്രശ്നത്തിന് ഒരു പരിധി വരെയെങ്കിലും പരിഹാരം കണ്ടെത്താൻ കഴിയും. മരുത്, ശീമക്കൊന്ന, പേഴമരം (ആലോം), വെങ്കണ, തോട്ടപ്പയർ എന്നിവ ഉദാഹരണങ്ങളാണ്.

നമ്മുടെ പഞ്ചായത്തിൽ വളങ്ങൾ ലഭ്യമാകുന്നതിനുള്ള സംവിധാനങ്ങളൊന്നുമില്ല. കർഷകർ കൂടുതലും ആശ്രയിക്കുന്നത് കായക്കൊടി സർവീസ് സഹകരണ ബേങ്ക് മുഖേന നടത്തുന്ന രാസവള വിതരണ കേന്ദ്രത്തെയാണ്. പഞ്ചായത്തിലെ രാസവള-കീടനാശിനി വിപണനം സംബന്ധിച്ച വിവരം താഴെ കൊടുക്കുന്നു

പട്ടിക 16

കായക്കൊടി സർവീസ് സഹകരണ ബേങ്ക്

1993-94	
രാസവളം	10083 (കി.ഗ്രാം)
കീടനാശിനി	2.75 ലിറ്റർ
1994-95	
രാസവളം	12535 (കി.ഗ്രാം)
1995-96	
രാസവളം	4371 (കി.ഗ്രാം)

പഞ്ചായത്തിലെ വിപണനകേന്ദ്രങ്ങളെയല്ല ആശ്രയക്കുന്നത് കൃഷിക്കാർ കൂടുതലും എങ്കിലും കായക്കൊടി ടൗൺ മലഞ്ചരക്കു വ്യാപാരം നടക്കുന്ന പഞ്ചായത്തിലെ പ്രധാനപ്പെട്ട ഒരു മേഖലയാണ്. നെടുമണ്ണൂർ, ഇരൂളാമ്മൽ, പള്ളിയറ, പുത്തറ, കരിങ്ങാട്ടുനട എന്നീ സ്ഥലങ്ങളിലെ ചെറു

കിട കച്ചവടക്കാർ മലഞ്ചരക്കിന് മറ്റു സ്ഥലങ്ങളെ അപേക്ഷിച്ച് നല്ല വില കൊടുക്കുന്നതായാണ് അനുഭവസ്ഥരിൽ നിന്നും മനസ്സിലാക്കാൻ കഴിഞ്ഞത്. തേങ്ങ, കുരുമുളക്, കശുവണ്ടി, അടക്ക എന്നിവ വിളയുന്നതിനു മുമ്പേ പാട്ടത്തിന് കൊടുക്കുന്നത് ഇവിടെ സർവ്വസാധാരണമാണ്. തേങ്ങ പറമ്പുകളിൽ നിന്നും മൊത്തത്തിൽ കച്ചവടം ചെയ്തു കൊപ്രയാക്കി വിൽക്കുന്ന നിരവധി നാളികേര കച്ചവടക്കാരം ഇവിടെയുണ്ട്. മാർക്കറ്റിങ്ങ് സൊസൈറ്റികൾ കായക്കൊടി പഞ്ചായത്തിലില്ല.

കൃഷിഭവൻ

നമ്മുടെ പഞ്ചായത്തിൽ കൃഷിഭവൻ സ്ഥാപിതമായത് 1987 ൽ ആണ്. വാടക കെട്ടിടത്തിലാണ് ഇത് പ്രവൃത്തിക്കുന്നത്. ആവശ്യാനുസരണത്തിന് സ്റ്റാഫ് ഇല്ലാത്തത് ഇതിന്റെ പ്രവർത്തനങ്ങൾക്ക് തടസ്സമാവുന്നുണ്ട്. തികച്ചും കാർഷികമേഖലയായ നമ്മുടെ പഞ്ചായത്തിൽ വളരെ പ്രതീക്ഷയോടുകൂടി കർഷകർ ഈ സ്ഥാപനത്തെ ഉറ്റുനോക്കുകയാണ്. കൃഷിഭവൻ മുഖേന നടത്തിവരുന്ന പദ്ധതികൾ പൂർണമായതോതിൽ കർഷകർക്ക് ലഭ്യമാകണമെങ്കിൽ വാർഡ് തലത്തിൽ വിപുലമായ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കേണ്ടതാണ്. നടപ്പു പദ്ധതിക്കാലത്ത് കൃഷിഭവൻ മുഖേന കർഷകർക്ക് ഒട്ടേറെ സഹായങ്ങൾ ചെയ്തിട്ടുണ്ടെങ്കിലും അതിന്റെ പ്രയോജനം എത്രത്തോളം അർഹരായവർക്ക് കിട്ടിയിട്ടുണ്ടെന്നും, അത് എത്രത്തോളം പ്രത്യുല്പാദനപരമായി ഉപയോഗിച്ചിട്ടുണ്ടെന്നുമുള്ള പരിശോധനയ്ക്ക് ഇന്ന് സംവിധാനങ്ങളില്ല. പഞ്ചായത്തിന്റെ കാർഷികമേഖല സംപുഷ്ടമാക്കാൻ വേണ്ടി കൃഷിവകുപ്പ് കൃഷിഭവൻ മുഖേന വീട്ടുവളപ്പിൽ വെച്ചു പിടിപ്പിക്കാവുന്ന നടീൽ വസ്തുക്കൾ കാലാകാലങ്ങളിൽ വിതരണം ചെയ്തുവരുന്നുണ്ട്. ഇതിന്റെ ഏകദേശചിത്രം പട്ടികയിൽനിന്നും മനസ്സിലാക്കാം.

കായക്കൊടി പഞ്ചായത്തിലെ നടീൽ വസ്തു വിതരണം സംബന്ധിച്ച പട്ടിക 1993-94 മുതൽ 1995-96 വരെ.

പട്ടിക 17

ക്രമ നമ്പർ	ഇനം	എണ്ണം 1993-'94	1994-'95	1995-'96
1	തെങ്ങ്	667	260	500
2	കശുമാവ്	160	-	160
3	കുരുമുളക്	4700	5500	9000
4	കവുങ്ങ്	400	100	300
5	വാഴ	2020	-	150
6	ജാതി	80	90	-
7	ഒട്ടുമാവ്	37	71	48
8	ഒട്ടുപ്ലാവ്	5	30	25
9	സപ്പോട്ട	5	25	15
10	നെല്ലി	5	20	10
11	ചാമ്പക്ക	5	-	10
12	കൊടംപുളി	5	-	-
13	ചെറി	5	-	-
14	ഗ്രാംപൂ	-	65	50
15	ചെറുനാരകം	-	20	50
16	ഉറുമാമ്പഴം	-	50	10
17	അരിനെല്ലി	-	-	50

ഇവ കൂടാതെ കാർഷികാവശ്യത്തിന് ജലസേചന സൗകര്യം ഏർപ്പെടുത്തുന്നതിന് കിണർ കുഴിക്കാൻ സാമ്പത്തിക സഹായവും സബ്സിഡി നിരക്കിൽ പമ്പുസെറ്റും നൽകിവരുന്നുണ്ട്. കൃഷിഭവൻ മുഖേന നടപ്പിലാക്കിയ കാർഷിക വികസന പ്രവർത്തനങ്ങളുടെ ചുരുക്കം താഴെ കൊടുക്കുന്നു.

പട്ടിക 18

ഇനങ്ങൾ		1995-96	1996-97	
	കൃഷിക്കാർ (എണ്ണം)	സബ്സിഡി	കൃഷിക്കാർ	സബ്സിഡി
1 കുരുമുളക്	240	9500 രൂപ 672 കി.ഗ്രാം തൂരിൾ 672 കി.ഗ്രാം നിറ്റുകക്ക	14	10,000 രൂപ
2 നാളികേരം	166	177500 രൂപ		
	കിണർ, പമ്പ് സെറ്റ് 2	1 110 കി.ഗ്രാം തൂരിൾ 110 കി.ഗ്രാം നിറ്റുകക്ക 250 കി.ഗ്രാം B.H.C 1000 രൂപ (ഗ്രോക്കർ സപ്പെയർ)		
3 ഇഞ്ചി	11	5250 രൂപ	1	1200 രൂപ
4 കവുങ്ങ്	60	300 രൂപ (തൈ വിതരണം)	-	-
5 കമ്പോസ്റ്റ് കുഴി നിർമാണം	98	2450 രൂപ	-	-
6 മഞ്ഞൾ	11	4825 രൂപ	1	825 രൂപ
7 കശുമാവ്	4	480 രൂപ (160 തൈകൾ)	-	-
8 പച്ചക്കറി (വിദ്യാർഥികളുൾപ്പെടെ)	19	1040 രൂപ (10 സെന്റ് സ്ഥലമുൾപ്പെടെ) 490 പാക്കറ്റുകൾ)	പട്ടിക ജാതി പട്ടിക വർഗം	9 പാക്കറ്റുകൾ
9 ജാതി, ഗ്രാമ്പൂ	3	550 രൂപ	2	150 രൂപ
10 വാഴ	21	6800 രൂപ	-	-
11 തുടിതാശ്വാസം	-	-	125	2664 രൂപ

അവലംബം - കൃഷിഭവൻ രേഖകൾ (പട്ടിക അപൂർണം)

ഭൂരിഭാഗവും ദരിദ്രരും ഇടത്തരക്കാരുമായ കർഷക ജനതയുള്ള കായക്കൊടി പഞ്ചായത്തിലെ കാർഷിക രംഗത്തെ വികസനം കർഷകരുടെ സാമ്പത്തിക സ്വയം പര്യാപ്തതയെ ആശ്രയിച്ചിരിക്കുന്നു. അതുകൊണ്ടുതന്നെ അർഹരായ കർഷകർക്ക് വേണ്ട സന്ദർഭത്തിലും വേണ്ട തോതിലും വായ്പ ലഭ്യമാക്കേണ്ടത് അത്യാവശ്യമാണ്. പഞ്ചായത്തിലെ കർഷകർ ഇന്നാശ്രയിക്കുന്ന ധനകാര്യ സ്ഥാപനങ്ങൾ പ്രധാനമായും കായക്കൊടി സർവ്വീസ് സഹകരണ ബേങ്ക്, വടകരതാലൂക്ക്, ഭൂപണയ ബേങ്ക്, കായക്കൊടി സൗത്ത് മലബാർ ഗ്രാമീണ ബേങ്ക്, കാനറാ ബേങ്ക് തൊട്ടിൽപ്പാലം, ഫെഡറൽ ബേങ്ക് തൊട്ടിൽപ്പാലം, നെടുങ്ങാടി ബേങ്ക് കുറ്റ്യാടി എന്നിവയാണ്. വായ്പാ നടപടിക്രമങ്ങൾ ലളിതമാക്ക ബാങ്കുകൾ വായ്പ അനുവദിക്കേണ്ടതാണ്.

മണ്ണ്, ജലസംരക്ഷണം

മുൻ കാലങ്ങളിൽ വരമ്പുകളിട്ടും അതിർത്തികളിൽ മരങ്ങൾ വെച്ചുപിടിപ്പിച്ചും പറമ്പുകൾ കൊത്തിയിളക്കിയുമാണ് മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾ നടത്തിയിരുന്നത്. ജീവിത ക്രമത്തിലുണ്ടായ പരിവർത്തനങ്ങളും, കൃഷിഭൂമി തുണ്ടു തുണ്ടായി മാറ്റപ്പെട്ടതും, കാർഷിക വൃത്തിയോട് വന്ന വിമുഖതയും മണ്ണ്-ജല സംരക്ഷണ പ്രവർത്തനങ്ങളെ ബാധിച്ചു. കായക്കൊടി പഞ്ചായത്തിനെ കുറ്റ്യാടി ചെറുപുഴ, കായക്കൊടി തോട് മറ്റനവധി ചെറു തോടുകൾ ഇവയുൾപ്പെടുന്ന ഒരു നീർമറി പ്രദേശമാക്കിമാറ്റിയാൽ അതും ഇവിടുത്തെ കാർഷിക വികസന പരിശ്രമങ്ങളെ എല്ലാ അർത്ഥത്തിലും സഹായിക്കും.

മണ്ണ് സംരക്ഷണവുമായി ബന്ധപ്പെട്ട് കായക്കൊടി പഞ്ചായത്തിൽ നടന്നിട്ടുള്ള പ്രവർത്തനങ്ങളെ സംബന്ധിച്ച വിശദ വിവരം പട്ടിക 19 ലഭ്യമാണ്.

മണ്ണ് സംരക്ഷണം

പട്ടിക 19

പദ്ധതിയുടെ പേര്	നീർമറി വികസന പദ്ധതി
പദ്ധതി പ്രദേശവിസ്തീർണം	28 ഹെക്ടർ
പദ്ധതി പ്രദേശത്തെ നീർച്ചാലുകളുടെ നീളം	500 മീറ്റർ
മൊത്തം ഗുണഭോക്താക്കൾ	ഏകദേശം 200 കുടുംബങ്ങൾ
പദ്ധതി ആരംഭിച്ച വർഷം	1991-92
പൂർത്തിയായവർഷം	1996-97 ൽ പൂർത്തിയാകും
സംരക്ഷക്കപ്പെട്ട ഭൂമിയുടെ വിസ്തീർണം	28 ഹെക്ടർ
പ്രയോജനം ലഭിച്ച ഗുണഭോക്താക്കളുടെ എണ്ണം	200 കുടുംബങ്ങൾ
ചെലവായ തുക	ഏകദേശം മുപ്പതിനായിരം

കായക്കൊടി പഞ്ചായത്തിലെ പ്രസ്തുത സ്ഥലത്തെ അടങ്കൽ തുക പ്രത്യേകമായി പറയാൻ പ്രയാസമാണ്

കായക്കൊടി ഗ്രാമ പഞ്ചായത്തിലെ കാർഷിക മേഖലയിലുള്ള പ്രശ്നങ്ങളെ താഴോ പറയും വിധം ചിട്ടപ്പെടുത്താം.

പ്രശ്നങ്ങൾ

1) മണ്ണിന്റെ ഫലപുഷ്ടി കുറവാണ്.

2) ജലസേചനസൗകര്യം വളരെ പരിമിതമാണ്.

3)

4) ഉല്പാദനക്ഷമത കുറഞ്ഞ തെങ്ങുകൾ.

5) നെല്ലിന്റെ ഉല്പാദനം കുറവാണ്.

6) ജൈവ വളത്തിന്റെ ദൗർലഭ്യം.

7) ഉല്പന്നങ്ങൾക്ക് ന്യായമായ വില ലഭിക്കുന്നില്ല.

8) കൂമ്പുചീയൽ രോഗം പഞ്ചായത്തിന്റെ കരിങ്ങാട്, അടക്കോറ മുണ്ടേ്യാട് എന്നീ പ്രദേശങ്ങളിൽ വ്യാപകമായും മറ്റു ഭാഗങ്ങളിൽ അങ്ങിങ്ങായും കാണപ്പെടുന്നു.

9) കുരുമുളക് കർഷകർ ദ്രുതവാട്ട രോഗത്തിന്റെ ഭീഷണി നേരിടുന്നു.

10) പഞ്ചായത്തിലുള്ള ധനകാര്യ സ്ഥാപനത്തിലൂടെ എല്ലാ വർഡിലെ കർഷകർക്കും വായ്പ നൽകിന്നില്ല.

11) ഇടവളകൾ വ്യാപകമായി കൃഷിചെയ്യുന്നില്ല.

12) കൃഷിഭവൻ പ്രവർത്തനം വേണ്ടത്ര അളവിൽ ലഭിക്കുന്നില്ല.

13) കവുങ്ങിന് മഹാളി രോഗം നിലനിൽക്കുന്നു.

14) കൃഷിക്ക് ഉപയുക്തമായ ഭൂമിപോലും തരിശായി ഇടുന്നു.

15) ജലസംരക്ഷണ പരിപാടികൾ ഒന്നും തന്നെയില്ല.

16) മണ്ണു പരിശോധനാ സൗകര്യം ലഭ്യമാകുന്നില്ല.

17) യുവ തലമുറ കാർഷിക രംഗത്തേക്കുവരാൻ മടിക്കുന്നു.

18) കൃഷിക്കാർക്ക് വായ്പകൾ യഥാസമയം ലഭിക്കുന്നില്ല.

19) കാർഷിക വായ്പകൾ ലഭിക്കാൻ ധാരാളം കടമ്പകൾ കടക്കേണ്ടി വരുന്നു.

20) വള ഇൻഷൂറൻസ് സമ്പ്രദാം കാര്യക്ഷമമല്ല.

21) പ്രത്യുല്പാദനശേഷിയുള്ള പച്ചക്കറി വിത്തുകൾ യഥാസമയം ലഭിക്കുന്നില്ല.

22) കനാൽ പുറമ്പോക്കുകൾ തരിശായി കിടക്കുന്നു.

23) വിപണനകേന്ദ്രങ്ങൾ കുറവ്.

24) കനാൽ ജലം നഷ്ടപ്പെടുന്നു.

25) കൃഷിഭൂമിയിൽ എലിശല്യം കൂടുതലാണ്.

26) ആധുനിക കാർഷികോപകരണങ്ങളുടെ ലഭ്യതകുറവ്.

27) കർഷകത്തൊഴിലാളികൾ കുറവാണ്.

28) ത്രിതല കൃഷിരീതി നടപ്പിലാക്കുന്നില്ല.

29) കാർഷികാവശ്യത്തിന് വൈദ്യുതി ലഭ്യമാകുന്നില്ല.

30) കാർഷികമേഖലയിലെ കൂട്ടായ്മ നഷ്ടപ്പെട്ടുപോകുന്നു.

31) മഴക്കാലത്ത് വെള്ളപ്പൊക്കത്താൽ കൃഷിനാശം സംഭവിക്കുന്നു.

32) ജൈവ വളം തയ്യാറാക്കാൻ സാങ്കേതിക സഹായം ലഭ്യമല്ല.

33) 'മരം കൊത്തി' യുടെ ഉപദ്രവം ചില ഭാഗങ്ങളിൽ കണ്ടുവരുന്നു.

34) കർഷകർക്ക് പശുക്കളെ വളർത്താൻ പ്രയാസമനുഭവപ്പെടുന്നു.

35) നല്ലയിനം നടീൽ വസ്തുക്കൾ ലഭ്യമല്ല.

36) മണ്ണു പരിശോധനയുടെ അടിസ്ഥാനത്തിൽ രാസവള പ്രയാഗം നടത്തുന്നില്ല.

37) മണ്ണൊലിപ്പ് രൂക്ഷമാണ്.

38) കൃഷി മുഖ്യ തൊഴിലാക്കിയവരുടെ എണ്ണം വളരെ കുറവാണ്.

39) ചില സ്ഥലങ്ങളിൽ നിർക്കെട്ട് അനുഭവപ്പെടുന്നു.

40) ഉല്പാദനച്ചെലവിലുള്ള വർദ്ധനവ്.

41) ശാസ്ത്രീയ കൃഷിരീതിയിലുള്ള അറിവില്ലായ്മ.

42) പാടങ്ങൾ വിളവെടുപ്പിനുശേഷം തരിശായി ഇടുന്നു.

43) കൊരണക്കടുത്തുള്ള പ്രദേശങ്ങളിൽ കുരങ്ങ്, പന്നി തുടങ്ങിയ വന്യമൃഗ ശല്യം അനുഭവപ്പെടുന്നു.

മേൽ പ്രസ്താവിച്ച ഗൗരവതരമായ പ്രശ്നങ്ങൾ തന്നെയാണ് നമ്മുടെ പഞ്ചായത്തിന്റെ കാർഷിക മേഖലയുടെ പുറകോട്ടടിക്കുണ്ടായ കാരണം. ഗ്രാമതലത്തിൽ ഉയർന്നുവന്ന പ്രശ്നങ്ങൾ സൂക്ഷ്മമായി വിശകലനം ചെയ്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരമായി ചെയ്യേണ്ട പരിഹാര നിർദ്ദേശങ്ങളും സാദ്ധ്യതകളും താഴെ കൊടുക്കുന്നു.

പരിഹാര നിർദ്ദേശങ്ങൾ

കായക്കൊടിയിലെ കർഷകർ അനുഭവിക്കുന്ന ജലസേചന സൗകര്യത്തിന്റെ അപര്യാപ്തത പരിഹരിക്കുന്നതിനായി ഇന്നു ലഭിക്കുന്ന കനാൽ ജലം കാർഷികാവശ്യത്തിന് യഥേഷ്ടം ഉപയോഗിക്കാൻ സംവിധാനം ഉണ്ടാക്കണം. കനാൽ ജലം നാളികേരകൃഷിക്ക് ഉൾപ്പെടെ വിതരണം നടത്തേണ്ടതാണ്. പഞ്ചായത്തിന്റെ മൂന്നാം വാർഡിലെ കർഷകർക്ക് കൃഷഭൂമിയിൽ ജലമെത്തിക്കാൻ വലതുകര മെയിൻ കനാലിൽ നിന്നും കൈക്കനാലുകൾ നിർമിച്ച് ജലം എത്തിക്കാൻ (കരിക്കാടൻ പൊയിൽ പ്രദേശം) സംവിധാനം ഏർപ്പെടുത്തണം. രണ്ടാം വർഡിൽ മെയിൻ കനാലിൽ വെന്നപ്പാലിച്ചികണ്ടി ഭാഗത്തുനിന്നും പൂളക്കണ്ടി ഭാഗത്തേക്കും, ചെല്ലടിച്ചികണ്ടി ഭാഗത്തുനിന്നും പൂളമണക്കരതാഴവരെയും കനാൽ ജലം എത്തിച്ച് കൃഷിക്കുപയുക്തമാക്കാനുള്ള സംവിധാനങ്ങൾ അകഡക്റ്റിന്റെ കാലുകളുമായി ബന്ധിപ്പിച്ച് തടയിണ കെട്ടിയും ജലദൗർലഭ്യം പരിഹരിക്കാവുന്നതാണ്. നാറാണത്തിൽ താഴെനിന്ന് ഓത്യോട്ടു പാലം വരെ ഒഴുകുന്ന തോടിന് ബണ്ടുകൾ നിർമിക്കുകയും പാർശ്വഭിത്തി കെട്ടുകയും ചെയ്താൽ ഇരുവശങ്ങളിലുമുള്ള വയലുകളിൽ മുപ്പുകൃഷി നടത്താൻ സാദ്ധ്യത ഏറെയാണ്. നാറാണത്തിൻ തഴവയലിൽ അനുഭവിക്കുനന് ജലക്ഷാമ പരിഹാരത്തിന്ന് നിലവിലുള്ള കൈക്കനാലിന്റെ നീളം കൂട്ടി കൃഷിസ്ഥലം വരെ എത്തിക്കുക. തലച്ചിറക്കൊല്ല എന്ന പ്രദേശത്ത് ആഴത്തിൽ ഒരു കുളം നിർമിച്ച് വെള്ളം പമ്പ്

ചെയ്ത് ചാലകൾ വഴി കരണ്ടോട് വയലിൽ എത്തിച്ചാൽ നാറാണത്തും താഴ വയിലിന്റെ നെൽ ഉല്പാദനം മൂന്നിരട്ടി വർദ്ധിപ്പിക്കാൻ സാദ്ധ്യതയുണ്ട്. ചങ്ങരംകുളം പ്രദേശത്തെ കാർഷകർ അനുഭവിക്കുന്ന ജലക്ഷാമ പരിഹാരത്തിന് നിലവിലുള്ള കൈക്കനാലിൽ നിന്നും കല്ലുള്ളതിൽ പീടികയ്ക്ക് സമീപം ചാലുകീറി മീത്തലെ പീടിക വഴി ഓവുപാലവുമായി ബന്ധിപ്പിച്ചാൽ കിളിയം വയലിലെ കൃഷിക്ക് കുടിവെള്ള പ്രശ്നവും പരിഹരിക്കാൻ കഴിയും. കായക്കൊടി തോടിന് നിലവിലുള്ള തടയണ കാര്യക്ഷമമാക്കുകയും അതുപോലെത്തന്നെ കീരങ്കൈ താഴെയും മൂരീപ്പാലത്തിനു സമീപവും തോടിന് തടയണ നിർമിച്ചു കഴിഞ്ഞാൽ ചങ്ങരംകുളത്തെ കർഷകർ ഇന്നനുഭവിക്കുന്ന ഒട്ടേറെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കഴിയും.

കോവുക്കുന്നിലെ കൊടുവങ്ങൽ താഴ അകഡക്റ്റിന്റെ ഭാഗത്തുനിന്നും പൈപ്പുമുഖേന വെള്ളം തിരിച്ചുവിട്ടാൽ ഞേണോൽ താഴഭാഗത്തുള്ള വയലിലും സമീപപ്രദേശത്തെ പറമ്പുകളിലും യഥേഷ്ടം കൃഷിചെയ്യാൻ കർഷകർക്ക് സൗകര്യമാണ്. പ്രസ്തുത ദേശത്തെ ഞേണോൽ താഴ ചീർപ്പിനെ പലകയിട്ട് ജലസേചന സൗകര്യം ഉറപ്പുവരുത്തുകയാണെങ്കിൽ ഏഴാം വാർഡിന് ഇത് ഉപയോഗപ്പെടുത്താൻ കഴിയും. മാവിലക്കുന്ന് പ്രദേശത്തെ കനാൽ പരിസരത്ത് കിണർ കുഴിച്ചാൽ വെള്ളം കാർഷികാവശ്യത്തിനും മറ്റു ഗൃഹാവശ്യങ്ങൾക്കും ഉപയോഗിക്കാം. കനാൽ ജലം കടുക്കാന്തറ തോടുവഴി തിരിച്ചു വിട്ടാൽ ആ പ്രദേശത്തെ വരൾച്ചയിൽ നിന്നും രക്ഷിക്കാം. നികന്നുകൊണ്ടിരിക്കുന്ന പൂക്കാട് കൈക്കനാലിന്റെ അറ്റകുറ്റപ്പണി നടത്തി ജലം നഷ്ടപ്പെടുന്നില്ലെന് ഉറപ്പുവരുത്താൻ കഴിയണം. ഇതിനായി കൈക്കനാൽ സംരക്ഷണ സമിതി രൂപീകരിച്ച് പ്രവർത്തനം നടത്തേണ്ടതാണ്. തോടുകളിൽ ബണ്ടുകൾ കെട്ടി മണ്ണിന്റെ ഈർപ്പം നിലനിർത്തുന്നതോടൊപ്പം പൂക്കാട് വയലിൽ കർഷകർക്ക് ജലമെത്തിക്കാനും കഴിയും. പട്ടർകുളങ്ങര തോടിന് ബണ്ട് കെട്ടിയാൽ പുതുതായി 10 ഏക്കറയോളം സ്ഥലം കൃഷിയോഗ്യമാക്കാൻ സാധിക്കും. താഴ്ന്ന പ്രദേസമായതുകൊണ്ട് പട്ടർകുളങ്ങര വയലിൽ മഴക്കാലത്ത് കൃഷിനാശം സംഭവിക്കുക പതിവാണ്. ഇതിന് പരിഹാരമായി പദ്ധതി ആവിഷ്ക്കരിക്കേണ്ടതാണ്. മൂരിപ്പാലം മതൽ മാങ്ങോട്ടുതാഴ വരെയുള്ള തോടിന് ഇരുവശവും കെട്ടി ഉയർത്തിയാൽ വെള്ളപ്പൊക്കവും, മണ്ണൊലിപ്പും തടയാൻ കഴിയും. തൃക്കൈക്കുന്ന് മുതൽ നാവോട്ടുകുന്നിന്റെ വടക്കുഭാഗം വരെയുള്ള തോടിന്റെ ഇരുകരകളും കെട്ടിയാൽ വാണിയങ്കെ വയലുകളെ വെള്ളപ്പൊക്കത്തിൽ നിന്നും രക്ഷിക്കാം കരിങ്ങാട്ടു നടത്തോട്ടിൽ 50 മീറ്റർ ഇടവിട്ട് തടയണ കെട്ടുകയാണെങ്കിൽ ആ പ്രദേശത്തെ കൃഷിക്കാർക്ക് ഒട്ടേറെ നേട്ടങ്ങൾ കൈവരിക്കാം. ഈ പദ്ധതി വിജയിപ്പിക്കുന്നതിന് 1000 പേരുടെ മനുഷ്യാദ്ധ്വാനവും പത്താം വാർഡ് ഗ്രാമസഭ വാഗ്ദാനം ചെയ്തിരിക്കുകയാണ്. നിടമണ്ണൂരിന്റെ കാർഷിക മേഖലയിൽ പുതിയ മാനങ്ങൾ കണ്ടെത്താൻ കഴിയുന്ന മറ്റൊരു പദ്ധതിയാണ് കുറ്റ്യാടി വയലിനടുത്തുള്ള കൊയിലോത്തും താഴെ വി.സി.ബി. കാര്യക്ഷമമാക്കുകയെന്നത്. ഇങ്ങനെ ചെയ്താൽ ഈ പ്രദേശത്തെ കൃഷി സാധ്യതകൾ ഏറെയാണ്.

കായക്കൊടി പഞ്ചായത്തിന്റെ വാർഡുകളിൽ ഒട്ടേറെ തരിശുഭൂമികൾ ഉണ്ടെന്ന വസ്തുത ഗ്രാമസഭ ചർച്ച ചെയ്തിട്ടുണ്ട്. പഞ്ചായത്തിന്റെ കാർഷിക മുഖചരായ തന്നെ മാറ്റാൻ ഉതകുന്ന വിധത്തിലുള്ള സാദ്ധ്യതകളും നമുക്കുണ്ട്. ഏകദേശം അഞ്ച് ഏക്കറയോളം വരുന്ന പുഴയുടെ പുറമ്പോക്ക് കൂടാതെ 74 ഏക്കറയോളം വരുന്ന കനാൽ പുറമ്പോക്കും കാര്യക്ഷമമായി കൃഷിചെയ്യുകയാണെങ്കിൽ ഉല്പാദനരംഗത്ത് ഒരു എടുത്ത് ചാട്ടം തന്നെ നടത്താൻ നമുക്ക് കഴിയും.

പുഴയോര പുറമ്പോക്കുകളിൽ കർഷകരെ കൂട്ടായി സംഘടിപ്പിച്ച് നൂതന കാർഷിക രീതികൾ അവലംബിച്ച് പച്ചക്കിറിക്കൃഷി ചെയ്യുകയാണെങ്കിൽ നമ്മുടെ പഞ്ചായത്തിന്റെ ആവശ്യത്തിലുപരി ഉല്പാദനം നടത്താൻ നമുക്ക് കഴിയും. കൂടുതൽ വരുന്ന ഉല്പന്നങ്ങൾ വിറ്റഴിക്കാനും പഞ്ചായത്ത് തലത്തിൽ ആഴ്ച ചന്തകളോ മറ്റോ കണ്ടെത്തേണ്ടതാണ്. കനാൽ പുറമ്പോക്കുകളിൽ കപ്പ, ചേമ്പ്, ചേന, കാച്ചിൽ തുടങ്ങിയ വിളകൾ കൃഷിചെയ്യിക്കാനാവശ്യമായ സംവിധാനങ്ങളൊരുക്കാൻ പഞ്ചായത്ത് തലത്തിൽ മുൻകൈ എടുക്കണം. കനാലിന്റെ ഭദ്രത ഉറപ്പുവരുത്തുകയും വേണം-മറ്റു പുറമ്പോക്കു സ്ഥലങ്ങളിൽ പ്രദേശവാസികളെ ഉപയോഗപ്പെടുത്തി കൃഷി സാധ്യത വർദ്ധിപ്പിക്കണം. നമ്മുടെ പഞ്ചായത്തിൽ ആസൂത്രിതമായി പച്ചക്കറി കൃഷി നടപ്പിലാക്കാൻ ചിട്ടയായ സംവിധാനങ്ങൾ ഉണ്ടാക്കണം. കഴിയുമെങ്കിൽ ഫണ്ട് ഉപയോഗപ്പെടുത്തി വിത്തും വളവും കൃഷിക്കാർക്ക് നൽകി ഓരോ വീട്ടു വളപ്പിലും ഒരു സെന്റ് സ്ഥലമെങ്കിലും ഇതിനായി മാറ്റാൻ കഴിയണം. ഇവ കാര്യക്ഷമമായി നടപ്പിലാക്കുന്നതിനും പരിശോധിക്കുന്നതിനും ജനകീയ സമിതികൾ വാർഡുതലത്തിൽ ഉണ്ടാക്കണം. വീടുകളിൽ വെർമി കമ്പോസ്റ്റിങ്ങ് പദ്ധതി കൂടി ഉൾപ്പെ

ടുത്തിയാൽ വളക്ഷാമം പരിഹരിക്കാനും കഴിയും.

പാലയാട്ടു പ്രദേശത്തും കുരുവന്തോടിത്താ യിലും തെങ്ങുകൃഷിയെക്കാൽ ആദായകരമായി റബ്ബർ കൃഷി ചെയ്യാൻ സാധിക്കുമെന്നു ഗ്രാമസഭ യിൽ നിർദ്ദേശം ഉയർന്നിരിക്കയാണ്. ഈ പദ്ധതി നടപ്പിലാക്കാൻ നമുക്ക് കഴിയണം.

ആധുനിക കൃഷി സമ്പ്രദായങ്ങളെ കുറി ച്ചുള്ള അജ്ഞതയാണ് കായക്കൊടിയിലെ കർഷ കർ അനുഭവിക്കുന്ന മറ്റൊരു പ്രധാന പ്രശ്നം. അതു കൊണ്ടുതന്നെ കൃഷിഭവൻ മുഖേന ശക്തമായ ബോദവൽക്കരണ പരിപാടികൾക്ക് നേതൃത്വം കൊടുക്കേണ്ടതാണ്. ഇതിനായി താഴെപ്പറയുന്ന പരിപാടികൾ സംഘടിപ്പിക്കാവുന്നതാണ്.

1) കൃഷിഭവൻ നേരിട്ടുത്തന്നെ പ്രധാന കേന്ദ്രങ്ങളിൽ കാർഷിക നേഴ്സറികൾ സ്ഥാപി ക്കുക.

2) വാർഡുതലത്തിൽ മാതൃകാ കൃഷിത്തോ ട്ടങ്ങൾ സംഘടിപ്പിക്കുക.

3) താല്പര്യമുള്ള കർഷകർക്ക് കൃഷി ഗവേ ഷണ കേന്ദ്രങ്ങൾ സന്ദർശിക്കാൻ അവസരമുണ്ടാ ക്കുക.

4) ഓരോ വിളകളിലും മികച്ച പ്രദർഷനം കാഴ്വെക്കുന്ന കൃഷിക്കാർക്ക് വാർഡുതലത്തിൽ പാരിതോഷികങ്ങൾ ഏർപ്പെടുത്തുക.

5) വാർഡുതലത്തിൽ രണ്ടു കൃഷിക്കാരെ തെരഞ്ഞെടുത്ത് പുതിയ കൃഷി രീതികളെപ്പറ്റി യുള്ള പരിശീലനം കൊടുക്കുക.

6) യുവതലമുറയെ കാർഷികരംഗത്തേയ്ക്ക് കൊണ്ടുവരുന്നതിനുള്ള പരിപാടി ആസൂത്രണം ചെയ്യണം.

ജലം, സൂര്യപ്രകാശം, മണ്ണ് ഇവയാണ് കൃഷി യുടെ അടിസ്ഥാന ഘടകങ്ങൾ. ആയതിനാൽ മണ്ണ് പരിശോധന നിർബന്ധമാണ്. നമ്മുടെ കർഷകർക്ക് നിലവിൽ മണ്ണുപരിശോധനാ സൗകര്യില്ലായെന്ന തുകൊണ്ടുതന്നെ ബ്ലോക്കുതലത്തിൽ മണ്ണുപരിശോ ധനാ കേന്ദ്രം കൂടിയേ കഴിയും. ഇതിന് ബ്ലോക്ക് പഞ്ചായത്ത് പദ്ധതികൾ ആവിഷ്ക്കിരിക്കണം. ഈ സൗകര്യമേർപ്പെടുത്തിയാൽ അനുയോജ്യമായ വള ങ്ങൾ വേണ്ട അളവിൽ ചേർക്കാൻ കർഷകനുക ഴിയും.

കാർഷികാവശ്യത്തിനുവേണ്ടിയുള്ള വായ്പ കൾ ലളിത മാക്കുന്നതിന്റെ ഭാഗമായി പണയപ്പെ ടുത്തുന്ന സ്വത്തിന്റെ കൈവശാവകാശ സർട്ടിഫി ക്കറ്റ് വില്ലേജ് ഓഫീസർ സാക്ഷ്യപ്പെടുത്തിയാൽ വായ്പ ലഭിക്കുന്ന സൗകര്യം ഉണ്ടാവണം. ഈ വായ്പ യഥാകാലത്തുതന്നെ ലഭിക്കുകയും വേണം. ഈ രൂപത്തിൽ നടപടിക്രമങ്ങൾ ലഘൂകരിക്കാൻ ഗവൺമെന്റ് തലത്തിൽ തീരുമാനങ്ങളുണ്ടാവണം. കൂടാതെ ബേങ്കുകൾ അമിതമായ പലിശ ഈടാ ക്കുന്നത് അവസാനിപ്പിക്കാൻ നടപടിയുണ്ടാവണം. വായ്പ ലഭിച്ചുകഴിഞ്ഞാൽ അതാത് ആവശ്യ ങ്ങൾക്കുതന്നെ ഉപയോഗിക്കുന്നുണ്ടോ എന്നു പരി ശോധിക്കുന്നതിന് പഞ്ചായത്ത് തലത്തിൽ സംവി ധാനമുണ്ടാവുകയും തുടർപ്രവർത്തനങ്ങൾ വിലയി രുത്തുകയും വേണം.

വനപ്രദേശത്തിനു ചുറ്റുമുള്ള കർഷകരുടെ കാർഷിക വിശ സംരക്ഷിക്കാൻ ചുറ്റും കമ്പിവേലി കെട്ടണമെന്ന 8ാം വാർഡ് ഗ്രാമസഭയിൽ നിർദ്ദേ ശമുണ്ടായത് ഗൗരവമായി പരിഗണിക്കണം.

നമ്മുടെ പഞ്ചായത്തിലെ അവശേഷിക്കുന്ന വയലിൽ ഒരു സെന്റുപോലും നികത്തി കുനിയാ ക്കില്ലെന്ന് നാം പ്രതിജ്ഞയെടുക്കേണ്ടിയിരിക്കുന്നു. ഇത്തരത്തിൽ വയലുകൾ നികത്തി പറമ്പുകളാക്കു ന്നത് തടയാൻ ശക്തമായ നിയമ നടപടികൾ ഉണ്ടാ കണം.

കായക്കൊടി പഞ്ചായത്തിൽ ധാരാളം ചരി വുപ്രദേശങ്ങൾ ഉള്ളതിനാൽ മണ്ണൊലിപ്പിന് കൂടു തൽ സാദ്ധ്യതയുണ്ട്. ഇത്തരം പ്രദേശങ്ങളെ സംര ക്ഷിക്കാൻ പഞ്ചായത്തിനെ നിലവിലുള്ള നീർമറി പദ്ധതിയിൽ ഉൾപ്പെടുത്തി കാർഷിക വികസന പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തണം.

ഔഷധച്ചെടികൾ വെച്ചുപിടിപ്പിക്കാന അനു യോജ്യമായ ചിലപ്രദേശങ്ങൾ നമ്മുടെ പഞ്ചായത്തി ലുണ്ട് നമ്മുടെ കുന്നിൽ ചെരിവുകൾ ഔഷധച്ചെ ടിക്കൃഷിക്ക് യോജിച്ചതാണ്. ഇതിന് പുറമെ ഓരോ വീട്ടിലും ഓരോ ഔഷധച്ചെടി എന്നതോതിൽ കൃഷിചെയ്യാൻ നമുക്ക് കഴിയണം. കവുങ്ങ്കൃഷിക്ക് ഏറ്റവും സാദ്ധ്യതയുള്ള പഞ്ചായത്താണ് നമ്മു ടെത്. എന്നാൽ ഈ കൃഷിയെ ശ്രദ്ധയോടെ പരിച രിക്കുന്ന കൃഷിക്കാർ ഇവിടെ വിരളമാണെന്നു കാണാം. യോജിച്ച വിത്ത് തെരഞ്ഞെടുപ്പോ, വള പ്രയോഗമോ, ജലസേചനമോ ഈ കൃഷിക്ക് കർഷ കർ കൊടുക്കുന്നില്ലെന്നുള്ളത് ഒരു വാസ്തവമാണ്. അതുപോലെതന്നെ ഏറ്റവും പ്രധാനപ്പെട്ടതും കർഷകർ ബോധപൂർവം ഏറ്റെടുത്ത് നടത്തേണ്ട തുമായ കൃഷിയാണ് ഇടവിളകൾ. ഇന്ന് നാം തെങ്ങ്, കവുങ്ങ്, കുരുമുളക്, കശുവണ്ടി തുടങ്ങിയ ദീർഘ കാല വിളകൾ നട്ട് കായിഫലം കാത്തിരിക്കുക

യാണ് പതിവ്. വാസ്തവത്തിൽ ദീർഘകാല വിളകളുടെ ഇടയ്ക്കുതന്നെ ഇടവിളകളായ ചേമ്പ്, ചേന, ഇഞ്ചി, മഞ്ഞൾ, പയർ, കപ്പ തുടങ്ങിയവ കൃഷി ചെയ്ത് കാർഷിക വിളകളുടെ വൈവിദ്ധ്യം നിലനിർത്തേണ്ടതാണ്. സാമൂഹ്യ ആസ്തികളാലും പാർപ്പിടങ്ങളാലും മറ്റും അനുദിനം ചുരുങ്ങിക്കൊണ്ടിരിക്കുന്ന നമ്മുടെ കൃഷിഭൂമിയെ ശാസ്ത്രീയവും നൂതനവുമായ വിള ക്രമത്തിലൂടെ പരമാവധി ചൂഷണം ചെയ്യുക മാത്രമാണ് നമ്മുടെ മുന്നിലുള്ള പോംവഴി.

വനപ്രദേശം കൊണ്ട് സംപുഷ്ടമായ ചുരുക്കം ചില പഞ്ചായത്തുകളിലൊന്നാണ് നമ്മുടേത്. നമ്മുടെ വന സൗന്ദര്യം നിലനർത്തണമെങ്കിലും വടക്കൻ മലനിരകളുടെ പരിസ്ഥിതി സന്തുലിതാവസ്ഥ സ്ഥായിയായി കാത്തു സൂക്ഷിക്കണമെങ്കിലും വനത്തിന്റെ നിബിഡതയും പച്ചപ്പും മറ്റാരാലും നോവിക്കപ്പെട്ടുകൂടാ.

നമ്മുടെ ചുറ്റുപാടുമുള്ള ഭൗതികവും സാമൂഹ്യവുമായ യാഥാർത്ഥ്യങ്ങളെ നാം തിരിച്ചറിയുകയാണ്. ഈ തിരിച്ചറിവിന്റെ അടിസ്ഥാനത്തിൽ നമ്മുടെ കഴിവും നൈപുണ്യവും ഉപയോഗപ്പെടുത്തി പ്രദേശത്തിന്റെ വികസന പ്രക്രിയയ്ക്ക് ആക്കം കൂട്ടുവാൻ കർഷക ജനതയ്ക്ക് കഴിയും. ഇവയെല്ലാം ഒത്തുചേരുമ്പോൾ സമ്പന്നമാകുന്ന കാർഷിക മേഖലയിൽ, ഉല്പാദനക്ഷമതയും വർദ്ധിപ്പിച്ച് കൂടുതൽ ജനപങ്കാളിത്തത്തോടെ മുന്നോട്ട് പോകാനും അറിയാനും പുതിയ സാദ്ധ്യതകളെ ചൂഷണം ചെയ്യാനുമുള്ള താല്പര്യവും ആവേശവും കാർഷികമേഖലയിൽ ഉണ്ടാകണം. നാം കൈവരിക്കാൻ പോകുന്ന വികസനമേഖലയുടെ നേട്ടങ്ങൾ നിലനിൽത്താനും ആ നേട്ടങ്ങൾ ഭാവി തലമുറയ്ക്ക് മാറ്റിവെക്കുവാനും നാം പ്രതിജ്ഞാബദ്ധരായിരിക്കണം. ഈ ലക്ഷ്യം പൂർത്തീകരിക്കുന്നതിൽ കായക്കൊടിയിലെ ഒരു പാട് അനുഭങ്ങൾ ഏറ്റുവാങ്ങിയ കർഷക ജനത തയ്യാറാവും എന്നതിൽ സംശയമില്ല. കർഷകജനതയുടെ ഒരു പുതിയ ചുവടുവെപ്പ് ആരംഭിക്കുകയാണ്. തന്നിൽനിന്ന് തന്റെ ചുറ്റുപാടുകളിലേയ്ക്ക്, സമൂഹത്തിലേയ്ക്ക്, സമ്പന്നതയിലേക്ക് സമൃദ്ധിയിലേക്ക്.



റോഡുകൾ പാലങ്ങൾ

മലയോര പ്രദേശമായ കായക്കൊടി ഗ്രാമ പഞ്ചായത്തിന്റെ ഭൂപ്രകൃതി കുന്നുകളും മലകളും നിറഞ്ഞതാണ്. സ്ഥലത്തിന്റെ നിമ്നോന്നതാവസ്ഥ ഗതാഗത സൊകര്യങ്ങളൊരുക്കുന്നതിന് പ്രധാന തടസ്സമായി നിൽക്കുന്നുണ്ടെന്നുള്ള് ഒരു വസ്തുതയാണ്. ഗതാഗത സൗകര്യങ്ങളുടെ അഭാവം മറ്റ് വികസന സംരംഭങ്ങൾക്കും തടസ്സം നിൽക്കുന്നു. പൂർണ്ണമായും റോഡ് ഗതാഗതത്തെയാണ് നമ്മുടെ പഞ്ചായത്തിലെ ജനങ്ങൾ ആശ്രയിക്കുന്നത്.



താലൂക്കിലെ തന്നെ ഏറ്റവും പഴക്കം ചെന്ന വടകര - തൊട്ടിൽപ്പാലം റോഡ് കായക്കൊടി പഞ്ചായത്തിലെ കരണ്ടോട്, തളീക്കര, ദേവർകോവിൽ പ്രദേശങ്ങളിലൂടെ കടന്നുപോകുന്നു. ഈ റോഡ് മുട്ടുങ്ങൽ പക്രന്തളം റോഡ് എന്ന പേരിൽ അറിയപ്പെടുന്നു. ഇന്ന് ഇത് ഓരോ അഞ്ചു മിനുട്ടിലും ബസ്സ് സർവ്വീസുള്ള തിരക്കേറിയ റോഡായി മാറിക്കഴിഞ്ഞു. കായക്കൊടി പഞ്ചായത്തിലെ ആദ്യം നിർമ്മിക്കപ്പെട്ട റോഡുകളിലൊന്നാണ് ചങ്ങരംകുളത്തിൽ നിന്ന് ഇന്നത്തെ ട്രാൻസ്ഫോർമർ മുക്കിലൂടെ എടത്തിക്കണ്ടി, പളളിപ്പാറവഴി കായക്കൊടിച്ചാലിൽ എത്തിച്ചേരുന്ന റോഡ്. മൊകേരി കോവുക്കുന്ന് കായ്ക്കൊടി മുണ്ടേ്യാട് റോഡ് എന്നിവ.

പട്ടിക 2.

പഞ്ചായത്തിലെ ടാർ ചെയ്ത റോഡുകൾ

നമ്പർ	റോഡ്	ഉടമസ്ഥത	ദൂരംകി.മി	വീതി. മീ.	യാത്രാസൗകര്യങ്ങൾ
1.	മുട്ടുങ്ങൾ പക്രന്താളം റോഡ് (ഓത്യോട്ട് പാലം മുതൽ ദേവർകോവിൽ കപ്പാത്തോടു വരേയും നീലേച്ചുകുന്ന് . കടേക്കച്ചാൽ ഭാഗവും)	P.W.D.	2.3		8 ബസ്സ് സർവ്വീസ്
2.	മൊകേരി കോവുക്കുന്ന് കായക്കൊടി പാലോളി തൊട്ടിൽപ്പാലം റോഡ് (എം. എൽ. എ)	P. W. D	2.7		8 ബസ്സ് ജീപ്പ്
3.	മുറുവച്ചേരിമുക്ക് , ചങ്ങരം കുളം തളീക്കര കായക്കൊടി	P.W.D	3.3		8 ബസ്സ് ജീപ്പ്
4.	തളീക്കര മുരിപ്പാലം ട്രാൻസ്ഫോർമർ മുക്ക് .	പഞ്ചായത്ത്	27.5		ഇല്ല

പഞ്ചായത്തിൽ ഇന്നു കാണുന്ന മിക്ക റോഡുകളുടെയും നിർമാണത്തിൽ രാഷ്ട്രീയ പാർട്ടികളുടെയും ബഹുജന സന്നദ്ധ പ്രവർത്തകരുടെയും പങ്ക് അവഗണിക്കാൻ പറ്റാത്തതാണ്. മറ്റെല്ലാ പരിഗണനകൾക്കും അതീതമായി നാടിന്റെ വികസനം സ്വപ്നം കണ്ടവരായിരുന്നു പഞ്ചായത്തിലെ നമ്മുടെ പൂർവ്വികർ. അവരൊഴുക്കിയ വിയർപ്പിന്റെ ഫലമായി ഇന്ന് പഞ്ചായത്തിലങ്ങോളമിങ്ങോളം ചെറുതും വലുതുമായ അനവധി റോഡുകളുണ്ട്.

നമ്മുടെ രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെ വികസന രംഗത്തെ ആരോഗ്യകരമായ മത്സരങ്ങൾക്കു ദാഹരണമാണ് കായക്കൊടി - എള്ളീക്കാമ്പാറ പാലൊളി റോഡും പാലൊളി തോട്ടിൽപാലം റോഡും. ഈ രണ്ടു റോഡും നമ്മുടെ പഞ്ചായത്തിലെ പ്രബല രാഷ്ട്രീയ പാർട്ടി പ്രവർത്തകർ മുന്നിൽ നിന്ന് പ്രവർത്തിച്ച് പൂർത്തീകരിച്ചതാണ്.

പഞ്ചായത്തിലെ റോഡുകളുടെ സ്വഭാവം സംബന്ധിച്ച പട്ടിക താഴെക്കൊടുക്കുന്നു.

പട്ടിക 1

റോഡിന്റെ സ്വഭാവം	നീളം
കച്ച	100.29 കി.മി
പക്ക	26.00 കി.മി
മെറ്റൽ	2..04 കി.മി.
ടാർ	
പഞ്ചായത്ത്	2 .00 കി.മി.
പി.ഡബ്ല്യുഡി	9.05 കി. മി
മറ്റുള്ളവ	8.00 കി.മി.
ആകെ	148.196 കി.മി.

പഞ്ചായത്തിലെ ടാറിട്ട റോഡുകളിൽ തളീക്കര ട്രാൻസ്ഫോർമുക്ക് ചങ്ങരംകുളം റോഡ്ഒഴികെ മറ്റുള്ളവയിൽ ബസ്സ് സർവ്വീസ് ഉണ്ട്. പഞ്ചായത്തിന്റെ ഹൃദയഭാഗമായ കായക്കൊടിയിലേക്കാദ്യമായി ബസ്സ് സർവ്വീസാരംഭിച്ചത് 1975 ൽ മൊകേരി ചങ്ങരംകുളം കായക്കൊടി ഈ റൂട്ടിലാണ്. ഈ റൂട്ടിൽ ഇപ്പോൾ 3 ബസ്സുകൾ സർവ്വീസ് നടത്തുന്നുണ്ട്. എം. എൽ എ. റോഡായ മൊകേരി - കോവുക്കുന്ന് കായക്കൊടി റോഡിലൂടെ ആദ്യമായി 1995 ലാണ് ബസ്സ് സർവ്വീസ് ആരംഭിക്കുന്നത്. ഇന്ന് K.S.R.T.C യുടെ ഒരു ബസ്സ് ഉൾപ്പെടെ രണ്ട് ബസ്സുകൾ സർവ്വീസ് നടത്തുന്നുണ്ട്. മൊകേരി കോവുക്കുന്ന് കായക്കൊടി പാലൊളി തൊട്ടിൽപ്പാലം റോഡ് കായക്കൊടി വരെമാത്രമെ ടാർ ചെയ്തിട്ടുള്ളൂ. ബാക്കി ഭാഗത്തിന്റെ പണി ഊർജ്ജിതമായി നടന്നുകൊണ്ടിരിക്കുന്നു.

പട്ടിക 3 മെറ്റൽ ചെയ്ത ടാർ ചെയ്യാത്ത റോഡുകൾ

NO വാർഡ് റോഡിന്റെ പേര് ദൂരം കി.മി. വീതി. മി. അഭിപ്രായം

1. VI കോവുക്കുന്ന് L.P സ്കൂൾ റോഡ് 0.4 4 -

2. X ചളിയിൽ തോട്. കിഴക്കേ വള്ളിൽ തറ വായനശാല റോഡ് 0.45 8

3. VII ഹൈസ്കൂൾ റോഡ് 0.2 83 -

4. V ചങ്ങരം കുളം ട്രാൻസ്ഫോർമർ മുക്ക് തളീക്കര റോഡിന്റെ ട്രാൻസ്ഫോർമുക്ക് മുതൽ നടുവിലക്കണ്ടി വരെ. 4

5. VII മൊകേരി - കോവുക്കുന്ന് - പാലൊളി എം. എൽ. എ റോഡിൽ കായക്കൊടി മുതൽ മഞ്ചക്കൽ വരെ 1. 8

പട്ടിക - 4 പ്രധാനപ്പെട്ട റോഡുകൾ

1. കാരേക്കുന്ന് മുക്ക്- പള്ളിയറ- നിടുമണ്ണൂർ- കൈതക്കൊല്ലി- പുത്തറ റോഡ് (7 ാം വാർഡിൽ തുടങ്ങി 10 ാം വാർഡിൽ അവസാനിക്കുന്നു)

(നരിപ്പറ്റ പഞ്ചായത്തിലെ കൈവേലി അങ്ങാടിയിയേയും, കായക്കൊടി പഞ്ചായത്തിനേയും തമ്മിൽ ബന്ധിപ്പിക്കുന്നു.)

2. ഞേണോൽതാഴെ - വെങ്കല്ലുള്ളതറ- മീത്തൽ വയൽ റോഡ് (വാർഡ് VI) കുന്നുമ്മൽ പഞ്ചായത്തിനേയും കായക്കൊടി പഞ്ചായത്തിനേയും ബന്ധിപ്പിക്കുന്നു.

3. തുടങ്ങിയുള്ള തറ - ചേറ്റുപൊയിൽ പടിച്ചിൽ മുണ്ടേ്യാട് കോളിത്തെറ്റ് റോഡ് (വാർഡ് VII ൽ നിന്നും VIII ാം വാർഡുവഴി കാവിലും പാറ പഞ്ചായത്തിലേക്കു പോകുന്നു.

4. വണ്ണാത്തിപൊയിൽ ഈന്തുള്ള തറ ഇരൂളാൻ പള്ളിയറ റോഡ് വാർഡ് 10 ൽ നിന്നു തുടങ്ങി കാവിലും പാറ പഞ്ചായത്തിലേക്കു പോകുന്നു.

5. മീത്തൽവയൽ - വെങ്കല്ലുള്ളതറ മൊകേരി കോളേജ് റോഡ് വാർഡ് 6 -ൽ നിന്നും തുടങ്ങി കുന്നുമ്മൽ പഞ്ചായത്തിലേക്ക് പോകുന്നു.

6. കരിക്കാടൻ പൊയിൽ - ദേവർകോവിൽ - പൂക്കാട് - പുന്നത്തോട്ടം റോഡ് ഈ റോഡ് കായ

ക്കൊടി, മരുതോങ്കര, കാവിലും പാറ പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്നു.

7. ട്രാൻസ്ഫോർമർമുക്ക് കിളിയൻ വയൽ നരിക്കൂട്ടും ചാൽ റോഡ് വാർഡ് 4 ൽതുടങ്ങി കുറ്റ്യാടി പഞ്ചായത്തിലേക്ക് പോകുന്നു.

മേൽ പട്ടികയിൽ കൊടുത്തിട്ടുള്ള ആദ്യത്തെ ആറ് റോഡുകൾ മലമ്പ്രദേശങ്ങളെ ടൗണുകളുമായും പഞ്ചായത്തിലേയും പുറത്തുമുള്ള വിപണനകേന്ദ്രങ്ങളുമായും ബന്ധപ്പെടുത്താൻ സഹായിക്കുന്നവയാണ്. ജനസാന്ദ്രതകുറഞ്ഞ മലമ്പ്രദേശങ്ങൾ റോഡുകൾ ഗതാഗത യോഗ്യമായാൽ ആവാസയോഗ്യമാവുകയും ഈ പ്രദേശങ്ങളിലെ കാർഷിക സാമ്പത്തിക രംഗം മെച്ചപ്പെടുകയും ചെയ്യുന്നതാണ്. ഏഴമത്തെ റോഡ് പഞ്ചായത്തിനെ കുറ്റ്യാടി ആശുപത്രിയുമായി നേരിട്ടു ബന്ധിപ്പിക്കുന്നു.

കായക്കൊടി പഞ്ചായത്തിൽ റോഡുകൾ എണ്ണത്തിലും നീളത്തിലും കൂടുതലുണ്ടെങ്കിലും അതിനനുസരിച്ച ഗുണനിലവാരമോ ഉപയുക്തതയോ ഇല്ല. ഇത് പൊതുവിൽ പഞ്ചായത്തിന്റെ വികസനത്തിന് വിലങ്ങുതടിയായി തീരുന്നു.

പഞ്ചായത്തിലെ റോഡുകളെ പൊതുവെ മലയോരങ്ങളിലൂടെയുള്ള പാതകളെന്നും താഴ്വരകളിലൂടെയുള്ള പാതകളെന്നും രണ്ടായി തരം തിരിക്കാം. മലയോര പാതകളെ പൊതുവിൽ ബാധിക്കുന്ന പ്രശ്നങ്ങൾ താഴെ പറയുന്നു.

1. മണ്ണൊലിപ്പ് :- മലമ്പ്രദേശങ്ങളിൽ വെള്ളം കുത്തിയൊലിച്ച് റോഡിലെ മണ്ണു മുഴുവൻ ഒഴുകി പോവുകയും തൽസ്ഥാനത്ത് വലിയ കുഴികളും ചാലുകളും ഉണ്ടായി റോഡ് ഗതാഗത യോഗ്യമല്ലാതാവുകയും ചെയ്യുന്നു.

2. കയറ്റം:- കുന്നിൻ പ്രദേശങ്ങളായതുകൊണ്ടു തന്നെ ഓരോ റോഡിലും വലിയ വലിയ കയറ്റങ്ങൾ ഉണ്ടാവുകയും അത് വാഹനഗതാഗതത്തിന് തടസ്സം നിൽക്കുന്നതോടൊപ്പം കൂടുതൽ മനുഷ്യാധ്വാനം ആവശ്യമായി വരികയും ചെയ്യുന്നു.

3. ചെലവു കൂടുതൽ :- കയറ്റങ്ങളും ഇറക്കങ്ങളും കൂടുതലായതുകൊണ്ടും മറ്റും ധാരാളം മനുഷ്യ പ്രയ്ത്നം ആവശ്യമാവുകയും ചെലവ് കൂടുകയും ചെയ്യുന്നു. മണ്ണൊലിപ്പും മറ്റും സ്ഥിതി കൂടുതൽ ദു:സ്സഹമാക്കുന്നു.

4. വളവുകൾ :- മലയോര റോഡുകളുടെ ഒരു പ്രത്യേകത അതിന്റെ വളവുകൾ തന്നെയാണ്. ഇത് റോഡിന്റെ നീളം കൂട്ടുകയും ചെയ്യുന്നു. മലയോര പ്രദേശ റോഡുകൾക്ക് സാധാരണ ഗതിയിൽ ഓവുചാൽ സൗകര്യം വളരെ പരിമിതമായിരിക്കും

5. മണ്ണിടിയൽ :- മഴക്കാലത്ത് ഇത്തരം റോടുകൾ മണ്ണിടിച്ചിൽ ഭീഷണി നേരിടുന്ന് സർവ്വസാധാരണമാണ്.

താഴ്വരകളിലൂടെ പോകുന്ന റോഡുകളുടെ പ്രശ്നങ്ങൾ

1. റോഡുകൾ മണ്ണിട്ടുയർത്തി സൈഡ് കെട്ടേണ്ടിവരും

2. ചെളിയും വെള്ളവും കെട്ടിനിൽക്കൽ ഒരു നിത്യസംഭവമായിരിക്കും.

3. ഓവുചാൽ, കൽവെട്ട്. എന്നിവ നിർബന്ധമായി വരും.

4. കാൽനടയാത്ര ബുദ്ധിമുട്ടുള്ളതാകുന്നു.

5. പുഴക്ക് ഗതാഗത യോഗ്യമായ പാലം വേണ്ടിവരും

(ദേവർ കോവിൽ പുഴ) 1. പ്രശ്നങ്ങൾ താഴെ കൊടുക്കുന്നു.

പഞ്ചായത്തിൽ നിലനിൽക്കുന്ന വാർഡ്തല ഗതാഗത പ്രശ്നങ്ങൾ താഴെ കൊടുക്കുന്നു

1 സൈഡ് കെട്ട് തുടങ്ങി അറ്റകുറ്റ പണികൾ നടത്തേണ്ടതായ 50 റോഡുകൾ നിലവിലുണ്ടെന്ന് ഗ്രാമ സഭകളിലെ ചർച്ചകൾ വ്യക്തമാക്കുന്നത്. ഇത്തരത്തിലുള്ള റോഡുകൾ കാൽനടയാത്രക്കു പോലും ബുദ്ധിമുട്ടുണ്ടാക്കുന്നു. മഴക്കാലത്ത് വെള്ളം കേറിയും മണ്ണൊലിച്ചും ഇവ ഗതാഗതയോഗ്യമല്ലാതാവുക പതിവാണ്.

പട്ടിക അറ്റ കുറ്റപ്പണിയും സൈഡുകെട്ടുനടത്താനുള്ള ത്

വാർഡ്

I	II	III	IV	V	VI	VII	VIII	IX	X
1	4	5	12	3	2	3	13	6	1

പാലങ്ങൾ, കൾപർട്ട്, നടപ്പാലം - വിവിധ റോഡുകൾക്ക് പാലങ്ങളില്ലാത്തത് ഗതാഗത പ്രശ്നം സൃഷ്ടിക്കുന്നു. ആകെ 18 പാലങ്ങൾ

വേണമെന്ന നിർദ്ദേശങ്ങളാണ് ഗ്രാമ സഭകളി ൽ ഉയർന്നു വന്നത്. അതിൽ രണ്ടെണ്ണം നടപ്പാലമാണ്. ദേവർകോവിൽ നിന്നും ഇത് സംബന്ധിച്ച് വന്ന നിർദ്ധേശം നടപ്പാലം വീതികൂട്ടി ഗതാഗത യോഗ്യ മാക്കാനാണ്

പട്ടിക 6.

വാർഡ്	I	II	III	IV	V	VI	VII	VIII	IX	X	ആകെ
പാലം											
കൾവർട്ട്	-	1	2	-	2	3	1	-	2	2	13
നടപ്പാലം	2	-	2	-	-	-	-	-	-	1	5
							ആകെ				18

3. കോളനികളിലേക്കും ജനസാന്ദ്രതയുള്ള പ്രദേശങ്ങളിലേക്കും പൊതു സ്ഥാപനങ്ങളിലേക്കു മുള്ള റോഡുകളിൽ ആറ് റോഡുകൾ പുന: നിർ മ്മിക്കണമെന്ന് ആവശ്യമുയർന്നു.

വാർഡ്	I	III	IV	V	IX	ആകെ
കോളനി പൊതു സ്ഥാപനം ജനസാന്ദ്രതയുള്ള പ്രദേശം	1	1	1 2	1	1	6

4. മെറ്റൽ ചെയ്തത്. ടാർ ചെയ്യാനുള്ളതും മെറ്റലിലും ടാറിഗും ചെയ്യേണ്ടതുമായ പതിനെട്ട് റോഡുകൾ നമ്മുടെ പഞ്ചായത്തിലുണ്ട്

പട്ടിക 8

വാർഡ്	I	II	III	V	VI	VII	IX	
ആകെ മെറ്റൽ ചെയ്തത് ടാർ ചെയ്യാനുള്ളത്	-	-	-	1	1	1	-	3
മെറലിഗും ടാറിംഗും ചെയ്യാനുള്ളത്.	2	3	1 മെറ്റലിംഗ് 3 ടാറിംഗ്	-	2	3	1	15
							ആകെ	18

5. പുതിയ റോഡുകൾ :- പതിനാലു റോഡു കൾ പുതുതായി നിർമിക്കാൻ ഗ്രാമ സഭകളിൽ നിർദ്ദേശം ഉയർന്നുവന്നു

പട്ടിക. 9

വാർഡ്	I	IV	V	VI	IX	X	ആകെ
പുതിയ റോഡ്	3	3	1	1	2	4	14

6. മനുഷ്യാധ്വാനം വാഗ്ദാനം ചെയ്ത റോഡുകൾ പത്തെണ്ണമാണ്.

പട്ടിക 10

വാർഡ്	1	III	V	VI	VII	IX	X	ആകെ
മനുഷ്യാധ്വാനം വാഗ്ദാനം ചെയ്തത്.	1	3	1	1	1	1	2	10

റോഡ് വികസന പ്രവർത്തനങ്ങൾക്ക് ജനപ ങ്കാളിത്തവും മനുഷ്യാധ്വാനവും ഗ്രാമ സഭകൾ വാഗ്ദാനം ചെയ്തിട്ടുണ്ട്. റോഡു നിർമാണപ്ര വർത്തനങ്ങൾ ഏറ്റെടുക്കാൻ വേണ്ടി വികസന ഫണ്ട് സംഘടിപ്പിക്കാനും വികസന സേന രൂപീക രിക്കാനും ഉള്ള നിർദ്ദേശങ്ങൾ ഗ്രാമ സഭകൾമു ന്നോട്ട് വച്ചിട്ടുണ്ട്.

റോഡ് സംബന്ധിച്ച പ്രശ്നങ്ങൾ

1. ചില വാർഡുകളിൽ വേണ്ടത്ര റോഡുസൗ കര്യങ്ങളില്ല

2. നിലവി ലുള്ള റോഡുകളുടെ നിലവാരം വളരെ മോശമാണ്.

3. പല റോഡുകൾക്കും ഓടകളില്ല

4. മഴക്കാലത്തും വെയിലത്തും കയറി നിൽക്കാൻ ബസ്സ്റ്റോപ്പും ഷൽട്ടറുകളും ഇല്ല.

5. റോഡുകൾക്ക് പൊതുവെ വീതി കുറവ്.

അറ്റ കുറ്റപണി വർഷത്തിൽ നടത്താറില്ല

സാധ്യത

1. എല്ലാ റോഡുകൾക്കും ഓടകൾ നിർമ്മി ക്കാനുള്ള സന്നദ്ധ പ്രവർത്തനം നടത്തണം.

2. ബഹുജന സഹകരണത്തോടെ റോഡു കളുടെ അറ്റകുറ്റപണി നടത്താൻ പരിപാടി ആവി ഷരിക്കണം.

3. പ്രധാന റോഡുകൾ ടാർ ചെയ്യാൻ പദ്ധ തികളാവിഷ്കരിക്കണം.

4. പുതിയ റോഡുണ്ടാക്കാൻ മുൻഗണനാ ക്രമം നിശ്ചയിക്കണം.

5. റോഡു സംരക്ഷണത്തിന് പ്രദേശിക ജന കീയ സമിതികൾ രൂപീകരിച്ച് പ്രവർത്തനം ആരം ഭിക്കണം.

6. നീർകെട്ട് ഒഴിവാക്കാൻ ആവശ്യമുള്ളടത്ത് കൻവർകട്ടുകൾ നിർമ്മിക്കേണ്ടതാണ്.

കായക്കൊടി പഞ്ചായത്തിലെ റോഡുകൾ

വാർഡ് 1

1. മുട്ടുനട - കനാൽ റോഡ്

2. മുട്ടുനട - കാഞ്ഞിരത്തിൻകീഴിൽ റോഡ്

3. ദേവർ കോവിൽ കായക്കൊടി. കനാൽ റോഡ്

4. കോയറ്റിക്കണ്ടി മുക്ക് പുളക്കണ്ടി കാഞ്ഞിരത്തിൻ കീഴിൽ മുക്ക് റോഡ്

വാർഡ് II

1. കുടക്കൽ താഴ-കനാൽ മുക്ക് റോഡ്

2. കാഞ്ഞിരത്തിൻ കീഴിൽ - പാറക്കുടുമ്പിൽ റോഡ്

3. പടിഞ്ഞാറെ വീട്ടിൽ താഴെ - തറവട്ടത്ത്താഴെ റോഡ്

4. മുക്കിൽ പീടിക - ചെറുകുന്ന് റോഡ്

5. ചെറുവേരിതാഴ കനാൽ - മുക്ക് റോഡ്

6. ദേവർ കോവിൽ പള്ളി മുക്ക് റോഡ്

വാർഡ് III

1. ദേവർകോവിൽ - കരിക്കാടൻ പൊയിൽ റോഡ്

2. കുറ്റ്യാടി - തൊട്ടിൽപ്പാലം ബദൽ റോഡ്

പൈക്കാട്ടുമ്മൽ താഴെ പാലം പണി കഴിഞ്ഞു. അപ്രോച്ച് റോഡ് മണ്ണിട്ടു നികത്തേണ്ടതുണ്ട്.

3. ഉരുണ്ടോടി മീത്തൽ കരുവനാണ്ടിത്താഴതോട് റോഡ്

4. ഇല്ലത്തു താഴെ - കൊല്ലറോത്ത് മുക്ക്റോഡ്

5. പുളിയുള്ളതിൽ മുക്ക് കരാളം പൊയിൽ മുക്ക് റോഡ്

6. ദേവർകോവിൽ അമ്പലം - പുഴറോഡ്

7. തളീക്കര - നടോൽ ക്ഷേത്രം റോഡ്

8. തളീക്കര - കുളിക്കടവ് റോഡ്

9. തളിക്കര - തോട്ടത്തിൽ താഴ റോഡ്

10. മുക്കിൽ പീടിക - പാറയുള്ള കടവ് റോഡ്

വാർഡ് IV

1. കുളങ്ങരത്താഴ - പടുവിലേരി മുക്ക് റോഡ്

2. കരണ്ടോട് സ്രാമ്പി - ഓത്തിയോട്ട് റോഡ്

3. നരിക്കൂട്ടും ചാൽ - കല്ലിക്കുനി റോഡ്

4. റേഷൻ പീടിക - തൂണേരികണ്ടി റോഡ്

5. തങ്കേക്കണ്ടി - വാട്ടർ ടേങ്ക് - ക്ഷേത്രം ചാലിലക്കണ്ടി റോഡ്

6. മാവുള്ളപറമ്പത്ത് - കുനിക്കണ്ടി റോഡ്

7. താഴെ ചീളി - കുളങ്ങരത്തുതാഴെ റോഡ്

8. തങ്കേക്കണ്ടി - പുള്ളിനോട്ട് റോഡ്

9. നിലേച്ചു കുന്ന കല്ലുള്ളകണ്ടി റോഡ്

10. കരുവാന്റെ പറമ്പത്ത് - കുനിയിൽ റോഡ്

11. നീലേച്ചുകുന്ന് - ലക്ഷം വീട് റോഡ്

വാർഡ് - V

1. മുറുവച്ചേരി - ചങ്ങരംകുളം വഴി കായക്കൊടിക്കു പോകുന്ന ടാർ ചെയ്ത റോഡ്

2. ട്രാൻസ്ഫോർമർ മുക്ക് - തളീക്കര പഞ്ചായത്ത് റോഡ്

3. മലയന്റെ കണ്ടിമുക്ക് - നാറാണത്ത് താഴെ റോഡ്.

4. പടുവിലേരി മുക്ക് - ജാതിയൂർ ക്ഷേത്രം റോഡ്

5. നടുവിലക്കണ്ടി - നാവോട്ടു കുന്ന് മുക്ക് റോഡ്

വാർഡ് VI

1. എം. എൽ. എ. റോഡ് - കോവുക്കുന്ന് L . P സ്കൂൾ റോഡ്

2. മീത്തലെ വയൽ - വെങ്കല്ലുള്ളതറ - ഞേണോൽ റോഡ്

3. ചക്കരത്തോട് - ഈച്ചക്കുന്ന് റോഡ്

4. ചെക്കിയാട് - പാതിരപ്പറ്റ റോഡ്.

5. കുറ്റിയിൽ പറമ്പ് - ചങ്ങരംകുളം റോഡ്

6. കോയിററിക്കണ്ടി - മഠത്തുംതറ റോഡ്

7. എം.എൽ.എ റോഡ് മുണ്ടോളി പാറ-കെനാൽ റോഡ്

വാർഡ് VII

1. കായക്കൊടി അങ്ങാടി - ഹെൽത്ത് സെന്റർ ചൂർക്കുഴി റോഡ്

2. കായക്കൊടി അങ്ങാടി - ബേങ്ക് വഴി പരപ്പ് റോഡ്

3. കായക്കൊടി അങ്ങാടി . ഇടക്കണ്ടിത്താഴെ റോഡ്

4. എം. എൽ. എ. റോഡ് - മണങ്ങാട്ട് പൊയിൽ റോഡ്

5. യു. പി. സ്കൂൾ - പരപ്പ് വലിയപൊയിൽ റോഡ്

6. ഹെൽത്ത് സെന്റർ - വലിയപൊയിൽ റോഡ്

7. കായക്കൊടി അങ്ങാടി - പള്ളി റോഡ്

8. പീടികക്കണ്ടിത്താഴ- കുറുവന്തോടിത്തറ വലിയ പൊയിൽ റോഡ്

9. ഉണ്ണിക്കണ്ടിത്താഴ - കരയത്താം പൊയിൽ റോഡ്

10. കുറുങ്ങോട്ടുകുന്നുമ്മൽ - ഒതേനാണ്ടി റോഡ്

11. എം.എൽ.എ. റോഡ് - ഹൈസ്കൂൾ റോഡ്

12. കാരേക്കുന്ന് മുക്ക് - ഹൈസ്കൂൾ റോഡ്

വാർഡ് VIII

1. പൂക്കാട് - കരിമ്പാലക്കണ്ടി - പുന്നത്തോട്ടം റോഡ്

2. പൂക്കാട് - പുന്നത്തോട്ടം റോഡ്

3. വാളക്കയം - പുന്നത്തോട്ടം റോഡ്

4. ദേവർകോവിൽ - പുന്നത്തോട്ടം - എം.എൽ.എ റോഡ്

5. എള്ളീക്കാമ്പാറ - പലോളി റോഡ്

6. എള്ളീക്കാമ്പാറ - പാലോളി- മുണ്ടേ്യാടി റോഡ്

7. പുന്നത്തോട്ടം - പാലോളി റോഡ്

8. ചൊത്തക്കൊല്ലി - പാലോളി - താഴെ മുണ്ടേ്യാട് റോഡ്

9. നെല്ലീലായി - പരപ്പുമ്മൽ - കായക്കൊടി സ്കൂൾ റോഡ്

10. ചുണ്ടക്കാട് - ചേറ്റുപൊയിൽ റോഡ്

11. ചൊത്തക്കൊല്ലി - പാലോളി റോഡ്

വാർഡ് IX

1. മാണിക്കോത്ത് താഴെ - ജാതിയൂർ റോഡ്

2. നാവോട്ടുകുന്ന്-ഹരിജൻ കോളനി റോഡ്

3. പട്ടർകുളങ്ങര - മൂരിപ്പാലം റോഡ്

4. മുട്ടുനട - ഇടക്കണ്ടി ത്താഴ റോഡ്

5. പട്ടർ കുളങ്ങര - പാറക്കൽ റോഡ്

6. കൂട്ടൂർ - മൂരിപ്പാലം റോഡ്

വാർഡ് X

1. ഏച്ചിൽ കണ്ടി - കട്ടിപ്പാറ റോഡ്

2. കൈവേലി - കരിങ്ങാട്ടുനട - മൂനാം കൈ റോഡ് - ഇതിൽ വണ്ണാത്തി പൊയിൽ മുതൽ കരിങ്ങാട്ടുനട തവരെ PWD ഏറ്റെടുത്തു.

3. വട്ടോളി - പാതിരിപ്പറ്റ - വണ്ണാത്തിപൊയിൽ റോഡ്

PWD ഏറ്റെടുത്തു.

4. ഉണ്ണിക്കണ്ടിതാഴ - പുത്തറ റോഡ്

5. വെങ്കളാട്ടു ചുണ്ട കുമുളുമ്മൽ, കൈതോലച്ചാലിൽ റോഡ് -

6. വെങ്കളാട്ടു ചുണ്ട - വെങ്കല്ലുള്ള തറ റോഡ്

7. ഐക്കൽത്താഴ - കുറുവന്തോടിത്തറ - വലിയപൊയിൽ റോഡ്

8. കളരിപ്പൊയിൽ - ചുണ്ടക്കാട് റോഡ്

9. ഈന്തുള്ളതറ കട്ടിപ്പാറ റോഡ്

10. പള്ളിയറ മുക്ക്- ഈരുളാൻ റോഡ്

11. വെണ്ടേങ്കോട് ചാലിൽ - കരിങ്ങാട്ടുനട റോഡ്

പട്ടിക 11

പൊതു മരാമത്ത് പണി സംബന്ധിച്ച വിവരം

(റോഡ് - നടപ്പാലം)

യഥാർത്ഥ ചെലവ്

പണിയുടെ സ്വഭാവം	എസ്റ്റിമേറ്റ് തുക രൂപ	ഗ്രാന്റ് തുകRs.	പഞ്ചായത്ത് Rsഫണ്ട്	ആകെ
റോഡ്	218000 14	2533.62	75466.38	218000
നടപ്പാലം	33000	-	28042 .00	28042
ആകെ	251000	142533.62	103508.38	246042

(വർക്ക് ബിൽ റജിസ്റ്റർ)

ഏറ്റെടുത്ത JRY പണികൾ സംബന്ധിച്ച വിവരങ്ങൾ

പട്ടിക 12

പണിയുടെ പേര്	എസ്റ്റിമേറ്റ് തുക	നടപ്പിവർഷം
1. മുട്ടുനട - എടലാട്ട്താഴെ ചപ്പുറമ്പത്ത് റോഡിൽ മാത്തു		

	കുന്നിമാറ നടപ്പാലം	20000	19884
2.	കുന്നിയിൽ താഴ നടപ്പാലം (കോയുക്കുന്ന് സ്കൂളിനടുത്ത്)	21800	21516
3.	ട്രാൻസ്ഫോർമർ മുക്ക് വേപ്പാ , നരിക്കുട്ടും ചാൽ	20000	19761
4.	കരണ്ടോട് കുരിക്കൽ മാനുകണ്ടി മുക്ക് റോഡിൽ വയലിൽ മാവുപാലം	1500	14878
5	കരണ്ടോട് വയലിൽ മാവ് പാലം	20000	19859
6.	ഈന്തുള്ളതാ റോഡിൽ കല്ലുള്ളപൊയിൽ താഴ മാവുപാലം	40000	39717
7.	കൊടക്കൽ താഴ കനാൽ മുക്ക് റോഡിൽ കൊടക്കൽ താഴ മാവുപാലം	15000	14927
8.	പുത്തനാ - കൈതക്കൊട്ടി റോഡിൽ പാല്യാട്ടുമുക്കിൽ മാവുപാലം	25000	24870
	(വർക്ക് റജിസ്റ്റർ- ഉ.ആർ.ദേവ)	176800	175442

വരുമാനം കുറഞ്ഞ പഞ്ചായത്താണ് നമ്മുടേത് . റോഡുകളുടെ വികസനം നമ്മുടെ പഞ്ചായത്തിന്റെ വികസനവുമായി പൊതുവിൽ ബന്ധപ്പെട്ടിരിക്കുന്നു. പഞ്ചായത്തിലെ ഒരു പ്രദേശത്തിന്റെ വികസന സാധ്യത വിലയിരുത്തുമ്പോൾ ഗതാഗത സൗകര്യം പ്രധാന്യമർഹിക്കുന്നു. ഗ്രാമതലത്തിൽജനവിഭാഗങ്ങൾ റോഡുകൾ നിർമിക്കുന്നതിൽ കാണിച്ച ആവേശവും താത്പര്യവും പിന്നീട് അവ സംരക്ഷിക്കുന്ന കാര്യത്തിൽ ഉണ്ടാകാതിരുന്നത് റോഡുകളുടെ ഇന്നത്തെ ശോചനീയവസ്ഥക്ക് പ്രധാന കാരണമാണ്. ഈ അവസ്ഥ പരിഹരിക്കാൻ പ്രദേശികാടിസ്ഥാനത്തിൽ വിഭവങ്ങൾ കണ്ടെത്തി റോഡുകൾ നിർമിക്കുകയും സംരക്ഷിക്കുകയും ചെയ്യേണ്ട ചുമതല നാം തന്നെ ഏറ്റെടുക്കേണ്ടിയിരിക്കുന്നു. ഈ രൂപത്തിൽ ഒരു പുതിയ വികസന സംസ്കാരം വളർന്നു വന്നാൽ ഇന്ന് ഈ രംഗത്ത് ചെലവഴിക്കുന്ന ഭീമമായ സംഖ്യ പഞ്ചായത്തിന്റെ ഉത്പാദനമേഖലകളായ കാർഷിക വ്യവസായിക രംഗത്തേക്ക് വഴിതിരിച്ചുവിടാം.

ഊർജ്ജം

ഒരു പ്രദേശത്തിന്റെ വികസനത്തിൽ നിർണ്ണായകമായ പങ്ക് വഹിക്കുന്ന ഘടകങ്ങളിലൊന്നാണ് വൈദ്യുതി. അതുകൊണ്ടാണല്ലോ വൈദ്യുതിയുടെ കണ്ടു പിടുത്തം മാനവരാശിയുടെ പ്രയാണത്തിലെ നാഴിക കല്ലായി കണക്കാക്കുന്നതും. എന്നാൽ വിദ്യുച്ഛക്തിയുടെ കാര്യത്തിൽ നാം ഇന്നും സ്വയം പര്യാപ്തമായിട്ടില്ല. കായകൊടി പഞ്ചായത്തിൽ വൈദ്യുതി ലഭിക്കുന്നത് കുറ്റ്യാടി 110 KV സബ്സ്റ്റേഷനിൽ നിന്നാണ്. വിതരണം ചെയ്യുന്നത് കുറ്റ്യാടി സെക്ഷൻ ഓഫീസിന്റെ മേൽ നോട്ടത്തിലും. പഞ്ചായത്തിലെ മൊത്തം വീടുകളും വൈദ്യുതി ഉപഭോക്താക്കളുടെ എണ്ണവും താരതമ്യം ചെയ്യുമ്പോൾ മനസ്സിലാകുന്ന അമ്പരപ്പിക്കുന്ന വസ്തുത 16% വീടുകൾ മാത്രമെ ഇപ്പോഴും വൈദ്യുതീകരിച്ചതായി നമ്മുടെ പഞ്ചായത്തിൽ ഉള്ളൂ എന്നാണ്. ഏകദേശം 5000 വീടുകൾ ഉള്ള പഞ്ചായത്തിൽ 811 വീട്ടുകാർക്ക് മാത്രമെ കണക്ഷൻ കൊടുക്കാൻ കഴിഞ്ഞിട്ടുള്ളൂ. ഗുരുതരമായ ഒരു പ്രശ്നത്തിലേക്കാണ് ഇത് വിരൽ ചൂണ്ടുന്നത്. മുനിഞ്ഞു കത്തുന്ന മണ്ണെണ്ണ വിളക്കിനു മുന്നിൽ ചമ്രം പടിഞ്ഞിരുന്ന് ഗൃഹപാഠങ്ങൾ വായിക്കുന്ന കുട്ടിയുടെ ചിത്രം പരിഷ്കൃത സമൂഹത്തിന് പഴയ കാലത്തിന്റെ ഒരോർമ്മ മാത്രമാണ്. ഇപ്പോഴും ഈ രംഗത്തുള്ള നമ്മുടെ പിന്നോക്കവസ്ഥ എത്രയും പെട്ടെന്ന് പരിഹരിക്കപ്പെടേണ്ടതാണ്. എല്ലാവർക്കും വൈദ്യുതി എന്നതായിരിക്കണം നമ്മുടെ പരിഗണനകളിൽ ഒന്നാമത്തേത്. പഴയ പ്രതാപങ്ങളൊന്നുമില്ലെങ്കിലും നമ്മുടെ പഞ്ചായത്ത് ഇപ്പോഴും ഒരു കർഷകഗ്രാമമാണ്. കൃഷിക്കാർ നേരിടുന്ന മുഖ്യപ്രശ്നം ജലസേചനവും. നമ്മുടെ പഞ്ചായത്തിൽ കാർഷിക ആവശ്യത്തിന് വൈദ്യുതി കണക്ഷൻ ലഭിച്ചിട്ടുള്ളത് കേവലം 17 പേർക്കാണ്. കൃഷി ജീവനോപാധിയായി സ്വീകരിച്ചിട്ടുള്ളവർക്ക് പോലും ഈ ആവശ്യത്തിന് വൈദ്യുതി കണക്ഷൻ ലഭിച്ചിട്ടില്ല എന്ന് ഇത് വ്യക്തമാക്കുന്നു. പഞ്ചായത്തിൽ വ്യാവസായിക ആവശ്യത്തിന് ആറും വ്യാപാരാവശ്യത്തിന് 124 പേർക്കുമാണ് കണക്ഷൻ ലഭിച്ചിട്ടുള്ളത്. നമ്മുടെ സ്ട്രീറ്റ് ലൈറ്റുകളുടെ എണ്ണം 47 ആണ്. ട്യൂബ്, മെർക്കുറി വേപ്പർ, സോഡിയം വേപ്പർ എന്നിവ സ്ട്രീറ്റ് ലൈറ്റുകളിൽ സ്ഥാനം പിടിച്ചിട്ടില്ല. പഞ്ചായത്തിലെ ഏക ഹരിജൻ കോളനി വൈദ്യുതീകരിച്ചിട്ടുണ്ട്. ഇതിന് 28 ഗുണഭോക്താക്കളും. നടപ്പു വർഷം ഓർഡിനറി വിഭാഗത്തിൽ 60 ഉം ഒ.ടി.പി വിഭാഗത്തിൽ പതിനാലും ഒ.വൈ.ഇ.സി വിഭാഗത്തിൽ പതിനഞ്ചും കണക്ഷനുകൾ നല്കിയിട്ടുണ്ട്. അപേക്ഷിച്ച് കാത്തിരിക്കുന്നവരുടെ എണ്ണം ആദ്യത്തേതിൽ തൊണ്ണൂറ്റിനാലും ഒ.ടി.പി വിഭാഗത്തിൽ രണ്ടും ഒ.വൈ.ഇ.സി വിഭാഗത്തിൽ എട്ടും ആണ്.

പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ വോൾട്ടേജ് ക്ഷാമം നിലനിൽക്കുന്നതായി ഗ്രാമസഭകളിൽ ചൂണ്ടിക്കാണിക്കപ്പെടുകയുണ്ടായി. പഞ്ചായത്ത് പരിധിയിൽ വൈദ്യുതി വിതരണം ചെയ്യുന്നതിന് ആറ് എൽ.ടി ട്രാൻസ്ഫോർമറുകളാണ് നിലവിലുള്ളത് വേൾട്ടേജ് ക്ഷാമം പരിഹരിക്കാൻ ട്രാൻസ്ഫോർമറുകളുടെ എണ്ണം വർദ്ധിപ്പിക്കുകയാണ് വേണ്ടത്. പഞ്ചായത്ത് പ്രദേശത്തുള്ള ട്രാൻസ്ഫോർമറുകളും അവയുടെ കപ്പാസിറ്റിയും താഴെ കാണിച്ചിട്ടുണ്ട്.

ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചസ്ഥലം	കപ്പാസിറ്റി
1 ചങ്ങരംകുളം	100 KVA
2 കായക്കൊടി	
3 ചരപ്പറമ്പ്	
4 തളീക്കര	
5 അത്തിക്കോട്	
6 കൂട്ടൂർ	

മേൽ സൂചിപ്പിച്ച വസ്തുതകൾ പരിശോധിക്കുമ്പോൾ നാം നേരിടുന്ന ഊർജ്ജ പ്രതിസന്ധിയുടെ ആഴം വ്യക്തമാവും. വിവിധ വാർഡുകളിൽ നിന്നും ഉയർന്നു വന്നിട്ടുള്ള പ്രശ്നങ്ങൽ താഴെ ചേർക്കുന്നു.

പ്രശ്നങ്ങൾ

1. പഞ്ചായത്തിലെ ഒരു വാർഡിലും മുഴുവൻ പ്രദേശത്തും വൈദ്യുതി എത്തിയിട്ടില്ല. ഇതിന്റെ വാർഡ് തിരിച്ചുള്ള കണക്ക് താഴെ കാണിച്ചിരിക്കുന്നു.

വാർഡ് I

മഞ്ചക്കൽ, ഇളങ്ങാരംകോട്, എള്ളിക്കാംപാറ, നിടുംകുന്ന് കായക്കുന്ന് നാലുസെന്റ് കോളനി, പൂളക്കണ്ടി ലക്ഷം വീട് കോളനി.

വാർഡ് II

പൂളക്കണ്ടി, ഓന്നിയിൽ, വെന്നപ്പാലിച്ചികണ്ടി, വരിക്കോളി.

വാർഡ് III

കരിക്കാടം പൊയിൽ പ്രദേശം: വൈദ്യുതി ലഭിച്ചിട്ടില്ലാത്ത വീടുകൾ മറ്റു പ്രദേശങ്ങളിലും ഉണ്ട്.

വാർഡ് IV

കരണ്ടോട് സ്രാമ്പി മുതൽ നരിക്കോട്ടുകണ്ടിമുക്ക് വരെ.

കരണ്ടോട് റേഷൻ കട മുതൽ നീലേച്ച്കുന്നു വരെ.

കുളങ്ങരത്താഴ പള്ളി മുതൽ വട്ടക്കണ്ടിമുക്കു വരെ: റേഷൻ കട മുതൽ പുള്ളിനോട്ടു വരെ.

വേപ്രകുന്നിന്റെ വടക്കു കിഴക്കു ഭാഗം

കുന്നോത്തുകുന്നുമ്മൽ കോളനി പ്രദേശം

തലച്ചിറ ലക്ഷം വീട് കോളനി

കൊയ്യമ്പാറ കുന്നിൻ പ്രദേശം

വാഴയിൽ മുതൽ കല്ലിക്കുനി വരെ

വലിയ കുളങ്ങരതാഴ പ്രദേശം.

വാർഡ് V

കാവിൽ ഭാഗം, പള്ളിപ്പരിമ്പടം ഭാഗം, കോളിക്കുൽ കുന്ന്, കാനോല കുന്ന് മാവുള്ളടത്ത്ഭാഗം എന്നീ പ്രദേശങ്ങൾ.

വാർഡ് VI

കണ്ണങ്കൈ കുന്ന്, മഠത്തുംതറ, കോയിറ്റികണ്ടി, പാറച്ചാലിൽ, അത്തിക്കോട്, കൈതോള്ളചാലിൽ ഭാഗങ്ങൾ.

വാർഡ് VII

തിടങ്ങഴിയുള്ളതറ, ചൂർക്കുഴി, കരയത്താംപൊയിൽ, ആലത്തോട്ടം മയങ്ങിയിൽ.

വാർഡ് VIII

ഈ വാർഡിൽ എട്ടു വീടുകളിൽ മാത്രമെ വൈദ്യുതി എത്തിയിട്ടുള്ളൂ.

കുറ്റ്യാടി ഇലക്ട്രിക് സെക്ഷനിൽ നിന്നും ഏകദേശം ആറ് കിലോമീറ്റർ ദൂരമുണ്ട് ഈ വർഡിലേക്ക്. മലയോര പ്രദേശമായ ഈ വാർഡിൽ മിനിമം ഗ്യാരണ്ടി പ്രകാരം ചില ഭാഗങ്ങലിലെങ്കിലും വൈദ്യുതി വിതരണം ചെയ്യാനാവശ്യമായ പരിപാടികൾ ആവിഷ്കരിച്ചിരുന്നു. എന്നാൽ ഇതുവരെ ലൈൻ വലിച്ചിട്ടില്ല.

വാർഡ് IX

പിലാച്ചേരി ഭാഗം

വാർഡ് X

കട്ടിപ്പാറ - ഏച്ചിൽ കണ്ടി, കണയങ്കോട്ട് നാലു സെന്റ് കോളനി, കുരുവന്തോടിത്തറ, കരയത്താം പൊയിൽ, കള്ളേരി പൊയിൽ, പഷ്ണിക്കുന്ന്, കൊളാട്ട ഭാഗം, പാലയാട്, കുമുള്ളുമ്മൽ, ചുണ്ടക്കാട്, ഇരുളാവ് .

2. പഞ്ചായത്തിൽ പല സ്ഥലങ്ങളിലും സ്ട്രീറ്റ് ലൈറ്റുകൾ ഇല്ല. മിക്ക ഗ്രാമസഭകളിൽ നിന്നും ഇതിന്റെ ഒരു പട്ടിക തന്നെ ഉയർന്നു വന്നിട്ടുണ്ട്.

3. പ്രേഷണ വിതരണ രംഗങ്ങളിൽ തികഞ്ഞ ശ്രദ്ധക്കുറവുണ്ട്. ഇത് പ്രസരണ നഷ്ടത്തിനിടയാക്കുന്നു. കാലാകാലങ്ങളിൽ മരച്ചില്ലകളും മറ്റും മുറിച്ചു മാറ്റാത്തത് ഒരു സ്ഥിരം പ്രശ്നമാണ്.

4. ആവശ്യത്തിന് ട്രാൻസ്ഫോർമറുകളില്ല.

5. കോളനികളുടെ വൈദ്യുതീകരണത്തിന് ഇന്ന് സർക്കാർ അനുവദിച്ചുവരുന്നത് 500 രൂപയാണ്. പുതിയ സാഹചര്യത്തിൽ ഈ തുക തികച്ചും അപര്യാപ്തമാണ്.

6. അപേക്ഷ കൊടുത്ത് ദീർഘകാലം കണക്ഷനുവേണ്ടി കാത്തിരിക്കേണ്ട അവസ്ഥ ഇന്ന് നിലവിലുണ്ട്.

7. പഞ്ചായത്തിന്റെ മിക്കവാറും എല്ലാ പ്രദേശങ്ങളിലും ഉപയോഗ ശൂന്യമായികിടക്കുന്ന ഇലക്ട്രിക് പോസ്റ്റുകളും അലൂമിനിയം കമ്പികളും ഉണ്ട്. ഇവ പലതും നശിച്ചുകൊണ്ടിരിക്കയാണ്.

8. കോളനികൾക്ക് ലൈൻ വലിക്കുമ്പോഴും പോസ്റ്റിന് പണമടക്കേണ്ടിവരുന്നു.

9. ഈ രംഗത്ത് ജീവനക്കാരുടെ സേവനം തീരെ തൃപ്തികരമല്ല.

10. പണമടച്ചിട്ടും തെരുവു വിളക്കുകൾ കത്തുന്നില്ല.

സാധ്യതകളും നിർദ്ദേശങ്ങളും

1. വൈദ്യുതി തീരെ എത്തിയിട്ടില്ലാത്ത പ്രദേശങ്ങളിൽ കണക്ഷൻ നല്കാനുള്ള നടപടികൾ ആരംഭിക്കണം.

2. പഞ്ചായത്ത് ഭരണസമിതിയുമായാലോചിച്ച് മുൻഗണനാക്രമം നിശ്ചയിക്കാവുന്നതാണ്.

3. ദുർബ്ബല വിഭാഗങ്ങളുടെയും കോളനിനിവാസികളുടെയും വീടുകൾ സൗജന്യമായി വൈദ്യുതീകരിക്കാൻ സർക്കാർ പദ്ധതി ആവഷ്ക്കരിക്കേണ്ടതാണ്.

3. കണക്ഷൻ ലഭിക്കാനുള്ള കാലതാമസം ഒഴിവാക്കുക. കാലതാമസത്തിന് പറഞ്ഞുവരുന്ന കാരണങ്ങളിൽ ഒന്ന് സാധന സാമഗ്രികളുടെ അപര്യാപ്തതയാണ്. അനാഥമായികിടക്കുന്ന ഇലക്ട്രിക് പോസ്റ്റുകളും മറ്റു സാധന സാമഗ്രികളും നശിച്ചുപോകാതെ സൂക്ഷിക്കേണ്ടതും അതാതിടങ്ങളിലെ വൈദ്യുതീകരണത്തിന് ഉപയോഗപ്പെടുത്താവുന്നതുമാണ്.

4. ഇലക്ട്രിക് ലൈനുകളിൽ മുട്ടുന്ന മരച്ചില്ലകളും മറ്റും യഥാകാലത്ത് മുറിച്ചു മാറ്റി പ്രസരണ നഷ്ടം ഒരു പരിധി വരെ ഒഴിവാക്കേണ്ടതാണ്. ഇക്കാര്യത്തിൽ പഞ്ചായത്ത് ഭരണസമിതിയുടെ ശ്രദ്ധ അനിവാര്യമാണ്.

5. മിനിമം ഗ്യാരണ്ടിയിൽ വൈദ്യുതി കാത്തിരിക്കുന്നവർക്ക് കാലവിളംബം ഒഴിവാക്കി കണക്ഷൻ കൊടുക്കണം.

6. പഞ്ചായത്തിനെ R.E.C സ്കീമിൽ പെടുത്താൻ പഞ്ചായത്ത് തലത്തിൽ സമ്മർദ്ദം ചെലുത്തണം.

പഞ്ചായത്തിലെ മിക്ക ഗ്രാമ സഭകളിലും ഉയർന്നു വന്നിട്ടുള്ള പ്രശ്നങ്ങളിലൊന്ന് ഉദ്യോഗസ്ഥ തലത്തിലുള്ള അനാസ്ഥയാണ്.

പഞ്ചായത്തിൽ ഏറ്റവും കൂടതൽ ആളുകൾ ആശ്രയിക്കുന്നത് വിറക് അടുപ്പുകളാണ്. നിരന്തരമായ ഉപഭോഗം കൊണ്ട് നമ്മുടെ ഇന്ധന സമ്പത്ത് അനുദിനം കുറഞ്ഞുവരികയാണ്. ഭൂരിപക്ഷവും ഉപോഗിക്കുന്ന അടുപ്പുകൾ അശാസ്ത്രീയമാണ്. അതുകൊണ്ട്തന്നെ വൻതോതിലുള്ള ഊർജ്ജ നഷ്ടം ഈ രംഗത്ത് സംഭവിക്കുന്നുണ്ട്. ഒരു കിലോ ഗ്രാം വിറക് കത്തുമ്പോൾ വിമുക്തമാകുന്ന ഊർജ്ജത്തിന്റെ പത്തിലൊന്ന് മാത്രമെ സാധാരണ അടുപ്പുകളിൽ നിന്നും നമുക്കു ലഭിക്കുന്നുള്ളൂ. ശാസ്ത്രീയമായ അടുപ്പുകൾ ഉണ്ടാക്കേണ്ടതിന്റെ ആവശ്യകത ഗ്രാമീണ സ്ത്രീകൾക്ക് ബോധ്യപ്പെടേണ്ടതാണ്. നമ്മുടെ സ്ത്രീകളിൽ ബഹുഭൂരിപക്ഷവും അടുപ്പിൽ തീ ഊതി ഏറെ പ്രയാസപ്പെടുന്നവരാണ്. ഇതുകൊണ്ട് വൻതോതിലുള്ള സമയനഷ്ടവും അനാരോഗ്യവും സംഭവിക്കുന്നു. അനർട്ടിന്റെ സഹായമുപയോഗിച്ച് പുകയില്ലാത്ത അടുപ്പുകൾ സ്ഥാപിക്കുന്നതിനെക്കുറിച്ചും ഊർജ്ജ നഷ്ടം ഒഴിവാക്കുന്നതിനെ സംബന്ധിച്ചും സ്ത്രീകളിൽ ബോധവൽക്കരണം നടത്തുന്നത് നന്നായിരിക്കും. വനിതാ സംഘടനകൾക്ക് ഇതിന് നേതൃത്വം കൊടുക്കാൻ കഴിയണം. പട്ടണ പ്രദേശങ്ങളെ അപേക്ഷിച്ച് ഗ്രാമ പ്രദേശങ്ങളിൽ വിറകിന്റെ ക്ഷാമം രൂക്ഷമല്ലെങ്കിലും ക്രമേണ നമുക്കും ക്ഷാമം നേരിട്ടുകൊണ്ടിരിക്കയാണ്. സമീപ ഭാവിയിൽ ഈ പ്രശ്നം ഗുരതരമാകാൻ ഇടയുണ്ട്. കോളനിനിവാസികളും പത്തു സെന്റ് പുരയിടക്കാരും ഇപ്പോൾ തന്നെ രൂക്ഷമായ ഇന്ധന പ്രതിസന്ധിയെ നേരിടുന്നതിനാവശ്യമായ മുന്നൊരുക്കങ്ങൾ ആരംഭിക്കേണ്ടതുണ്ട.

ചന്ത

കാർഷിക സമൂഹത്തിന്റെ ഘടനയിൽ 'ചന്ത'യ്ക്ക് വലിയ സ്ഥാനമുണ്ടായിരുന്നു. കാർഷികോല്പന്നങ്ങളും പരമ്പരാഗത വ്യാവസായികോല്പന്നങ്ങളും വിറ്റഴിക്കാനുള്ള മാർക്കറ്റുകളായും ഉപഭോഗ വസ്തുക്കൾ വാങ്ങുന്നതിനുള്ള കേന്ദ്രങ്ങളായും മുൻകാലങ്ങളിൽ ആഴ്ച ചന്തകളെയാണ് ആശ്രയിച്ചിരുന്നത്. കന്നുകാലികളെ ക്രയവിക്രയം ചെയ്യുന്നതിനും ചന്തകൾ ഉപയോഗപ്പെട്ടു. നമ്മുടെ സമൂഹത്തിന്റെ ഘടനയിൽ സംഭവിച്ച അനിവാര്യമായ മാറ്റത്തിൽ ഇന്ന് ചന്തകൾക്കുള്ള പ്രസക്തി കുറഞ്ഞുവരികയാണ്.

കാർഷിക വ്യാവസായിക പുരോഗതിയിൽ ഊന്നിയ ഒരു വികസന സംസ്കാരത്തിലൂടെ ആഴ്ച ചന്തകളുടെ നഷ്ടപ്പെട്ടുപോയ പ്രസക്തി തിരിച്ചെടുക്കാൻ നമുക്ക് കഴിയും. അന്യ സംസ്ഥാനങ്ങളെയും വിദൂരമായ പ്രദേശങ്ങളെയും ആശ്രയിച്ച് പച്ചക്കറികൾക്കടക്കം കാത്തിരിക്കുന്ന വർത്തമാനകാല സാഹചര്യങ്ങളെ നമുക്ക് മാറ്റിയെടുക്കാൻ സാധിക്കും. ഗ്രാമത്തിൽ വിളയിച്ചെടുക്കുന്ന പച്ചക്കറികളും കാർഷികോത്പന്നങ്ങളും ചന്തകളിലൂടെ വിറ്റഴിക്കാൻ സാധിക്കണം. നാം തയ്യാറാക്കുന്ന വികസന പദ്ധതികളിലൂടെ കൃഷിചെയ്യാൻ അഭിവൃദ്ധിപ്പെടുത്താൻ കഴിഞ്ഞാൽ ആഴ്ചച്ചന്തകളുടെ പ്രതാപം വീണ്ടെടുക്കാൻ നമുക്കു കഴിയും.

വീട്

സാമൂഹികവും സാമ്പത്തികവുമായി ഏറെ പുരോഗതി പ്രാപിച്ച ഒരു പഞ്ചായത്തല്ല കായക്കൊടി. ഈ അടുത്ത കാലത്തായി ഗൾഫ് പണത്തിന്റെ സ്വാധീനം കായക്കൊടിയുടെ ചില പ്രദേശങ്ങളിൽ ദൃശ്യമായിട്ടുണ്ട്. എന്നാൽ ക്രിയാത്മകമായ രീതിയിൽ ഈ പണത്തെ വിഴിതിരിച്ചുവിടാൻ നമുക്ക് കഴിഞ്ഞിട്ടില്ല. കോൺക്രീറ്റ് സൗധങ്ങളുടെ ബാഹുല്യം മാത്രമായി ഗൾഫ് പണത്തിന്റെ സാധ്യതകൾ ഒതുങ്ങിപ്പോവുകയാണ്. ഉല്പാദന പരമല്ലാത്ത ഇത്തര കെട്ടിടങ്ങളുടെ നിർമ്മാണം ഒരു പ്രദേശത്തിന്റെ സ്ഥായിയായ വികസനത്തിനുതകുന്നതല്ല. സമ്പത്തിനെ തിരിച്ച് വിടാനുള്ള പദ്ധതികൾക്ക് ആസൂത്രണം ചെയ്യാൻ കഴിയാത്തതും ഗ്രാമീണ ജനത പോലും പുത്തൻ ഉപഭോഗ സംസ്കാരത്തിന്റെ പിടിയിലമർന്നുപോയതും ഇതിന് കാരണമാണ്. സമ്പന്നരായ ഗൾഫുകാരുടെ പണം വികസന മേഖലകളിൽ മൂലധനമായി നിക്ഷേപിക്കുവാനും അതുവഴി വികസന സംസ്കാരത്തിന്റെ പുത്തൻ വതായനങ്ങൾ തുറക്കുവാനും കഴിയേണ്ടതാണ്. ബോധപൂർവ്വമായ ശ്രമം ആവശ്യമാണെന്ന് മാത്രം. ആർഭാടകരമായ സൗകര്യങ്ങളോട് കൂടിയ വീട് സമ്പന്നതയുടെ ചിഹ്നമായി കണക്കാക്കപ്പെടാൻ തുടങ്ങിയതോടു കൂടി ഇടത്തരക്കാർ പോലും ഉള്ള ഭൂമി പണയപ്പെടുത്തി വലിയ വീട് നിർമ്മിക്കാനുള്ള പ്രവണത കാണിച്ചു തുടങ്ങിയിട്ടുണ്ട്. കൂടാതെ ഇത്തരത്തിലുള്ള കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾ, ഈ രംഗത്ത് സാധന സാമഗ്രികളുടെ വില വർദ്ധിക്കുവാനും അതുവഴി താഴ്ന്ന ഇടത്തരക്കാരനുപോലും വീട് വെക്കാനുള്ള സാധ്യത ഇല്ലാതാക്കുകയും ചെയ്യുകയാണ്. ഗൃഹ നിർമ്മാണത്തിൽ അടിസ്ഥാന വർഗ്ഗത്തിന്റെ സാധ്യത ഇതിലും എത്രയോ ഭയാനകവും. എല്ലാവർക്കും വാസയോഗ്യമായ വീടുണ്ടായിരിക്കുക എന്നത് പരിഷ്കൃത സമൂഹത്തിന്റെ അടിസ്ഥാനപരമായ ആവശ്യങ്ങളിലൊന്നാണ്. പഞ്ചായത്തിൽ ഏകദേശം 5000 വീടുകളുണ്ട്. അടിസ്ഥാന സൗകര്യങ്ങളില്ലാത്ത വീടുകളും പഞ്ചായത്തിൽ അപൂർവ്വമല്ല. വാർഡ്തലത്തിലുള്ള കെട്ടിടങ്ങളുടെ വിവരം പട്ടികയിൽ സൂചിപ്പിച്ചിരിക്കുന്നു.

കെട്ടിടങ്ങളുടെ സ്വഭാവവും എണ്ണവും സൂചിപ്പിക്കുന്ന സമ്പൂർണ വിവരം പട്ടിക A യിൽ കൊടുത്തിട്ടുണ്ട്.

പട്ടിക എ.

വാർഡ്	കെട്ടിടങ്ങളുടെ എണ്ണം	ഒന്നിൽ കൂടുതൽ നിലയുള്ള കെട്ടിടങ്ങളുടെ എണ്ണം.	ഒരു നിലയുള്ള കെട്ടിടങ്ങൾ			
			കോൺക്രീറ്റ്	ഓട്	ഓല	മറ്റുള്ളവ
1.	540	07	06	187	271	62
ii	898	98	223	270	324	66
III	598	69	152	189	158	59
IV	608	62	147	261	200	-
V	430	130	63	202	173	-
VI	643	120	42	283	317	-
VII	1021	142	210	324	487	-
VIII	527	04	44	165	318	-
IX	520	38	65	220	235	-
ആകെ	5745	669	952	2101	2483	187

അവലംബം പഴയ ഒമ്പത് വാർഡുകൾ – കെട്ടിട നികുതി അസെസ്സ്മെന്റ് റജിസ്റ്റർ

കെട്ടിടങ്ങളെ സംബന്ധിച്ച വിവരങ്ങൾ

ആർഭാടകരമായ വീടുകൾ നിർമ്മിക്കാൻ ഏററവും സൗകര്യപ്രദമായ സ്ഥലങ്ങളാണ് തെര ഞ്ഞെടുക്കുന്നത്. വാഹന സൗകര്യം, ടെലഫോൺ, വൈദ്യുതി ഇവ ലഭിക്കുന്ന സ്ഥലത്തിന് വിലകൂടു തലായാൽ ഈ പ്രവണത ഒരു കാരണമാണ്. വയ ലുകാർ നികത്തി വീടെടുക്കുന്നത് സർവ സാധാര ണമായിട്ടുണ്ട്. പഞ്ചായത്തിൽ സൗകര്യ പ്രദമായ തുണ്ടു തുണ്ടു ഭൂമിക്കാണ് ഏററവും വലിയ ഡിമാന്റ്. കൃഷിക്കനുയോജ്യമായ വലിയ പറമ്പു കൾക്ക് പണമിറക്കുന്ന തിനേക്കാൾ താൽപര്യം പൊതുവെ ഇത്തരം ഭൂമിയോടാണ് സാധാരണ ക്കാർക്ക് ഭൂമി വിലക്കെടുത്ത് വീടുണ്ടാക്കാൻ ഇത്തരം പ്രവണതകൾ പൊതുവെ പ്രയാസമുളവാ ക്കുന്നുണ്ട്.

ഉദാരമായ വ്യവസ്ഥകളോടെ ഭവന നിർമാണ വായ്പ കളില്ലാത്തത് ഭവന നിർമാണ രംഗത്ത് മറ്റൊരു പ്രശ്നമാണ്. കൂട്ടുകുടുംബം പഴയ രീതി യിൽ നലനിൽക്കുന്നില്ലെങ്കിലും വേർപിരിഞ്ഞു പോകാനുള്ള സാഹചര്യം ഇല്ലാത്തതുകൊണ്ടാണ് കുടുംബങ്ങൾ ഒന്നിച്ചുതന്നെ താമസിക്കുന്ന അവസ്ഥ നമ്മുടെ പഞ്ചായത്തിലുണ്ട്. സർക്കാർ സഹായത്തോടെ ലഭ്യമായ വീടുകളുടെ എണ്ണം താരതമ്യേന കുറവാണ് താഴ്ന്ന വരുമാനക്കാർക്ക് സബ്സിഡി നിരക്കിൽ വായ്പ നൽകി കൊണ്ട് അത്തരക്കാരുടെ പാർപ്പിട പ്രശ്നം പരിഹരിക്കാൻ സർക്കാർ ഏജൻസികൾക്ക് കഴിയണം. സ്വന്തമായി ഒരു വീട് ഏതൊരു പൗരന്റേയും വലിയ സ്വപ്ന മാണ്. എല്ലാ കുടുംബങ്ങൾക്കും സ്വന്തമായ വീട് പരിഷ്കൃത സമൂഹത്തിന്റെ അഭിമാനവുമാണ്. പഞ്ചായത്തിൽ ഭവന നിർമാണ വായ്പ ലക്ഷ്യ മാക്കി സൊസൈറ്റികളൊന്നും നിലവിലില്ല.

പഞ്ചായത്തിൽ ഒന്ന്, നാല്, ഒൻപത്, വാർഡു കളിലെ 4 ലക്ഷം വീടുകോളനികളുണ്ട്. അടിസ്ഥാന സൗകര്യമില്ലാത്തതും, കാലപ്പഴക്കം കൊണ്ട് ജീർണിച്ചതുമാണ് മിക്ക വീടുകളും. ഇത്തരം വീടു കളിലെജീവിതം വീക്ഷിക്കുമ്പോൾ വളരെ ദയനീ യമായ ചിത്ര മാണ് നമുക്കു ലഭിക്കുക., സൗകര്യ ങ്ങളിലൊന്നുമില്ലാത്ത കെട്ടിടം ഇരട്ട വീടുകളായി ഉപയോഗിക്കുമ്പോൾ ഉണ്ടകുന്ന പ്രയാസങ്ങൾ ചെറുതല്ല മാത്രവുമല്ല പഞ്ചായത്തിലെ പൂക്കാട്, നാവോട്ടുകുന്ന് പ്രദേശങ്ങളിലുള്ള ലക്ഷം വീടു കളോഴികെ മറ്റൊന്നും വൈദ്യുതീകരിച്ചിട്ടില്ല. ലക്ഷം വീടുകളിലെ പരിമിതമായ സൗകര്യങ്ങളിലുള്ള ജീവിതം ഉയർത്തുന്ന ചില സാമൂഹ്യ പ്രശ്നങ്ങൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. മിക്ക വീടുകളിലും ഒന്നിൽ കൂടുതൽ കുടുംബങ്ങൾ ഒന്നിച്ചു താമസിക്കുന്ന അവസ്ഥ നിലനിൽക്കുന്നു. കുടുംബങ്ങൾക്ക് ഇത്തരം വീടുകളിൽ ഞെരുങ്ങി കൂടുകയെല്ലാതെ വേർപിരിഞ്ഞ് വ്യാപകത്വം സാധിക്കാൻ കഴിയാതെ പോവുന്ന ഇടുങ്ങിയ ഗൃഹാന്തരീക്ഷത്തിൽ കുട്ടി കളുടെ വിദ്യാഭ്യാസവും സ്വതന്ത്രമായ വ്യക്തിത്വ വികാസവും സാധിക്കാതെ വരുന്നു. ഇരട്ട വീടുക ളിൽ രണ്ടു അന്യ കുടുംബങ്ങൾ താമസിക്കുന്ന തിനാൽ സ്വകാര്യതയില്ലാതെ കുടുംബ ജീവിതം പ്രയാസകരമായി തീരുന്നു. ഇത്തരം സാഹചര്യങ്ങ ളിൽ പരസ്പരം കലഹങ്ങളുണ്ടാ ക്കുന്നതുംഅപൂർവമല്ല.

നമ്മുടെ പഞ്ചായത്തിലെ ലക്ഷം വീടുകളിൽ കുടിവെള്ളക്ഷാമവും രൂക്ഷമായി നിലനിൽക്കുന്നു. പൂക്കാട് ലക്ഷം വീടുകോളനിയിൽ സമീപത്തായൊ ഴുകുന്ന കനാൽ ഒരു പരിധിവരെ കുടിവെള്ളകാര്യ ത്തിൽ ഒരു അനുഗ്രഹമാണ്.

ലക്ഷം വീടുകോളനികളിലെ ഇത്തരം രൂക്ഷ മായ പ്രശ്നങ്ങൾ പരിഹരിക്കാൻ സത്വരമായ നട പടികൾ സ്വീകരിക്കേണ്ടതാണ്.

പഞ്ചായത്തിൽ നാലു സെന്റു കോളനികൾ മൂന്നെണ്ണമുണ്ട്. സർക്കാർ സഹായം പരിമിതമെ ങ്കിലും സ്വന്തം മേൽനോട്ടത്തിൽ നിർമിക്കുന്ന വീടു കൾ എന്ന നിലയിൽ നാലുസെന്റു കോളനികളിലെ വീടുകളുടെ അവസ്ഥ ലക്ഷം വീടുകളേക്കാൾ മെച്ച പ്പെട്ടതാണ്. വൈദ്യുതീകരണത്തിന് 500 രൂപ സർക്കാർ സഹായം ലഭ്യമാക്കുന്നുണ്ടെങ്കിലും പുതിയ കാലഘട്ടത്തിൽ വയറിങ്ങിനുള്ള ചെലവ് ഭാരിച്ചതായതിനാൽ മിക്ക വീടുകളും വൈദ്യുതീ കരിച്ചിട്ടില്ല. ആയതിനാൽ 500 രൂപ എന്നത് ഏറ്റവും ചുരുങ്ങിയത് 1500 രൂപയെങ്കിലും ആയാൽ മാത്രമെ വയറിംഗ് നടത്താൻ സാധിക്കുകയുള്ളൂ. നാലു സെന്റ് കോളനിക്കാർ അനുഭവിച്ചുകൊണ്ടിരിക്കുന്ന ഗുരുതരമായ മറ്റൊരു പ്രശ്നം കോളനികളി ലൊന്നും കുടിവെള്ളം ലഭ്യമല്ല എന്നതാണ്. കോള നികളിലേയ്ക്ക് സൗകര്യപ്രദമായ റോഡുകളില്ലാ എന്നത് കോളനി വാസികളുടെ മറ്റൊരു പ്രശ്ന മാണ്.

മറ്റുദുർബല വിഭാഗങ്ങൾക്ക് IRDP സ്കീമിൽ വീടുവെക്കാൻ ധനസഹായം ലഭിച്ചിട്ടുള്ളവരുടെ സമ്പൂർണ വിവരം പട്ടിക (ബി) യിൽ കൊടുത്തിരി ക്കുന്നു.

പട്ടിക -B

വാർഡ്	ബ്ലോക്ക് പഞ്ചായത്ത് അനുവദിച്ച വീടുകൾ	പൂർത്തീകരിച്ച വീടുകൾ	അനുവദിച്ചതിൽ ഇനി പൂർത്തീകരിക്കാനുള്ള വീടുകൾ
I	5	5	-
II	2	2	-
III	3	3	-
IV	3	3	
V	5	3	2
VI	10	9	1
VII	3	2	1
VIII	2	2	-
IX	10	10	-
X	12	11	1
ആകെ	55	50	5

ഗ്രാമപഞ്ചായത്ത് നിരമ്മിച്ചുകൊടുത്ത വീടുകളുടെയും കക്കൂസുകളുടെയും വിവരം

പട്ടിക -സി- യിൽ കൊടുത്തിട്ടുണ്ട്

പട്ടിക സി

ക്രമനമ്പർ	വർഷം	അനുവദിച്ച വീടുകൾ	അനുവദിച്ച കക്കൂസുകൾ
		Sc/ST	SC/ST
1.	1989 - 90	5	15
2.	1990- 91	-	-
3.	1991-92	-	40
4.	1992-93	4	4
5.	1993- '94	6	-
6.	1994- '95	3	-
7.	1995- '96	3	-
ആകെ		21	59

അന്യസംസ്ഥാനങ്ങളിൽ നിന്നു വന്നു താമസിക്കുന്നവരായി നാമമാത്രമായ കുടുംബങ്ങൾ മാത്രമെ പഞ്ചായത്തിലുള്ളൂ. തമിഴനാട്ടിൽ നിന്നവരുന്ന എട്ടു കുടുംബങ്ങളുണ്ട്. ഇവർ കരിങ്കൽ മേഖലയിൽ തൊഴിലെടുക്കുന്നു. ഇവരിൽ രണ്ടുകുടുംബങ്ങൾ സ്വന്തമായി സ്ഥലം വാങ്ങി വീടുവെച്ച് താമസിക്കുന്നവരാണ്. മറ്റു കുടുംബങ്ങൾ ജോലി ചെയ്യുന്ന സ്ഥലത്തിനടുത്ത് താൽക്കാലികമായി താമസിച്ചുവരുന്നു.

ഗൃഹനിർമാണത്തിൽ സമീപകാലത്തായി സാരമായ മാറ്റങ്ങൾ കണ്ടുവന്നിട്ടുണ്ട്. മുൻകാലങ്ങളിൽ മരവും ഓടും ഉപയോഗിച്ച് വിടുകൾ നിർമ്മിച്ചിരുന്നതെങ്കിൽ ഇന്ന് കോൺക്രീറ്റ് ഭ്രമം വർദ്ധിച്ചുവരുന്ന തായി കാണാം. ചെങ്കല്ലിനു പകരം ഇഷ്ടിക ഉപയോഗിക്കുന്നതും തീരെ അപൂർവമല്ല. കേരളീയമായ തനതു വാസ്തുശിൽപരീതി, നമുക്ക് അന്യം വരികയാണ്. മരത്തിന്റെ ദൗർബല്യവും അഭിരുചിയിൽ വന്ന മാറ്റവും ഇതിന് കാരണമായി ചൂണ്ടിക്കാണിക്കാൻ സാധിക്കും

പഞ്ചായത്തിൽ '91 ലെ സെൻസസ് അനുസരിച്ച് 182 തൊഴിലാളികളാണ് കെട്ടിട നിർമ്മാണ രംഗത്ത് രജിസ്റ്റർ ചെയ്തിരിക്കുന്നത്. പഞ്ചായത്തിനു പുറത്തുള്ള തൊഴിലാളികളും ഈ രംഗത്ത് ജോലി ചെയ്യുന്നു. സമീപ കാലത്ത് നിർമ്മാണ രംഗത്ത് ജോലി ചെയ്യുന്ന തൊഴിലാളികളും കൂലിയിൽ വർധനവുണ്ടായിട്ടുണ്ട്. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ പുരുഷ തൊഴിലാളികളിൽ 100-125 രൂപയും സ്ത്രീ തൊഴിലാളിക്ക് 65 -75 രൂപയും കൂലി ലഭിക്കുന്നുണ്ട്. വീടു നിർമ്മാണ രംഗത്ത് കരാർ സമ്പ്രദായവും പഞ്ചായത്തിൽ നിലനിൽക്കുന്നു.

പാർപ്പിട രംഗത്തെ സങ്കീർണമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് താഴെ പറയുന്ന നിർദ്ദേശങ്ങൾ ചൂണ്ടിക്കാണിക്കാൻ കഴിയും.

1. ലക്ഷം വീടുകോളനികളലെ നവീകരണത്തിനായി കോളനി നിവാസികളുടെ ഒരു സമിതി രൂപീകരിച്ചാൽ പഞ്ചായത്തിൽ നിന്നു ലഭിക്കുന്ന ധനസഹായം അവർക്ക് ഫല പ്രദമായി ഉപയോഗിക്കാൻ കഴിയും

2. ലക്ഷം വീടുകോളനികളിലെ വീടുകൾ ഒറ്റ വീടുകളാക്കുക.

3. കോളനികൾ വൈദ്യുതീകരിക്കുക

4. പട്ടയം ലഭിച്ചിട്ടില്ലാത്ത ലക്ഷം വീടുകൾക്ക് പട്ടയം ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കുക

5. IRDP ഭവന നിർമാണ ലീസ്റ്റിൽപ്പെട്ടവരുടെ വീടുകൾ എത്രയും വേഗം നിർമിക്കുക.

6. കായക്കൊടി രണ്ടാം വാർഡിൽ 4 സെന്റ് കോളനി നടപ്പിലാക്കാൻ പദ്ധതി ആവിഷ്കരിക്കുക.

7. പഞ്ചായത്തിലെ നിർദ്ധരരായ ജനവിഭാഗങ്ങൾക്ക് വീടു നിർമമിക്കാനാവശ്യമായ പദ്ധതികൾ ആവിഷ്കരിക്കുക.

8. ലക്ഷം വീട് നാലുസെന്റ് കോളനി നിവാസികളുടെ കുടിവെള്ള ക്ഷാമം പരിഹരിക്കാനുള്ള നടപടികൾ ആരംഭിക്കുക.

9. താഴ്ന്ന വരുമാനക്കാർക്കും ഇടത്തര ക്കാർക്കും ഉദാരമായ വായ്പാ സംവിധാനങ്ങൾ ഏർപ്പെടുത്തുക.

10. പഞ്ചായത്തിൽ ഭവന നിർമാണ സൊസൈറ്റിക്ക് രൂപം കൊടുക്കുക.

11. അതാതിടങ്ങളിലെ സാധന സാമഗ്രിക ളുടെ സാധ്യത കൾ ഉപയോഗപ്പെടുത്തി ചെലവു കുറഞ്ഞ വീടുകൾ നിർമിക്കുന്നതിനാവശ്യമായ സഹായം ലഭ്യമാക്കുവാൻ പഞ്ചായത്തിൽ information center സ്ഥാപിക്കുക

12. വിവിധ സ്കീമുകളിലായി കിട്ടി ക്കൊണ്ടി രിക്കുന്നു ഭവന നിർമാണ വായ്പകളുടെ സംഖ്യ വർദ്ധിപ്പിക്കുക

13 . ഓലമേഞ്ഞ വീടുകൾ ഓടുമേയാനാവ ശ്യമായ നടപടികളുണ്ടാകണം.

14. ഭവന നിർമ്മാണത്തിന് സഹായം നൽകു വാൻ മത സംഘടനകളെയും മറ്റ് സന്നദ്ധ സംഘട നെകളെയും സജ്ജരാക്കുക.

ഭവന നിർമ്മാണ രംഗത്ത് താഴ്ന്ന ഇടത്തരം വിഭാഗങ്ങൾ ഗുരുതരമായ പ്രശ്നങ്ങളാണ് നേരിടു ന്നത്. ഇതിൽ ഏറ്റവും പ്രധാനപ്പെട്ടത് പാർപ്പിട നിർമ്മിക്കാനാവശ്യമായ ഭൂമി ഇല്ലാത്തത് തന്നെ. സർക്കാർ പുറമ്പോക്കുകൾ ഉപയോഗപ്പെടുത്തിയും സന്നദ്ധ സംഘടനകളുടെ പ്രവർത്തനം വ്യാപകമാ ക്കിയും ഇത്തരക്കാർക്ക് വീടുവെക്കാനാശ്യമായ നട പടികൾ സ്വീകരിക്കുന്നതാണ്. ആർഭാടകരമായ വീട് നിർമിക്കുന്നവരിൽ നിന്ന് ഒരു പ്രത്യേക ഫീസ് ഈടാ ക്കുകയും ഇത്തരത്തിലുള്ള തുകയുടെ സമാഹാര ത്തിലൂടെ നിർധനർക്ക് വീടുവെക്കാനുള്ള പദ്ധതികൾ ആവിഷ്കരിക്കുകയും ചെയ്യുക. മണിമന്ദിരങ്ങൾ നിർമിച്ചു കൂട്ടുന്ന പ്രവണതയെ നിരുത്സാഹപ്പെടു ത്താനും ഇതുകൊ ണ്ട് കഴിയും. വീടുവെക്കാനാവ ശ്യമായ ഭൂമിയുടെ അപര്യാപ്തത പരിഹരിക്കുന്ന തിന് കോളനി പ്രദേശങ്ങളിൽ ഫ്ളാറ്റ് സമ്പ്രദായം ഏർപ്പെടുത്തുന്നതിനെ ക്കുറിച്ചും ആലോചിക്കാവു ന്നതാണ്.

നമ്മുടെ പഞ്ചായത്തിന്റെ വരും കാല പ്രവർത്തങ്ങൾ ഓരോ കുടുംബത്തിനും വാസയോ ഗ്യമായ ഒരു വീട് എന്ന സ്വപ്നം സാക്ഷാത്കരിക്കു ന്നതിന് ഉതകുന്നതാകണം എന്ന് സമൂഹ മനസ്സാക്ഷി ശക്തമായി ആഗ്രഹിക്കുന്നു.

സാമൂഹ്യക്ഷേമം

ദാരിദ്ര്യ രേഖക്ക് താഴെയുള്ളവരെ ഉദ്ധരിക്കുന്നതിനും ദാരിദ്ര്യ നിർമാർജന പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനാവശ്യവുമായ പദ്ധതികളാണ് സാമൂഹ്യ ക്ഷേമ രംഗത്ത് ഇന്ന്. നിലവിലുള്ളത്. സമൂഹത്തിലെ സമസ്ത ജനങ്ങളെയും സാമൂഹ്യ രക്ഷ ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടുകൂടി നാളിതുവരെ രൂപം കൊണ്ട പദ്ധതികളത്രയും അടിസ്ഥാനവിഭാഗങ്ങളുടെ ജീവിത നിലവാരത്തിൽ മാറ്റങ്ങളുണ്ടായിട്ടുണ്ടെങ്കിലും ലക്ഷ്യം പൂർണ്ണമായ നിറവേറ്റപ്പെട്ടു എന്ന് അവകാശപ്പെടാൻ നമുക്ക് കഴിയില്ല.

കേന്ദ്ര സംസ്ഥാന ഗവൺമെന്റുകൾ നടത്തിവരുന്ന പദ്ധതികൾക്കു പുറമെ തൊഴിലാളി തൊഴിലുടമ സഹകരണത്തോടെ ക്ഷേമ നിധി ബോർഡുകൾ വഴിയും സാമൂഹ്യ ക്ഷേമ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. ഈ പദ്ധതികൾക്കു പുറമെ പട്ടിക ജാതി വികസന കോർപറേഷനും വനിതകളുടെ പുരോഗതിക്കായി വനിതാ വികസന കോർപ്പറേഷനും സംസ്ഥാനത്ത് പ്രവർത്തിക്കുന്നു.

ദരിദ്ര ജനവിഭാഗങ്ങളെ ഉദ്ധരിക്കുന്നതിൽ ഈ പദ്ധതികളുടെ പ്രവർത്തനങ്ങൾ നമ്മുടെ പഞ്ചായത്തിൽ പൂർണമായും വിജയിപ്പിച്ചിട്ടില്ല എന്നതാണ് പരമാർത്ഥം. പദ്ധതി നടത്തിപ്പിലുള്ള പിഴവുകളും പദ്ധതികളെ ക്കുറിച്ചുള്ള ഗ്രാമീണ ജനതയുടെ അജ്ഞതയും ഇതിന് കാരണമാണ്.

തൊഴിലാളി ക്ഷേമ നിധി ബോർഡിനു കീഴിൽ മുഴുവൻ തൊഴിലാളികളെയും കൊണ്ടുവരാൻ തൊഴിലാളി സംഘടനകൾ പ്രവർത്തിച്ചു കൊണ്ടിരിക്കുന്നു. മഹിളാ സംഘടനകളിൽ പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന സ്ത്രീകൾ പോലും വനിതാ വികസന പദ്ധതികളെ ക്കുറിച്ചു ബോധവതികളല്ല. സാമൂഹ്യ ക്ഷേമരംഗത്ത് അല്പമെങ്കിലും ജനങ്ങൾക്ക് പ്രയോജനപ്പെടുന്നത് നമ്മുടെ പഞ്ചായത്തിൽ രണ്ടു സർക്കിളുകളിലായി പ്രവർത്തിക്കുന്ന ഗ്രാമ വികസന ഓഫീസുകൾ മുഖേനയാണ്. സർക്കിളുകളിൽ ഒന്ന് തളീക്കായിലും മറ്റൊന്ന് കായക്കൊടിയിലുമാണ്. പഞ്ചായത്തിലെ 1,2,3,4,9 വാർഡുകളാണ് തളീക്കര സർക്കിളിന്റെ പരിധിയിൽ വരുന്നത്. 5,6,7,8,10 വാർഡുകൾ കായക്കൊടി സർക്കിളിന്റെ പരിധിയിലും വരുന്നു. ഇതിൽ തളീക്കര സർക്കിളിൽ നിന്ന് 92 ലെ IRDP സർവെയിൽ 780 കുടുംബങ്ങൾ ദാരിദ്ര്യ രേഖക്ക് താഴെയുള്ളവരാണ്. 95 ൽ നടന്ന അഡീഷനൽ സർവെയിൽ 25 പേർ കൂടി പുതുതായി ഈ സർക്കിളിൽ ദാരിദ്ര്യ രേഖക്കു താഴെയുള്ളവരാണ് എന്ന് കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട്. ഇതുൾപ്പെടെ 805 കുടുംബങ്ങൾ തളീക്കര സർക്കിളിന്റെ പരിധിയിൽ ദാരിദ്ര്യ രേഖക്ക് താഴെയാണ്. 92-93 മുതൽ95 96 വരെയുള്ള കാലയളവിൽ 24 പട്ടിക ജാതി കുടുംബങ്ങൾ ഉൾപെടെ 100 കുടുംബങ്ങൾക്ക് സഹായം ലഭിച്ചിട്ടുണ്ട്. 92-93 കാലയളവിനെ അപേക്ഷിച്ച് 9596 കാലയളവിൽ സഹായധനം കുറഞ്ഞു വരികയാണ് എന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. 92 ലെ IRDP സർവെയിൽ 804 കുടുംബങ്ങളെ ദാരിദ്ര്യ രേഖയ്ക്ക് താഴെ കണ്ടെത്തിയിരിക്കുന്നു. 95-96 ൽ നടത്തിയ അഡീഷനൽ സർവെയിൽ 73 കുടുംബങ്ങളെ കൂടി കണ്ടെത്തുകയുണ്ടായി. പ്രസ്തുത സർവെയിൽ കണ്ടെത്തിയ 74 കുടുംബങ്ങൾക്ക് ധന സഹായം ലഭിച്ചിട്ടുണ്ട്. ഇതിൽ 15 പട്ടിക ജാതി കുടുംബങ്ങളാണ്.

രണ്ടു സർക്കിളിലെയും IRDP ധനസഹായം വിശകലനം ചെയ്യുമ്പോൾ തളീക്കര സർക്കിളിൽ 95 -96 ൽ ഗുണഭോക്താക്കളുടെ എണ്ണത്തിൽ കുറവു സംഭവിച്ചുവെങ്കിൽ കായക്കൊടി സർക്കിളിൽ 95-96 ൽ വർധനവണ്ടായിട്ടുണ്ടെന്ന് പട്ടിക A,B എന്നിവയുടെ താരതമ്യത്തിലൂടെ വ്യക്തമാവും.

പട്ടിക A- തളീക്കര സർക്കിൾ

വർഷം	ധനസഹായം ലഭിച്ചവരുടെ എണ്ണം	പട്ടികജാതി
92-93	22	7
93-94	31	10
94-95	30	13
95-96	17	4
ആകെ	100	34

പട്ടിക B കായക്കൊടി സർക്കിൾ

വർഷം ധനസഹായം ലഭിച്ചവരുടെ എണ്ണം പട്ടികജാതി

92-93	14	3
93-94	20	5
94-95	22	4
95-96	18	3
ആകെ	74	15

IRDP സർവെയിൽ ഉൾപെടുത്തുന്നവരുടെ വാർഷിക വരുമാനത്തിന്റെ പരിധി ജീവിതച്ചെലവുകളുടെ അടിസ്ഥാനത്തിൽ ഉയർത്തേണ്ടതാണ്. സർവെയിൽ കണ്ടെത്തുന്ന ദാരിദ്ര്യ രേഖക്ക് താഴെയുള്ളവർക്ക് സാങ്കേതിക നൂലാമാലകൾ ലഘൂകരിച്ച് വായ്പകൾ അനുവദിക്കാൻ ബാങ്കുകൾ തയ്യാറാകേണ്ടതാണ്. ജനകീയ സമിതികളുടെ സ്വഭാവം കൈവരിച്ചിട്ടുള്ള സഹകരണ സംഘങ്ങൾക്ക് ഈ രംഗത്ത് അർഹരായവർക്ക് സഹായം നൽകുന്നതിൽ കൂടുതൽ പങ്ക് വഹിക്കാൻ കഴിയും. IRDP സർവെ നടത്തുന്നതിന് വാർഡ് മെമ്പർമാരുടെ നേതൃത്വത്തിൽ ജനകീയ സമിതികളുടെ സഹായം തേടുന്നത് നന്നായിരിക്കും.

DWCRA

വനിതകളുടെയും കുട്ടികളുടെയും ക്ഷേമം ലക്ഷ്യം വെച്ചുകൊണ്ട് പത്തോ അതിലധികമോ സ്ത്രീകൾ പ്രവർത്തിക്കുന്ന തൊഴിൽ സംരംഭമാണ് DWCRA. ഇതിന്റെ രണ്ടു സർക്കിളുകളായി പഞ്ചായത്തിൽ 6 യൂണിറ്റുകൾ പ്രവർത്തിച്ചിരുന്നുവെങ്കിലും 2 യൂനിറ്റുകൾ മാത്രമെ നിലവിലുള്ളൂ. കായക്കൊടി സർക്കിളിലെ കോവുക്കുന്ന് സൂര്യ മെറ്റൽ വർക്സ് പത്തു സ്ത്രീകളുടെ പങ്കാളിത്തത്തോടുകൂടി വളരെ നല്ല നിലയിൽ പ്രവർത്തിച്ചു വരുന്നു. മറ്റൊന്ന് നാവോട്ടുകുന്നിലെ 5 സ്ത്രീകളുടെ കൂട്ടായ്മയായ ഒരു 'ജെല്ലി' യൂണിറ്റാണ്. 7ാം വാർഡിൽ 10 വനിതകളുടെ പങ്കാളിത്തത്തോടെ പ്രവർത്തനമാരംഭിച്ച 'വനിത' ഹോട്ടൽ പ്രവർത്തനത്തിന്റെ കാര്യക്ഷമതയില്ലായ്മ കൊണ്ട് അടഞ്ഞു കിടക്കുകയാണ്. പീഡിത വ്യവസായമായ കരങ്ങോട് നെയ്ത്തു യൂണിറ്റ് നാമമാത്രമായി പ്രവർത്തിച്ചുവരുന്നു. മറ്റു യൂണിറ്റുകളെല്ലാം തന്നെ അടഞ്ഞു കിടക്കുകയാണുണ്ടായത്. ധന സഹായം നൽകുന്നതോടൊപ്പം ഇത്തരം യൂണിറ്റുകളുടെ കാര്യക്ഷമത പരിശോധിക്കുവാനും ബന്ധപ്പെട്ട നിർദ്ദേശങ്ങൾ നൽകുന്നതിനും ധനകാര്യ ഏജൻസികളോ ബന്ധപ്പെട്ട അതോറിറ്റികളോ ശ്രദ്ധിക്കാറില്ല. ഒരു വ്യവസായ സംരംഭം ആരംഭിക്കുക എന്നതിനപ്പുറം കാര്യശേഷിയോടെ നടത്താനുള്ള ശുഷ്കാന്തി പലരും കാണിച്ചു വരുന്നില്ല. ഗുണഭോക്താക്കളുമായി നടത്തിയ സംഭാഷണങ്ങൾക്കിടയിൽ മനസ്സിലായ ഒരു കാര്യം ഏകദേശം 50% സബ്സിഡിയോടുകൂടി ലഭിക്കുന്ന ഈ ആനുകൂല്യത്തെ ഫലപ്രദമായി വിനിയോഗിക്കുമ്പോൾ സംരംഭം ലാഭകരമാകും എന്നതു തന്നെയാണ്. ഇതിൽനിന്നും തെളിയുന്ന പ്രധാനപ്പെട്ട വസ്തുത സ്ഥാപനത്തിന്റെ നടത്തിപ്പിലുള്ള വീഴ്ചകളാണ് ഇത്തരത്തിലുള്ള അടച്ചുപൂട്ടലിന് കാരണമായി തീരുന്നത് എന്നതാണ്.

ട്രൈസം

വിദ്യാസമ്പന്നരായ 18 വയസ്സിനും 35 വയസ്സിനും ഇടയിലുള്ള യുവതീയുവാക്കൾക്ക് സ്വയം തൊഴിൽ പരിശീലനം നൽകുന്ന പരിപാടിയാണ് ട്രൈസം.

ട്രൈസം. പരിശീലനത്തെ കുറിച്ചുള്ള വിവരം

തളീക്കര VEO സർക്കിൾ പട്ടിക -c

വർഷം	എണ്ണം
92'-93	5
93-94	3
94-95	2
95 - 96	Nil
ആകെ	10

ട്രൈസം പരിശീലനം സംബന്ധിച്ചുള്ള വിവരങ്ങൾ പട്ടിക 'D'യിൽ കൊടുത്തിരിക്കുന്നു.

പട്ടിക 'ഡി'

കായക്കൊടി വി. ഇ. ഒ സർക്കിൾ

വർഷം	എണ്ണം
1993 -' 96	8
ആകെ	8

1992 - 93 വർഷം മുതൽ 95-'96 വർഷം വരെ തളീക്കര വി. ഇ. ഒ. സർക്കിളിൽ 10 പേർക്കും കായക്കൊടി വി. ഇ. ഒ. സർക്കിളിൽ 8 പേർക്കും ട്രൈസം പരിശീലനം നൽകിയതായി ലഭ്യമായ കണക്കുകൾ വ്യക്തമാക്കുന്നു. പ്രാദേശിക സാധ്യതകൾക്കനുസൃതമായി സ്വയം തൊഴിൽ സാധ്യതകൂടി വിശകലനം നൽകുക എന്ന ബാധ്യത മാത്രമായി ഇത് പര്യവസാനിക്കരുത്. മറിച്ച് പരിശീ

ലനം നേടിയ യുവതീ യുവാക്കൾക്ക് തൊഴിൽ ലഭിക്കുവാനും അതിനാവശ്യമായ ധനസഹായങ്ങളും മറ്റു സാധ്യതകളും കണ്ടെത്താനുമുള്ള പദ്ധതികൾ കൂടി ആവിഷ്കരിക്കേണ്ടതുണ്ട്. ട്രൈസം സ്കീമിൽ ഉൾപ്പെടുത്തി പരിശീലനം നേടിയ യുവതീയുവാക്കളുടെ എണ്ണം വിശകലനം ചെയ്തു കഴിഞ്ഞാൽ ആക 18 പേർക്ക് മാത്രമേ ഇതിന്റെ ഗുണഫലം ലഭിച്ചിട്ടുള്ളൂ എന്ന് വ്യക്തമാകുന്നു. അതുകൊണ്ടു തന്നെ ഈപരിപാടിയിൽ പരഗണിക്കേണ്ടുന്ന ഗുണഭോക്താക്കളുടെ അംഗസംഖ്യ ഇനിയും വിപുലപ്പെടുത്തേണ്ടിയിരിക്കുന്നു.

ഈ പദ്ധതിയിലേക്ക് തൊഴിൽ രഹിതരായ യുവതീ യുവാക്കൾ ആകർഷിക്കപ്പെടാതിരിക്കുന്ന സ്വഭാവം നിലനിൽക്കുന്നു. ഇതിന്റെ മുഖ്യ മായ കാരണം ലഭ്യമാകുന്ന തൊഴിൽ സാധ്യതകളെക്കുറിച്ചുള്ള അറിവില്ലായ്മയാണ്. ഇത് പരിഹരിക്കപ്പെടണമെങ്കിൽ യുവജന സമൂഹത്തിനിടയിൽ പ്രവർത്തിക്കുന്ന സാംസ്കാരിക സംഘടനകളും രാഷ്ട്രീയ യുവജന സംഘടനകളും ബോധവൽക്കരണ പരിപാടികൾക്ക് പ്രാധാന്യം കൊടുക്കണം.

ടൂൾ കിറ്റ്

നമ്മുടെ ഗ്രാമ സൗഭാഗ്യതയിൽ അന്യം നിന്നുപോയ ഒരു തൊഴിൽ മേഖലയാണ് ഗ്രാമീണ കൈതൊഴിൽ മേഖല

ഈ മേഖലയിൽ തൊഴിൽ സാധ്യതകൾ ലക്ഷ്യം വെച്ചുകൊണ്ട് തൊഴിലുപകരണങ്ങൾ ലഭ്യമാക്കുന്ന പദ്ധതിയാണ് ടൂൾ കിറ്റ്. 1992 - 93 മുതൽ 94-95 വർഷം വരെ 2 വി.ഇ.ഒ സർക്കിളുകളിലായി 30 പേർക്ക് തൊഴിലുപകരണങ്ങൾ വാങ്ങാനുള്ള സാമ്പത്തിക സഹായം നൽകിയതായി കണക്കുകളിൽ കാണുന്നു. പായമടയൽ, കുട്ടമടയൽ മുറം മടയൽ തുടങ്ങി നിരവധി കൈത്തൊഴിലുകൾ നമ്മുടെ പഞ്ചായത്തിലുണ്ടെങ്കിലും തളീക്കര സർക്കിളിനെ കണക്കുകളിൽവ്യക്തമാകുന്നത് 1995-'96 വർഷത്തിൽ ഈ ഇനത്തിൽ ഗുണഭോക്താക്കൾക്കു വേണ്ടി കൈത്തൊഴിലുപകരണങ്ങൾ വാങ്ങുവാൻ സാമ്പത്തിക സഹായം വിതരണം ചെയ്തിട്ടില്ല എന്നുള്ളതാണ്. ഈ പദ്ധതി പ്രകാരം ഗുണഭോക്താക്കളായി മാറേണ്ട വർ ഇക്കാര്യത്തിൽ വേണ്ടത്ര ശ്രദ്ധ ചെലുത്താറുമില്ല.

ടൂൾ കിറ്റ് - തളീക്കര സർക്കിൾ പട്ടിക 'E'

വർഷം	എണ്ണം
1992- 93	7
1993- 94	6
1004 - 95	6
1995 - 96	ഇല്ല
ആകെ	19

ടൂൾ കിറ്റ് - കായക്കൊടി സർക്കിൾ പട്ടിക 'F'

വർഷം	എണ്ണം
1992 to 1995	11

സി. ആർ. എസ്. പി.

ദാരിദ്ര്യ രേഖക്ക് കീഴെ ഉള്ള കുടുംബങ്ങൾക്ക് കക്കൂസ് നിർമ്മിക്കാൻ ധനസഹായം നൽകുന്ന പദ്ധതിയാണ് സി. ആർ. എസ്. പി. 1991 - 92 മുതൽ 1995 96 വരെയുള്ള കാലയളവിൽ രണ്ടു സർക്കിളുകളിലായി ജനറൽ വിഭാഗത്തിൽ 44ഉം പട്ടികജാതി വിഭാഗത്തിൽ 2ഉം പട്ടിക വർഗ വി ഭാഗത്തിൽ 1ഉം ഉൾപ്പടെ 47 കക്കൂസുകൾ മാത്രമാണ് നിർമിച്ചു നൽകിയത്. IRDP ലിസ്റ്റിൽ ഉൾപ്പെട്ടിരിക്കുന്ന മുഴുവൻ കുടുംബങ്ങൾക്കും കക്കൂസ് നിർമിച്ചു കൊടുക്കുക എന്നുള്ളതായിരിക്കണം നമ്മുടെ ലക്ഷ്യം. ഈ ലക്ഷ്യ പ്രാപ്തിക്കുവേണ്ടി CRSP പദ്ധതികളുടെ ഗുണ ഭോക്താക്കളുടെ എണ്ണം വർദ്ധിപ്പിക്കേണ്ടത് അനിവാര്യമാണ്. ദീർഘ കാലം നിലനിൽക്കുന്ന കക്കൂസുകൾ നിർമിക്കണമെങ്കിൽ, ലഭ്യമാകുന്ന സംഖ്യ അപര്യാപ്തമാണെന്നിരിക്കെ അനുവദിക്കപ്പെടുന്ന സംഖ്യ വർദ്ധിപ്പിക്കുക തന്നെ വേണം.

CRSP, കക്കൂസുകൾ അനുവദിച്ച കണക്ക്

തളീക്കര സർക്കിൾ പട്ടിക "G"

വർഷം	എണ്ണം
1993 - 94	17
1994 - 95	9
1995 - 96	7
ആകെ	33

കായക്കൊടി സർക്കിൾ - പട്ടിക 'H'

വർഷം	എണ്ണം			
	ജനറൽ	S.C	ST	ആകെ
1993 - 94	7	-	-	7
1994 - 95	1	1	1	3
1995- 96	3	1	-	4
ആകെ	11	2	1	14

മില്യൺ വെൽസ്കീം

1990 - 91 മുതൽ 1995 - 96 കാലയളവിനുള്ളിൽ നമ്മുടെ പഞ്ചായത്തിൽ തളീക്കര, കായക്കൊടി സർക്കിളുകളിൽ 10 കുടുംബങ്ങൾക്ക് ഈ സ്കീമിൽ ധനസഹായം ലഭിച്ചിട്ടുണ്ട്. 1992 - 93 മുതൽ 95 മുതൽ 96 സമയ പരിധിക്കുള്ളിൽ തളീക്കര സർക്കിൾ 8 കുടുംബങ്ങൾക്ക് കിണർ കുഴിക്കുന്നതിനു വേണ്ടി ധനസഹായം നൽകിയിട്ടുണ്ട്. രണ്ട് സർക്കിളുകളിലായി സഹായം ലഭിച്ച ഗുണഭോക്താക്കളുടെ വിശദ വിവരം പട്ടികയിൽ ചേർത്തരിക്കുന്നു.

മില്യൺ വെൽ സ്കീം - കായക്കൊടി സർക്കിൾ

പട്ടിക 1.

വർഷം	എണ്ണം
1990 - 91	1
1991 92	1
1993 94	1
1994 95	5
1995 - 96	1
ആകെ	10

മില്ല്യൻ വെൽസ്കീം തളീക്കര സർക്കിൾ പട്ടിക. 'j'

വർഷം	എണ്ണം
1992 - 93	1
1993 - 94	1
1994- 95	5
1995- 96	1
ആകെ	8

നടപ്പു സ്കീമുകൾ

IRDP സർവെയുടെ അടിസ്ഥാനത്തിൽ നമ്മുടെ പഞ്ചായത്തിലെ ദാരിദ്ര്യ രേഖയ്ക്കു കീഴിലുള്ള കുടുംബങ്ങളുടെ ഉന്നമനത്തിനു വേണ്ടിയുള്ള നടപ്പു പദ്ധതികളെക്കുറിച്ച് ചുവടെ കൊടുത്തിരിക്കുന്നു.

തളീക്കര സർക്കിളിൽ നടപ്പു വർഷത്തിൽ 31 പേരെ ഐ.ആർ.ഡി.പി. സഹായിച്ചു ഇതിൽ ഭവന നീർമ്മാണ സഹായത്തിൽ 9 പേരെയും സി. ആർ. എസ്. പി. അനുവദിക്കുന്നതിൽ ഒരാളെയും തിരഞ്ഞെടുത്തിട്ടുണ്ട് ടൂൾകിറ്റ്, ട്രൈസം, എന്നീ വിഭാഗത്തിൽ അപേക്ഷകൾ ലഭിച്ചിട്ടില്ല. മില്യൺ വെൽ സ്കീം പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിലേക്ക് അപേക്ഷ സ്വീകരിച്ചു കൊണ്ടിരിക്കുകയാണ്.

കായക്കൊടി സർക്കിളിൽ ഭവന നിർമ്മാണ സഹായത്തിൽ 7 പേരെയും സി.ആർ.എസ്.പി.യിൽ 12 പേരെയും തിരഞ്ഞെടുത്തിട്ടുണ്ട് കുടീർ ജ്യോതിയിൽ 20 പേരെയും ട്രൈസം പരിശീലനത്തിന് 6 പേരെയും മില്യൺ വെൽ സികീം പദ്ധതിയിൽ 2 പേരെയും തിരഞ്ഞെടുത്തിട്ടുണ്ട് ടൂൾ കിറ്റിന് അപേക്ഷ ലഭിച്ചിട്ടില്ല. ഐ.ആർ.ഡി.പി. സഹായിക്കുന്നവരുടെ എണ്ണം 32 ആണ്.

വില്ലേജ് ഓഫീസ്

സാമൂഹ്യ ക്ഷേമ പ്രവർത്തനത്തിന്റെ ഭാഗമായി റവന്യൂ വകുപ്പ് കാര്യമായി പെൻഷനുകളും നിർദ്ധനരായ വിധവകളുടെ പെൺമക്കളെ വിവാഹം ചെയ്തുകൊടുക്കാനുള്ള ധന സഹായങ്ങളുമാണ് പഞ്ചായത്തിൽ ലഭ്യമാക്കുന്നത്.

വിധവാ പെൻഷൻ

ഭർത്താക്കന്മാർ അകാലത്ത് നഷ്ടപ്പെട്ടു പോയ വിധവകളായ സ്ത്രീകൾക്കു ള്ള പെൻഷനാണ് വിധവാ പെൻഷൻ.

എന്നാൽ വിധവകൾ യുവതികളാണെങ്കിൽ ഈ പെൻഷൻ പരിധിയിൽ നിന്ന് ഇവർ പലപ്പോഴും ഒഴിവാക്കപ്പെടുന്നു എന്നുള്ളതാണ് യാഥാർത്ഥ്യം. ഈ വിഷയം ഗ്രാമസഭകളിൽ സജീവമായ ചർച്ചക്ക് വന്നിരുന്നു. വിധവാപെൻഷൻ പ്രായ പരിധി പരിഗണിക്കാതെ മുഴുവൻ വിധവകൾക്കും ലഭിക്കുവാനുള്ള സംവിധാനം ഉണ്ടാകണം. മുഴുവൻ പെൻഷനുകളുടെയും വിതരണ കേന്ദ്രം ഗ്രാമ പഞ്ചായത്തിലാക്കി മാറ്റിയാൽ ഈ പ്രശ്നങ്ങൾക്ക് ഏറെക്കുറെ പരിഹാരമാകുമെന്ന് നമുക്ക് ആശ്വസിക്കാം

വകലാംഗപെൻഷൻ

അംഗ വൈകല്യം തെളിയിക്കാനുള്ള സർട്ടിഫിക്കറ്റ് നൽകുവാനുള്ള അധികാരം കോഴിക്കോട് മെഡിക്കൽ കോളജിലെ പ്രത്യേക വിഭാഗത്തിനാണ്. അതുകൊണ്ടു തന്നെ പലപ്പോഴും ഈ സർട്ടിഫിക്കറ്റ് ലഭ്യമാകുവാൻ വികലാംഗർ വളരെ കഷ്ടപ്പെടുന്നുണ്ട്. ഇതിന്പരിഹാരമെന്ന നിലയിൽ സർട്ടിഫിക്കറ്റ് നൽകുവാനുള്ള അധികാരം മുമ്പത്തെ രീതിയിൽ താലൂക്ക് ആശുപത്രിയിൽ നൽകേണ്ടതാണ്

പട്ടിക N

	91 92	92 93	93 94	94 95	95 96	ആകെ എണ്ണം	തുക
1. വധവാ പെൻഷൻ	16	13	14	10	2	55	75
2. വികലാംഗ പെൻഷൻ	-	-	2	4	1	07	75
3. കർഷക തൊഴിലാളി പെൻഷൻ	32	31	32	28	24	147	70
4. തൊഴലില്ലായ്മ വേതനം	33	29	56	47	28	193	70
5. T.B. പെൻഷൻ	2.	-	2	1	-	05	
6. വന്ധ്യംകരണ വിധേയരായ വർക്കുള്ള പ്രോത്സാഹനം	47	30	24	21	22	144	30
7. ക്യാൻസർ പെൻഷൻ	3	–	–	1	–	04	

8. മാതൃസഹായ പദ്ധതി പഞ്ചായത്തിൽ അപേക്ഷ സ്വീകരിച്ചു തുടങ്ങിയിട്ടുണ്ട്.

പഞ്ചായത്തിലെ വികലാംഗരെ സംബന്ധിക്കുന്ന വിവരം പട്ടിക 'M' ൽ കൊടുത്തിരിക്കുന്നു.

പട്ടിക 'M'

	പു	സ്ത്രീ	ആകെ
5 വയസ്സ് വരെ പ്രായമുള്ളവർ	1	3	4
5നും 10നും ഇടയിൽ പ്രായമുള്ളവർ	2	-	2
10 to 18	6	8	14
18to 25	2	4	6
25to 45	41	14	55
45to 60	10	1	11
60 നു മുകളിൽ	1		1
ആകെ	63	30	93

കർഷക തൊഴിലാളി പെൻഷൻ

മണ്ണിലദ്ധ്വാനിക്കുന്ന കർഷകത്തൊഴിലാളികളുടെ അസ്തമയ കാല ജീവിത സഹായത്തിന് വേണ്ടി രൂപപ്പെടുത്തിയ കർഷക തൊഴിലാളി പെൻഷൻ അർഹതപ്പെട്ട മുഴുവൻ കർഷകത്തൊഴിലാളികൾക്കും ഇന്നു ലഭ്യമാകുന്നില്ല. അപേക്ഷ കൊടുത്ത് കാത്തിരിക്കുന്ന തൊഴിലാളികൾ ഇന്നും അനവധിയാണ്. അപേക്ഷ സ്വീകരിക്കുകയും ലേബർ ഓഫീസിലേക്ക് പാസാക്കി അയക്കുകയും ചെയ്യുന്നത് വില്ലേജ് ഓഫീസ് മുഖേനയാണ്. പല പ്പോഴും വ്യത്യസ്തകാരണങ്ങളാൽ വില്ലേജ് ഓഫീസിൽനിന്നും ഇത്തരം അപേക്ഷ തിരസ്കരിക്കാറുണ്ട്. കർഷകത്തൊഴിലാളികളുടെ അപേക്ഷകൾ പരിശോധിക്കാൻ ഗ്രാമ പഞ്ചായത്തിന്റെയും വില്ലേജ് ഓഫീസിന്റെയും സംയുക്ത സമിതി നിലവിൽ വരേണ്ടതുണ്ട്. യഥാർഥ കർഷകത്തൊഴിലാളികളെ കണ്ടെത്തുവാനും പെൻഷൻ വിതരണ സംവിധാനം ശക്തിപ്പെടുത്തുന്നതിലും ഈ സംരംഭം ഒരു നാഴികക്കല്ലായിരിക്കുമെന്നതിൽ തർക്കമില്ല

തൊഴിലില്ലായ്മ വേതനം

കായക്കൊടി പഞ്ചായത്തിൽ അർഹരായവർക്ക് തൊഴിലില്ലായ്മാവേതനം ലഭിക്കാതിരിക്കുകയും അനർഹരായവർക്ക് ലഭിക്കുകയും ചെയ്യുന്ന അവസ്ഥ നിലവിലുണ്ട്. അഭ്യസത വിദ്യരായ തൊഴിൽ രഹിത യുവാക്കൾക്ക് താൽക്കാലികാശ്വാസമായി ലഭിക്കുന്ന ഈ ധനസഹായം തൊഴിൽ നേടിയ യുവാക്കൾക്കു പോലും ഇന്ന് നമ്മുടെ പഞ്ചായത്തിൽ ലഭിച്ചുവരുന്നുണ്ട്.

ഇന്ന് നിലവിലുള്ള മറ്റ് രണ്ട് ധനസഹായ പദ്ധതി വാർദ്ധക്യ കാല പെൻശനും മാതൃ സാഹായവുമാണ് പഞ്ചായത്തിൽ 144 പേർക്ക് മാതൃ സഹായം ലഭ്യമാക്കിയിട്ടുണ്ട്.

പെൻഷൻ ഗുണഭോക്താക്കളുടെ വിവരം (കായക്കൊടി വില്ലേജ്)പട്ടിക N

റേഷൻ ഷാപ്പ് (പൊതു വിതരണ കേന്ദ്രം)

നമ്മുടെ പഞ്ചായത്തിൽ 7 റേഷൻ ഷാപ്പുകളാണ് നിലവിലുള്ളത്. സാധാരണ ജനങ്ങൾക്ക് ഏറ്റവും കൂടുതൽ ആശ്വാസം ലഭിക്കുന്ന ഒരു നടപടിക്രമമാണ് പൊതു വിതരണ സമ്പ്രദായം. മുൻപ് റേഷൻ ഷാപ്പ് എന്നറിയപ്പെട്ടിരുന്ന സ്ഥാപനം ഇപ്പോൾ പൊതുവിതരണ കേന്ദ്രം എന്ന പേരിലാണ് അറിയപ്പെടുന്നത്. അഞ്ച് വർഷം കൂടുമ്പോഴാണ് കാർഡുകൾ പുതുക്കുന്നത്. അതുകാരണം പ്രായപൂർത്തിയായവരെ യഥാസമയം കാർഡിൽ ഉൾപ്പെടുത്താൻ കഴിയാറില്ല. കാർഡുകൾ പുതുക്കുവാനുള്ള സമയദൈർഘ്യം രണ്ടു വർഷമായി ചുരുക്കണം. കൂടാതെ ഉപഭോക്താക്കളുടെ പ്രശ്നങ്ങൾ മനസ്സിലാക്കുവാൻ ഒരു പ്രശ്നപരിഹാരസഭ 6 മാസത്തിലൊരിക്കൽ പഞ്ചായത്തിൽ വിളിച്ചു ചേർക്കുവാൻ താലൂക്ക് സപ്ലൈ ഓഫീസർ ശ്രമിക്കണം. ഈ ഘട്ടങ്ങളിൽ പുതിയ അംഗങ്ങളെ ചേർക്കുവാനുള്ള സംവിധാനവും ഉണ്ടാക്കണം. വടകരയിലാണ് നമ്മുടെ പഞ്ചായത്ത് ഉൾപ്പെടുന്ന പൊതുവിതരണ ശൃംഖലയുടെ ആസ്ഥാനം. ഇവിടെ പരിഹാരത്തിനെത്തുന്നവർക്ക് ദിവസങ്ങളോളം ഓഫീസ് കയറി ഇറങ്ങുന്ന അവസ്ഥ ഉണ്ടാകാറുണ്ട്. റേഷനിംഗ് ഇൻസ്പെക്ടർമാരുടെ സേവനം വിപുലപ്പെടുത്തി പരാതി പരിഹരിക്കാൻ കഴിയുന്ന സംവിധാനം നിലവിൽ വരണം.

പഞ്ചായത്തിൽ ഒരു മാവേലി സ്റ്റോർ പ്രവർത്തനമാരംഭിക്കുന്നത് നന്നായിരിക്കും. ഓണം, വിഷു കാലങ്ങളിൽ തളീക്കരയിലും കായക്കൊടിയിലുമായി രണ്ട് മാവേലി സ്റ്റോറുകൾ പ്രവർത്തിക്കാറുണ്ട്. ഇത്തരം മാവേലി സ്റ്റോറുകൾക്ക് മുമ്പിൽ വൻ തിരക്ക് അനുഭവപ്പെടുന്നത് കാണാം. മറ്റു സമയങ്ങളിൽ ജനങ്ങൾ സമീപിക്കുന്നത് മൊകേരിയിലും, തൊട്ടിൽപ്പാലത്തും പ്രവർത്തിച്ചു വരുന്ന മാവേലി സ്റ്റോറുകളെയാണ്. മാവേലി സ്റ്റോറുകളും പച്ചക്കറിസ്റ്റോറുകളും പഞ്ചായത്തുകൾക്കോ, സഹകരണ ബേങ്കുകൾക്കോ അനുവദിച്ചു കഴിഞ്ഞാൽ നിത്യോപയോഗസാധനങ്ങളുടെ വിലക്കയറ്റം മൂലം ദുരിതമനുഭവിക്കുന്ന ജനതയെ സഹായിക്കാൻ കഴിയും.

പ്രശ്നങ്ങൾ

1) തളീക്കരയിലെ റേഷൻ ഷോപ്പുകളിലൊന്ന് സസ്പെൻഡ് ചെയ്തത് കാരണം കാർഡുടമകൾ കുറ്റ്യാടിയിലെയും കായക്കൊടിയിലെയും റേഷൻ കടകളെ ആശ്രയിക്കേണ്ടി വന്നിട്ടുണ്ട്. ഇത് സാധാരണക്കാർക്ക് വളരെയേറെ ബുദ്ധിമുട്ടുണ്ടാക്കിയിട്ടുണ്ട്.

2) റേഷൻ കടകൾ ലാഭകരമല്ലാത്തതുകാരണം വ്യക്തികൾ ഏറ്റെടുക്കുന്നില്ല.

3) പാലോളിയിൽ ഒരു റേഷൻ ഷോപ്പ് ഇല്ലാത്തതു കാരണം ജനങ്ങൾ തൊട്ടിൽപ്പാലം, കായക്കൊടി റേഷൻ ഷാപ്പുകളെ ആശ്രയിക്കേണ്ടിവരുന്നു.

4) വോൾട്ടേജ് ക്ഷാമം രൂക്ഷമായതിനാൽ വൈദ്യുതി കണക്ഷനുള്ള വീടുകൾക്കുള്ള മണ്ണെണ്ണ വിഹിതം അപര്യാപ്തമാണ്.

5) കരണ്ടോട് 4ാം വാർഡിൽ രണ്ട് പൊതുവിതരണ കേന്ദ്രങ്ങളുണ്ടായിരുന്നത് ഇപ്പോൾ സംയോജിപ്പിച്ച് ഒന്നാക്കി മാറ്റിയത് കാരണം കേന്ദ്രത്തിൽ വൻ തിരക്കനുഭവപ്പെടുന്നു.

മാതൃശിശു സംരക്ഷണ കേന്ദ്രങ്ങൾ

നമ്മുടെ പഞ്ചായത്തിൽ രണ്ട് സ്ഥാപനങ്ങളാണ് ഈ വിഭാഗത്തിൽ പ്രവൃത്തിക്കുന്നത്. ഒന്നാം വാർഡിലെ പൂക്കാട് ബാലവാടിയും, കോവുക്കുന്നിലെ ബാലവാടിയും. അമ്മമാർക്കും, കുട്ടികൾക്കും പോഷകാഹാരം നൽകുക എന്നതാണിതിന്റെ ലക്ഷ്യം. ബ്ലോക്ക് മുഖാന്തിരം ഈ സ്ഥാപനങ്ങളിലേക്ക് അരിയും പയറും നൽകുന്നുണ്ട് 65 ഗ്രാം അരിയും 15ഗ്രാം പയറും ഓരോകുട്ടിക്കും നല്കിവരുന്നുണ്ട്. ഒരു അദ്ധ്യാപികയും, ഒരു ആയയുമാണ് ഓരോ സ്ഥാപനത്തിലും ജോലിചെയ്യുന്നത്. എസ്. എസ്. എൽ. സി. പാസ്സായ അദ്ധ്യപിക്ക് 550 രൂപയും, തോറ്റവരാണ് എങ്കിൽ 500 രൂപയും കൺവീനർക്ക് 300 രൂപയും ശമ്പളമായി നല്കുന്നു .30 അമ്മമാരും 100 കുട്ടികളുമാണ് മാതൃശിശുസംരക്ഷണകേന്ദ്രത്തിന്റെ ഗുണഭോക്താക്കൾ ഒരു വയസ്സ് മുതൽ 5 വയസ്സ് വരെയുള്ള 75 കുട്ടികളും, മൂന്ന് മുതൽ 5 വയസ്സുവരെയുള്ള 25 കുട്ടികളും ഈ കേന്ദ്രത്തിലൂടെ പോഷകാഹാരം ലഭിക്കുന്നവരാണ്.

പ്രശ്നങ്ങൾ

1. പൂക്കാട് ബാലവാടിയിൽ കെട്ടിടവും, കളിസ്ഥലവും സൗകര്യപ്രദമല്ല.

2. ജീവനക്കാർക്ക് നല്കുന്ന വേതനം അപര്യാപ്തമാണ്.

3. ഭക്ഷണം പാകം ചെയ്യാനുള്ള പാത്രങ്ങൾ

പൂക്കാട് ബാലവാടിയാൽ അപര്യാപ്തമാണ്

4. കുട്ടികൾക്ക് വേണ്ടത്ര കളിക്കോപ്പുകൾ ലഭ്യമല്ല.

5. ഫർണിച്ചറുകൾ അപര്യാപ്തമാണ്.

6. കിണർ ലഭ്യമാണെങ്കിലും ഉപയോഗ യോഗ്യമല്ല.

അംഗനവാടികൾ

ഐ.സി.ഡി.എസ്. പ്രവർത്തനം നമ്മുടെ ബ്ലോക്കിൽ ഇല്ലാത്തതിനാൽ പഞ്ചായത്തിൽ അംഗ നവാടികളൊന്നും അനുവദിക്കപ്പെട്ടിട്ടില്ല. അയിരം ജനങ്ങൾക്ക് ഒരു അംഗനവാടി എന്നതാണ് ഐ.സി.ഡി.എസി ന്റെ ലക്ഷ്യമെങ്കിലും, ഒറ്റ സ്ഥാപനം പോലും നമ്മുടെ പഞ്ചായത്തിൽ ഇല്ലാ ത്തതിനാൽ ഐ.സി.ഡി.എസി ന്റെ ഈ ലക്ഷ്യം നമ്മുടെ വിദൂര സ്വപ്നം മാത്രമായി അവശേഷിക്കു കയാണ്.

നിർദ്ദേശങ്ങൾ

1. മാതൃശിശു സംരക്ഷണ കേന്ദ്രങ്ങളിലെ ജീവതക്കാരുടെ സേവന വേതന വ്യവസ്ഥകൾ പരി ഷ്ക്കരിച്ച് അവരെ സർക്കാർ ജീവനക്കാരായി അംഗി കരിക്കണം.

2. വരാനിരിക്കുന്ന സാമൂഹ്യ ക്ഷേമ വകുപ്പി ന്റെയോ, പഞ്ചായത്തിന്റെയോ പദ്ധതി വിഹിത ത്തിൽ, ബാലവാടികളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള തുക വകയിരുത്തണം.

3. പഞ്ചായത്തിലെ എല്ലാവാർഡുകളിലും ഒന്നുവീതമെങ്കിലും മാതൃശിശു സംരക്ഷണ കേന്ദ്രം ആരംഭിക്കണം.

4. പ്രാദേശിക പ്രതിനിധികളെ ഉൾപ്പെടുത്തി വിപുലമായ മോണിറ്ററിംഗ് സമ്പ്രദായം ആവിഷ്ക്ക രിക്കണം.

ഫീഡിംഗ് സെന്ററുകൾ

ബ്ലോക്കിന്റെ സാമൂഹ്യക്ഷേമ വകുപ്പിന് കീഴി ലുള്ളവയാണ് ഫീഡിംഗ് സെന്ററുകൾ. കായ ക്കൊടി, ചങ്ങരംകുളം, തളീക്കര (പട്ടർകുളങ്ങര) എന്നീ പ്രദേശങ്ങളിലാണ് ഇവ ഇപ്പോൾ പ്രവൃത്തി ക്കുന്നത്. മാതൃശിശു സംരംക്ഷണ കേന്ദ്രത്തിന്റെ പ്രവർത്തന മാതൃകയാൽ തന്നെയാണിവയും പ്രവർത്തിക്കുന്നത്. ആവശ്യമായ കെട്ടിടങ്ങളോ, മറ്റു സൗകര്യങ്ങളോ ഇല്ലാത്തത് കാരണം, സ്ഥാപന ങ്ങൾക്ക് അവയുടെ പൂർണ്ണതയോടെ പ്രവൃത്തി ക്കാൻ കഴിയുന്നില്ല എന്നതാണ് വസ്തുത. പല കേന്ദ്രങ്ങളും, താല്കാലികമായ ഒരുക്കിയിട്ടുള്ള കെട്ടിടങ്ങളിലാണ് പ്രവൃത്തിക്കുന്നത്. ചങ്ങരംകു ളത്ത് നാട്ടുകാർ പണിത ഒരു താല്കാലിക കെട്ടിട ത്തിലും, കായക്കൊടിയിൽ ഒരു പീടിക മുറിയിലും, തളീക്കരയിൽ ഒരു വീട്ടിലും ആയിട്ടാണ് ഇവയുടെ പ്രവർത്തനം. ഇത്തരം സ്ഥാപനങ്ങളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്താനുള്ള ശ്രമം ആരംഭിക്കേ ണ്ടതാണ്.

കായക്കൊടി ഗ്രാമ പഞ്ചായത്തിന്റെ കീഴിൽ നല്ല നിലയിൽ പ്രവൃത്തിച്ചിരുന്ന ഒരു ശിശുമന്ദിരം നെടുമണ്ണൂരിൽ ഉണ്ട്. കോൺക്രീറ്റ് മേൽക്കുരയുള്ള ഈ കെട്ടിടത്തിൽ ആവശ്യമായ കളിക്കോപ്പുകളോ, മറ്റുപകരണങ്ങളോ ഇല്ല. ഇവിടെ കുട്ടികൾക്ക് പോഷകാഹാര വിതരണവും നടക്കുന്നില്ല കുടിവെ ള്ളവും ലഭ്യമല്ല.

നിർദ്ദേശങ്ങൾ

1. ദേവർകോവിൽ കായക്കൊടി അങ്ങാടിക ളിൽ ഒരു മത്സ്യ മാർക്കറ്റ് പണിയുക.

2. രണ്ടാം വാർഡിൽ പാലോട്ട് കണ്ടിതാഴ, കുനിയിൽ താഴെ തളീക്കര എന്നിവിടങ്ങളിൽ ഓരോ കുളിക്കടവുകൾ പണിയണം.

3. ബസ്സ് സ്റ്റോപ്പുകൾ ആവശ്യമുള്ള സ്ഥല ങ്ങളിൽ അവയുടെ നിർമ്മാണം നടത്തുക.

4. മൂന്നാം വാർഡിൽ കരിക്കാടം പൊയിൽ, പുളിയുള്ളതിൽതാഴ, കാഞ്ഞിരത്തിൻകീഴിൽ തെക്കെ വീട്ടിൽതാഴ 4ാം വാർഡിൽ നരിക്കോട് എന്നിവിടങ്ങളിൽ കുളിക്കടവുകൾ വേണം.

5. അർഹിക്കുന്ന മുഴുവൻ പേർക്കും വിവിധ തരം പെൻഷനുകൾ സമയാ സമയങ്ങളിൽ ലഭി ക്കാൻ നടപടി വേണം.

6. വെണ്ടേങ്കോട്ട് ചാലിലുള്ള പട്ടികജാതി-പട്ടികവർഗ്ഗ കുടുംബങ്ങളെ കോളണി നിവാസിക ളായി അംഗീകരിക്കണം.

പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം

പഞ്ചായത്തിലെ മൊത്തം ജനസംഖ്യയുടെ 2.69 ശതമാനം പട്ടിക ജാതി- പട്ടികവർഗ്ഗത്തിൽപ്പെട്ടരാണ്. ഏകദേശം 111 പട്ടികജാതി-പട്ടികവർഗ്ഗ കുടുംബങ്ങളിലായി 570 പേരാണ് പഞ്ചായത്തിൽ അധിവസിക്കുന്നത്. പഞ്ചായത്തിലെ ഏക പട്ടിക ജാതി - പട്ടിക വർഗ്ഗ കോളനിയാണ് ഒമ്പതാം വാർഡിലെ നാവോട്ടുകുന്നു കോളനി. ഈ കോളനിയിലും മറ്റൊരു ലക്ഷംവിട് കോളനിയിലുമായി 19 കുടുംബങ്ങൾ താമസിക്കുമ്പോൾ ബാക്കി 92 കുടുംബങ്ങളും മറ്റു വിഭാഗങ്ങളുമായി ഇടകലർന്നാണ് താമസിക്കുന്നത്. സാമൂഹ്യമേഖലയിൽ എടുത്തു പറയത്തക്ക നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും വിദ്യാഭ്യാസ-സാമ്പത്തിക രംഗങ്ങളിൽ വളരെയേറെ പിന്നോക്കാവസ്ഥയിലാണ്. വളരെക്കാലം സാമൂഹ്യ-സാമ്പത്തിക രംഗത്ത് ചൂഷണവിധേയരായി കഴിഞ്ഞ ഈ വിഭാഗക്കാർക്ക് കുടികിടപ്പവകാശവും മിച്ചഭൂമിയുടെ ലഭ്യതയും ഏറെ അനുഗ്രഹമായി. പഞ്ചായത്തിലെ വിദ്യാഭ്യാസ രംഗത്ത് അവരുടെ സ്ഥിതി പരിശോധിച്ചാൽ ജനസംഖ്യാനുപാതികമായ പ്രാതിനിധ്യം ലഭിച്ചിട്ടില്ല എന്നുകാണാം. മൊത്തം ജനസംഖ്യയുടെ 2.69 ശതമാനം വരുന്ന ഇവരുടെ കുട്ടികൾ മൊത്തം വിദ്യാർത്ഥികളുടെ രണ്ട് ശതമാനം മാത്രമേ വരൂ. പഞ്ചായത്തിൽ ആകെ പത്താം ക്ലാസ് വരെ 5272 കുട്ടികൾ പഠിക്കുമ്പോൾ, പട്ടിക ജാതി-പട്ടികവർഗ്ഗത്തിൽപ്പെട്ട 106 പേർ മാത്രമെ ഉള്ളൂ ഇതു പട്ടിക രൂപത്തിൽ പരിശോധിക്കാം.

പട്ടിക 1

ക്ലാസ്	കുട്ടികൾ		തോറ്റു പഠിക്കുന്നവർ		പഠനം നിർത്തിയവർ	
	ആൺ	പെൺ	ആൺ	പെൺ	ആൺ	പെൺ
I	6	5	-	-	2	1
ii	1	5	-	-	-	1
iii	4	4	1	1	2	0
IV	6	4	1	1	0	1
V	4	5	0	1	0	1
VI	6	6	0	1	0	0
VII	6	7	0	0	0	0
VIII	5	6	3	2	0	0
IX	7	5	2	0	0	0
X	6	8	0	0	0	0
ആകെ	51	55	7	7	4	4

നിലവിലുള്ള ഏക കോളനിയിൽ അടിസ്ഥാന സൗകര്യങ്ങൾ തൃപ്തികരമല്ല. അറ്റകുറ്റപണികൾ കാലാകാലങ്ങളിൽ നടക്കാത്ത വീടുകൾ തന്നെയുണ്ട്. കോളനിയിലെ വീടുകൾ ഒന്നും തന്നെ വൈദ്യുതീകരിച്ചിട്ടില്ല. ശുദ്ധമായ കുടിവെള്ളം ലഭിക്കുന്നതിന് ആകെയുള്ളത് ഒരു പൊതുകിണറും മൂന്നാം കൈ ശുദ്ധജലവിതരണ പദ്ധതിയിൽ നിന്നുള്ള ഏതാനും പെതു ടാപ്പുകൾ മാത്രമാണ്. മിക്കവീടുകൾക്കും കക്കൂസുകളുണ്ട്. മറ്റുവാർഡുകളിലെ പട്ടികജാതി കുടുംബങ്ങൾ മറ്റു കുടുംബങ്ങളുമായി ഇടകലർന്ന് താമസിക്കുന്നവരാണ്. വാർഡുകൾ തിരിച്ചുള്ള പട്ടിക ജാതി പട്ടിക വർഗ്ഗ കുടുംബങ്ങളുടെ കണക്ക്. (പട്ടിക - 2)

വാർഡ്	1	19
"	2	15
"	3	15
"	4	6
"	5	8
"	6	3
"	7	1
"	8	7
"	9	27
"	10	10
ആകെ		111

വീടു വെയ്ക്കാൻ സ്വന്തമായി സ്ഥലമില്ലാത്ത അപൂർവ്വം കുടുംബങ്ങൾപഞ്ചായത്തിലുണ്ട് മിക്ക കുടുംബങ്ങളും കാർഷികമേഖലയിൽ പണിയെടുക്കുന്നവരാണ്. വിദ്യാഭ്യാസ പരമായി മുന്നോക്കം നിൽക്കുന്നവർ വിരിലിലെണ്ണാവുന്നവർ മാത്രമേയുള്ളു. അതുകൊണ്ട് തന്നെ സർക്കാർ സ്ഥാപനങ്ങളിൽ ജോലി ഉള്ളവരും വിരളമാണ്. പരമ്പരാഗത തൊഴിൽ ചെയ്യുന്ന ഏതാനും കുടുംബങ്ങൾ പഞ്ചായത്തിലുണ്ട്. ബാക്കിയുള്ളവർ നിർമ്മാണ പ്രവർത്തനത്തിലും കാർഷിക വൃത്തിയിലും ഏർപ്പെട്ടിരിക്കുന്നു. മിക്ക കുടുംബങ്ങളിലും അക്ഷരാഭ്യാസമുള്ളവരാണ് കൂടുതൽ. ബഹുജനസംഘടനകളിലും പ്രവൃത്തിക്കുന്നവരും, നേതൃസ്ഥാനത്തും പ്രവർത്തിക്കുന്ന ഏതാനും പേർ ഈ പഞ്ചായത്തിലുണ്ട്. ജാതിപരമായ ഉച്ചനീചത്വ മുൻകാലങ്ങളിൽ നിലനിന്നിരുന്നു. മിക്കവാറും പട്ടികജാതി- പട്ടികവർഗ്ഗ വീടുകളിൽ നടക്കുന്ന വിവാഹം തുടങ്ങിയ സാമൂഹ്യ ആഘോഷങ്ങളിൽ മറ്റുവിഭാഗക്കാരും സജീവമായി പങ്കാളിത്തം വഹിക്കാറുണ്ട്.

ഈ വിഭാഗക്കാരുടെ ഉന്നമനത്തിനായി സർക്കാർ ആവിഷ്ക്കരിച്ച പദ്ധതികളിൽ നിന്ന് സഹായം ലഭിച്ച കുടുംബങ്ങൾ 662 എണ്ണംവരും. ഇതിൽ ഐ.ആർ.ഡി.പി സർവ്വെ പ്രകാരം ദാരിദ്ര്യ രേഖക്ക് താഴെയുള്ള 60 കുടുംബങ്ങൾക്കും സി. ആർ. എസ്. പി. സ്കീമിൽ 2 കുടുംബങ്ങൾക്കും സഹായം ലഭിച്ചിട്ടുണ്ട്. വിവിധ പദ്ധതികളിൽ നിന്നായി വീട് ലഭിച്ച കുടുംബങ്ങളുടെ എണ്ണം 12 ആണ്. ദാരിദ്ര്യം രേഖക്ക് താഴെയുള്ള കുടുംബങ്ങളുടെ എണ്ണം ഐ.ആർ.ഡി.പി. സർവ്വെ പ്രകാരം 60 ആണ്

പ്രശ്നങ്ങൾ

പട്ടിക ജാതി പട്ടിക വർഗ്ഗ വീടുകളിൽഅടിസ്ഥാന സൗകര്യങ്ങൾ ഇല്ല.

നിരവധി ക്ഷേമ പ്രവർത്തനങ്ങൾ നടന്നിട്ടും പട്ടികജാതി വിഭാഗങ്ങളുടെ ദാരിദ്ര്യ നിർമ്മാർജ്ജനം പൂർണ്ണമായും സാധിച്ചിട്ടില്ല.

സാമൂഹ്യവും ചരിത്രപരവുമായ കാരണങ്ങളാൽ വിദ്യാഭ്യാസ കാര്യത്തിൽ പിന്നോക്കം പോയ ഇവരെ മുൻനിരയിലേക്ക് നയിക്കാനുള്ള യത്നങ്ങൾ പൂർണ്ണമായും ഫലവത്തായിട്ടില്ല. അർഹമായ ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് തടസ്സമായി നിൽക്കുന്നത് ഇതിന്റെ നടപടി ക്രമങ്ങളിലുള്ള നൂലാമാലകളാണ്.

സാദ്ധ്യതകൾ

1. പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങൽക്ക് അവരുടെ ജനസംഖ്യാനുപാതികമായി സാമ്പത്തിക വിതരണം നടക്കത്താം.

2. വ്യക്തികളുടെ തൊഴിലഭിരുചിക്ക് അനുയോജ്യമായ സാമ്പത്തിക സഹായങ്ങൾ ലഭ്യമാക്കണം.

3. കുടുംബങ്ങളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനായി ഈ വിഭാഗത്തിന്റെ വീടുകളിൽ വൈദ്യുതി, കുടിവെള്ളം കക്കൂസ് പോലുള്ള ഭൗതിക സൗകര്യങ്ങൾ ഒരുക്കേണ്ടതാണ്.

4. വിദ്യാഭ്യാസപരമായ പിന്നോക്കാവസ്ഥ പരിഹരിക്കാൻ ബോധപൂർവ്വമായ ശ്രമം വേണം.

പരിഹാര നിർദ്ദേശങ്ങൾ

1. ഈ വിഭാഗത്തിന്റെ പരമ്പരാഗത കൈത്തൊഴിലുകൾ പ്രോത്സാഹിപ്പിക്കാൻ നടപടി

കൾ എടുക്കുകയും അവരുടെ ഉല്പന്നങ്ങൾക്ക് വിപണികണ്ടെത്താനുള്ള സംവിധാനം ഏർപ്പെടുത്തുകയും വേണം.

2. സാമ്പത്തിക പ്രയാസംകാരണം വിദ്യാഭ്യാസം അവസാനിപ്പിക്കേണ്ടി വന്ന കുട്ടികളെ കണ്ടുപിടിച്ച് തുടർവിദ്യാഭ്യാസം നടത്താനും സാമ്പത്തിക സഹായം നൽകണം.

3.പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങൾക്കുള്ള സഹായങ്ങൾ മുഴുവൻ കുടുംബങ്ങൾക്കും ലഭിക്കുന്ന നടപടികൾ സ്വീകരിക്കുക.

4. ഈ വിഭാഗത്തിലെ മിടുക്കൻമാരായ വിദ്യാർത്ഥികളെ കണ്ടെത്തി ഉന്നത വിദ്യാഭ്യാസങ്ങൾക്കുള്ള സഹായം ലഭ്യമാക്കുക.

5. വീടില്ലാത്ത പട്ടികജാതി പട്ടിക വർഗ്ഗ കുടുംബങ്ങൾക്ക് വീട് ലഭിക്കാനുള്ള പ്രയാസങ്ങൾ കണ്ടെത്തി അതിന് പരിഹാരം കാണുക.

6. പരമ്പരാഗത തൊഴിലുകളിലും കൈത്തൊഴിലിലും കരകൗശല വിദ്യയിലും വിദഗ്ദരായവരെ കണ്ടെത്തി അവരുടെ വൈദഗ്ധ്യം പോഷിപ്പിക്കുന്നതിന് സഹായങ്ങൾ നൽകുക.

7. പത്താംവാർഡിലെ വെണ്ടക്കോട്ട ചാലിലുള്ള പട്ടിക ജാതി പട്ടികവർഗ്ഗക്കാരെ കോളനിനിവാസികളായി അംഗീകരിച്ച് അവർക്ക് കോളനിനിവാസികൾക്കുള്ള ആനുകൂല്യങ്ങൾ ലഭ്യമാക്കുക.

8. ഈ പഞ്ചായത്തിലെ പട്ടികജാതി-പട്ടികവർഗ്ഗ കുടുംബങ്ങളുടെ സമഗ്രമായ ഒരു സാമൂഹിക-സാമ്പത്തിക സർവ്വെ നടത്തി അവരുടെ സമൂലമായ വികസനത്തിനും ഉന്നതിക്കും വേണ്ടി ഒരു ക്ഷേമ പദ്ധതി തയ്യാറാക്കാവുന്നതാണ്. ക്ഷേമ പദ്ധതികളെ കുറിച്ച് അറിവുണ്ടാക്കുന്നതിന് ആവശ്യമായ ബോധവൽക്കരണ പരിപാടി അത്യാവശ്യമാണ്. ലളിതമായ വ്യവസ്ഥയിലുടെ ആവശ്യമായ വായ്പകൾ നൽകി തൊഴിലവസരങ്ങൾ സൃഷ്ടിച്ച് ഈ വിഭാഗങ്ങളുടെ തൊഴിൽ പരമായ പിന്നോക്കാവസ്ഥ പരിഹരിക്കാൻ കഴിയും അതുപോലെ തന്നെസാമൂഹ്യ പ്രസ്ഥാനങ്ങളുടെ നേതൃത്വ സ്ഥാനത്തേക്ക് ഈ വിഭാഗങ്ങളെ ഉയർത്തിക്കൊണ്ട് സമൂഹ്യ പദവി സംരക്ഷിക്കേണ്ടതുണ്ട്.



വ്യവസായം

വ്യാവസായിക ഭൂപടത്തിൽ സ്ഥാനം ലഭിക്കാൻ ഭാഗ്യം സിദ്ധിക്കാത്ത് ഒരു പഞ്ചായത്താണ് കായക്കൊടി. പരമ്പരാഗതമായി കാർഷികമേഖലയുമായി ജനങ്ങൾ ബന്ധപ്പെട്ടുകഴിഞ്ഞതുകൊണ്ട് ഈ രംഗത്ത് സാദ്ധ്യത കണ്ടെത്താൻ നമുക്ക് കഴിഞ്ഞില്ല. കഴിഞ്ഞിരുന്നെങ്കിൽ ഏറ്റവും ചുരുക്കം കാർഷിക മേഖലയുമായി ബന്ധപ്പെട്ടുകിടക്കുന്ന വ്യവസായ യൂണിറ്റെങ്കിലും കായക്കൊടിയിൽ വളർന്ന് വരേണ്ടതായിരുന്നു. പകരം പരമ്പരാഗതമായി നടന്ന് വരുന്ന ഏതാനും കുടിൽ വ്യവസായങ്ങളും തട്ടി കൊണ്ടി നിർമ്മിക്കുന്ന ഫർണ്ണിച്ചർ സ്ഥാപനങ്ങളിലും നമ്മുടെ വ്യവസായ മേഖല ഒതുങ്ങി. കായക്കൊടി പഞ്ചായത്തിന്റെ സംസ്കരിക ചരിത്രത്തിലും വ്യാവസായിക ചരിത്രത്തിലും കാര്യമായ സംഭാവനകൾ അർപ്പിക്കാൻ കഴിയേണ്ടതായിരുന്നു. തളിക്കരയിൽ ഉണ്ടായിരുന്നു. മൂന്ന് ദശാംബ്ദങ്ങൾക്ക് മുമ്പ് തളീക്കരയിൽ ഉണ്ടായിരുന്ന ജയാമ്മാൾ ടാക്കീസ് എന്ന സ്ഥാപനത്തേയും നില നിർത്തുന്നതിൽ നാം പരാജയപ്പെടുകയാണ് ഉണ്ടായത്.

പട്ടിക 1

വാർഡ് നമ്പർ	വ്യവസായ യൂണിറ്റ്	സ്ഥിതി
1.	പപ്പട നിർമാണം 4	ലാഭകരം
	മെറ്റൽ ഇൻഡ്സ്ട്രീസ്	കാര്യക്ഷമമല്ല
2.	ഫ്ളോർമിൽ	ആദയകരമല്ല
	പീളിയാട്ട് ഫർണിച്ചർസ്	കാര്യക്ഷമമല്ല
	അടയ്ക്കവെട്ടു കേന്ദ്രം	ലാഭകരം
	കൊപ്ര വ്യവസായം	ആദായകരം
	ഇറച്ചിക്കോഴി	കാര്യക്ഷമമല്ല
	പപ്പട നിർമാണം.	ലാഭകരം
3.	ഫർണിച്ചർ വ്യവസായം	ലാഭകരം
	ഫ്ളോർമിൽ	അദായകരം
	ഇറച്ചിക്കോഴി	കാര്യക്ഷമമല്ല
	ഓയൽ മിൽ (2എണ്ണം)	കാര്യക്ഷമം
	പ്രിന്റിംഗ് പ്രസ്സ്	കാര്യക്ഷമമല്ല
	കൊപ്രവ്യവസായം	ലാഭകരം
	സോഫാകം ബെഡ് യൂണിറ്റ് (2)	ലാഭകരം
	പപ്പടനിർമാണം	ലാഭകരം
	ഗാർമെന്റ്സ്	കാര്യക്ഷമം
4	നെയ്ത്തു വ്യവസാം	ലാഭകരമല്ല (പീഡിതം)
	ഫർണിച്ചർ	ലാഭകരം
5.	ഫർണിച്ചർ	കാര്യക്ഷമം
	കോഴിവളർത്തൽ	ലാഭകരം
6.	മെറ്റൽ വ്യവസായം	കാര്യക്ഷമം
	കോഴി വളർത്തൽ	കാര്യക്ഷമമല്ല
7.	ഫർണിച്ചർ	കാര്യക്ഷമമല്ല
	പപ്പടനിർമ്മാണം	ലാഭകരം
8.		
9.	കോഴിവളത്തൽ	ലാഭകരം
10.	കോഴിവളത്തൽ	ലാഭകരം

കായക്കൊടിയുടെ വ്യാവസായിക ചരിത്രം പരിശോധിക്കുന്നത് നിരർത്ഥകമാണെങ്കിലും നമ്മുടെ സാധ്യതകളെ കണ്ടെത്താൻ നിലവിലുള്ള വയുടെ സ്ഥിതി പരിശേധിക്കേണ്ടത് അത്യാവശ്യമാണ്.

പട്ടിക ഒന്നിൽ സൂചിപ്പിച്ചതിൽ 27 വ്യവസായ യൂണിറ്റുകളാണുള്ളത്. ഇവയുടെ സ്വകാര്യ വ്യക്തികൾ സ്വന്തം ഉപജീവനത്തിനുവേണ്ടി കണ്ടെത്തിയ മേഖലകളാണ്. ഇവയ്ക്ക് പൊതുവായ വ്യാവസായിക സമീപനം ഇല്ലാത്തതുകൊണ്ടു തന്നെ ഇത്തരം യൂണിറ്റുകളിൽ തൊഴിലില്ലാത്ത ചെറുപ്പക്കാൽക്ക് തൊഴിൽ ലഭിക്കുവാനുള്ള സാധ്യതകൾ ഇല്ലെന്നു തന്നെ പറയാം. പഞ്ചായത്തിലെ തൊഴിലില്ലായ്മ രൂക്ഷമാണ തൊഴിലില്ലായ്മ ഗണ്യമായി കുറച്ചുകൊണ്ടുവരാൻ കഴിയണമെങ്കിൽ നമ്മുടെ ഉൽപാദന മേഖലയുമായി ബന്ധപ്പെട്ടുകിടക്കുന്ന മേഖലകളിൽ പുതിയ വ്യവസായ യൂണിറ്റുകൾ തുടങ്ങാൻ കഴിയണം.

കായക്കൊടി ഗ്രാമപഞ്ചായത്തിലെ ജനസംഖ്യ 1991 ലെ സെൻസസ് പ്രകാരം 21175 ആണ്. ജന സംഖ്യയിൽ വിവിധ മേഖലകളിൽ തൊഴിലെടുക്കുന്ന വരുടെ കൃത്യമായ കണക്ക് പട്ടിക 2 ൽ കൊടുത്തിരിക്കുന്നു.

വ്യാവസായിക മേഖലയിൽ തൊഴിൽ ചെയ്യുന്നവർ (പഴയ ഒമ്പത് വാർഡ്കളിലെ വിവരങ്ങൾ)

ആറുവയസ്സിനു താഴെയുള്ള കുട്ടികളെ ഒഴിവാക്കിയുള്ള ആകെ ജനസംഖ്യയുടെ 1.5% മാത്രമാണ് വ്യാവസായിക മേഖലയിൽ തൊഴിൽ ചെയ്യുന്നവർ എന്ന് കാണാൻ കഴിയും. നമ്മുടെ പഞ്ചായത്തിലെ ആകെ തൊഴിലെടുക്കുന്നവരുടെ 7.07% ആണ് വ്യവസായിക മേഖലയിലെ തൊഴിലാളികൾ. വസ്തുതാപരമായ പരിശേധനയിൽ പഞ്ചായത്തിലെ നാമമാത്രമായുള്ള ആളുകൾ മാത്രമേ ഈ മേഖലകൾ ജോലിചെയ്യുന്നുള്ളൂ എന്നു മനസ്സിലാക്കാൻ കഴിയും കൂടാതെ വ്യാവസായിക മേഖലയുമായി ബന്ധപ്പെട്ട് ഉപജീവനം പുലർത്തുന്ന കുടുംബങ്ങളും കുറവാണെന്നു കണ്ടെത്താൻ കഴിയും.

ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള തൊഴിലില്ലാത്ത വിദ്യാസമ്പന്നരായ 18 വയസ്സിനും 35 വയസ്സിനുമിടയിലുള്ള യുവതിയുവാക്കൾക്കുവേണ്ടിയുള്ള തൊഴിൽ പരിശീലന പരിപാടിയാണ് ട്രൈസം പദ്ധതി. കായക്കൊടി പഞ്ചായത്തിൽ കഴിഞ്ഞ 5 വർഷത്തിനിടയിൽ പരിശീലനം നേടിയവരുടെ വിവരം പട്ടിക 3ന്റെ പരിശോധനയിൽ ലഭിക്കും.

ട്രൈസം പദ്ധതിമുഖേന പരിശീലനം നേടിയവർ (പട്ടിക – 3)

	1992-1996
തളീക്കര സർക്കിൾ	10
കായക്കൊടി സർക്കിൽ	8

പട്ടിക 2

പഞ്ചായത്ത	ആകെ തൊഴിലാളികൾ	പു	സ്ത്രീ	കുടിൽ വ്യവസായം		ഇതര വ്യവസായ മേഖല	
	276			പു	സ്ത്രീ	പു	സ്ത്രീ
വാർഡ് 1	48	4	4	1	2	43	2
2	23	19	4	-	-	19	4
3	33	28	5	-	-	28	5
4	40	36	4	4	1	32	3
5	13	11	2	-	-	11	2
6	37	31	6	4	2	27	4
7	40	40	-	-	-	40	-
8	21	17	4	8	2	9	2
9	21	19	2	1	1	18	1

മേൽ പട്ടികയിലെ പരിശോധനയിൽ നിന്ന് വ്യക്തമാകുന്നത് സാധ്യമായ തൊഴിൽ മേഖലയെക്കുറിച്ചുള്ള അജ്ഞത നിലനിൽക്കുന്നത് കാരണം കൂടുതൽ പേരെ ഇതിലേക്കാകർഷിക്കുന്നില്ല എന്നുള്ളതും ഈ പദ്ധതിക്ക് വേണ്ടത്ര പ്രചാരമില്ല എന്നുള്ളതുമാണ്.

കായക്കൊടി പ്രദേശത്തിന്റെ വളർച്ചയിൽ വ്യവസായികമേഖലയുടെ സംഭാവന ചെറുചാണ് വളർച്ച കാരണം ഉണ്ടായിട്ടില്ല. പരമ്പരാഗത വ്യവസായങ്ങളിൽതന്നെ കുടിൽവ്യവസായം, ചെറുകിട വ്യവസായം, ഫാക്ടറി അടിസ്ഥാനത്തിൽ സംഘടിപ്പിക്കപ്പെട്ട വ്യവസായം ഇവയും പഞ്ചായത്തിൽ ഇല്ലെന്നുള്ളതാണ് വസ്തുത.

പഞ്ചായത്തിൽ ചെറുകിട വ്യവസായ യൂണിറ്റുകളായി രജിസ്റ്റർ ചെയ്തിട്ടുള്ള 18 ഓളം യൂണിറ്റുകളുണ്ട്. എന്നാൽ ഇവയിൽ 12 യൂണിറ്റുകൾ മാത്രമാണ് ഇപ്പോൾ നാമമാത്രമായെങ്കിലും പ്രവർത്തനക്ഷമമായിട്ടുള്ളത്. ഈ 12 യൂണിറ്റിലും കൂടി 28 പേർ തൊഴിൽ ചെയ്യുന്നു. വിശദമായ വിവരം പട്ടിക 4 ൽ ചേർത്തിരിക്കുന്നു.

മേൽ പട്ടികയുടെ പരിശോധനയിൽ തെളിഞ്ഞുവരുന്നത് വ്യാവസായികാടിസ്ഥാനത്തിൽ കായക്കൊടിയിൽ തുടങ്ങുന്ന ചെറുകിട യൂണിറ്റുകൾ പോലും അടച്ചു പൂട്ടേണ്ടിവരുന്നു എന്നതാണ്. സംരംഭകർക്ക് യൂണിറ്റുകൾ നടത്തിക്കൊണ്ടു പോകുന്നതിൽ പരിചയമില്ലാത്തതും പ്രാപ്തിക്കുറവുമാണ് ഇതിനു കാരണം. ചെറുകിടയൂണിറ്റുകൾ തുടങ്ങുന്നവർക്ക് വേണ്ട സമയത്ത് യാതൊരുവിധ പരിശീലനവും ലഭിക്കാതിരിക്കുന്നതും മറ്റൊരു പ്രശ്നമാണ്. സംരംഭകർ പലപ്പോഴും വായ്പയിനത്തിലുള്ള സബ്സിഡി നേടാൻ വേണ്ടി മാത്രം വായ്പ വാങ്ങുന്നത് ചെറുകിടയൂണിറ്റുകളെ തകർച്ചയിലേക്കെത്തിക്കുന്നതിനു കാരണമാണ്. പലപ്പോഴും വായ്പകൾ ലഭിച്ചാൽ അത് മറ്റ് രംഗങ്ങളിലേക്കു തിരിച്ചു വിടുന്നതും മറ്റൊരു കാരണമാണ്.

കാർഷിക മേഖലയുമായി ബന്ധപ്പെട്ടു രണ്ട് ഓയിൽമില്ലുകൾ കായക്കൊടിയിൽ പ്രവർത്തിക്കുന്നു. ഇത്തരം സംരംഭങ്ങൾ തുടങ്ങാൻ ഒട്ടേറെ നൂലാമാലകൾ ഉള്ളതുകാരണവും ആളുകൾ ഈ രംഗത്തേക്കു കടന്നു വരുന്നില്ല. വ്യവസായയൂണിറ്റിന്റെ പ്രവർത്തന മൂലധനം വായ്പയായി ലഭിക്കണമെങ്കിൽ ബാങ്കിൽ വളരെയധികം രേഖകൾ നൽകേണ്ടതും വൈദ്യുതി ലഭിക്കാനുള്ള പ്രയാ

പട്ടിക 4

നമ്പർ	പേര്	മേഖലയിലെ തൊഴിലാളികൾ	നിലവിലുള്ളവ	ഇല്ലാത്തവ
1	1985 ഈസ്റ്റേൺ ടിംബേഴ്സ് ദേവർകോവിൽ	3	-	ഇല്ല
2.	1985 കൈരളി പ്രിന്റിംഗ് പ്രസ്സ് തളീക്കര	3	-	ഇല്ല
3.	1990 ലീബഗാർമെന്റ്സ് കായക്കൊടി	1	-	ഇല്ല
4.	1991 ടൈലറിംഗ് & ഗാർമെന്റ്സ് തളീക്കര	2	-	ഇല്ല
5.	(വർഷം ലഭ്യമല്ല)ലിജി. വാച്ച് വർക്സ് തളീക്കര	2	-	ഇല്ല
6.	1991 അപ്ഹോൾസ്റ്ററിവർക്സ് തളീക്കര	2	ഉണ്ട്	-
7.	1991 ബ്രേദേർസ് ഇൻഡസ്ട്രീസ് തളീക്കര	2	-	ഇല്ല
8.	1993 സൂര്യറിംഗ് വർക്സ് തളീക്കര	5	ഉണ്ട്	-
9.	തൃപ്തി റെഡിമെയ്ഡ്സ് & ടൈലറിംഗ് കായക്കൊടി (വർഷം ലഭ്യമല്ല)			
10.	മോട്ടി ബ്രേസിയേഴ്സ് കായക്കൊടി	2	-	ഇല്ല
11.	ടി.ടി. ഗാർമെന്റ്സ് കായക്കൊടി	1	-	ഇല്ല
12.	രുചി അവിൽ മിൽ തളീക്കര	2	-	ഇല്ല
13.	അനശ്വര സോഡാവർക്സ് കായക്കൊടി	1	ഉണ്ട്	-
14.	തൃപ്തി ഗാർമെന്റ്സ് കായക്കൊടി	3	-	-
15.	കുനിയിൽ ഫർണിച്ചർ ചങ്ങരംകുളം	3	ഉണ്ട്	
16.	എം.പി. ടൈലേർസ് ആക്കൽ	1	-	-
17.	പ്രിൻസ് ഓയിൽമിൽ തളീക്കര	3	-	-
18.	മോഡേൺ ടൈലേഴ്സ് കായക്കൊടി	1	-	-

സവും മുഖ്യമായ പ്രശ്മങ്ങളാണ്. വ്യവസായ അടിസ്ഥാനത്തിൽ വൈദ്യുതി ലഭിച്ച ആറ് സ്ഥാപനങ്ങളാണ് കായക്കൊടിയിൽ ഉള്ളത്.

നമ്മുടെ പഞ്ചായത്തിൽ സുലഭമായി ലഭിക്കുന്ന നാളികേര ഉൽപന്നങ്ങൾ ഉപയോഗപ്പെടുത്തി നിരവധി വ്യവസായങ്ങൾക്ക് സാധ്യതയുണ്ട്. പഞ്ചായത്തിൽ സുലഭമായി ലഭിക്കുന്ന മറ്റു ഉൽപന്നങ്ങളായ പഴവർഗങ്ങൾ മാമ്പഴം, ചക്ക, നേന്ത്രപ്പഴം എന്നിവ ഉപോയഗിച്ചും വ്യവസായ സംരംഭത്തിനു സാധ്യതയുണ്ട്. വീടുകളിൽ കന്നുകാലിവളർത്തൽ വ്യാപകമായാൽ ക്ഷീരോൽപന്നങ്ങളും പഞ്ചായത്തിൽ സുലഭമാക്കാൻ കഴിയും. ക്ഷീരോൽപന്ന നിർമാണ യൂണിറ്റിന്റെ പദ്ധതിയിൽ നാല് വനിതകൾ ഉണ്ടാകണം. ഈ പദ്ധതിക്ക് 22,000 രൂപ സബ്സിഡി ലഭിക്കുന്നതാണ്.

പ്രൈം മിനിസ്റ്റർ റോസ്ഗാർ യോജന പദ്ധതിയിലൂടെ തൊഴിൽ സംരംഭങ്ങളിൽ ഏർപ്പെട്ടവരും പഞ്ചായത്തിലുണ്ട്. P.M.R.Y പദ്ധതി പ്രകാരം വായ്പ സ്വീകരിച്ച് സ്വയം തൊഴിൽ കണ്ടെത്തിയത് പട്ടിക 5 ൽ ചിട്ടപ്പെടുത്തിയിരിക്കുന്നു.

പ്രസ്തുത പദ്ധതിയിലൂടെ വായ്പക്ക് അപേക്ഷിച്ചു കഴിഞ്ഞാൽ തുടങ്ങേണ്ട പദ്ധതികളെ ചാർട്ട് ചെയ്യുന്നതും വിദഗ്ദ്ധോപദേശം നൽകുന്നതും ബാങ്കുകാർ തന്നെയാണ്. അനുവദിക്ക്പ്പെടുന്ന വായ്പ തിരിച്ചു പിടിക്കാൻ എളുപ്പവഴി ബസ്, ഓട്ടോറിക്ഷ, ജീപ്പ് എന്നിവയാണെന്നുള്ള ധാരണയും സംരംഭകരിൽ ഉണ്ട്. ഈ പദ്ധതിയിലൂടെ നേടുന്ന പണം ചെറുകിടവ്യവസായ യൂണിറ്റുകൾ തുടങ്ങുന്നതിന് ഉപയോഗിക്കാവുന്നതാണ്.

ഗ്രാമതലത്തിലുള്ള സ്ത്രീകളുടെയും കുട്ടികളുടെയും ഉന്നമനത്തിനുവേണ്ടിയുള്ള ഡി.ഡബ്ലു.സി.ആർ.എ. പദ്ധതി വേണ്ടവിധം ഉപോയഗപ്പെടുത്തുകയാണെങ്കിൽ വനിതകൾക്ക് ഒട്ടേറെ പുതിയ സംരംഭങ്ങൾ തുടങ്ങാൻകഴിയും. ഒരു യൂണിറ്റിൽ പത്ത് സ്ത്രീകൾ ഉണ്ടാവണമെന്ന പ്രത്യേകതയും ഇതിനുണ്ട്. പദ്ധതി പ്രകാരം പഞ്ചായത്തിൽ ആരംഭിച്ച സംരഭങ്ങൾ പട്ടിക 6ന്റെ പരിശോധനയിൽ കാണാം.

പട്ടിക 5

നമ്പർ	മേഖല	എണ്ണം	തൊഴിൽ കണ്ടെത്തിയവർ	ആകെ അനുവദിച്ച ധനസഹായം	സബ്സിഡി	പരോക്ഷമായി തൊഴിൽ ചെയ്യുന്നവർ
1	ട്രാൻസ്പോർട്ട് ബസ്	2	14			
2.	ജീപ്പ്	1	3			
3.	ഓട്ടോറിക്ഷ	1	1			
4.	വസ്ത്ര നിർമാണ യൂനിറ്റ്	1	1			
5.	തയ്യൽ യൂനിറ്റ	1	1			
				Rs.16,93700	Rs. 127000.	20

പട്ടിക 6

ഡി.ഡബ്ലു.സി.ആർ എ പ്രകാരമുള്ള വ്യവസായ സംരംഭങ്ങൾ

വർഷം	ജോലിചെയ്യുന്നവരുടെ എണ്ണം	സംരംഭം	സ്ഥലം
1992	10 സ്ത്രീകൾ	ഹോട്ടൽ വ്യവസാം	കായക്കൊടി
1993	10 സ്ത്രീകൾ	നെയ്ത്തുശാല	കരണ്ടോട്
1996	10 സ്ത്രീകൾ	മെറ്റൽവർക്സ്	കോവുകുന്ന്

മേൽപട്ടികയിലെ 3 എണ്ണത്തിൽ ഒന്നുമാത്ര മാണ് പ്രവർത്തനക്ഷമമായിട്ടുള്ളത്. കായക്കൊടി യിലെ ഹോട്ടൽ വ്യവസായം നടത്തിപ്പിലുള്ള പരി ജ്ഞാനത്തിന്റെ അഭാവംമൂലം അടച്ചുപൂട്ടിയതാണ്. നെയ്ത്തു രംഗത്ത് അസംസ്കൃതവസ്തുക്കളുടെ ലഭ്യതക്കുറവ് നിലനിൽക്കുന്നു.

പഞ്ചായത്തിലെ ജനങ്ങളുടെ മുഖ്യമായ വരു മാനമാർഗങ്ങളിൽ ഗൾഫുപണം നിർണായകമായ സ്വാധീനം ചെലുത്തുന്നുണ്ട്. ഗൾഫു പണത്തിന്റെ വിനിയോഗംവേണ്ട വിധത്തിൽ ഉപയോഗപ്പെടുത്തി യാൽ പുതിയ വ്യവസായ സംരംഭങ്ങൾ ആരംഭി ക്കാൻ കഴിയും. വാർഡുതലത്തിൽ സംഘങ്ങളായി മൂലധനം സ്വരൂപീക്കാവുന്നതാണ്.

നേരത്തെ ചൂണ്ടികാണിച്ചതിൽ നാമമാത്രമാ യതെങ്കിലും ഉള്ള വ്യവസായങ്ങളിൽ ട്രാൻസ്പോർട്ടു മേഖല ഒഴിച്ച് മറ്റെല്ലാമേഖലകളി ലും സ്ത്രീ പങ്കാളിത്തം തുല്യമാണെന്ന് പറയാം. ചില പ്രത്യേക മേഖലയിൽ- ഉദാഹരണമായി പര മ്പരാഗത കുടിൽ വ്യവസായങ്ങളായ തഴപായ, നെയ്ത്ത് തുടങ്ങിയത് സ്ത്രീകളുടെ മാത്രം ജോലി യാണെന്നു പറയാം.

കായക്കൊടിയുടെ വ്യാവസായിക മേഖല യുടെ പരിശോധനയിൽ താഴെപറയുന്ന പ്രശ്ന ങ്ങൾ നിലനിൽക്കുന്നതായി കാണാൻ കഴിയും.

പ്രശ്നങ്ങൽ

1. കാർഷികകോൽപന്നങ്ങളെ വേണ്ടവിധം ഉപോയഗപ്പെടുത്തുന്നില്ല.

2. വൻകിട വ്യവസായങ്ങൾ സ്ഥാപിക്കുന്ന തിനുള്ള മുതൽ മുടക്കിന്റെ അഭാവം.

3. വൻ വ്യവസായങ്ങൾ സ്ഥാപിക്കുന്നതി നുള്ള പശ്ചാത്തല സൗകര്യങ്ങളൊന്നും തന്നെ പഞ്ചായത്തിൽ ലഭ്യമല്ല എന്നു പറയാം.

4. വൃത്യസ്ത വ്യവസായങ്ങൽക്കാവശ്യമായ വിദഗ്ദ്ധ തൊഴിലാളികളുടെ അഭാവം.

5. നിലവിലുള്ള പരമ്പരാഗത കുടിൽ വ്യവ സായങ്ങൽക്കാവശ്യമായ അസംസ്കൃത പദാർത്ഥ ങ്ങളുടെ ലഭ്യതക്കുറവ്.

6. വ്യവസായ സംരംഭകർക്ക് പ്രോത്സാഹനം ലഭിക്കുന്ന വിധത്തിൽ ഈ രംഗത്തു വേണ്ടത്ര പരി ശീലനം ലഭിക്കുന്നില്ല.

7. നാടിന്റെ വികസനപ്രക്രിയയിൽ നിർണാ യക പങ്ക് വഹിക്കുന്ന ഒരു ഘടകമാണ് വ്യവസായ വികസനമെന്ന ബോധം ജനങ്ങളിലുണ്ടാകുവാ നുള്ള ബോധ പൂർവ്വമായ ശ്രമങ്ങളൊന്നും കഴിഞ്ഞ കാലങ്ങളിൽ നടന്നില്ല.

8. നമ്മുടെ നാട്ടിൽതന്നെ സുലഭമായി ലഭി ക്കുന്ന വസ്തുക്കൾ ഉപയോഗിച്ച് വ്യവസായങ്ങൾ ആരംഭിക്കാമെന്ന ബോധം ഇതുവരെ സാധാരണ ജനങ്ങൾക്കുണ്ടായിട്ടില്ല.

9. പഞ്ചായത്തിൽ വ്യാവസായിക സംസ്കാരം ഇതു വരെ ഉരുത്തിരിഞ്ഞുവന്നിട്ടില്ല.

10. വൈദ്യുതിയുടെ അഭാവവും സ്ഥല ത്തിന്റെ ലഭ്യതക്കുറവും വ്യവസായ സംരംഭകരെ നിരാശപ്പെടുത്തുന്നു.

പ്രശ്നങ്ങളുടെ അടിസ്ഥാനത്തിൽ ഗ്രാമസ ഭകൾ നിലവിലുള്ള സൗകര്യങ്ങളെ പരമാവധി ചൂഷ ണംചെയ്ത് പുതിയ വ്യവസായ സംരംഭങ്ങൾക്ക് സാധ്യതകൾ കണ്ടെത്തിയവയെ പട്ടിക 7 ൽ സൂചി പ്പിച്ചിരിക്കുന്നു.

പട്ടിക 7

വാർഡ്	ക്രമ നമ്പർ	നിർദ്ദേശിച്ചിരിക്കുന്ന പദ്ധതികൾ	പ്രദേശം	നിലവിലുള്ള സൗകര്യം പശ്ചാത്തല	ലഭിക്കേണ്ട വിഭവങ്ങൾ
	1.	മെറ്റൽ നിർമാണ്	വാഴക്കൽ	കരിങ്കല്ല്, ഗതാഗത സൗകര്യം	ധനസഹായം
	2.	ഹോളോ ബ്രിക്സ് നിർമാണം	മണ്ചക്കൽ	കരിങ്കല്ല്, കരിങ്കൽ പൊടി	ഊർജ്ജവും വെള്ളവും
	3.	പരമ്പരാഗത വ്യവസായം		വിദഗ്ദ്ധരായ തൊഴിലാളികൾ	ഈറ്റ, കൈതയോല
	4.	തയ്യൽ പരിശീലന കേന്ദ്രം	പൂക്കാട്	പരിശീലനം സിദ്ധിച്ചവർ	ധനസഹായം
	5.	സിമന്റുപയോഗിച്ചുള്ള കട്ടില, ജനൽ എന്നിവയുടെ നിർമാണം	മൂട്ടനട	ജലലഭ്യത	ധനസഹായം
	6.	അവിൽ ഉൽപാദന യൂണിറ്റ്	ദേവർ കോവിൽ	വിപണന സാധ്യത -	
	7.	കോഴി വളർത്തൽ	ദേവർകോവിൽ	വിപണനസാധ്യത	വൈദ്യുതു, ധനസഹായം
	8.	ടെക്സ്റ്റൈൽ ഷോപ്പ്	ദേവർകോവിൽ	സഹകരണം	ധനസഹായം
	9.	ക്ഷീരോൽപാദന സഹകരണസംഘം	ദേവർകോവിൽ		ധനസഹായം, ആവശ്യമായ മാർഗനിർദ്ദേശങ്ങൾ
	10.	സോപ്പ്, മെഴുകുതിരി നിർമാണം	ദേവർകോവിൽ		ധനസഹായം
	11.	വെളിച്ചെണ്ണ മിൽ	കരിക്കാടംപൊയിൽനാളികേരം ലഭ്യമാണ്		സാങ്കേതിക സഹായവും, സാമ്പത്തിക സഹായവും വൈദ്യുതിയും

	12.	ബേക്കറി -		വിറ്റഴിക്കാനുള്ള സാധ്യത	ധനസഹായം
3	13.	നേന്ത്രക്കായ ചിപ്സ് നിർമാണം		നേന്ത്രക്കായ ലഭ്യമാണ്	ധനസഹായം
	14	തുകൽ വ്യവസായം	തളിക്കര	തുകൽ ലഭ്യമാണ്	സാങ്കേതിക പരിശീലനം ധനസഹായം
4	15.	സഹകരണ മേഖലയിൽ നെയ്ത്തു കേന്ദ്രം	കരണ്ടോട്	പരമ്പരാഗത തൊഴിലാളികൾ വിപണന സാധ്യത	ധനസഹായമ
	16.	റെഡിമെയ്ഡ് വസ്ത്രനിർമാണ കേന്ദ്രം	കരണ്ടോട്	വിപണനസാധ്യത	ധനസാഹായം (50 സബ്സിഡി)
	17.	ഫർണിച്ചർ നിർമാണം	ചങ്ങരംകുളം		വൈദ്യുതി ലഭ്യമാകണം
	18.	സോഫാകംബെഡ് നിർമാണം	ചങ്ങരംകുളം		ധനസഹായം
6	19.	നാളികേര സംസ്കരണ യൂണിറ്റ്	കോവുക്കുന്ന്	നാളികേരത്തിന്റെ ലഭ്യത	ധനസഹായം, മാർഗനിർദ്ദേശങ്ങൾ
	20.	നേന്ത്രക്കായ ചിപ്സ് നിർമാണം	കോവുക്കുന്ന്	നേന്ത്രക്കായലഭ്യമാണ്	ധനസഹായം
	21	പ്ലാസ്റ്റിക് കവർ നിർമാണം	കോവുകുന്ന്	വിപണ സാധ്യത	ധനസഹായവും പരിശീലനവും
	22.	മെനുഴുകുതിരി നിർമാണം	കോവുകുന്ന്		ധനസഹായം
	23.	ചൂടിനിർമാണം	കോവുകുന്ന്	അസംസ്കൃത പദാർത്ഥങ്ങളുടെ ലഭ്യത	ധനസഹായം സബ്സിഡിയോടെ
	24.	പഴസംസ്ക്കരണ യൂണിറ്റ്	കോവുകുന്ന്	പഴങ്ങളുടെ ലഭ്യത	ധനസഹായം, സാങ്കേതിക പരിശീലനം
7	25.	കൊപ്രയാട്ടു കേന്ദ്രം	കായക്കൊടി	നാളികേരത്തിന്റെ ലഭ്യത	ധനസഹായം
	26.	കുമ്മായച്ചൂള	കായക്കൊടി	വിപണന സാധ്യത	ധനസഹായം
	27.	ഫ്ളവർ മിൽ	കായക്കൊടു		ധനസഹായം
	28.	ഈർച്ചമിൽ	കായക്കൊടി		വൈദ്യുതി, ധനസഹായം
8	29	ജൈവ വളം ഉൽപാദിപ്പിക്കുന്ന കേന്ദ്രം	കരിമ്പാലക്കണ്ടി	പദാർത്ഥങ്ങളുടെ ലഭ്യത ചകിരിച്ചോറ്	സാങ്കേതിക സഹായം ധനസഹായം
	30.	ചിപ്സ് നിർമാണ കേന്ദ്രം	പുക്കാട്	നേന്ത്രക്കായ ലഭ്യമാണ്	ധനസഹായം
	31.	കോഴിവളർത്തൽ	പുക്കാട്	വിപണനസാധ്യത	വൈദ്യുതി ധനസഹായം
	32.	റെഡിമെയ്ഡ് വസ്ത്രനിർമാണം	പുന്നത്തോട്ടം	പരിശീലനം സിദ്ധിച്ച വനിതകൾ	ധനസഹായം
	33.	മെറ്റൽ നിർമാണം	കരിമ്പാലക്കണ്ടി	കരിങ്കല്ലിന്റെ ലഭ്യത	ധനസഹായം
	34.	ഹോളോബ്രിക്സ്	എടച്ചിയോ പറ	കരിങ്കൽപൊടി മണൽ	സാങ്കേതിക പരിശീലനം, ധനസഹായം &
9	35.	പരമ്പരാഗത വ്യവസായം	കുട്ടൂർ	വിദഗ്ദ്ധരായ തൊഴിലാളികൾ	ഓട, മുള കൈതയോല വിറ്റഴിക്കാനുള്ള വിപണി.
	36.	ചിപ്സ് നിർമാണം	കുട്ടൂർ	നേന്ത്രക്കായ ലഭ്യമാണ്	ധനസഹായം
പരിശീലനം സിദ്ധിച്ച വനിതകൾ					
	37.	തയ്യൽ കേന്ദ്രം	കുട്ടൂർ	പരിശീലനം സിദ്ധിച്ച വനിതകൾ	ധനസഹായം
	38.	പ്ലാസ്റ്റിക് വസ്തുക്കളുടെ നിർമ്മാണം	കുട്ടൂർ	വിപണന സാധ്യത	സാങ്കേതിക പരിശീലനം
	39.	മെറ്റൽ നർമാണം	കുട്ടൂർ	കരിങ്കല്ല് ലഭ്യമാണ്	ധനസഹായം
10	40.	നാളികേരസംസ്കരണ യൂണിറ്റ്	നിടുവണ്ണൂർ	നാളികേരത്തിന്റെ	ധനസഹായം സബ്സിഡിയോടെ
	41.	ഈർച്ചമിൽ	നിടുവണ്ണൂർ	മരങ്ങലുടെ ലഭ്യത	ധനസഹായം വൈദ്യുതി
	42.	കടയർകേന്ദ്രം	നിടുവണ്ണൂർ		വൈദ്യുതി, ധനസഹായം
	43.	ഫ്ളോർ മിൽ	നിടുവണ്ണൂർ		വൈദ്യുത ധനസഹായം
10.	44.	കശുവണ്ടി വ്യവസായം	നിടുവണ്ണൂർ		വൈദ്യുതി സാങ്കേതിക പരിശീലനവും
	45.	കുമ്മായ ച്ചൂള	നടുവണ്ണൂർ	വിപണന സാധ്യത	ധനസഹായം സബ്സിഡയോടുക്കൂടി.
	46.	കോഴിവളർത്തൽ	നടുവണ്ണൂർ	വിപണന സാധ്യത	വൈദ്യുതി ധനസഹായം

നമ്മുടെ പഞ്ചായത്തിൻറെ വികസന രംഗത്ത് പുതിയ പദ്ധതികൾക്ക് തുടക്കം കുറിക്കണമെങ്കിൽ വ്യവസായ സാധ്യതകളെക്കുറിച്ച് പരിജ്ഞാനം ആവശ്യമാണ്. ഇതിനുതകുന്ന പരിശീലന പരിപാടികളും ബോധവൽക്കരണ പരിപാടികളും പഞ്ചായത്തുതലത്തിൽ വുപുലമായി സംഘടിപ്പിച്ചാൽ തീർച്ചയായും നമ്മുടെ ഗ്രാമ പഞ്ചായത്തിന്റെ വളർച്ചയ്ക്ക് ആക്കം കൂട്ടാൻ കഴിയും.



മൃഗപരിപാലനം

കാർഷിക ഗ്രാമമായിരുന്ന കായക്കൊടിയിൽ കൃഷിയുടെ സുപ്രധാന ഘടകമായിരുന്നു കന്നുകാലിവളർത്തൽ. രണ്ട് ദശാബ്ദങ്ങൾക്ക് മുമ്പ് മിക്ക വീടുകളിലും പശുക്കളെ വളർത്താറുണ്ടായിരുന്നു. പാൽ ഉല്പാദിപ്പിക്കുന്നതിനുമാത്രമല്ല ജൈവവളങ്ങളുടെ മുഖ്യസ്രോതസ്സായും കന്നുകാലികളെ ആശ്രയിച്ചിരുന്നു. മുൻകാലങ്ങളിൽ കന്നുകാലികൾക്ക് യഥേഷ്ടം മേഞ്ഞുനടക്കാൻ മേച്ചിൽസ്ഥലങ്ങളുണ്ടായിരുന്നു. സ്വന്തമായി കന്നുകാലികളെ വാങ്ങാൻ കഴിവില്ലാത്ത ദരിദ്രകുടുംബങ്ങൾ പശുക്കുട്ടികളെ വളർത്താൻ വാങ്ങുകയും ഒന്നാം പ്രസവത്തിലെ കുട്ടിയെയും, കറവയും വളർത്തുന്നവർ എടുക്കുകയും രണ്ടാം പ്രസവത്തോടുകൂടി പശുവിനെയും കുട്ടിയെയും തിരിച്ചേല്പിക്കുകയും ചെയ്യുന്ന സമ്പ്രദായം നിലവിലുണ്ടായിരുന്നു. ശാസ്ത്രീയമായ കൃഷിരീതി വന്നതോടുകൂടി പഞ്ചായത്തിലെ കർഷകർക്ക് കന്നുകാലിവളർത്തലിനുള്ള സൗകര്യങ്ങൾ കുറഞ്ഞുവന്നു. ഉല്പാദന ശേഷി കുറഞ്ഞ നാടൻ പശുക്കളെ വളർത്തുമ്പോഴുണ്ടാകുന്ന സാമ്പത്തിക നഷ്ടവും കൂട്ടുകുടുംബങ്ങളുടെ തകർച്ചയും കന്നുകാലി വളർത്തലിനെ ബാധിച്ചിട്ടുണ്ട്. ചെറിയ കുടുംബങ്ങൾക്ക്, കന്നുകാലികളെ വളർത്തുമ്പോൾ സ്വന്തം ആവശ്യത്തിലധികം വരുന്ന പാൽ വിറ്റഴിക്കാൻ വിപണിയില്ലാത്തതും കന്നുകാലികളെ വളർത്തുന്നതിൽ താല്പര്യക്കുറവ് ഉണ്ടാകുവാൻ കാരണമായി. പുതിയ ജനുസ്സുകളിൽപെട്ട കന്നുകാലികളെ വാങ്ങാൻ സാമ്പത്തിക ഭദ്രതയില്ലാത്തതും നെൽക്കൃഷി കുറഞ്ഞതും വളർത്തുമൃഗങ്ങളുടെ എണ്ണം കുറയാനിടയായി. മുൻകാലങ്ങളിലുണ്ടായിരുന്ന കന്നുകാലി ചന്തകൾക്ക് ഇന്ന് വേണ്ടത്ര പ്രാധാന്യമില്ലാത്തതിനാൽ ജനങ്ങൾ വിഷമം അനുഭവിക്കുന്നുണ്ട്. മിക്ക വീടുകളിലും വളർത്തുപക്ഷികളായി കോഴികളെ വളർത്താറുണ്ടായിരുന്നു. കോഴികൾക്കുണ്ടാവുന്ന പകർച്ചവ്യാധികൾ കോഴികളുടെ എണ്ണത്തിൽ കുറവു വരുത്തുകയും ചെയ്തു. വീടുകളിൽ കോഴികളെ വളർത്തുമ്പോൾ ആവശ്യാനുസരണം കോഴിത്തീറ്റ ലഭിക്കാത്തതും ഈ രംഗത്തെ പ്രധാന പ്രശ്നമാണ്.

1996 ഏപ്രിലിൽ തുടങ്ങിയ ഒരു വെറ്റിനറി സെന്റർ ആണ് പഞ്ചായത്തിലുള്ള ഏക മൃഗസംരക്ഷണ കേന്ദ്രം. വട്ടോളി. കാവിലുംപാറ എന്നിവിടങ്ങളിലുള്ള മൃഗാശുപത്രികളെയാണ് ഈ പ്രദേശത്തെ കർഷകർ ഇതിനുമുമ്പ് ആശ്രയിച്ചിരുന്നത്. അടുത്ത കാലം വരെ ഇക്കാര്യങ്ങളിൽ വേണ്ടത്ര ബോധവൽക്കരണം കായക്കൊടി ഗ്രാമപഞ്ചായത്തിലെ ജനങ്ങൾക്ക് ലഭിച്ചിരുന്നില്ല.

നമ്മുടെ ഗ്രാമപഞ്ചായത്തിലെ സുപ്രധാന വളർത്തുമൃഗങ്ങൾ നാടൻ പശുക്കളും ആടുകളുമാണ്. വളർത്തുപക്ഷികളിൽ കോഴികളാണുള്ളത്. പഞ്ചായത്തിലെ രണ്ട്, മൂന്ന്, ആറ് വാർഡുകളിൽ നാമമാത്രമായി താറാവുകളെയും വളർത്തുന്നു. ഭൂരിഭാഗം വീടുകളിലും പക്ഷിമൃഗാദികളെ വ്യാവസായികാടിസ്ഥാനത്തിൽ വളർത്തുന്നില്ല.

പഞ്ചായത്തിലെ വളർത്തുമൃഗങ്ങളുടെയും പക്ഷികളുടെയു പട്ടിക 1ൽ ചുവടെ കൊടുക്കുന്നു.

പട്ടിക 1

വാർഡ് നമ്പർ	കാള		പശു					
	നാടൻ	സങ്കരം	നാടൻ	സങ്കരം	എരുമ	ആട്	പട്ടി	ആകെ.
1	4	2	143	10 -		167	12	338
2	6	4	163	18 -		152	10	353
3	4	8	202	12 -		132	13	371
4	2	6	120	18 -		121	21	288
5	4	6	132	22 -		111	24	299
6	4	4	120	17 -		151	17	313
7	6	2	188	19 -		176	18	409
8	8	6	210	17 -		161	19	421
9	2	9	217	11 -		122	8	369
10	4	2	120	11	6	115	12	270
ആകെ	44 -	49	1615	155	6	1408	154	3431

അവലംബം മൃഗാശുപത്രി രേഖ

കായക്കൊടി പഞ്ചായത്തിൽ കർഷകർ ഏറെയും വളർത്തുന്നത് നാടൻ പശുക്കളെയും ആടുകളെയുമാണ്. ഇവയൊന്നും തന്നെ ഒരു ഡയറി യൂണിറ്റായി സംഘടിപ്പിച്ചിട്ടില്ല. കൂടാതെ ക്ഷീര വിപണന

രംഗത്ത് സംഘടിതമായ ഒരു ശ്രമവും ഉണ്ടായിട്ടില്ല. കാലിത്തീറ്റയ്ക്ക് ദൗർലഭ്യം ഏറിയപ്പോൾ വൈക്കോലും മറ്റും പുറം നാടുകളിൽ നിന്ന് ഇറക്കുമതി ചെയ്യുകയാണ്. പച്ചപ്പുല്ലിന്റെ ക്ഷാമം ഇപ്പോഴും പരിഹരിക്കപ്പെട്ടിട്ടില്ല. വൈക്കോൽ, പച്ചപ്പുല്ല് എന്നിവ ഇറക്കുമതി ചെയ്യുന്നത് സ്ഥിരം തൊഴിലാക്കിയ ആളുകളും പഞ്ചായത്തിലുണ്ട്.

ഇറച്ചിക്കോഴി വളർത്തൽ സാമാന്യം ലാഭകരമായി നടത്താൻ കഴിയുന്ന പഞ്ചായത്താണിത്. നമ്മുടെ പഞ്ചായത്തിലേക്കാവശ്യമായ മുട്ട, ഇറച്ചി എന്നിവയിൽ മുഖ്യപങ്കും മറ്റുസ്ഥലങ്ങളിൽ നിന്ന് എത്തിക്കുകയാണ് പതിവ്. ഗ്രാമപഞ്ചായത്തിലെ അഞ്ച്, പത്ത്, മൂന്ന്, ആറ്, ഒമ്പത് വാർഡുകളിൽ മാത്രമാണ് ഇപ്പോൾ ഇറച്ചിക്കോഴി വളർത്തുകേന്ദ്രങ്ങളുള്ളത്.

കായക്കൊടി പഞ്ചായത്തിലെ വളർത്തുപക്ഷികളുടെ എണ്ണം പരിമിതമാണെന്ന് പട്ടിക 2 ൽ നിന്ന് മനസ്സിലാക്കാം.

പട്ടിക 2 വളർത്തു പക്ഷി സംഖ്യ

വാർഡ്	പൂവൻകോഴി	പിടക്കോഴി	താറാവ്	ആകെ
1	72	678	-	750
2	110	990	22	1122
3	95	880	18	993
4	125	1125	-	1250
5	7 2	690	-	762
6	94	842	20	956
7	81	737	-	818
8	72	653	-	725
9	121	1094	-	1215
10	89	807	-	896
ആകെ	931	8496	60	9487

അവലംബം മൃഗാശുപത്രി രേഖ

ലഭ്യമായ കണക്കനുസരിച്ച് പഞ്ചായത്തിലെ ഒരു വീട്ടിൽ ശരാശരി വളർത്തുന്ന പക്ഷികളുടെ കണക്ക 2.42 എന്ന തോതിലാണ്. അതുകൊണ്ട് തന്നെ ഈ മേഖലയിൽ പഞ്ചായത്തിന് വികസന സാധ്യത കണ്ടെത്തേണ്ടിയിരിക്കുന്നു.

പട്ടിക 1 ലെ സൂചന പ്രകാരം ആകെയുള്ള 3431 മൃഗങ്ങളിലും 9487 പക്ഷികളിലും പട്ടിക 3 സൂചിപ്പിക്കും പ്രകാരം രോഗം ബാധിച്ചവയാണ്. രോഗം ബാധിച്ച മൃഗങ്ങളുടെ വിശദ വിവരം പട്ടിക 3ൽ ലഭ്യമാണ്.

കൃത്രിമ ബീജസങ്കലനം നടത്തിയ പശുക്കളുടെ എണ്ണം പഞ്ചായത്തിൽ വളരെ പരിമിതമാണ്. നിലവിലുള്ള പദ്ധതികൾ വ്യാപകമാവാത്തതും പുതിയ ജനുസ്സിൽപ്പെട്ട പശുക്കൾ പഞ്ചായത്തിൽ ഇല്ലാത്തതും ഇതിനു കാരണമായിട്ടുണ്ട്. ബീജസങ്കലനം നടത്തിയ മൃഗങ്ങളുടെ എണ്ണം പട്ടിക 4ൽ ചേർക്കുന്നു.

ഗ്രാമ പഞ്ചായത്തിൽ 154 പട്ടികൾ വളർത്തു മൃഗങ്ങളായുണ്ടെങ്കിലും ഇവയെ സംരക്ഷിക്കുന്നത് വേണ്ടത്ര പരിചരണത്തോടുകൂടിയല്ല. പട്ടികൾ അലഞ്ഞുതിരിയുന്നത് പൊതുജനാരോഗ്യത്തിന് ഭീഷണിയാണ്. വീടുകളിൽ വളർത്തുന്ന പട്ടികൾക്ക് പേവിഷബാധ-പ്രതിരോധവും ചികിത്സയും നടത്തുന്ന സമ്പ്രദായവും ഉടമസ്ഥർ സ്വീകരിക്കുന്നില്ല. നിലവിലുള്ള കണക്കനുസരിച്ച് പേവിഷബാധയ്ക്കതിരെ പ്രതിരോധവും ചികിത്സയും നടത്തിയത് പട്ടികയിൽ സൂചിപ്പിക്കുന്നു. ഇതു പ്രകാരം പശു, എരുമ, ആട് തുടങ്ങിയ മൃഗങ്ങൾക്ക് യാതൊരു പ്രതിരോധചികിത്സയും നടത്തുന്നില്ലെന്ന് പട്ടിക 5ൽ നിന്നും മനസ്സിലാക്കാം.

പഞ്ചായത്തിലെ കർഷകർ മൃഗവളർത്തലും പക്ഷിവളർത്തലും വ്യാവസായികാടിസ്ഥാനത്തിൽ ചെയ്തുവരുന്നില്ല എന്നത് ഈ രംഗത്ത് നാം പുറകോട്ടുപോകാനുള്ള കാരണമാണ് - നിലവിലുള്ള പദ്ധതികളെ കാര്യക്ഷമമായി ആസൂത്രണം ചെയ്യുകയും പുതിയ പദ്ധതികൾക്ക് രൂപം കൊടുക്കുകയും ചെയ്യേണ്ടിയിരിക്കുന്നു.

മൃഗസംരക്ഷണ വകുപ്പിന്റെ ആഭിമുഖ്യത്തിൽ 20 ഓളം പദ്ധതികളുണ്ടെങ്കിലും നമ്മുടെ പഞ്ചായത്തിന്റെ കീഴിലുള്ള മൃഗാശുപത്രിയിൽ 4 പദ്ധതികളാണ് നടത്തിവരുന്നത്. ഇവയും ജനങ്ങളിലെത്തിക്കാൻ വേണ്ടത്ര കഴിഞ്ഞിട്ടില്ല. നടപ്പു പദ്ധതികളെ താഴെ പ്പറയും പ്രകാരം സംഗ്രഹിക്കാം.

1. മൃഗചികിത്സയും മൃഗാരോഗ്യവും

ഈ പദ്ധതിയിലൂടെ രോഗം വരാൻ സാദ്ധ്യതയുള്ള എല്ലാ കന്നുകാലികൾക്കും പ്രതിരോധകുത്തിവെപ്പുകൾ സൗജന്യമായി നൽകിവരുന്നു. കൂടാതെ കോഴികളിൽ വ്യാപകമായി കണ്ടുവരുന്ന കോഴിവസന്ത, കോഴി വസൂരി എന്നിവയ്ക്കെതിരെയുള്ള രോഗപ്രതിരോധ കുത്തിവെപ്പും സൗജന്യമായി നൽകാറുണ്ട്. പഞ്ചായത്ത് തലത്തിൽ ഗോരക്ഷാ കേമ്പുകൾ സംഘടിപ്പിക്കാറുണ്ട്. കേമ്പുകളിൽ ഗർഭപരിശോധനയും രോഗപ്രതിരോധ കുത്തിവെപ്പുകളും നടത്തിവരുന്നു.

പട്ടിക 3

രോഗവിവരങ്ങൾ

ക്രമ നമ്പർ	രോഗങ്ങൾ	പശു	എരുമ	ആട്	പന്നി	പട്ടി	കോഴി
1	ദഹന സംബന്ധമായവ	215	-	107	-	2	72
2	ശ്വാസകോശസംബന്ധം	32	-	17	-	-	166
3	ഉപാപചയസംബന്ധം	7	-	2	-	-	-
4	ത്വക്രോഗങ്ങൾ	38	-	4	-	2	43
5	ധാതുലവണങ്ങളുടെ അഭാവം	32	-	6	-	-	4
6	പരാദരോഗങ്ങൾ	155	-	5	-	1	6
7	പ്രത്യുല്പാദന വ്യവസ്ഥയുമായി ബന്ധപ്പെട്ടവ	25	-	7	-	-	-
8	അകിട് വീക്കം	4	-	7	-	-	-
9	മുടന്തൻ പനി	7	-	-	-	-	-

(മൃഗാശുപത്രി രേഖ)

പട്ടിക 4

ബീജ സങ്കലന വിവരങ്ങൾ

വളർത്തുമൃഗ ഇനം	ആകെ എണ്ണം	ബീജ സങ്കലനം നടത്തിയവ	ഗർഭധാരണത്തിന് രണ്ടു തവണയിലധികം ബീജ സങ്കലനം വേണ്ടിവന്നവ
പശു	1770	51	9
കിടാരി	ലഭ്യമല്ല	22	5
എരുമ	6	-	-
ആകെ	1776	73	14

പട്ടിക 5

പേ വിഷബാധ-പ്രതിരോധവും ചികിത്സയും

വിവരം	പശു	എരുമ	ആട്	പട്ടി	പൂച്ച	മറ്റുള്ളവ
പ്രതിരോധ കുത്തിവെപ്പ് നൽകിയവയുടെ എണ്ണം	-	-	-	4	-	-

ക്ഷീര വികസന വകുപ്പ് ആവിഷ്ക്കരിച്ചിട്ടുള്ള നടപ്പു പദ്ധതികൾ

പട്ടിക 6

ക്രമ നമ്പർ	പദ്ധതി വിവരം	ചെലവഴിക്കേണ്ട രംഗം	ചെലവഴിക്കേണ്ട തുക രൂപ	ധനസ ഹായം രൂപ
1	മാതൃകാ കാലി തൊഴുത്ത്	തറ. കോൺക്രീറ്റ്, പുൽത്തൊട്ടി, മേൽക്കൂര ഓട്, കൽത്തൂൺ	- þþþ	1250
2	മാതൃകാ ഡയറി യൂനിറ്റ്	8 ലിറ്റർ പാൽ, ലഭിക്കുന്ന 3 പശുക്കൾ, ശാസ്ത്രീയമായ തൊഴുത്ത്, 50 സെന്റ് സ്ഥലത്ത് പുൽക്കൃഷി	21000	7000
3	വാണിജ്യ പുൽ ക്കൃഷി	ഒരു ഹെക്ടർ സ്ഥലം ജലസേചനം, പമ്പു സെറ്റ്, ജലസംഭരണി, പുൽവർഗങ്ങൾ നട്ടുപിടിപ്പിക്കൽ	30000	15000
4	വൈക്കോൽ യൂറിയ, സംപുഷ്ടീകരണം	ടേങ്ക് നിർമാണം. യൂറിയ തളിക്കൽ, പാത്രം വാങ്ങൽ,	-	500
5	ഡയറി യൂനിറ്റ് ജനറൽ	2 പശു, തൊഴുത്തു നിർമാണം, കാലിത്തീറ്റ. ഇൻഷൂറൻസ്	21400	11500
6	S. C. P ഡയറി യൂനിറ്റ് (SC/ST)	-do-	-do-	-do-þ
7	കർഷക സമ്പർക്കപരിപാടി നോട്ടീസ്സ്, ചായ മൈക്ക്	-	-	200
8	കന്നുകാലി പ്രദർശനം	നോട്ടീസ്സ്, സമ്മാനം	-	900
9	ക്ഷീരോല്പന്ന നിർമ്മാണ യൂണിറ്റ (വനിതകൾക്കു മാത്രം)	4 വനിതകൾs#m	-	21750
10	.ക്ഷീരോല്പന്ന നിർമാണ പ്രവൃത്തി ക്ലാസ്സ്	ക്ലാസ്സ്	--	100
11	ടി. എസ്. പി. മിനി ഡയറി യൂനിറ്റ്	-	-	50%

2. കാലിരോഗ വിമുക്തമേഖലാപദ്ധതി

പദ്ധതിയുടെ പ്രധാന ലക്ഷ്യം എല്ലാ കന്നു കാലികൾക്കും കുളമ്പുരോഗത്തിനെതിരായി കുത്തി വെപ്പ് നടത്തുക എന്നതാണ്.

3. ബീജസങ്കലന സൗകര്യങ്ങൾ വർദ്ധിപ്പിക്കുക

സങ്കര വർഗത്തിൽപെട്ട നല്ലയിനം കന്നുകുട്ടികളെ ലഭിക്കുന്നതിനായി കൃത്രിമ ബീജസങ്കലനത്തിനുള്ള സൗകര്യം നമുക്കുണ്ട്. എങ്കിലും കൃത്രിമ ബീജസങ്കലനം നടത്താനുതകുന്ന വിധം പശുക്കളില്ലാത്തതിനാൽ ഈ പദ്ധതിയുടെ പ്രയോജനം ജനങ്ങൾക്ക് ലഭിക്കുന്നില്ല. പദ്ധതി വിജയിച്ചാൽ 30-35 ലിറ്ററോളം പാൽ ഉല്പാദന ശേഷിയുള്ള കന്നുകുട്ടികളെ ഉല്പാദിപ്പിക്കാൻ കഴിയും

4. പേ വിഷ നിർമാർജന പദ്ധതി

ഈ പദ്ധതിയുടെ ഭാഗമായി പേ വിഷബാധ പ്രതിരോധ കുത്തിവെപ്പുകൾ ആശുപത്രിയിൽ നടത്തിവരുന്നു. ഈ കുത്തിവെപ്പിന് 50% സബ്സിഡി നൽകിവരുന്നു.

ക്ഷീര വികസന വകുപ്പിന്റെ കീഴിൽ കർഷകർക്ക് സഹായകമായ പദ്ധതികളുണ്ടെങ്കിലും ഇവ വേണ്ട പോലെ പ്രയോജനപ്പെടുത്തുകയും പ്രചാരത്തിലാവുകയും ചെയ്തിട്ടില്ല. വകുപ്പിന്റെ കീഴിൽ നിലവിലുള്ള പദ്ധതികൾ പട്ടിക '6'ൽ നിർദ്ദേശിക്കുന്നു.

കായക്കൊടി ഗ്രാമപഞ്ചായത്തിലെ ഗ്രാമ സഭകളിൽ നിന്നും ഉയർന്നുവന്ന പ്രശ്നങ്ങളെ താഴെ പ്പറയും വിധം ക്രോഡീകരിക്കാം.

പ്രശ്നങ്ങൾ

1) കാലിത്തീറ്റ ചുരുങ്ങിയവിലയിൽ ലഭ്യമല്ല.

2) ആവശ്യമായ മേച്ചിൽ സ്ഥലങ്ങൾ ഇല്ല.

3) പുല്ല്, വൈക്കോൽ എന്നിവ ആവശ്യാനുസരണം ലഭിക്കുന്നില്ല.

4) മൃഗചികിത്സാ സൗകര്യങ്ങളുടെ അപര്യാപ്തത.

5) കോഴിത്തീറ്റ ചുരുങ്ങിയ വിലക്ക് ലഭ്യമല്ലാത്തതിനാൽ മുട്ടക്കോഴികളെ ലാഭകരമായി വളർത്താൻ കഴിയുന്നില്ല.

6) കന്നുകാലികളെ വളർത്തുന്നതിന് സാമ്പത്തിക സഹായം ലഭിക്കാനുള്ള പ്രയാസം.

7) പാൽ വിപണന സൗകര്യങ്ങളുടെ കുറവ്.

8) ക്ഷീരോല്പാദക സഹകരണ സംഘങ്ങൾ ഇല്ല.

ഗ്രാമസഭയിൽ വന്ന പ്രശ്നങ്ങൾക്ക് നിർദ്ദേശിച്ച പരിഹാരങ്ങൾ താഴെ ക്രോഡീകരിച്ചിരിക്കുന്നു.

പരിഹാര നിർദ്ദേശങ്ങൾ

1) വാർഡുതലത്തിൽ ഡയറി യൂനിറ്റുകൾ സ്ഥാപിക്കുകയും കറവപ്പശുക്കളെ വാങ്ങാൻ സബ്സിഡിയോടുകൂടി ധനസഹായം നല്കുകയും ചെയ്യുക. ഒരു വാർഡിൽ ചുരുങ്ങിയത് 10 പേർക്കെങ്കിലും ഇതിന്റെ ഗുണം ലഭിക്കണം.

2) ശാസ്ത്രീയമായ രീതിയിൽ കാലിത്തൊഴുത്തുണ്ടാക്കാൻ ധനസഹായം നല്കുക.

3) തീറ്റപ്പുൽക്കൃഷി വ്യാപകമാക്കാൻ പദ്ധതികൾ ആവിഷ്ക്കരിക്കുക. ഇതിനുവേണ്ടി വിത്ത്, വളം എന്നിവ സൗജന്യമായി നൽകുക.

4) ശാസ്ത്രീയമായി തീറ്റ ഉല്പാദിപ്പിക്കുന്നതിന് ബ്ലോക്കു പഞ്ചായത്ത് തലത്തിൽ ഒരു തീറ്റമിശ്രിത യൂനിറ്റ് ആരംഭിക്കുക.

5) ദരിദ്രകർഷകർക്ക് 50% സബ്സിഡി നിരക്കിൽ കാലിത്തീറ്റ നൽകുക. ഈ ആനുകൂല്യം ഒരു പശുവിൽ നിന്ന് മൂന്നു പശു എന്ന നിലയിലെത്തുന്നതുവരെ തുടരണം.

6) രണ്ട് ആട്ടിൽ കുട്ടികളെ വീതം സബ്സിഡിയോടുകൂടി വാർഡിൽ 10 പേർക്കെങ്കിലും വിതരണം ചെയ്യുക.

7) ക്ഷീരോല്പാദന സഹകരണ സംഘം സ്ഥാപിച്ച് ക്ഷീരകർഷകരെ സഹായിക്കുക.

8) മാംസോല്പാദനത്തിന് വാർഡ് തലത്തിൽ കന്നുകുട്ടി പരിപാലനപദ്ധതി ആരംഭിക്കുക.

9) ദുർബല വിഭാഗങ്ങൾക്ക് ആടുകളെ വളർത്താൻ പണം കടമായി നൽകുകയും വിൽക്കുമ്പോൾ തിരിച്ചടക്കുകയും ചെയ്യേണ്ട വിധത്തിലുള്ള പരിപാടി ആവിഷ്ക്കരിക്കുക.

10) പഞ്ചായത്തിലെ പ്രധാനപ്പെട്ട കേന്ദ്രങ്ങളിൽ ആധുനിക രീതിയിലുള്ള ചെറുകിട അറവുശാലകൾ സ്ഥാപിക്കുക. കശാപ്പു ശാലയിൽ മാംസപരിശോധന നിർബന്ധമാക്കുക.

11) ബ്ലോക്ക് അടിസ്ഥാനത്തിൽ കേന്ദ്രീകൃത അറവുശാല സ്ഥാപിക്കുക. അവശിഷ്ടങ്ങളുപയോഗിച്ച് മറ്റ് ഉല്പന്നങ്ങൾ നിർമിക്കുക.

12) വനിതാ സംരഭത്തോടുകൂടി വാർഡുതലത്തിൽ 250 കോഴികളെ ഉല്പാദിപ്പിക്കുന്ന ഓരോ യൂനിറ്റെങ്കിലുമുള്ള ഇറച്ചിക്കോഴി വളർത്തുകേന്ദ്രങ്ങൾ ആരംഭിക്കുക. ആവശ്യമായ സബ്സിഡി നൽകുക.

13) അടുക്കളമുറ്റത്തെ കോഴിവളർത്തൽ വ്യാപകമാക്കാൻ പഞ്ചായത്തിലെ മുഴുവൻ കുടുംബങ്ങൾക്കും 5 വീതം കോഴിക്കുഞ്ഞുങ്ങളെ നൽകുക.

14) പന്നിവളർത്താൻ താല്പര്യമുള്ളവർക്ക് ആവശ്യമായ സൗകര്യങ്ങൾ ചെയ്തുകൊടുക്കുക.

15) ഹൈസ്കൂൾ തലത്തിൽ തിരഞ്ഞെടുക്കപ്പെടുന്ന കുട്ടികൾക്ക് വളർത്തുമൃഗങ്ങളെ സൗജന്യമായി നൽകുകയും ഒന്നാമത്തെ പ്രസവത്തിനു ശേഷം കുഞ്ഞുങ്ങളെ അതേ വിദ്യാലയത്തിലെ മറ്റു വിദ്യാർഥികൾക്ക് വിതരണം ചെയ്യുകയും വേണം.

16) അലഞ്ഞുതിരിയുന്ന പട്ടികളെ ഉൻമൂലനം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

17) വാർഡ് അടിസ്ഥാനത്തിൽ സാദ്ധ്യതയുള്ള പ്രദേശങ്ങളിൽ ആടുവളർത്തൽ കേന്ദ്രങ്ങൾ സ്ഥാപിക്കുക.

18) ക്ഷീരോല്പാദന യൂനിറ്റുകൾ സ്ഥാപിക്കുക.





മൽസ്യസമ്പത്ത്

കായക്കൊടി പഞ്ചായത്ത് ഒരു കടലോര പ്രദേശമല്ല. അതുകൊണ്ടുതന്നെ ഈരംഗത്ത് നമുക്ക് പറയത്തക്ക പഴയകാല ചരിത്രം തേടിപ്പോകാനും കഴിയില്ല. ഗ്രാമപഞ്ചായത്തിൽ ഏകദേശം മൂന്നുകിലോമീറ്റർ ദൂരത്തിൽ ഒഴുകുന്ന പുഴയുണ്ട്. തോടുകളിൽ പ്രധാനപ്പെട്ടത് നാലെണ്ണമത്രെ. കൂടാതെ സ്വകാര്യവ്യക്തികളും സ്ഥാപനങ്ങളും കൈവശം വച്ചുവരുന്ന നിരവധി കുളങ്ങളും ചേറ്റുപൊയിൽ കുടിവെള്ള പദ്ധതിക്കുവേണ്ടി നിർമ്മിച്ച പൊതുകുളവും നമ്മുടെ ജലസ്രോതസ്സുകളിൽ പെടുന്നു.

കായക്കൊടിയിലെ ജനവിഭാഗങ്ങൾ മുഖ്യമായും കടൽ മത്സ്യത്തെ തന്നെ ആശ്രയിക്കുന്നു. വടകര, കൊയിലാണ്ടി, തലശ്ശേരി എന്നീ സ്ഥലങ്ങളിൽ നിന്നുമാണ് കായക്കൊടിയിലേക്ക് മത്സ്യം കൊണ്ടുവരുന്നത്. മുൻ കാലങ്ങളിൽ കാവായി മത്സ്യം കൊണ്ടുനടക്കുന്ന മത്സ്യത്തൊഴിലാളികൾ ഉണ്ടായിരുന്നെങ്കിൽ ഇന്നവരുടെ സ്ഥാനത്ത് മോട്ടോർ സൈക്കിളുകളിൽ മീൻ വിൽക്കുന്ന തൊഴിലാളികളെ കാണാം. ഒപ്പം മത്സ്യമാർക്കറ്റുകളും വളർന്നു വന്നിട്ടുണ്ട്.

കടലിൽ നിന്നും പ്രധാനമായും അയല, മത്തി, ആകോലി, അയക്കോറ, മാന്തൾ, മുള്ളൻ, തിരണ്ടി ചമ്പാൻ, സ്രാവ്, ചെമ്മീൻ മുതലായ മത്സ്യങ്ങൾ നമുക്ക് കിട്ടുന്നു. ഇവ കൂടാതെ ചില പ്രത്യേക കാലങ്ങളിൽ ഞണ്ട് കടുക്ക എന്നിവയും ലഭിക്കാറുണ്ട്. മുൻകാലങ്ങളിൽ സുലഭമായി ലഭിച്ചിരുന്ന മത്തി കഴിഞ്ഞ കുറേ വർഷങ്ങളായി കുറഞ്ഞുവരികയാണ്.

ചില വീടുകളിൽ കല്യാണവേളകളിൽ നാടൻ പുഴമത്സ്യങ്ങൾ ഉപയോഗിക്കുമായിരുന്നു. മുൻകാലങ്ങളിൽ നാട്ടിൻ പുറങ്ങളിലെ പുഴകളിലും തോടുകളിലും നാട്ടുകാർ കൂട്ടം കൂട്ടമായി മീൻപിടിക്കുമായിരുന്നു. ഇന്ന് ഇത് ഒരപൂർവ കാഴ്ചയായി മാറിയിരിക്കയാണ്. മഴക്കാലമടുത്താൽ പല വീടുകളിലും മീൻപിടിക്കാനാവശ്യമായ ഉപകരണങ്ങൾ വാങ്ങിക്കൂട്ടുന്നതും പുതുതായി നിർമ്മിക്കുന്നതും ഇന്ന് ഓർമകളായി മാറുകയാണ്.

പുഴയിൽനിന്നും, തോടുകളിൽനിന്നും കുളങ്ങളിൽ നിന്നും മത്സ്യം പിടിക്കാൻ മത്സരിച്ചിരുന്നവർ ഇന്ന് കടൽ മത്സ്യത്തിനുവേണ്ടി കാത്തുനിൽക്കുന്നത് ഈ രംഗത്തെ നമ്മുടെ ദയനീയത പ്രകടമാക്കുന്നു. മത്സ്യം പിടിക്കാനായി ചൂണ്ടൽ, ഉണ്ടവല, ഒറ്റൽ, ഊത്ത് എന്നീ ഉപകരണങ്ങൾ മുൻകാലങ്ങളിൽ ഉപയോഗിച്ചിരുന്നു. കൂടാതെ നഞ്ചു കലക്കിയും തോട്ടയിട്ടും മീൻ പിടിക്കുമായിരുന്നു. പരിസ്ഥിതി പ്രശ്നങ്ങൾക്ക് കാരണമാകുന്ന ഈ രീതി ആശാസ്യകരമല്ല. മുൻകാലങ്ങളിൽ പുഴകളിലും തോടുകളിലും കണ്ടുവന്നിരുന്ന കടുങ്ങാലി. കൈച്ചിൽ ചേർമീൻ, ആരൽ, മലിഞ്ഞിൽ, കടു, മുഴു, നുള്ളിക്കോട്ടി, നൊണ്ണൻവാള, വാള, ഞണ്ട്, പൂവാലി, കൊയല എന്നിവ ധാരാളമായി ആളുകൾ പിടിക്കുകയും ചെയ്തിരുന്നു. മേൽപ്പറഞ്ഞയിനം മത്സ്യങ്ങ ൾ പുതുമഴപെയ്ത് പാടങ്ങൾ നിറഞ്ഞുകവിയുമ്പോൾ മുട്ടയിടാനായി പുതിയ സങ്കേതങ്ങൾ കണ്ടെത്തുകയാണ് പതിവ്. ഊണും ഉറക്കവുമുപേക്ഷിച്ച് പ്രായഭേദമന്യേ വയലുകളിൽ മീൻപിടുത്ത ഉപകരണങ്ങളുമായി മത്സ്യം പിടിച്ചിരുന്നത് ഗ്രാമങ്ങളിൽ ഉത്സവ പ്രതീതി ഉളവാക്കിയിരുന്നു. പിടിച്ചുകിട്ടുന്ന മീൻ പാതിരാത്രിയായാൽപ്പോലും ഗ്രാമീണ സ്ത്രീ കൾ മുറിച്ചു കഴുകി പാകം ചെയ്യുമായിരുന്നു. മ ത്സ്യം പിടിക്കുന്നതിൽ പ്രസിദ്ധരായ കുടുംബങ്ങൾ തന്നെ നമ്മുടെ നാട്ടിലുണ്ടായിരുന്നു. നല്ലമീൻ കിട്ടിയാൽ തന്റെ ജന്മിക്ക് കാഴ്ചവെച്ച് പ്രീതി സമ്പാദിക്കുന്നത് സാധാരണമായിരുന്നു.

ഭക്ഷണത്തിന് ഉപയോഗിക്കാത്ത പലയിനം ചെറുമത്സ്യങ്ങളാലും സമ്പന്നമായിരുന്നു നമ്മുടെ ജലാശയങ്ങൾ. ഇവയെ 'എ' യിൽ കൊടുത്തിരിക്കുന്നു

പട്ടിക 'എ'

നമ്പർ	മത്സ്യത്തിന്റെ പേര്
1	പുലത്തോടൻ
2	നെറ്റ്യാപ്പൊട്ടൻ
3	വെള്ളം തടിപ്പ
4	കലാംകയിച്ചി
5	പൂച്ചപ്പരൽ
6	കൂരാത്തി

ഇന്ന് വയൽ നികത്തി കുനിയാക്കിയതും മറ്റും കാരണം മീൻ പിടിക്കുന്നതിന് വളരെ പ്രയാസം നേരിടുകയാണ്. കൂടാതെ അമിതമായ കീടനാശിനി പ്രയോഗം മൂലം വയലുകളിലും തോടുകളിലും ഉള്ള മത്സ്യസമ്പത്തിൽ കുറവു വന്നിട്ടുണ്ട്. അടുത്ത കാലത്തായി 'വരാൽ' ഉൾപ്പെടെയുള്ള മീനുകളെ ബാധിക്കുന്ന മാരകമായ രോഗം പടർന്നു പിടിക്കുന്നുണ്ട്. മീനിന്റെ തലയിൽ ആദ്യം ഒരു വെളുത്ത പാട് പ്രത്യക്ഷപ്പെടുകയും പിന്നീട് അത് ശരീരത്തിന്റെ മറ്റു ഭാഗങ്ങളിൽ പടർന്നു പിടിക്കുകയും ചെയ്യുന്ന ഈ രോഗത്തിന്റെ യഥാർത്ഥ കാരണമെന്തെന്ന് ശാസ്ത്രീയമായി ഇനിയും തെളിയിക്കപ്പെട്ടിട്ടില്ല.

പഞ്ചായത്തിൽ ഇന്ന് നിരവധി മത്സ്യവിപണന കേന്ദ്രങ്ങളുണ്ട്. എന്നാൽ ഇവയൊന്നും തന്നെ ഒരു മത്സ്യമാർക്കറ്റായി സംവിധാനം ചെയ്യപ്പെട്ടതല്ല. കായക്കൊടി, ദേവർകോവിൽ, തളീക്കര, കരണ്ടോട് എന്നിവയാണ് നമ്മുടെ പഞ്ചായത്തിലെ പ്രധാനപ്പെട്ട മത്സ്യവിപണന കേന്ദ്രങ്ങൾ. മറ്റു സ്ഥലങ്ങളിൽ മത്സ്യം കൊണ്ടു നടന്നുവില്ക്കുകയാണ് പതിവ്. പഞ്ചായത്തിലെ മത്സ്യവിപണനമേഖലയുമായി ബന്ധപ്പെട്ട തൊഴിലാളികളുടെ എണ്ണം പട്ടിക പ്പെടുത്തിയിരിക്കുന്നു.

മത്സ്യത്തൊഴിലാളികൾ

പട്ടിക ബി.

ക്രമ നമ്പർ	പ്രവർത്തിക്കുന്ന മേഖല	തൊഴിലാളികളുടെ എണ്ണം
1	കടൽ മത്സ്യബന്ധനം	ഇല്ല
2	ഉൾനാടൻ മത്സ്യ ബന്ധനം	ഇല്ല
3	മത്സ്യ സംസ്കരണം	ഇല്ല
4	മത്സ്യ വിപണനം	29

പഞ്ചായത്തിൽ മത്സ്യവിപണനത്തിലേർപ്പെട്ട തൊഴിലാളികളിൽ നിന്നല്ലാതെ കുറ്റ്യാടി, മൊകേരി, തൊട്ടിൽപ്പാലം, കൈവേലി എന്നിവിടങ്ങളിലെ മത്സ്യമാർക്കറ്റുകളിൽ നിന്ന് മത്സ്യം വാങ്ങുന്നവരുമുണ്ട്. പഞ്ചായത്തിൽ മത്സ്യമാർക്കറ്റുകളില്ലെന്ന കാര്യം മുമ്പു സൂചിപ്പിച്ചതാണല്ലൊ. ഇന്നത്തെ വിപണന കേന്ദ്രങ്ങൾ കടത്തിണ്ണകളും സ്വകാര്യ സ്ഥലങ്ങളും റോഡിന്റെ പാർശ്വഭാഗങ്ങളുമാണ്. ഇത് പരിസരമലിനീകരണത്തിന് ഇടവരുത്തുന്നുണ്ട്.

പഞ്ചായത്തിൽ മത്സ്യക്കൃഷി നടത്തുന്ന രണ്ടു കർഷകരാണുള്ളത്. വെറും ഒന്നരമീറ്റർ നീളവും ഒരു മീറ്റർ വീതിയുമുള്ള കുളത്തിൽ നിന്നും 50 ഓളം കിലോഗ്രാം മീൻ വർഷത്തിൽ പിടിച്ചെടുക്കുന്ന കൃഷിക്കാരൻ നമ്മുടെ പഞ്ചായത്തിലുണ്ടെന്ന് പഞ്ചായത്ത് തല പഠന പര്യടന വേളയിൽ ബോദ്ധ്യപ്പെട്ടതാണ്. ഈ വസ്തുത നമ്മുടെ പഞ്ചായത്തിൽ ശുദ്ധജല മത്സ്യക്കൃഷിക്ക് നല്ല സാദ്ധ്യതയുണ്ടെന്ന് തെളിയിക്കുന്നു. കടൽ മത്സ്യത്തിന്റെ അമിതമായ വിലക്കയറ്റത്തിൽ നിന്ന് രക്ഷപ്പെടാനും കടൽ മത്സ്യം ലഭ്യമല്ലാത്ത അവസരത്തിൽ ഉപയോഗിക്കാനും ശുദ്ധജല മത്സ്യക്കൃഷി ഏറെ സഹായിക്കും. ഇതിന് നമ്മുടെ ജലസമ്പത്തിനെ ഉപയോഗപ്പെടുത്താൻ സാധിച്ചാൽ മത്സ്യസമ്പത്തിന്റെ കാര്യത്തിൽ സ്വയം പര്യാപ്തമായ ഒരു ഗ്രാമത്തെ നമുക്ക് പടുത്തുയർത്താം. പഞ്ചായത്തിൽ മൊത്തം 31 കുളങ്ങളും 6 തോടുകളും ഒരു പുഴയമുണ്ട്. ഇതിൽ അനുയോജ്യമായ കുളങ്ങളെ നമുക്ക് മത്സ്യക്കൃഷിക്ക് ഉപയോഗിക്കാം. ഒരു വീടിന് 500 ഗ്രാം മത്സ്യം എന്ന നിരക്കിൽ 5000 വീട്ടിൽ ഒരു ദിവസം 2500 കിലൊ മത്സ്യം വേണ്ടിവരും. ഇതിൽ നല്ലൊരു ശതമാനം മത്സ്യം നമുക്ക് സ്വന്തമായി ഉല്പാദിപ്പിക്കാൻ കഴിയണം. വേനൽക്കാലത്ത് വെള്ളം ശേഖരിക്കാൻ പറ്റുന്നതരത്തിൽ കുളം നിർമിക്കാൻ കഴിയുന്ന ഭാഗങ്ങളാണ് കുറ്റ്യാടി മെയിൻ കനാലിന്റെ താഴെ കിടക്കുന്ന പ്രദേശങ്ങളിലുള്ളത്. കോവുക്കുന്ന്, കായക്കൊടി, ആക്കൽ, ചങ്ങരംകുളം, ദേവർകോവിൽ, തളീക്കര കരണ്ടോട് എന്നീ പ്രദേശങ്ങളിൽ ശുദ്ധജല മത്സ്യക്കൃഷിക്ക് യോജിച്ച കുളങ്ങൾ നിർമിക്കാൻ കഴിയും. മാവുള്ളിടത്തിൽ താഴ കൊളാട്ട മത്സ്യക്കൃഷി നടത്താൻ പറ്റുന്ന പ്രകൃതിദത്തമായ ഒരു ജലാശയം തന്നെയാണ്.

പ്രശ്നങ്ങൾ

1) ജലസമ്പത്തിനെ വേണ്ട വിധം ഉപയോഗപ്പെടുത്തുന്നില്ല.

2) മത്സ്യം വളർത്തലിനെ കുറിച്ചു വേണ്ട പരിജ്ഞാനമില്ലായ്മ.

3) മത്സ്യക്കുഞ്ഞുങ്ങളെ ലഭ്യല്ല.

4) മത്സ്യത്തീറ്റ ലഭ്യമല്ല

5) സാങ്കേതിക നിർദ്ദേശങ്ങളുടെ അഭാവം

വിപണന രംഗത്തെ പ്രശ്നങ്ങൾ

1) മത്സ്യമാർക്കറ്റ് ഇല്ല.

2) ഇടത്തട്ടുകാരുടെ ചൂഷണം.

3) പരിസര മലിനീകരണം

4) മത്സ്യമേഖല തൊഴിലായി സ്വീകരിക്കുന്നതിനുള്ള താല്പിയമില്ലായ്മ.

സാദ്ധ്യതകൾ

1) പഞ്ചായത്തിൽ നിലവിലുള്ള കുളങ്ങളിൽ മത്സ്യം വളർത്താം

2) തോടുകളിലും പുഴകളിലും ബണ്ടുകൾ നിർമിച്ച് ശുദ്ധജല മത്സ്യക്കൃഷി നടത്താം

3) കനാലിന്റെ താഴ്ന്ന പ്രദേശങ്ങളിൽ സാങ്കേതിക മേന്മയുള്ള കുളങ്ങൾ നിർമിച്ച് മീൻ വളർത്താം.

4) പ്രാദേശികമായുല്പാദിപ്പിക്കുന്ന മത്സ്യങ്ങൾക്ക് ഗ്രാമങ്ങളിൽതന്നെ വിപണി കണ്ടെത്താവുന്നതാണ്

5) ജനകീയ പങ്കാളിത്തത്തോടെ മത്സ്യക്കൃഷി പ്രോത്സാഹിപ്പിക്കാം.

6) പഞ്ചായത്തിലെ പൊതുകുളങ്ങളിലും സ്വകാര്യ കുളങ്ങളിലും ജനകീയ പങ്കാളിത്തത്തോടെ മത്സ്യക്കൃഷി നടത്താം.

7) മത്സ്യബന്ധന പ്രവർത്തനങ്ങളെ ഏകോപിപ്പിക്കാൻ മത്സ്യഭവനുകൾ ആരംഭിച്ച് ഗ്രാമ പഞ്ചായത്തിന്റെ നേതൃത്വത്തിൽ പ്രവർത്തനം നടത്തുക.

പഞ്ചായത്തിൽ മത്സ്യക്കൃഷിക്ക് ഉപയോഗിക്കാൻ പറ്റുന്ന നിലവിലുള്ള ജല വിഭവങ്ങളെയും ഇനി ഉണ്ടാക്കാൻ പറ്റുന്ന ജലവിഭവ സാദ്ധ്യതകളെയും കുറിച്ച് സമഗ്രമായ ഒരു സർവ്വെ നടത്തി പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടത് ആവശ്യമാണ്.

തന്റെ രാജ്യത്തിന്റെ പുനർനിർമ്മാണത്തിൽ തനിക്കും ഫലപ്രദമായൊരു പങ്കുണ്ടെന്ന് ഏതൊരു പരമ ദരിദ്രന് പോലും അനുഭവപ്പെടുന്ന ഭാരതമാണ് ഞാൻ സ്വപ്നം കാണുന്നത്.

ആരോഗ്യ സംരക്ഷണം

ആരോഗ്യമുള്ള ശരീരത്തിനേ ആരോഗ്യ മുള്ള മനസ്സുണ്ടാകു. മാനസികവും ശാരീരികവു മായ ആരോഗ്യം ജനങ്ങളെ കൂടുതൽ ഊർജ്ജ സ്വലരും കർമോൻമുഖരുമാക്കുന്നു. ഊർജ്ജ സ്വലരും കർമോൻമുഖരുമായ ജനതയ്ക്ക് മാത്രമേ ഒരു പ്രദേശത്തിന്റെ വികസനത്തിന്റെ ആണിക്ക ല്ലായി വർത്തിക്കാൻ കഴിയു. വർദ്ധിച്ചു വരുന്ന ആരോഗ്യ പ്രശ്നങ്ങളുടെ ഫലമായി ഇന്നു നമ്മുടെ ഇടയിൽ ഒരുതരം രോഗാതുരത സംജാതമാ വുന്നുണ്ട്. രോഗാതുരത പ്രദേശത്തെ ജനങ്ങളുടെ പ്രതിരോധ ശേഷിയെ നശിപ്പിച്ച് അവരെ മൊത്ത ത്തിൽ നിഷ്ക്രിയരും അലസരുമാക്കി തീർക്കുന്നു. ഇത് പ്രദേശത്തിന്റെ എല്ലാ വികസന സാധ്യതകളും തടസ്സപ്പെടുത്തുകയും ചെയ്യുന്നു. ഇണങ്ങിയും പിണങ്ങിയും മുന്നോട്ടു നീങ്ങിയ പ്രകൃതി- മനുഷ്യ ബന്ധത്തിന് പരിഷ്കൃത മനുഷ്യന്റെ ചില പ്രവർത്തനങ്ങളാൽ സംഭവിച്ചു കൊണ്ടിരിക്കുന്ന ശൈഥില്യം മനുഷ്യന്റെയെന്നപോലെ പ്രകൃതിയു ടേയും നിലനില്പിന് ഭീഷണിയാകുന്നു.

ആരോഗ്യ രംഗത്ത് പ്രവർത്തിച്ചിരുന്ന സ്ഥാ പനങ്ങളൊന്നും മുൻകാലത്തു പഞ്ചായത്തിലുണ്ടാ യിരുന്നില്ല. പാരമ്പര്യ ചികത്സ നടത്തി വന്നിരുന്ന ഏതാനും ആര്യവൈദ്യന്മാരും നാട്ടു വൈദ്യന്മാരു മാണ് ആതുര ശുശ്രൂഷാ രംഗത്ത് പ്രവർത്തിച്ചിരു ന്നവർ. അന്ധ വിശ്വാസങ്ങൾ കൊടികുത്തി വാണി രുന്ന മുൻകാലങ്ങളിൽ മന്ത്രവാദികളുടെയും മാര ണങ്ങളുടെയും പിന്നാലെ പോകുന്ന ജനവിഭാഗമാ യിരുന്നു ഭൂരിപക്ഷവും. ഒരു ചെറിയ ന്യൂനപക്ഷം പാരമ്പര്യ ചികിത്സാ സമ്പ്രദായങ്ങളിലെ അശാ സ്ത്രീയ രീതികൾ ഒഴിവാക്കി ആര്യവൈദ്യവും നാട്ടുവൈദ്യവും സങ്കരമാക്കി ചികിത്സ നടത്തി വന്നു. മാറാരോഗങ്ങൾക്ക് മന്ത്രവാദികളെ ശരണം പ്രാപിച്ച് മരണം വിളിച്ചു വരുത്തിയ ഹതഭാഗ്യർ നിരവധിയാണ്. വസൂരിപോലുള്ള മാരകരോഗങ്ങൾ പഞ്ചായത്തിലെ പാലോളിയിൽ പടർന്നു പിടിച്ച കാലഘട്ടത്തെപ്പറ്റി പഴയ തലമുറ നടുക്കത്തോടെ ഓർക്കുന്നുണ്ട്. ഇന്ന് മന്ത്രവാദത്തിലും മറ്റും വിശ്വ സിച്ചുവരുന്ന ചുരുക്കം ചിലരെങ്കിലും പഞ്ചായത്തി ലുണ്ട്. ശരിയായ ബോധവൽക്കരണം വഴി ഇത് മാറ്റി എടുക്കേണ്ടിയരിക്കുന്നു. പൊതുവിൽ ആരോഗ്യ ത്തെക്കുറിച്ചുള്ള ഒരു പുതിയ അവബോധം ഗ്രാമ ത്തിൽ ദൃശ്യമായി തുടങ്ങിയതോടെ ശാസ്ത്രീയ ചികത്സാമുറയും ജനങ്ങൾ പരമാവധി പ്രയോജന പ്പെടുത്താൻ തുടങ്ങികഴിഞ്ഞു. അലോപ്പൊതി, ഹോമിയോപ്പൊതി ചികിത്സകൾ കൂടാതെ ആയുർ വേദവും നാടൻ വൈദ്യവും ഇന്നും തുടരുന്നവർ നാട്ടിലുണ്ട്. ഒടിവ്, ചതവ് എന്നവയ്ക്ക് തൈലം മുത ലായ ആയുർവേദ മരുന്നുപയോഗിച്ച് കളരി ഗുരു ക്കൾമാരിൽ നിന്നും ചികിത്സ തേടുന്നവരുമുണ്ട്.

1994 ൽ സ്ഥാപിതമായ കയക്കൊടി പ്രാഥ മികാരോഗ്യ കേന്ദ്രം, 1972 ൽ തുടങ്ങിയ കുടുംബ ക്ഷേമ ഉപകേന്ദ്രം, 1974 ൽ ആരംഭിച്ച കായക്കൊടി ആയർവേദ ഡിസ്പെൻസറി എന്നിവയാണ് പഞ്ചാ യത്തിലെ പ്രധാന പൊതുജനാരോഗ്യ സംവിധാന ങ്ങൾ. പഞ്ചായത്തിലെ പൊതു ആരോഗ്യ നിലയെ സംബന്ധിച്ച് ഒരു പട്ടിക താഴെ കൊടുക്കുന്നു.

പട്ടിക 1

ക്രമ നമ്പർ	ആരോഗ്യ നില	പഞ്ചായത്ത് ശരാശരി	സംസ്ഥാന ശരാശരി
1.	പൊതുമരണ നിരക്ക്	3.73	5.9
2.	ശിശുമരണനിരക്ക്	7.5	16
3.	മാതൃമരണനിരക്ക് 1ൽതാഴെ	0.41	
4.	ജനനനിരക്ക്	15	17

മേൽ പട്ടിക പ്രകാരം പഞ്ചായത്തിലെ ജന ങ്ങളുടെ പൊതു ആരോഗ്യനില സംസ്ഥാന ശരാ ശരിയേക്കാൾ മെച്ചമാണെന്ന് കാണാം.

ഒന്നുമുതൽ 5 വയസ്സുവരെ പ്രായമുള്ള കുട്ടി കളുടെ എണ്ണം പഞ്ചായത്തിൽ 2123 ആണ്. ഇതിൽ ഒരു വയസ്സിന് താഴെ പ്രായമുള്ള കുട്ടികളുടെ എ ണ്ണം 400 ഉം 1 നും 5നും ഇടയ്ക്ക് പ്രായമുള്ളവ രുടെ എണ്ണം 1723 ഉം ആണ്. വൈകല്യം ബാധിച്ച വർ 4.92 ശതമാനം വരും. പഞ്ചായത്തിൽ ജനങ്ങ ളുടെ ആയുർദൈർഘ്യം താരതമ്യേന കൂടുതലാണ്.

പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ ദിനം പ്രതി കൂടിവരുന്ന രോഗികളുടെ എണ്ണം പരിശോധിച്ചാൽ പഞ്ചായത്തിൽ പൊതുവെ ബാധിച്ചിരിക്കുന്ന രോഗാതുരതയെപ്പറ്റി മനസ്സിലാക്കാം. പഞ്ചായത്തു പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽ 5200 ൽ അധികം രോഗികൾ ഒരു വർഷത്തിൽ പരിശോധനക്കെത്തുന്നുണ്ട്. ഇതിൽ 174 പേർ ജലജന്യരോഗങ്ങളായ വയറിളക്കം , ടൈഫോയിഡ്, മഞ്ഞപ്പിത്തം തുടങ്ങിയ രോഗങ്ങൾ ബാധിച്ചവരാണ്. പൊട്ടി, ശ്വാസകോശരോഗങ്ങൾ, ക്ഷയം തുടങ്ങിയ വായുജന്യ രോഗങ്ങൾ പിടിപെട്ട് 650ൽ പരം രോഗികളും എത്തുന്നുണ്ട്. രക്തസമ്മർദ്ദം പ്രമേഹം തുടങ്ങിയ രോഗങ്ങൾ പിടിപെട്ടവരും പ്രാണിജന്യരോഗമായ മലമ്പനി പിടിപെട്ട ചുരുക്കം കേസുകളും ഇവിടെ എത്താറുണ്ട്. ത്വക്ക് രോഗങ്ങൾ വയറിളക്കം പോലുള്ള ജലജന്യരോഗങ്ങളും പ്രത്യേക കാലാവസ്ഥകളിൽ കാണുന്ന വൈറൽ ഫീവർ പോലുള്ള രോഗങ്ങലും വിവിധ പ്രദേശങ്ങളിൽ നിന്നും റിപ്പോർട്ട് ചെയ്യാറുണ്ട്.

കുടുംബ ക്ഷേമം

കുടുംബ ക്ഷേമ രംഗത്ത് മോശമല്ലാത്ത നേട്ടം പഞ്ചായത്തിന് കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്, കുടുംബക്ഷേമ പ്രായപരിധിയിൽ വരുന്ന ദമ്പതിമാരിൽ 1460 ദമ്പതിമാർ സ്ഥിരം കുടുംബാസൂത്രണമാർഗ്ഗങ്ങൾ സ്വീകരിച്ചവരാണ്. ഇത് മൊത്തം ദമ്പതിമാരുടെ 60 ശതമാനത്തോളം വരും. എന്നാൽ മൊത്തം ദമ്പതിമാരിൽ 58 ശതമാനവും, രണ്ടിൽ കൂടുതൽ കുട്ടികളുള്ളവരാണ്. വിദ്യാലയ പ്രായത്തിലുള്ള കുട്ടികളിൽ പൊതുവെ പോഷണ നിലവാരം തൃപ്തികരമല്ല. കുട്ടികളിൽ വിളർച്ച, ദന്തരോഗം, അയഡിൻ കുറവ് മൂലമുള്ള രോഗങ്ങൾ കാഴ്ച വൈകല്യം, ചെവി പഴുപ്പ് തുടങ്ങിയ രോഗങ്ങൾ കണ്ടുവരുന്നു. സ്കൂളുമായിബന്ധപെട്ട ആരോഗ്യ പരിപാടികൾ വേണ്ടത്ര ശുഷ്ക്കാന്തിയോടെ നടത്താറില്ല.

സ്ഥാപനങ്ങളും ജീവിനക്കാരും

പഞ്ചായത്തിലെ മുഖ്യ ആരോഗ്യ സ്ഥാപനം പ്രൈമറി ഹെൽത്ത്സെന്റർ ആണ്. ഏഴാം വാർഡിൽ ഒരുവാടകക്കെട്ടിടത്തിലാണ് ഈസ്ഥാപനം പ്രവർത്തിച്ചുവരുന്നത്.

പ്രൈമറി ഹെൽത്ത് സെന്ററിലെ സ്റ്റാഫിനെ സംബന്ധിച്ച പട്ടിക താഴെ കൊടുക്കുന്നു.

ക്രമ നമ്പർ	തസ്തികതയുടെ പേര്	നിലവിലുള്ള എണ്ണം	നിയമനം നടത്തേണ്ടത്
1	മെഡിക്കൽ ഓഫീസർ	1	-
2	സ്റ്റാഫ് നേഴ്സ്	1	-
3	ഫാർമസിസ്റ്റ്	1	-
4	നർസിംഗ് അസ്സിസ്റ്റൻഡ്	1	-
5	ക്ലാർക്ക്	1	-
6	രണ്ടാം ഗ്രേഡ് അറ്റന്റർ	ഇല്ല	1
7	പ്യൂൺ	1	-
8	പാർട്ട്-ടൈം സ്വീപ്പർ	-	1
ആകെ		6	2

ആരോഗ്യ പ്രവർത്തനത്തിലെ സുപ്രധാനവും ജീവനാഡിയുമായ ഫീൽഡ് ജീവനക്കാരുടെ പൂർണ്ണമായ നിയന്ത്രണം ഇപ്പോഴും കറ്റ്യാടി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിനു തന്നെയാണ്.

ഈ വിഭാഗത്തിൽ, ഇപ്പോൾ ജോലി ചെയ്യുന്നവരും അനുവദിക്കപ്പെട്ട തസ്തികകളും താഴെ ചേർക്കുന്നു.

പട്ടിക - 3

നമ്പർ	തസ്തിക	ജനസംഖ്യാനുപാതികമായി വേണ്ടത്	അനുവദിച്ചത	നിലവിലുള്ളത	ഒഴിവ്
1	ഹെൽത്ത് ഇൻസ്പെക്ടർ	1	1	-	1
2.	ലേഡി ഹെൽത്ത് ഇൻസ്പെക്ടർ	1	1	1	-
3	ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ	4	3	2	1
4	ജൂനിയർ പബ്ലിക്ക് ഹെൽത്ത് നേഴ്സ്	4	3	3	-

1994 ൽ അനുവദിച്ച് പ്രവർത്തനമാരംഭിച്ച പി.എച്ച് സെന്ററിന് ഇനിയും സ്വന്തം കെട്ടിടം ഉണ്ടായിട്ടില്ല. നിന്ന് തിരിയാനിടമില്ലാത്ത ഒരു വാടക കെട്ടിടത്തിലാണ് ആശുപത്രി കെട്ടിടം പ്രവർത്തിക്കുന്നത്. ആശുപത്രി കെട്ടിചം പണിയുന്നതിനായി ജനസേചന വകുപ്പിൽ നിന്നും, ആവശ്യമായ സ്ഥലം ആരോഗ്യവകുപ്പിന് കൈമാറുകയും കെട്ടിടം പണിക്കായി എം.പി. ഫണ്ടിൽ നിന്ന് സംഖ്യ അനുവധിക്കുകയും ചെയ്തിട്ടുണ്ട്.

ആരോഗ്യ പ്രവർത്തന രംഗത്ത് കായക്കൊടി പഞ്ചായത്തിൽ പ്രവൃത്തിക്കുന്ന മറ്റൊരു സ്ഥാപനമാണ് 7 ാം വാർഡിലെ മണങ്ങാട്ട് പൊയിൽ എന്ന സ്ഥലത്ത് പ്രവർത്തിക്കുന്ന കുടുംബ ക്ഷേമ ഉപകേന്ദ്രം. ഇത് 1974 ൽ പ്രവർത്തമാരംഭിച്ചതും സ്വന്തമായി കെട്ടിടം ഉള്ളതുമായ സ്ഥാപനമാണ്. എന്നാൽ ഇന്ന് ഈ കെട്ടിടത്തിന്റെ സ്ഥിതി ശോചനീയമാണ്. പഴകി ദ്രവിച്ച ജനലുകളും വാതിലുകളും ചോർന്നോലിക്കുന്ന മേൽക്കൂരയും ഏത് സമയത്തും നിലം പൊത്താവുന്ന അവസ്ഥയിലാണ്. ഈ കെട്ടിടത്തിലെ താമസം സുരക്ഷിതമല്ലാത്തതിനാൽ, ഇവിടെ താമസിക്കേണ്ട ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ജിവൻപണയം വെച്ചാണിവിടെ കഴിഞ്ഞു കൂടുന്നതെന്ന് പറയാം. ചുറ്റുമതിൽ ഇല്ലാത്തതിനാൽ സർക്കാരിനവകാശപ്പെട്ട സ്ഥലം സ്വകാര്യ വ്യക്തികൾ കൈയ്യടക്കുന്നതായും നേരത്തെ പരാതിയുണ്ടായിരുന്നു.

കുടുംബ ക്ഷേമ ഉപകേന്ദ്രങ്ങൾ അനുവദിക്കപ്പെട്ട സ്ഥലങ്ങളിൽ കെട്ടിടം പണിയാനുള്ള സ്ഥലം (5സെന്റ് വീതം) രണ്ടിടത്ത് സൗജന്യമായ ലഭിക്കുകയും ഈ വിവരം ബന്ധപ്പെട്ടവരെ അറിയീക്കുകയും ചെയ്തുവെങ്കിലും, കെട്ടിടം പണിയാനുള്ള നടപടികളൊന്നും ഇതുവരെ ആയിട്ടില്ല.

കായക്കൊടി പഞ്ചായത്തിലെ ആരോഗ്യ രംഗത്ത് പ്രവൃത്തിക്കുന്ന മറ്റൊരു ഗവർമെന്റ് സ്ഥാപനമാണ് ആയുർവ്വേദ ആശുപത്രി.

1995 ൽ ഇവിടെ മൊത്തം 3122 രോഗികൾ പരിശോധനക്കായി എത്തിയിട്ടുണ്ട്. ഇതിൽ 412 ത്വക്ക് രോഗികളും 925 വാത രോഗികളും 213 പകർച്ച വ്യാധികൾ പിടിപെട്ട രോഗികളും മറ്റ് രോഗങ്ങൾ പിടിപെട്ടവരായി 1572 പേരും ഇവിടെ എത്തി. ദിനംപ്രതി 75 ഓളം രോഗികളാണിവിടെ പരിശോധനക്കായി എത്തുന്നത്. ഈ രോഗികൾക്ക് 1500 രൂപയോളം വില വരുന്ന മരുന്നുകൾ ആവശ്യമാണ്. ഇവിടെ ജോലി ചെയ്യുന്ന ജീവനക്കാർ താഴെ പറയുന്നവരാണ്.

ഡോക്ടർ	1
ഫാർമസിസ്റ്റ്	1
അറ്റൻഡർ	1
പാർടൈം സ്വീപ്പർ	1

ഡിസ്പെൻസറി ഇപ്പോഴും വാടകക്കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. സ്വന്തം കെട്ടിടം പണിയാനുള്ള നടപടികളൊന്നുമായിട്ടില്ല.

ഈ സ്ഥാപനത്തിലെ ജീവനക്കാരുടെ ശമ്പളം മരുന്നിനുള്ള ചെലവ് തുടങ്ങിയവയ്ക്കായി വർഷം പ്രതി 1,60,000 രൂപ ചെലവഴിക്കപ്പെടുന്നുണ്ട്.

ആരോഗ്യ പ്രവർത്തനങ്ങളുമായി സഹകരിക്കുന്ന കറെയധികം യുവജനക്ലബ്ബുകൾ പഞ്ചായത്തിൽ പ്രവൃത്തിക്കുന്നുണ്ട്. ചങ്ങരംകുളത്ത് പ്രവൃത്തിക്കുന്ന ശില്പി & ആർട്സ് ഏന്റ് സ്പോർട്സ് ക്ലബ്ബിനെ പഞ്ചായത്തിലെ 'സ്ക്കോവ' യൂണിറ്റായി അംഗീകരിച്ചിട്ടുണ്ട്.

പഞ്ചായത്തിലെ ആരോഗ്യ സ്ഥാപനങ്ങൾ

പട്ടിക - 4

നമ്പർ	സ്ഥാപനത്തിന്റെപേർ	വാർഡ്	സ്ഥാപിച്ചവർഷം	ജീവനക്കാർ
1	പ്രൈമറി ഹെൽത്ത് സെന്റർ കായക്കൊടി	VII	1994	12
2	ഗവ. ആയുർവ്വേദ ഡിസ്പൻസറി	VII	1974	4
3	കുടുംബ ക്ഷേമ ഉപകേന്ദ്രം	VII	1972	1

ആരോഗ്യ പ്രവർത്തന രംഗത്തെ സുപ്രധാന ഘടകമായ ബോധവൽക്കരണ പ്രവർത്തനം ഫീൽഡ് ജീവനക്കാർ മുഖേനയാണ് നടക്കേണ്ടത് പഞ്ചായത്തിലെ ജനസംഖ്യാനുപാതികമായ എണ്ണം ജീവനക്കാരുടെ തസ്തികകൾ സൃഷ്ടിക്കപ്പെട്ടിട്ടില്ല. ജൂനിയർ എച്. ഐ. മാരുടെ 4 ഉം ജൂനിയർ പി.എച്ച്. നഴ്സുമാരുടെയും 4ഉം തസ്തികൾ ആവശ്യമാണ്. ഇവ മുഴുവനായും അനുവദിക്കപ്പെട്ടിട്ടില്ല.

ശുദ്ധജല ലഭ്യതക്കുറവ് വിസർജ്ജ്യ വസ്തുക്കളുടെ നിർമ്മാർജ്ജനത്തിനുള്ള അസൗകര്യം

എന്നിവയാണ് ആരോഗ്യരംഗത്തെ പ്രവർത്തനം പൂർണ്ണ ഫല പ്രാപ്തിയിലെത്താത്തതിന് കാരണം.

പഞ്ചായത്തിലെ മൊത്തം ജനസംഖ്യയിൽ ഭൂരിപക്ഷം പേർക്കും ശുദ്ധജലം ലഭ്യമല്ല എന്നതും, സാനിറ്ററി ടൈപ്പ് കക്കൂസുകൾ ലഭ്യമല്ലാത്ത അവസ്ഥയും ഇന്ന് നിലനിൽക്കുന്നു.

പഞ്ചായത്തിൽ ഒരു പൊതു ശ്മശാനം ഉണ്ടെങ്കിലും അവിടെ എത്തിപ്പെടാനുള്ള ഗതാഗത സൗകര്യത്തിന്റെ അഭാവം ഇത് ഉപയോഗിക്കുന്നതിന് തടസ്സമാവുന്നുണ്ട്.

പൊതു സ്ഥലങ്ങൾ വൃത്തിയാക്കിവെക്കുന്നതിൽ ജനങ്ങൾ ശ്രദ്ധിക്കാറില്ലെന്ന വസ്തുത എടുത്തു പറയേണ്ടതാണ്.

നിർദ്ദേശങ്ങൾ

1. പഞ്ചായത്തിൽ പ്രവൃത്തിക്കുന്ന പ്രാഥമികാരോഗ്യ കേന്ദ്രത്തിന് സ്ഥിരം കെട്ടിടം പണിയുകയും കിടത്തി ചികിത്സിക്കാനുള്ള സൗകര്യത്തോടുകൂടി വിപുലപ്പെടുത്തുകയും ചെയ്യുക.

2. പഞ്ചായത്തിൽ ജനസംഖ്യാനുപാതികമായി ഫീൽഡ് വിഭാഗം ജീവനക്കരുടെ തസ്തികകൾ അനുവദിക്കാനുള്ള നടപടികളെടുക്കുക.

3. ആയുർവ്വേദ ഡിസ്പൻസറി സ്വന്തം കെട്ടിടം പണിയാനുള്ള നടപടികൾ സ്വീകരിക്കുക.

4. ജല ജന്യരോഗങ്ങൾ തടയാൻ ശുദ്ധജലം മുഴുവൻ ജനങ്ങൾക്കും ലഭ്യമാക്കാൻ നടപടി സ്വീകരിക്കുക.

5. സാനിട്ടറി ടൈപ്പ് കക്കൂസുകൾ സ്ഥാപിക്കാനുള്ള ബോധവൽക്കരണവും, അർഹരായവർക്ക് സാമ്പത്തിക സഹായവും ലഭ്യമാക്കുക.

6. ആരോഗ്യ രംഗത്തെ പുതിയ പ്രവണതകളെക്കുറിച്ചും പരിസരമലീനീകരണ ഭീഷണിയെക്കുറിച്ചും ജനങ്ങൽക്ക് ബോധവൽക്കണം നടത്താൻ ക്ലാസ്സുകൾ സംഘടിപ്പിക്കുക.

7. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന യുവജനക്ലബ്ബുകളെ ആരോഗ്യ പ്രവർത്തന പരിപാടികളിൽ പങ്കാളികളാക്കാനുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.

8. വാർദ്ധക്യത്തിൽ കഴിയുന്നവർക്ക് ഒരു ആരോഗ്യ കേന്ദ്രം സ്ഥാപിക്കാനുള്ള നടപടികൾ സ്വീകരിക്കുക.

9. വിദ്യാലയ ആരോഗ്യ പരിപാടിയിൽ ഉൾപ്പെടുത്തി വിദ്യാർത്ഥികൾക്കുള്ള ആരോഗ്യപരിശോധന കാര്യക്ഷമമാക്കുകയും കുട്ടികൾക്ക് ഹെൽത്ത് കാർഡ് നൽകാനുള്ള നടപടികൾ ത്വരിതപ്പെടുത്തുകയും ചെയ്യുക.

10 പഞ്ചായത്തിലെ മുഴുവൻ ജനങ്ങളുടെയും ആരോഗ്യ സ്ഥിതി കാണിക്കുന്നതും ഒരു മുൻകാല ആരോഗ്യ ചരിത്രം രേഖപ്പെടുത്താവുന്നതുമായ ഹെൽത്ത് കാർഡുകൾ മുഴുവൻ ജനങ്ങൾക്കും നൽകുക.

പഞ്ചായത്തിലെ ആരോഗ്യ രംഗവും വാർഡ് തിരിച്ച് സ്ഥിതി വിവരവും

പട്ടിക 5

വാർഡ്	സ്ഥാപനങ്ങൾ പൊതു — സ്വകാര്യം	പ്രധാന രോഗങ്ങൾ	പ്രവർത്തനത്തെ കുറിച്ചുള്ള വിലയിരുത്തൽ	മെച്ചപ്പെടുത്താനുള്ള നിർദ്ദേശങ്ങൾ
1.	ആരോഗ്യസ്ഥാപനങ്ങൾ ഇല്ല	വയറിളക്കം ചൊറി, പനി ശ്വാസകോശരോഗങ്ങൾ	ഏറെക്കുറെ ഭംഗിയായി നടക്കുന്നു	സൗജന്യമായി നാട്ടുകാർനൽകിയ സ്ഥലത്ത് സബ് സെന്റർ കെട്ടിടം നിർമ്മിച്ച് സ്ഥിരം സ്റ്റാഫിനെ നിയമിക്കുക ആരോഗ്യ ബോധവൽക്കരണ ക്ലാസുകൾ നടത്തണം.
2	ആരോഗ്യ സ്ഥാപങ്ങൾ ഇല്ല	ദന്തരോഗങ്ങൾ, വയറിളക്കം പനി, ചെങ്കണ്ണ്	"	ബാലവാടിയിൽ മാസത്തിലൊരിക്കൽ ഡോക്ടർ സന്ദർശിക്കുക
3	ഇല്ല ഉണ്ട്	വയറിളക്കം,പനി, ചർദ്ദി, ചെങ്കണ്ണ്	ക്ലീനിക്കിൽ കിടത്തി ചികിത്സയില്ല	ഹെൽത്ത് സെന്ററിന്റെ ഫീൽഡ് പ്രവർത്തനം ഊർജ്ജിതപ്പെടുത്താൻ നടപടിവേണം.
4.	ആരോഗ്യസ്ഥാപനങ്ങൾ ഇല്ല	പനി, മഞ്ഞപ്പിത്തം, ദന്തരോഗങ്ങൾ	പ്രവർത്തനം നടക്കുന്നില്ല	ഒരു ഹെൽത്ത് സബ് സെന്റർ പണിത് സ്ഥിരം ജീവനക്കാരെ നിയമിക്കാൻ നടപടി വേണം. ഒരു ഹോമിയോ ഡിസ്പൻസറി സ്ഥാപിക്കണം
5	ഇല്ല 2 ഹോമിയോ ക്ലീനിക്ക്	പനി വയറിളക്കം, വിളർച്ച, വാതരോഗം	കിടത്തി ചികിത്സയില്ല	പി.എച്ച്. സി യുടെ ഫീൽഡ് ജീവനക്കാരുടെ പ്രവർത്തനം കാര്യക്ഷമമാക്കണം വിദ്യാലയത്തിൽ ആരോഗ്യ പരിശോധന കാര്യക്ഷമായി നടത്തണം.
6	സ്ഥാപനങ്ങൾ ഇല്ല	പനി.വയറിളക്കം, വിളർച്ച പൊട്ടി	തൃപ്തികരമല്ല	പി.എച്ച്.സി. ഫീൽഡ് പ്രവർത്തനം കാര്യക്ഷമമാക്കുക. ആരോഗ്യ ബോധവൽക്കരണ ക്ലാസുകൾ നടത്തുക.
7	1. പി.എച്ച്. സി. 2. ആയുർവ്വേദ ഡിസ്പെൻസറി 3. കുടുംബക്ഷേമ ഉപകേന്ദ്രം	വയറിളക്കം ചിക്കൻപോക്സ് വാതരോഗം ദന്ത രോഗം രക്തസമ്മർദ്ദാ	പി.എച്ച്.സി. യുടെ പ്രവർത്തനം തൃപ്തികരമല്ല കിടത്തി ചികിത്സിക്കാനുള്ള സൗകര്യമില്ല സ്വന്തമായി കെട്ടിടമില്ല ആയുർവ്വേദആശുപത്രിയിൽ സ്ഥിരമായി ഡോക്ടർ ഉണ്ടാവുന്നില്ല. സബ്ബ് സെന്റർ കെട്ടിടം താമസ യോഗ്യമല്ല.	1 പി.എച്ച്. സെന്ററിൽ സ്ഥിരം കെട്ടിടം പണിയുക. കിടത്തി ചികിത്സിക്കാൻ സൗകര്യം ഉണ്ടാക്കുക. ആവശ്യത്തിന് മരുന്ന് ലഭ്യമാക്കുക. ഒഴിഞ്ഞ തസ്തികകളിൽ നിയമനം നടത്തുക. 2.ആയുർവ്വേദാശുപ്ത്രിക്ക് സ്വന്തമായി കെട്ടിടം പണിയുക. സ്ഥിരമായി ഡോക്ടറെ നിയമിക്കുക. ആവശ്യമായഫണ്ട് അനുവദിക്കുക. 3.കുടുംബ ക്ഷേമ ഉപ കേന്ദ്രത്തിന്റെ അറ്റകുറ്റപ്പണി നടത്തിതാമസയോഗ്യമാക്കണം ചുറ്റുമതിൽ പണിയണം. വൈദ്യുത കണക്ഷൻ ലഭ്യമാക്കണം

8.	സ്ഥാപനങ്ങൾ ഇല്ല	വയറിളക്കം പനി, തൃക്ക് രോഗങ്ങൾ പൊട്ടി ശ്വാസ കോശ രോഗങ്ങൾ	പ്രവർത്തനം തൃപ്തികരമല്ല.	പ്രൈമറി ഹെൽത്ത് സെന്ററിന്റെ പ്രവർത്തനമേഖലയിൽപ്പെടുന്നതും, കുടുംബ ക്ഷേമ പ്രവർത്തനങ്ങൾ നന്നായി നടക്കുന്നതുമായ പ്രദേശമെന്നനിലക്ക് ഒരു സബ്ബ് സെന്റർ സ്ഥാപിച്ച് പ്രവർത്തനം വിപുലീകരിക്കുക.
9.	സ്ഥാപനങ്ങൾ ഇല്ല	""	മഹിളാ സ്വസ്ത സംഘ് പ്രവർത്തനം നടക്കുന്നു.	ആരോഗ്യ ബോധവൽക്കരണപ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുക
10.	സ്ഥാപനങ്ങളൊന്നുമില്ല	""	പ്രവർത്തനം തൃപ്തികരമല്ല	നാട്ടുകാർ സൗജന്യമായി നൽകിയ സ്ഥലത്ത് സബ് സെന്റർ നിർമിച്ച് സ്ഥിരം സ്റ്റാഫിനെ നിയമിക്കുക. ആയുർവേദാശുപത്രി സ്ഥാപിക്കുക ആരോഗ്യ ബോധവൽകരണ ക്ലാസ്സുകൾ സംഘടിപ്പിക്കുക.

പരിസര ശുചിത്വം

ഒരു മലയോര പ്രദേശമായ ഈ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം പരിസരമലിനീകരണം മൂലമുണ്ടാകുന്ന ആരോഗ്യ പ്രശ്നങ്ങൾ നന്നേകുറവാണെന്ന് പറയാം. ജനസാന്ദ്രത കൂടിയ ഭാഗങ്ങളിലെ അങ്ങാടികളുമായി ബന്ധപ്പെട്ടാണ് ഏറെയും പ്രശ്നങ്ങൾ. നഗരവൽക്കരണത്തിന്റെ ഭീഷണി ഏൽക്കാത്ത സസ്യനിബിഡവും ജനസാന്ദ്രത കുറഞ്ഞതുമായ പഞ്ചായത്തിന്റെ പ്രകൃതി മെച്ചപ്പെട്ടതും ശുദ്ധവുമായ ഒരു പരിസ്ഥിതി പ്രദാനം ചെയ്യുന്നു. ഈ പാശ്ചാത്തലത്തിൽ പരിശോധിക്കുമ്പോൾ പഞ്ചായത്തിന്റെ ആരോഗ്യ പ്രശ്നങ്ങൾ വ്യക്തികളിലും, കുടുംബങ്ങളിലും, വീടുകളിലും, അങ്ങാടികളിലുമായി ഒതുങ്ങി നിൽക്കുന്നു. ജനസാന്ദ്രതയേറിയ ചുരുക്കം ചില കോളനി പ്രദേശങ്ങളിൽ ജലജന്യ രോഗങ്ങൾ കണ്ടുവാരാറുണ്ട്.

ആരോഗ്യ സംരക്ഷണത്തിന് അവശ്യ പാലിക്കേണ്ട വ്യക്തിപരമായ ശുചിത്വത്തെപ്പറ്റിയുള്ള അജ്ഞത കോളനികളിലും മറ്റും താമസിക്കുന്ന പാവപ്പെട്ട ജനങ്ങളുടെ ഇടയിൽ കണ്ടുവരുന്നുണ്ട്.ഒരുകുടുംബത്തിൽ ശരാശരി 6 അംഗങ്ങളാണുള്ളത്. പ്രശ്നത്താൽ, നട്ടം തിരിയുന്ന പാവപ്പെട്ടവരുടേയും ഇടത്തരക്കാരുടെയും കുടുംബങ്ങളിലെ അംഗബാഹുല്യം മാനസികവും ശാരീരികവുമായ ആരോഗ്യ പ്രശ്നമായി രൂപം പ്പെടുന്നു. പരിസര ശുചിത്വ മില്ലായ്മയാണ് പ്രധാനപ്പെട്ട മറ്റൊരു ആരോഗ്യ പ്രശ്നം. വീടുകളിൽ നിന്നും മാലിന്യങ്ങൾ പുറത്തവിടാനുള്ള സൗകര്യമില്ലാത്തതും പുറത്തുവിടുന്ന മാലിന്യങ്ങൾ പരിസരമലിനീകരണം ഉണ്ടാക്കാത്തരത്തിൽ നിയന്ത്രിക്കാൻ പറ്റാത്തതുമായ അവസ്ഥ നമ്മുടെ പലവീടുകളിലും ഭീഷണി സൃഷ്ടിക്കാറുണ്ട്. ചീഞ്ഞുനാറുന്ന പരിസരം കൊതുകിന് വളരാനുള്ള സങ്കേതങ്ങളായും തീരുന്നു. വീടുകളോടനുബന്ധിച്ച് കക്കൂസ്, കിണർ എന്നിവ സംവിധാനം ചെയ്യുന്നതിലുള്ള അജ്ഞതവലിയ ആരോഗ്യ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. ആവാസയോഗ്യമല്ലാത്ത വീടുകൾ ആരോഗ്യ രക്ഷാ പ്രവർത്തനങ്ങൾക്ക് വിലങ്ങുതടിയാവാറുണ്ട്.

കായക്കൊടി, ദേവർകോവിൽ, തളീക്കര തടങ്ങിയ അങ്ങാടികളിലെ ശുചിത്വമില്ലായ്മ, ഹോട്ടലുകളിലെ ശുചിത്വക്കുറവും അങ്ങാടികളിൽ തന്നെ മത്സ്യമാർക്കറ്റുകൾ പ്രവർത്തിക്കുന്നതും ഗൗരമായി കാണണം. പൊതു കക്കൂസുകളും മൂത്രപ്പുരയും നിലവിലില്ല.

നിർദ്ദേശങ്ങൾ

1. ഓരോ വീട്ടിലും മെച്ചപ്പെട്ട സാനിട്ടറി സൗകര്യമുള്ള കക്കൂസുകൾ നിർമ്മിക്കുക.

2. വീടുകളിലെയും ഹോട്ടലുകളിലെയും

മലിനജലം പരിസരമലിനീകരണത്തിന് ഇടയാകുന്നില്ല എന്നുറപ്പ് വരുത്തുക..

3. കിണർവെള്ളം ക്ലോറിനേഷൻ നടത്തി അണു വിമുക്തമാക്കാനുള്ള നടപടികൾ സ്വീകരിക്കുക.

4. കൊതുക് ഈച്ച തുടങ്ങിയവ പെരുകുന്നത് തടയാനുള്ള ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുക.

5. വ്യക്തിശുചിത്വത്തിന്റെ പ്രാധാന്യം ഇത് ബോധ്യപ്പെടുത്താനുള്ള നടപടികൾ.

6. മാലിന്യങ്ങൾ അശ്രദ്ധമായി പുറന്തള്ളുന്നത് തടയാൻ സംവിധാനമേർപ്പെടുത്തുക.

7. ഹോട്ടലുകളിലും ബേക്കറികളിലും ആരോഗ്യ പ്രവർത്തകർ കൃത്യമായി പരിശോധന നടത്തുക

8. ശാസ്ത്രീയമായ മത്സ്യ മാർക്കറ്റുകൾ ആരംഭിക്കുക.

9. അങ്ങാടികളിലെ പരിസരമലിനീകരണത്തിനെതിരെ ജനകീയകമ്മിറ്റികൾ എർപ്പെടുത്തുക.

കുടിവെള്ളം

വർഷത്തിൽ അഞ്ചുമാസമെങ്കിലും നന്നായി മഴ ലഭിക്കുന്ന സംസ്ഥാനമാണ് കേരളം. ഈ സാദ്ധ്യത നിലനില്ക്കുമ്പോൾ നാം രൂക്ഷമായ ജലക്ഷാമം നേരിടുകയാണ്. ഭൂപ്രകൃതിയുടെ സവിശേഷത ഇതിനൊരു കാരണമാണ്. പദ്ധതികളിൽ ദീർഘവീക്ഷണമില്ലാതെ പോയതും ഇതിന് കാരണമായി ചൂണ്ടിക്കാട്ടാൻ കഴിയും. നമ്മുടെ പഞ്ചായത്തിൽ വേനലിന്റെ ആരംഭത്തോടെ ജലക്ഷാമം രൂക്ഷമാകുന്ന പ്രദേശങ്ങൾ ഏറെയുണ്ട് വിശിഷ്യാ കുന്നിൽ പ്രദേശങ്ങൾ. ഇത്തരം പ്രദേശങ്ങളിൽ സ്ഥിരമയി ജലലഭ്യത ഉറപ്പുവരുത്തുക പ്രയാസമാണ്. എങ്കിലും പഞ്ചായത്തിലെ ജനങ്ങൾ കുടിവെള്ളത്തിന് മുഖ്യമായി ആശ്രയിക്കുന്നത് കിണറുകളെത്തന്നെ. ഒരു വീട്, വീടിനൊരു കിണർ ഈ സ്വപ്നം സാക്ഷാത്കരിക്കാൻ നമുക്ക് കഴിഞ്ഞിട്ടില്ല. സ്വന്തമായി കിണറുകളുള്ള അറുപത് ശതമാനം വീടുകൾ മാത്രമെ നമ്മുടെ പഞ്ചയാത്തിലുള്ളൂ. അയൽ വീടുകളിലെ കിണറുകളെയും ചില പ്രദേശങ്ങളിൽ നിലവിലുള്ള പരിമിതമായ ശുദ്ധജല പദ്ധതികളെയുമാണ് മറ്റുള്ളവർ ആശ്രയിക്കുന്നത്- പഞ്ചായത്തിൽ 21 പൊതു കിണറുകളുണ്ട്. ഇതിനുപുറമെ അഞ്ചു കുഴൽകിണറുകളും പത്ത് പൊതു ജലവിതരണ ടാപ്പുകളുമുണ്ട്. പൊതു കിണറുകളിലേറെയും വേനൽ രൂക്ഷമാകുന്നതോടെ വരണ്ടുപോകുന്നവയാണ്. സ്വകാര്യ കിണറുകളിൽ മുപ്പത് ശതമാനവും വേനൽക്കാലത്ത് വറ്റിപോകുന്നു. അഞ്ചു കഴൽ കിണറുകളിൽ ഒന്നുമാത്രമെ ഉപയോഗ യോഗ്യമായിട്ടുള്ളൂ.

പഞ്ചായത്തിലെ മലയോര മേഖല ആശ്രയിക്കുന്നത് പാറക്കെട്ടുകളിലെ നീരുറവകളെയാണ്. ഇതിന് ഹോസുകൾ ഉപയോഗപ്പെടുത്തുന്നു. ഇത്തരം ഹോസ് പൈപ്പുകളെ ഈ മേഖലയുടെ ജീവനാഡിയായി കണക്കാക്കാം. കുടിവെള്ള പ്രശ്നം ഈ രീതിയിൽ പരിഹരിക്കുന്ന പ്രദേശങ്ങൾ കൂടുതലും പഞ്ചായത്തിന്റെ എട്ടാം വാർഡിലാണ്. പടച്ചിൽമല, പാലോളിമല, മുണ്ടിയോട്, പുന്നത്തോട്ടം, മവിലപ്പാടി, പരപ്പ്, ഉറവുകുണ്ട് എന്നീ പ്രദേശങ്ങളെ ഈ പട്ടികയിൽ പെടുത്താം.

ബൃഹത്തായ ശുദ്ധജല പദ്ധതികളൊന്നും നിലവിലില്ലാത്ത ആ ഗ്രാമ പഞ്ചായത്തുകളിലൊന്നാണ് നമ്മുടേത്. കാവിലുംപാറ പഞ്ചായത്തിലെ മൂന്നാംകൈ പദ്ധതിയിൽ നിന്നും വെള്ളമെത്തിക്കുന്ന പത്ത് പൊതുടാപ്പുകളാണ് നമ്മുടെ പഞ്ചായത്തിലുള്ളത്. എണ്ണത്തിൽ പരിമിതമായ ഈ പൊതുടാപ്പുകൾ ജലക്ഷാമം പരിഹരിക്കുന്നതിന് പര്യപ്തമല്ല.

കുടിവെള്ള പ്രശ്നത്തിന്റെ രൂക്ഷത ചുവടെ ചേർത്തിരക്കുന്ന പട്ടികയിൽ നിന്നും മനസ്സിലാക്കാവുന്നതാണ്.

വാർഡ്	പ്രശ്നമേഖല	പ്രശ്ന പരിഹാര നിർദ്ദേശങ്ങൾ
I	പൂളക്കണ്ടി പ്രദേശം	കായക്കുന്ന് പ്രദേശത്ത് പൊതുകിണർ കുഴിക്കുക
	എളങ്ങാരം കോട്ട്കുന്ന്	ഏളങ്ങാരം കോട്ട് സ്വകാര്യ വ്യക്തിയുടെ കുളം വികസിപ്പിക്കുക.
	നിടുംകുന്ന് കായക്കുന്ന് നാല് സെന്റ് കോളനി	ചങ്ങരം കണ്ടി പ്രദേശത്ത് കിണർ കുഴിച്ച് ടാങ്ക് കെട്ടി വെള്ളം വിതരണം ചെയ്യുക
	കരിമ്പാലകണ്ടി ചങ്ങരം കണ്ടികുന്ന്	കുളപ്പറമ്പത്ത് കുളം ശുദ്ധീകരിച്ച് ഉപയോഗപ്പെടുത്താം

വാർഡ്	പ്രശ്ന പ്രദേശങ്ങൾ	പരിഹാര നിർദ്ദേശങ്ങൾ
II	പൂളക്കണ്ടി ഭാഗം വെന്നപ്പാലിച്ചിക്കണ്ടി കായക്കുന്ന്, ഏരത്ത്‌വീട് ഭാഗം നടുക്കണ്ടി ഭാഗം വരിക്കോളി	1. പൂക്കാട് സ്വകാര്യകുളത്തിൽ നിന്നും ജലവിതരണം നടത്താം 2. ആക്കൽ വയലിൽ കുളം കുഴിച്ച് പൂളക്കണ്ടി ഭാഗത്ത് പൈപ്പ് വഴി ജലവിതരണം നടത്താം. 3. വാഴയിൽ പറമ്പിൽ പഞ്ചായത്തുവക കിണർ പുതുക്കി ഉപയോഗപ്പെടുത്താം 4. വാട്ടർ അതോറിറ്റി വക പൈപ്പ് കാഞ്ഞിരത്തിൻ കീഴിൽ വരെ നീട്ടുക.
III	കരിക്കാടൻ പൊയിൽ തളീക്കര - മണ്ണു പുതിയോട്ടിൽ ഭാഗം	പൊതുകിണർ കുഴിച്ച് വെള്ളം ടാങ്കിൽ സംഭരിച്ച് വിതരണം നടത്തുക. കരണ്ടോട് വാട്ടർ സപ്ലൈ സ്കീമിൽ നിന്നുള്ള പൈപ്പ് ലൈൻ ഓത്യോട്ട് പാലം വരെ നീട്ടുക.
IV	കൊയ്യമ്പാറക്കുന്ന് തങ്കേക്കണ്ടികുന്ന് തലച്ചിറ നാല് സെന്റ് കോളനി പന്തലങ്കണ്ടി ഭാഗം	1 കൊയ്യമ്പാറ കുന്നിൽ സ്ഥാപിച്ച വാട്ടർ ടാങ്കിന്റെകപ്പാസിറ്റി വർദ്ധിപ്പിച്ച് കരണ്ടോട് വാർഡ് കൂടി വിതരണ.പരിധിയിൽ പെടുത്തുക. 2 തലച്ചിറ നാല് സെന്റ് കോളനിയടക്കമുള്ള ക്ഷാമ പ്രദേശങ്ങളിൽ പൊതു ജലവിതരണ പരിപാടി നടപ്പാക്കുക. 3 വേപ്രകുന്ന് പ്രദേശത്ത് കുളും കുഴിക്കുക 4 നരിക്കോട് കണ്ടിതാഴ വയലിൽ കുളം കുഴിച്ച് കൊയമ്പാറ കുന്നിന്റെ മറുവശത്ത് (വടക്കുഭാഗം) ശുദ്ധജല വിതരണം നടത്തുക.
V	കാനാലകുന്ന്, വടക്കയിൽകുന്ന്, കോളിക്കുൽകുന്ന്, എടത്തിക്കണ്ടി, പള്ളിപ്പെരുമ്പടം, പുതുശ്ശേരി	കണ്ണുങ്കൈക്കുന്നിൽ ടാങ്ക് സ്ഥാപിച്ച് താഴ്ന്ന പ്രദേശങ്ങളിൽ ജലവിതരണം നടത്താം ഇത് വേപ്രക്കുന്നിലും ഉപയോഗപ്പെടുത്താം
VI	അത്തിക്കോട് കുന്ന് പെരുമ്പാറ കുറ്റിയിൽ പറമ്പ്, മാവിലകുന്ന്, കൈതച്ചാൽ	കണ്ണുങ്കൈക്കുന്നിൽ വാട്ടർ ടാങ്ക് സ്ഥാപിക്കുക കോവുകുന്ന് കനാൽ കിണർ കുഴിക്കുക
VII	പരപ്പുമ്മൽ, തിടങ്ങഴിയുള്ള തറ ചുഴലിക്കര കുന്ന്.	കായക്കൊടി കൊളാട്ടയിൽ കിണർകുഴിച്ച് ഹൈസ്കൂൾ കുന്നിൽ ടാങ്ക് കെട്ടി വെള്ളം സംഭരിച്ച് വിതരണം നടത്തുക. ചേറ്റുവയൽ കുളംനന്നാക്കി പൈപ്പ് വഴി വിതരണം നടത്താം. കനാലിന്റെ താഴെ ഭാഗത്ത് ചൂർക്കുഴി പരപ്പുമ്മൽ ഭാഗത്ത് ടാങ്ക് കെട്ടി ജലവിതരണം നടത്താം.
VIII	പടിച്ചിൽ മല പാലോളിമല, മുണ്ടിയോട്, പുന്നത്തോട്ടം, കരിമ്പാലക്കണ്ടി, വാഴയിൽ, മാവിലപ്പാടി.	പടിച്ചിൽ മലയിൽ നീരുറവയുള്ള സ്ഥലത്ത് കിണർ കുഴിച്ചും കുളം നന്നാക്കിയും ജല വിതരണം നടത്താം. മുണ്ടിയോട് മലയിൽ കിണർ കുഴിച്ചും ജലവിതരണം നടത്താം.
IX	പിലാച്ചേരി കുന്ന്.	വെള്ളം നിലനില്ക്കുന്ന എടക്കണ്ടി താഴ കൊളാട്ടയിൽ കിണർ കുഴിച്ച് പിലാച്ചേരികുന്നിൽ ടാങ്ക്

വാർഡ്	പ്രശ്ന പ്രദേശങ്ങൾ	പരിഹാര നിർദ്ദേശങ്ങൾ
X		നിർമ്മിച്ച് വെള്ളം സംഭരിച്ച് വിതരണം നടത്താം.
	ചുണ്ടക്കോട്, ഇരുളാവ്, പഷ്ണിക്കുന്ന്, പാലയോട്, വണ്ണാത്തിപ്പൊയിൽ.	
	വെണ്ടേക്കോട്ട്ചാൽ, പുത്തറ	മുടിക്കൽ പ്രദേശത്ത് തുറവയിലുള്ള വെള്ളം കട്ടിപ്പാറ മലയിൽ ടാങ്കിൽ ശേഖരിച്ച് വിതരണം നടത്താം. ദൈവം കുളിക്കുന്ന കുണ്ടിൽ കിണർ കുഴിച്ച് പാലയാട് മലയിൽ സംഭരിച്ച് വിതരണം നടത്താം. പടിച്ചിൽ മലയാൽ കിണർ കുഴിച്ച് താഴ്വര പ്രദേശങ്ങളിൽ ഹോസ് ഉപയോഗിച്ച് ജലവിതരണം നടത്താം. നാല് സെന്റ് കോളനിയിൽ പൊതു കിണർ കുഴിക്കാം. കുരുവന്തൊടിത്തറ പ്രദേശത്ത് നിലവിലുള്ള പൈപ്പ് ലൈൻ പരിഷ്കരിക്കുക. കോവുക്കുന്ന് കനാൽ ഭാഗത്ത് കിണർ കുഴിച്ച് ഇറിഗേഷൻ സ്ഥലത്ത് ടാങ്ക് കെട്ടി ജലവിതരണം നടത്താം.

ചെറുകിട ജല പദ്ധതികൾ

മേൽപട്ടികയിൽ വിവരിച്ച പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിലെ ജലക്ഷാമപരിഹാരത്തിനായി താഴെ പറയുന്ന ചെറുകിട ജലപദ്ധതിയിൽ പെടുത്തി നടപ്പാക്കാവുന്നതാണ്.

1. പൂക്കാട് വയലിൽ കിണർ കുഴിച്ച് കരിമ്പാലക്കണ്ടി കുന്നിൽ ടാങ്ക് പണിത് പുളക്കണ്ടി, ഒന്നാം വാർഡിലെ വരൾച്ച അനുഭവപ്പെടുന്ന പ്രദേശങ്ങളിൽ ഏകദേശം രണ്ടായിരം പേർക്ക് ജലം നൽകാൻ കഴിയും.

പുളക്കണ്ടിയിലെ തെക്ക് ഭാഗത്തും ഇത് ഉപയോഗപ്പെടണം.

2. കണ്ണങ്കൈക്കുന്ന് പദ്ധതി. എടത്തിക്കണ്ടി വയലിൽ കിണർ കുഴിച്ച് കണ്ണങ്കൈക്കുന്നിൽ ടാങ്ക് പണിത്, പരിസര പ്രദേശങ്ങളിൽ ജലവിതരണം നടത്താം.

3. മാവിലകുന്ന് പദ്ധതി

മാവിലക്കുന്നിന്റെ പൊയിൽ പ്രദേശത്ത് കിണർ കുഴിച്ച് കുന്നിൽ ടാങ്ക് പണിത് ജലവിതരണം സാദ്ധ്യമാക്കാം.

4. നെടുമണ്ണൂർ പദ്ധതി.

നെടുമണ്ണൂരിലെ കരിങ്ങാട്ട് നടയിൽ കിണർ കുഴിച്ച് കട്ടിപ്പാറ മലമുകളിൽ ടാങ്ക് നിർമ്മിച്ച് നെടുമണ്ണൂർ വാർഡിന്റെ മിക്ക ഭാഗങ്ങളിലും ജലവിതരണം നടത്താം.

5. തെടങ്ങഴിയുള്ള തറ

കുവക്കൊല്ലി പ്രദേശത്തെ നീരുറവ ടാങ്കിൽ സംഭരിച്ച് താഴ്ന്ന പ്രദേശങ്ങളിൽ ജലവിതരണം നടത്താം.

6. കരണ്ടോട് തലച്ചിറ കൊല്ലി പ്രദേശത്ത് കിണർ നിർമ്മിച്ച് തലച്ചിറ നാല് സെന്റ് കോളനി പ്രദേശത്ത് ടാങ്ക് നിർമ്മിച്ച് കോളനിയി ജലവിതരണം നടത്താം.

പഞ്ചായത്ത് തല പദ്ധതി.

1. കായക്കൊടി അങ്ങാടിക്കടുത്ത് കിണർ പണിത് നെല്ലിലായി പ്രദേശത്തെ ജലംശേഖരിച്ച് വിതരണം നടത്തിയാൽ പഞ്ചായത്തിലെ ഒന്ന്, ഏഴ്, എട്ട്, പത്ത് എന്നീ വാർഡുകളിലെയും ആറാം വാർഡിന്റെ ചില പ്രദേശങ്ങളിലും ജലവിതരണം സാദ്ധ്യമാകും.

2. കണ്ണങ്കൈക്കുന്ന് പദ്ധതി.

കണ്ണങ്കൈക്കുന്നിൽ ഇപ്പോൾ വിഭാവനം ചെയ്തിട്ടുള്ള പദ്ധതി വിപുലീകരിച്ച് പഞ്ചായത്തിന്റെ മറ്റു ഭാഗങ്ങളിൽ ജലവിതരണം സാദ്ധ്യമാക്കാം. ഈ പദ്ധതി വിപുലപ്പെടുത്തിയാൽ മൂലം, പഞ്ചായത്തിലെ നാല്, അഞ്ച്, ആറ്, വാർഡുകളിൽ കാര്യക്ഷമമായി ജലവിതരണം നടത്താം

3. കുറുങ്ങോട്ടിൽ താഴ വയലിൽ കിണർ കുഴിച്ച് കൊയ്യമ്പാറ കുന്നിൽ ടാങ്ക് പണിത് ജലവിതരണം നടത്തിയാൽ നാലാം വാർഡിലെ കുടിവെള്ള ക്ഷാമം പൂർണ്ണമായും പരിഹരിക്കാം.

സഹകരണം

കർഷകതൊഴിലാളികളും കൃഷിക്കാരും ഇടകലർന്ന് താമസിക്കുന്ന ഒരു പ്രദേശമാണ് കായക്കൊടി പഞ്ചായത്ത്. ഇവിടുത്തെ പ്രധാനപ്പെട്ട ഉൽപന്നങ്ങൾ നാളികേരം, കുരുമുളക്, അടയ്ക്ക എന്നിവയാണ്. ജനസംഖ്യയിൽ ഭൂരിഭാഗവും കൃഷിയെ ആശ്രയിച്ചാണ് കഴിയുന്നത്. ഒരു കാലത്ത് സ്വകാര്യ പണമിടപാടുകാരിൽ നിന്നും പലിശക്ക് കടം വാങ്ങിയാണ് കൃഷിക്കാർ അവരുടെ കൃഷികൾ നടത്തിയിരുന്നത്. ഉല്പന്നങ്ങൾക്ക് നല്ല വിപണിയില്ലാത്തതുകാരണം അർഹമായ വില ലഭിക്കാതെ തന്നെ അവ വില്ക്കുവാൻ കർഷകർ നിർബന്ധിതരാവുകയും കടം വീട്ടുന്നതിനുവേണ്ടി മറ്റുവഴികൾ കണ്ടെത്തുകയും ചെയ്ത സ്ഥിതിവിശേഷമാണ് കൃഷിക്കാർക്കുണ്ടായിരുന്നത്.

ഇതിൽ നിന്നും ഒരു മോചനം ലഭിക്കുന്നതിനുവേണ്ടി കായക്കൊടി പഞ്ചായത്തിലും കൃഷിക്കാർക്ക് ധനസഹായം നല്കുന്നതിന് ഒരു സഹകരണ സ്ഥാപനം രൂപീകരിച്ചു. പരേതനായ ശ്രീ. പി. കുഞ്ഞിക്കണ്ണക്കുറുപ്പ്, എം. പി. അച്ചുതൻ നായർ, ടി. പി. കണാരൻ വൈദ്യർ, മലയന്റകണ്ടി മൊയ്തു, എൻ. കുഞ്ഞിക്കണ്ണക്കുറുപ്പ്, വി. കൃഷ്ണൻ നായർ, കെ. എം. അപ്പുക്കുട്ടിമാരാർ, പി. കെ. കുഞ്ഞിക്കണ്ണൻ നായർ, എ. കുഞ്ഞികൃഷ്ണമാരാർ, പി. കെ. ഗോവിന്ദൻ നമ്പ്യാർ സി. കെ രാമൻ നായർ, കെ. കെ ചന്തമ്മൻ, ടി. കൃഷ്ണൻ നായർ, എ. കുഞ്ഞിക്കണ്ണൻ നായർ, പി. കെ. കുമാരപ്പണിക്കർ തുടങ്ങി പതിനഞ്ചു പേരടങ്ങുന്ന ഒരു കമ്മിറ്റിയുണ്ടാക്കുകയും അതിൽ നിന്നും എം പി. അച്ചുതൻ നായരെ പ്രസിഡന്റായും ശ്രീ. പി. കുഞ്ഞിക്കണ്ണക്കുറുപ്പിനെ സെക്രട്ടറിയായും തെരഞ്ഞെടുത്തു. അങ്ങനെ 11þ-11-1950 ൽ ഒരു "ഐക്യ നാണയ സംഘം" ആദ്യമായി കായക്കൊടി പഞ്ചായത്തിൽ റജിസ്റ്റർ ചെയ്തു പ്രവർത്തനമാരംഭിച്ചു.

'ഐക്യ നാണയ സംഘം ചങ്ങരംകുളത്തെ ഒരു വാടക കെട്ടിടത്തിലായിരുന്നു പ്രവർത്തിച്ചിരുന്നത്. 1963 ൽ ഈ സംഘത്തെ ഒരു സർവീസ് സഹകരണ സംഘമാക്കി മാറ്റുകയും, 1976 ൽ ഒരു സർവീസ് സഹകരണ ബാങ്കായും ഉയർത്തപ്പെട്ടു. തുടക്കത്തിൽ കാര്യമായ സാമ്പത്തിക സഹായം കൃഷിക്കാർക്ക് നൽകുവാൻ ബാങ്കിന് കഴിഞ്ഞിട്ടില്ല എന്നത് ഒരു സത്യമാണ്. ഇതിന്റെ കാരണം കൃഷിക്കാർക്ക് സഹകരണത്തെ പറ്റിയുള്ള അറിവില്ലായ്മയായിരുന്നു. പിന്നീട് ബാങ്കിലെ ഭരണ സമിതിയും ജീവനക്കാരും സേവനം മാത്രം ലക്ഷ്യമാക്കികൊണ്ടുള്ള പ്രവർത്തനത്തിന്റെ ഫലമായി ബാങ്കിന്റെ പ്രവർത്തനം കായക്കൊടി പഞ്ചായത്തിന്റെ മുഴുവൻ ഭാഗങ്ങളിലും വ്യാപിക്കുകയും ചെയ്തു.

പഞ്ചായത്തിൽ റജിസ്റ്റർ ചെയ്ത രണ്ടാമത്തെ സർവീസ് സഹകരണ സൊസൈറ്റിയാണ് ദേവർകോവിൽ പ്രവർത്തിക്കുന്ന കുന്നുമ്മൽ ബ്ലോക്ക് കോ-ഓപറേറ്റീവ് സൊസൈറ്റി. കുന്നുമ്മൽ ബ്ലോക്ക് പരിധി പ്രവർത്തന മേഖലയാക്കിക്കൊണ്ട് ഈ സംഘം 27.1.95 ൽ നിലവിൽ വന്നു.

കൂടാതെ സ്കൂളുകൾ കേന്ദ്രമാക്കി മൂന്ന് സഹകരണ സംഘങ്ങളും പ്രവർത്തിക്കുന്നുണ്ട്. ഇവ മാർക്കറ്റിംഗ് സഹകരണ സംഘങ്ങളാണ്. സ്കൂൾ വിദ്യാർഥികളുടെ പാഠപുസ്തകങ്ങൾ മാത്രമാണ് ഇതു വഴി വിതരണം ചെയ്തു വരുന്നത്.

കായക്കൊടി ഗ്രാമപഞ്ചായത്തിൽ ആകെ അഞ്ചു സഹകരണ സ്ഥാപനങ്ങളാണുള്ളത്. ഇതിൽ പഞ്ചായത്തിൽ മൊത്തം ജനങ്ങളുടേയും

നമ്പർ	പേര്	നോൺ ക്രഡിറ്റ്	ക്രഡിറ്റ്	മാർക്കറ്റിംഗ്	സ്ഥാപിച്ച വർഷം
1	കായക്കൊടി സർവീസ് സഹകരണ ബാങ്ക്		ക്രഡിറ്റ്	-	11.11.1950
2	കുന്നുമ്മൽ ബ്ലോക്ക് എംപ്ലോയീസ് കോ-ഓപറേറ്റീവ് സൊസൈറ്റി		-	-	27.1.95
3	സ്കൂൾ സഹകരണ സംഘങ്ങൾ	ക്രഡിറ്റ്	-	മാർക്കറ്റിംഗ്	ലഭ്യമല്ല

പങ്കാളിത്തത്തോടെ പ്രവർത്തിക്കുന്ന സ്ഥാപനം കായക്കൊടി സർവീസ് സഹകരണ ബാങ്കാണ്. വളരെ എളിയ നിലയിൽ നിന്നും സഹകരണ ബാങ്ക് അടുത്ത കാലത്തായി പുരോഗതി പ്രപിച്ച് ഇന്ന് ഏകദേശം നാലായിരത്തിൽ പരം മെമ്പർമാരുള്ള ഒരു വലിയ പ്രസ്ഥാനമായി വളർന്നിട്ടുണ്ട്. ഇന്ന് ബാങ്കിന്റെ മൂലധനം മെമ്പർമാരിൽ പിരിഞ്ഞു കിട്ടിയ 213052 രൂപയും സർക്കാർ മുലധനമായും 52000 രൂപയും പൊതുജനങ്ങളിൽ നിന്നുള്ള ദീർഘകാല നിക്ഷേപയിനത്തിൽ 18.5 ലക്ഷം രൂപയും കൂടി ആകെ 3520052 ലക്ഷത്തിഇരുപതി നായിരത്തി അൻപത്തിരണ്ട് രൂപയാണ്.

ബാങ്കിൽ നിന്നും നൽകിയ വായ്പകൾ

കാർഷി വായ്പ : 7.25 ലക്ഷം

കാർഷീകേതര വായ്പ : 5.00 ലക്ഷം

ഐ.ആർ.ഡി.പി : 2.80 ലക്ഷം

പണ്ടം പണയം : 11.5 ലക്ഷം

ഇതു കൂടാതെ സ്വയം തൊഴിൽ വായ്പയായും ഓണച്ചന്ത, രാസവളവിതരണം കൺട്രോൾ തുണി വിതരണം തുടങ്ങിയവയും സംഘം ഏറ്റെടുത്ത് നടത്തുന്നുണ്ട്. ഇന്ന് ഏകദേശം പത്ത് ലക്ഷം രൂപയോളം മെമ്പർമാരിൽ നിന്ന് അവധി ബാക്കിയായി തിരിച്ചു ലഭിക്കാനുണ്ട്.

നമ്പർ	വായ്പാ	സ്വഭാവം	തുക
1	കാർഷിക	വായ്പ	40,7416
2	കാർഷികേതര	വായ്പ	177553
3	ഹൗസിംഗ്	ലോൺ	33000
4	ഗോൾഡ്	ലോൺ	95,105
5	ഐ.ആർ.ഡി.പി	ലോൺ	78781

സഹകരണ പ്രസ്ഥാനത്തിന്റെ യഥാർഥ ഉദ്ദേശ ലക്ഷ്യങ്ങൾ പൂർണ്ണമാക്കാൻ കഴിയാത്തതു കാരണം വായ്പകൾ യഥാവിധി ഉപയോഗിക്കാതിരിക്കുകയും ചെയ്യുന്ന ഒരു പ്രവണതയാണ് ഇന്ന് കണ്ടുവരുന്നത്. ഉദാഹരണത്തിന് കൃഷിക്ക് എടുത്ത വായ്പ മറ്റ് ആവശ്യങ്ങൾക്ക് ചെലവഴിക്കുകയും വായ്പകൾ തിരിച്ചടക്കേണ്ട സമയത്ത് തിരിച്ചടക്കാൻ കഴിയാത്ത അവസ്ഥയുണ്ടാക്കുകയും ചെയ്യുന്നു.

ദേവർകോവിൽ പ്രവർത്തിക്കുന്ന കുന്നുമ്മൽ ബ്ലോക്ക് എംപ്ലോയിസ് കോ- ഓപറേറ്റീവ് സൊസൈറ്റിയിൽ ഇപ്പോൾ 105 അംഗങ്ങളുണ്ട്. ഇവിടെ പിരഞ്ഞുകിട്ടിയ ഓഹരി മൂലധനം 53000/- രൂപയും സ്ഥിരം നിക്ഷേപം 4 ലക്ഷവും ഹ്രസ്വകാല നിക്ഷേപം 2.7 ലക്ഷവുമാണ്. ഈ സ്ഥാപനത്തിൽ നിന്നും സർക്കാർ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നവർക്ക് മാത്രമാണ് വായ്പ നൽകുന്നത്. ഈ ചുരുങ്ങിയ കാലത്തിനുള്ളിൽ വായ്പയായി 4.06 ലക്ഷം രൂപ നൽകിയിട്ടുണ്ട്.

പ്രശ്നങ്ങൾ

1. വായ്പാ നടപടി ക്രമങ്ങൾ ലളിതമല്ല

2. എടുത്ത ലോണുകൾ അതാത് ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നില്ല

3. അർഹരായവർക്ക് ലോൺ കിട്ടുന്നില്ല

4. ജനങ്ങളുടെ ആവശ്യങ്ങൽക്കനുസരിച്ച് സ്കീമുണ്ടാക്കാൻ ബാങ്കുകൾക്ക് കഴിയുന്നില്ല

5. കാർഷിക ലോണുകളും മറ്റും യഥാവസരങ്ങളിൽ ലഭ്യമാക്കാൻ കഴിയുന്നില്ല

6. രൂപീകരിക്കപ്പെടുന്ന സഹകരണ സംഘങ്ങളിൽ രാഷ്ട്രീയ അതിപ്രസരം കടന്നു കൂടുന്നതിനാൽ സംഘങ്ങൾ അഭിവൃദ്ധിപ്പെടുന്നില്ല.

സഹകരണ പ്രസ്ഥാനം ഇത്തരത്തിലുള്ള പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്ന പശ്ചാത്തലത്തിൽ വിശേഷാൽ ഗ്രാമ സഭകളിൽ നിന്നും ഉയർന്നു വന്ന വാർഡ് അടിസ്ഥാനത്തിലുള്ള സാധ്യതകൾ പട്ടിക 3 ൽ ചിട്ടപ്പെടുത്തിയിട്ടുണ്ട്.

സഹകരണ മേഖല സീമാതീതമായി വളർന്നുകൊണ്ടിരിക്കുന്ന ഈ ഘട്ടത്തിൽ, പുതിയ പദ്ധതികളും പ്രവർത്തനങ്ങളും സഹകരണമേഖല വഴി ജനങ്ങളിലെത്തിക്കാൻ വെമ്പൽ കൊള്ളുമ്പോൾ, നമ്മുടെ പഞ്ചായത്തിലെ വിഭവ ങ്ങളുടെയും അസംസ്കൃത വസ്തുക്കളുടെയും ലഭ്യതകൾക്കനുസരിച്ച് പുതുതായി സഹകരണ സംഘങ്ങൾ രൂപീകരിക്കേണ്ടിയിരിക്കുന്നു. പഞ്ചായത്തിലെ മിക്കവാറും ഗ്രാമസഭകളിലും ഉയർന്നു വന്നസഹകരണ സംഘങ്ങൾ രൂപീകരിക്കണ മെന്നുള്ള വർദ്ധിച്ച തോതിലുള്ള ആവശ്യം ഇതിലേക്ക് വിരൽ ചൂണ്ടുന്നു. ക്ഷീര ഉത്പാദന വിതരണ സംഘങ്ങൾ സ്ഥാപിച്ചു പ്രവർത്തനം ഊർജ്ജിതമാക്കിയാൽ നിരവധി കുടുംബങ്ങളുടെ ആരോഗ്യ സാമ്പത്തിക രംഗം കൂടുതൽ ഭദ്രമാക്കുന്നതിന് സഹായിക്കുമെന്നതിന് സംശയമില്ല. കാർഷിക മേഖലയായ നമ്മുടെ പഞ്ചായത്തിൽ ധാരാളം മലഞ്ചരക്കുകൾ ഉൽപാദിപ്പിക്കാനും വിതരണം നടത്താനും സാധ്യതയുണ്ട്. ഈ സാധ്യത പരമാവധി ഉപയോഗിച്ച് ഒരു

പട്ടിക 3

ക്രമ നമ്പർ	സഹകരണ സംഘങ്ങൾ	ആകെ എണ്ണം	i	ii	iii	iv	v	vi	vii	viii	ix	x
1	ക്ഷീര വികസനം	8	1	1	1	1	1	1	1	1	-	-
2	മലഞ്ചരക്ക് സംഭരണം	3	1	1	-	-	-	-	-	-	þ1	
3	ചെറുകിടവ്യവസായ സഹകരണസംഘം	3	-	-	1	1	-	-	-	-	1	-
4	വനിത സഹകരണ സംഘം	2	-	-	1	1	-	-	-	-	-	-
5	നെയ്ത്തു സഹകരണ സംഘം	2	-	-	-	1	-	-	-	-	1	-
6	പച്ചക്കറി ഉല്പാദന വിതരണം സംഘം	2	-	-	1	-	-	-	-	1	-	-
7	കൂട്ടുകക്ഷി സഹകരണ സംഘം	2	-	-	-	-	-	1	-	1	-	-
8	കയർ വ്യവസായം	2	-	-	-	-	-	-	1	-	-	1
9	നാളികേര സംസ്കരണം	3	-	-	1	-	1	1	-	-	-	-
10	പഴസംസ്കരണം	2	1	-	-	-	-	-	-	1	-	-

'മലഞ്ചരക്ക് സംഭരണ സഹകരണ സംഘം രൂപീകരിച്ചാൽ മധ്യവർത്തികളിൽ നിന്നുമുള്ള ചൂഷണം ഒഴിവാക്കി കൃഷിക്കാരെ രക്ഷിക്കാം. അതുപോലെ തന്നെ നല്ല സാധ്യതയുള്ള ഒരു മേഖലയാണ് നാളികേര സംസ്ക്കരണക സഹകരണ സംഘം. ഇതു ഒരു വ്യവസായ സമൂഹം തന്നെയുണ്ടാക്കുകയും തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുകയും കേര കർഷകർക്ക് ഒരു അനുഗ്രഹമാവുകയും ചെയ്യും. തേങ്ങയുടെ ഉൽപന്നങ്ങളായ ചിരട്ട, ചകിരി, ച്ചോറ് എന്നിവ ഉപയോഗിച്ച് കരകൗശല വസ്തുക്കൾ, കയർ ഉൽപന്നങ്ങൾ ഉൾപ്പെടെ നിരവധി വ്യവസായിക പ്രാധാന്യമുള്ള ഉൽപന്നങ്ങൾ ഉണ്ടാക്കാവുന്നതാണ്.

ചെറുകിട വ്യവസായ സഹകരണ സംഘങ്ങൾ സ്ഥാപിക്കാൻ ഏറെ സാധ്യതകൾ നമ്മുടെ പഞ്ചായത്തിലുണ്ട്. അസംസ്കൃത സാധനങ്ങളും മനുഷ്യ വിഭവങ്ങളും വേണ്ടത്രഉണ്ടെങ്കിലും വൈദ്യുതിയുടെ അഭാവം ഇതിനു തടസ്സമാണ്. ഈ തടസ്സം മാറ്റിയാൽ വ്യവസായ സഹകരണ സംഘങ്ങൾക്ക് ശോഭനമായ ഭാവിയുണ്ടാക്കാം.

തരിശുഭൂമിയുള്ള ധാരാളം സ്ഥലങ്ങൾ നമ്മുടെ പഞ്ചായത്തിൽ ഉണ്ട് . ഈ സ്ഥലങ്ങളിൽ പച്ചക്കറികളും, മറ്റു കൃഷിളും കൂട്ടുകൃഷി സമ്പ്രദായത്തിൽ ചെയ്യുകയാണെങ്കിൽ ഇതു പഞ്ചായത്തിന്റെ കാർഷികോൽപാദന മേഖലയിൽ വമ്പിച്ച മുന്നേറ്റം തന്നെസൃഷ്ടിക്കാൻ പര്യാപ്തമാണ്.

ഒരുകാലത്ത് നെയ്തുകൊണ്ട് ഉപജീവനം കഴിച്ചിരുന്ന നിരവധി കുടുംബങ്ങൾ പഞ്ചായത്തിലുണ്ടായിരുന്നു. മില്ലുകളുടെയും വിദേശ തുണിത്തരങ്ങളുടെയും പ്രവാഹത്തിൽ ഈ മേഖല തളർച്ച നേരിട്ടു. ഇതിനെ പുനരുജീവിപ്പിക്കാൻ വേണ്ടി സജീവമായ പരിഗണന നൽകേണ്ടതുണ്ട്. ഇതിന് വേണ്ടി നെയ്ത്തു സഹകരണ സംഘങ്ങൾ വളരെ അത്യാവശ്യമായി ഉയർന്നു വരണം,

വനിതകളുടെ വ്യവസായ സംരംഭങ്ങൾ തീരെ ഇല്ലാത്ത പഞ്ചായതത്താണ് നമ്മുടേത്. ഇവർക്ക് തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കാൻ വനിതാ സഹകരണ സംഘങ്ങൾക്ക് കഴിയുമെന്നുള്ളതിന് യാതൊരു സംശയവുമില്ല. ഒറ്റയായി സംരംഭം തുടങ്ങാൻ ആഗ്രഹിക്കുന്നവർക്ക് സഹകരണമേഖലയെ ഇതിന് ഉപയോഗപ്പെടുത്താവുന്നതാണ്. അതുവഴി അവർക്ക് സാമ്പത്തിക ഭദ്രതയും സ്വയം പര്യാപ്തതയും കൈവരിക്കാൻ സാധിക്കും.

മലമ്പ്രദേശമായ നമ്മുടെ പഞ്ചായത്തിൽ ലഭ്യമാവുന്ന അനവധി പഴങ്ങളിൽ മിക്കവയും സീസൺ കാലത്ത് ആവശ്യക്കാരില്ലാതെ നഷ്ടപ്പെടുന്നവയാണ്. ഇങ്ങനെ കുടുതലായി വരുന്ന പഴങ്ങൾ മൊത്തമായി സംഭരിച്ച് സംസ്കരിക്കാനുള്ള സംവിധാനുണ്ടാവുകയാണെങ്കിൽ അതിന് വിപണി കണ്ടെത്താനും വിതരണം നടത്താനും സഹകരണ സംഘങ്ങളുടെ സേവനവും, സഹകരണവും ഉപയോഗപ്പെടുത്താവുന്നതാണ്.

സ്ത്രീ

ചരിത്രത്തിൽ എല്ലാ കാലഘട്ടങ്ങളിലും സ്ത്രീ അസ്വതന്ത്രയും പീഡിപ്പിക്കപ്പെട്ടവളുമായിരുന്നു. സ്വന്തം ഗൃഹാന്തരീക്ഷത്തിന്റെ ഇത്തിരി വട്ടങ്ങളിൽ ഹതാശയായി ജീവിതം നയിച്ചു വന്ന സ്ത്രീ സമൂഹത്തിന്റെ ഉപരിമണ്ഡലങ്ങളിലേക്ക് പ്രവേശിച്ചു തുടങ്ങിയെങ്കിലും നാനാ മേഖലകളിലും നിറഞ്ഞു നിൽക്കുന്നു എന്ന് അവകാശ പെടാൻ ഇന്നും കഴിയില്ല. സ്ത്രീ വിമേചന പ്ര സ്ഥാനങ്ങളും സാക്ഷരതയും തലമുറയുടെ ബോധനിലവാരത്തിൽ വിസ്ഫോടനങ്ങൾ ഉണ്ടാക്കിയതും അവകാശങ്ങളെ കുറിച്ചുള്ള തിരിച്ചറിവും വനിതയുടെ ക്രമേണയുള്ള ഉയർത്തെഴുന്നേല്പിന് കാരണമായിട്ടുണ്ട്. വസ്തുതകളെ യാഥാർത്ഥ്യ ബോധത്തോടു കൂടി വീക്ഷിക്കുമ്പോൾ വ്യക്തമാകുന്നഒരു കാര്യം സമൂഹത്തിലെ മൊത്തം ജനതയുടെ പ്രശ്നങ്ങൾ പരിഹരിക്കപ്പെടുന്നതിലൂടെ മത്രമേ സ്ത്രീയുടെ പ്രശ്നങ്ങളും പരിഹരിക്ക പ്പെടു എന്നുള്ളതാണ്. കാലാകാലങ്ങളിൽ നിലനിന്നിരുന്ന പുരുഷാധിപത്യവും സ്ത്രീയെ അടിമയാക്കി നിർത്തുന്നതിൽ ഒരു പ്രധാന ഘടകമായിരുന്നിട്ടുണ്ട് അധികാരത്തിലേക്ക് കൈപിടിച്ചുയർത്തുകയെന്ന ഉദ്ദേശത്തോടെയാണ് പുതിയ പഞ്ചായത്തീരാജ് സമ്പ്രദായത്തിൽ സത്രീകൾക്ക് വേണ്ടി പ്രത്യേക സംവരണം ഏർപ്പെടുത്തിയത്. ഇത് സ്ത്രീ മുന്നേറ്റത്തിന് പുതിയ അന്തരീക്ഷം സൃഷ്ടിച്ചിട്ടുണ്ട്.

സ്ത്രീ സ്വാതന്ത്ര്യത്തെക്കുറിച്ചും, സ്ത്രീവിമോചന പ്രസ്ഥാനങ്ങളെക്കുറിച്ചും സജീവമായി ചർച്ച ചെയ്തുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ നമ്മുടെഗ്രാമത്തിലെ ഭൂരിഭാഗം സ്ത്രീകളും കുടുംബാന്തരീക്ഷങ്ങളിൽ ഒതുങ്ങിക്കഴിയുകയാണ്. ഗ്രാമതലത്തിൽ നിലനിൽക്കുന്ന ഈ ദയനീയാവസ്ഥ പരിഹരിച്ച് ഉന്നത സ്ഥാനങ്ങളിൽ സ്ത്രീകൾക്ക് പങ്കാളിത്തം വഹിക്കാവുന്ന ഒരവസ്ഥ സംജാതമാക്കാൻ നാം ശ്രമിക്കേണ്ടിയിരിക്കുന്നു.

പുരുഷന്റെ ഹിതത്തിനും താല്പര്യത്തിനു

മനുസരിച്ചു കഴിഞ്ഞ സ്ത്രീകൾ ഇന്ന് സമൂഹത്തിന്റെ ഭാവി ഭാഗധേയം നിർണ്ണയിക്കുന്ന പൊതു പ്രവർത്തന വേദികളിൽ അങ്ങിങ്ങായി പങ്കാളിത്തം വഹിച്ചു വരുന്നത് നമുക്ക് ആശയ്ക്ക് വക നല്കുകയാണ്. മുൻ കാലങ്ങളിൽ പുരുഷനോടൊപ്പം വയലേലകളിലും, പറമ്പുകളിലും രാപ്പകലില്ലാതെ ജോലിചെയ്തിരുന്ന സ്ത്രീകളുടെ അവസ്ഥ മാറിക്കൊണ്ടിരിക്കയാണ്. സാർവ്വത്രിക വിദ്യാഭ്യാസവും ബഹുജനപ്രക്ഷോഭങ്ങളും ഇതിന് പശ്ചാത്തലമൊരുക്കി.

മുൻ കാലങ്ങളിൽ ഉയർന്ന വിദ്യാഭ്യാസം നേടുക എന്നത് സ്ത്രീകൾക്ക് അപ്രാപ്യമായിരുന്നു. സ്ത്രീകൾ പ്രാഥമിക വിദ്യാഭ്യാസം മാത്രം നേടിയാൽ മതി എന്ന മിഥ്യാ ധാരണ വെച്ചു പുലർത്തിപോന്ന ഒരു സാമൂഹമായിരുന്നു നമ്മുടെത്. എന്നാൽ കായക്കൊടിയിലെ വിദ്യാഭ്യാസ പ്രവർത്തകർ നടത്തിയ പ്രവർത്തനങ്ങളുടെ ഫലമായി പടിപടിയായി സ്ത്രീകൾ വിദ്യാഭ്യാസ മേഖലയോട് കൂടുതൽ കൂടുതൽ താല്പര്യം കാണിച്ചു തുടങ്ങി. ദശാബ്ദങ്ങൾക്കുമുമ്പ് ആഘോഷങ്ങളിലും പൊതു പരിപാടികളിലും പങ്കാളിത്തം വഹിക്കാൻ മടികാണിച്ചിരുന്ന സ്ത്രീകളിൽ അവസ്ഥയ്ക്കും മാറ്റം വരികയാണ്. നമ്മുടെ പഞ്ചായത്തിന്റെ രാഷ്ട്രീയ, സാമൂഹിക മേഖലകളിൽ സ്ത്രീ ശബ്ദം ഉയർന്നു കേൾക്കാൻ തുടങ്ങിയിട്ടുണ്ട്. എങ്കിലും ഒരു സംഘടിത ശക്തിയായി ഇനിയും നമ്മുടെ സ്ത്രീകൾ ഒത്തൊരുമിച്ചില്ല എന്നതാണ് യാഥർത്ഥ്യം.

കുടുംബാംഗങ്ങൾ ഉണരുന്നതിനുമുമ്പേ മുറ്റമടിച്ച്, പാത്രങ്ങൾ കഴുകി കുളി കഴിഞ്ഞു അടുക്കളയുടെ ഭരണഭാരം ഏറ്റെടുക്കുന്ന സ്ത്രീയുടെ അവസ്ഥ ദയനീയമായിരുന്നു. അടുപ്പിലെ തീയൂതി കരിപുരണ്ട മുഖവുമായി തന്റെ കുടുംബാംഗങ്ങളുടെ ആവശ്യം നിർവ്വഹിച്ചുകൊടുക്കുമ്പോഴും സ്ത്രീയുടെ മുഖത്ത് തെളിഞ്ഞു വരുന്നത് സംതൃപ്തി മാത്രമായിരുന്നു. ഈ സംതൃപ്തിയ്ക്കി

ടയിൽ തനിക്കു നഷ്ടപ്പെടുന്ന ആയുരാരോഗ്യ സൗഖ്യത്തെക്കുറിച്ച് ചിന്തിക്കാതെ ഭാവിതലമുറയ്ക്ക് വേണ്ടി പാടുപെടുന്ന അമ്മ, സഹോദരി, ഭാര്യ എന്നീ വ്യത്യസ്ത ഭാവ ങ്ങളുള്ള സ്ത്രീയെ നാം മനസ്സിലാക്കാതെ പോകുന്നു.

1991 ലെ സെൻസസ് പ്രകാരം കായക്കൊടിയിലെ ജനസംഖ്യയിൽ സ്ത്രീകളുടെ സംഖ്യ 10762 ഉം പുരുഷന്മാർ 10413 ഉം ആണ്. ഇത് പുരുഷജനസംഖ്യയേക്കാൾ 349 എണ്ണം കൂടുതലാണ്. സ്ത്രീജനസംഖ്യയുടെ എണ്ണത്തിലുള്ള ഈ വർദ്ധനവും പുരുഷനൊടൊപ്പം എല്ലാ ജോലികളും സ്ത്രീ നിർവ്വഹിക്കുന്നുവെന്നത് കൊണ്ടും സ്ത്രീകൾക്ക് സമൂഹത്തിൽ ഉയർന്ന സ്ഥാനം കിട്ടേണ്ടത്ആവശ്യമാണ്.

കായക്കൊടിയിൽ തൊഴിൽ മേഖലകളിലും സ്ത്രീ പങ്കാളിത്തം വേണ്ടത്ര ഇല്ലെന്നുപറയാം. തൊഴിൽ മേഖലയിലെ സ്ത്രീ പങ്കാളിത്തം സൂചിപ്പിക്കുന്ന 1991 ലെ സെൻസസ് വിവരം (പട്ടിക 1) താഴെ കൊടുത്തിരിക്കുന്നു.

പട്ടിക I

വിവിധ മേഖലകളിൽ ജോലിചെയ്യുന്ന സ്ത്രീകൾ

ആകെ ജനസംഖ്യ	21175
സ്ത്രീകൾ	10762
വ്യവസായ മേഖല	39
കാർഷിക മേഖല	
കർഷക	45
കർഷക തൊഴിലാളി	118

പട്ടിക 1 ന്റെ സൂചന പ്രകാരം നമ്മുടെ മൊത്തം ജനസംഖ്യയുടെ [6 വയസ്സിനു താഴെയുള്ള കുട്ടികളൊഴികെ] 1.11% വും സ്ത്രീ ജനസംഖ്യയുടെ 1.88% വും ആണ് സ്ത്രീയുടെ തൊഴിൽ പങ്കാളിത്തം എന്ന് തെളിയുന്നു. കാർഷിക മേഖലയിലും, വ്യാവസായിക മേഖലയിലും ഉള്ള സ്ത്രീകളുടെ പങ്കാളിത്തം വളരെ കുറവാണെന്ന് മേൽ പട്ടികയിൽ നിന്ന് തെളിയുന്നു. കാർഷിക മേഖലയിൽ ജോലികുറഞ്ഞെങ്കിലും സ്ത്രീകൾക്ക് പ്രാമുഖ്യമുള്ള മറ്റ് തൊഴിൽ സംരംഭങ്ങൾ പഞ്ചായത്തിൽ നിലവിലില്ലാത്തതും ഇതിനൊരു കാരണമാണ്.

പട്ടികയിൽ നിന്നും ലഭിക്കുന്ന മറ്റൊരു വസ്തുത തൊഴിൽ മേഖലയിൽ സ്ത്രീകൾക്കഅവഗണന നേരിണ്ടേി വരുന്നു എന്നതാണ്. സ്ത്രീയുടെ കരങ്ങളെ ശക്തിപ്പെടുത്താതെ സ്ത്രീകക്കെതിരെ നില നില്ക്കുന്ന സാമൂഹ്യ പ്രതി ശക്തികളെ തടുക്കാനാവില്ല.

ചെറുകിടവ്യവസായങ്ങൾ, സ്വയം തൊഴിൽ സംരഭങ്ങൾ (കോഴിവളർത്തൽ, ഡയറി യൂനിറ്റ്, ഹോട്ടൽ, അടുക്കളത്തോട്ടം മുതലായവ) എന്നിവയിൽ സ്ത്രീകളെ കേന്ദ്രീകരിക്കാനുള്ള തീവ്രമായ ശ്രമം നാം നടത്തേണ്ടിയിരിക്കുന്നു. ഇത്തരം സംരംഭങ്ങൾക്ക് തുടക്കം കുറിച്ചാൽ സ്ത്രീകളെ കർമ്മപദത്തിലേക്ക് കൊണ്ടു വരാൻ കഴിയും. ഇന്ന് കായക്കൊടി പഞ്ചായത്തിൽ വരുമാനമുണ്ടാക്കുന്ന തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന സ്ത്രീകളുടെ എണ്ണവും പരിമിതമാണെന്ന് പട്ടിക 2 ന്റെ പരിശോധനയിൽ വ്യക്തമാക്കുന്നു.

തൊഴിൽ മേഖല	സ്ത്രീകൾ	പുരുഷന്മാർ
കർഷകൻ	45	218
കർഷക തൊഴിലാളി	118	310
ചെറുകിടവ്യവസായം	23	227
പാറപ്പണി	6	84
നിർമ്മാണ തൊഴിൽ	3	179
വ്യാപാരം	18	712
ഗതാഗതം	194	238
മൃഗസംരംക്ഷണം	26	537
മറ്റുള്ളവ	141	800

മേൽ പട്ടികയിൽ ആകെ സ്ത്രീകൽ 574 ആണെന്നു കണ്ടെത്താൻ കഴിയും. ഗതാഗതം റോഡുപണി] ഉൾപ്പെടെയുള്ള നിർമ്മാണ രംഗത്താണ് കൂടുതൽ സ്ത്രീകൾ ജോലി ചെയ്തു വരുന്നത്. താരതമ്യേന അപകടം നിറഞ്ഞ നിർമ്മാണ രംഗത്ത് മാത്രം സ്ത്രീ പങ്കാളിത്തം കൂടുചതിനുള്ള കാരണം മറ്റ് മേഖലയിൽ തൊഴിൽ ലഭ്യതയുടെ കുറവാണ്.

സാമൂഹ്യ രംഗത്ത് വളരെ കാലമായി പിന്നിലായിരുന്ന സ്ത്രീകളെ ബോധപൂർവ്വമായ ഇടപെടലുകളിലൂടെ മുന്നോട്ട് കൊണ്ടുവന്നാലേ പൊതു ജീവിതത്തിലും, തൊഴിൽ മേഖലയിലും അർഹമായ പങ്ക് സ്ത്രീകൾക്ക് നിർവ്വഹിക്കാൻ കഴിയുകയുള്ളു. ജോലികൾ ഉത്തരവാദിത്വത്തോടെ ഏറ്റെടുക്കാൻ സ്ത്രീകൾക്ക് കഴിവുണ്ടെങ്കിലും അവർ വിമുഖത കാണിക്കുന്നതും ആത്മ വിശ്വാസമില്ലായ്മ കൊണ്ട് മാത്രമാണ്.

മനുഷ്യവർഗ്ഗത്തിലെ ഭൂരിഭാഗം വരുന്ന വിഭാഗമാണ് തങ്ങളെന്നും, പുരുഷന്മാർക്കുള്ള അധികാരാവകാശങ്ങൾ തങ്ങൾക്കും ലഭ്യമാകണമെന്നുമുള്ള ചിന്ത സ്ത്രീകൾക്കുണ്ടാകേണ്ടിയിരിക്കുന്നു. ജീവിതത്തിന്റെ സർവ്വ മേഖലകളിലും പുരുഷനോടൊപ്പം പോരാടാനുള്ള ബുദ്ധിയും കഴിവും സ്ത്രീകൾ ഇന്ന് ആർജ്ജിച്ചിട്ടുണ്ട്. പക്ഷെ അത് പ്രകടിപ്പിക്കാനുള്ള തന്റേടം സ്ത്രീകൾ കാണിക്കണം.

തൊഴിയില്ലായ്മയുടെ ചിത്രം ഭീകരമാണെന്ന് റിപ്പോർട്ടിന്റെ മുൻ അദ്ധ്യായത്തിൽ ചൂണ്ടിക്കാണിച്ചിരുന്നു. തൊഴിയില്ലായ്മ പരിഹരിക്കാനുതകുന്ന പദ്ധതികൾ നാം നടപ്പിലാക്കണം. പഞ്ചായത്തിൽ ഉണ്ടായിരുന്ന പരമ്പരാഗത വ്യവസായങ്ങൾ കാര്യക്ഷമമായി നടത്താൻ കഴിയണം. സേവന മേഖലയിൽ നമ്മൾ ഏറെ മുന്നോട്ടു പോയിട്ടുണ്ടെങ്കിലും സ്ത്രീകളിൽ കണ്ടുവരുന്ന രോഗാതുരതയുടെ കാരണം നമ്മൾ പരിശോധിക്കേണ്ടിയിരിക്കുന്നു. കായക്കൊടി പ്രൈമറി ഹെൽത്ത് സെന്ററിൽ ഒരു വർഷം ചികിത്സയ്ക്കെത്തുന്ന രോഗികളിൽ 55% വും സ്ത്രീകളാണ്. മുലയൂട്ടുന്ന അമ്മമാർ 400 ഉം ഗർഭിണികൾ ആയ സ്ത്രീകൾ 260 ഉം ആണ് പഞ്ചായത്തിലുള്ളത്. വിധവാ പെൻഷൻ ലഭിക്കുന്ന സ്ത്രീകളുടെ എണ്ണം പഞ്ചായത്തിൽ തുലാം കുറവാണ്. മറ്റ് പെൻഷൻ വാങ്ങുന്ന സ്ത്രീകളുടെ വിവരം ലഭ്യമായിട്ടില്ല. ആവശ്യാവകാശങ്ങൾ തിരിച്ചറിഞ്ഞ് അത് നേടിയെടുക്കാൻ സംഘടിതമായി മുന്നേറുന്നതിന് സ്ത്രീകൾ തയ്യാറാകേണ്ടതിന്റെ അനിവാര്യത എടുത്തു പറയേണ്ടതില്ലല്ലൊ.

സ്ത്രീകൾ ഇന്നു നേരിടുന്ന മുഖ്യമായ മറ്റൊരു പ്രശ്നം സമൂഹത്തിൽ പഠന്നു കയറുന്ന സ്ത്രീധന സമ്പ്രദായമാണ്. പൊന്നിനും പണത്തിനുമൊപ്പിച്ച് സ്ത്രീയെ കച്ചവടചരക്കാക്കുന്ന ഈ ദുഷിച്ച സമ്പ്രദായം സാംസ്കാരിക പൈതൃകമുള്ള ഒരു സമൂഹത്തിന് ചേർന്നതല്ലെന്ന് ഇനിയും ജനതയെ ബോധവൽക്കരിക്കേണ്ടിയിരിക്കുന്നു .

പൊതു രംഗത്ത് സ്ത്രീകളുടെ പങ്കാളിത്തം വർദ്ധിപ്പിക്കാൻ അവർക്കായി പ്രത്യേക പരിശീലന പരിപാടികൾ സംഘടിപ്പിക്കേണ്ടിയിരിക്കുന്നു. രാഷ്ട്രീയ സാമൂഹ്യ സംഘടനകളുടെ നേതൃനിരയിലേക്ക് സ്ത്രീകളെ കൊണ്ടുവരാൻ പൊതുസംഘടനകൾ ശ്രദ്ധിക്കണം. നമ്മുടെ പഞ്ചായത്തിൽ സ്ത്രീകൾ പ്രവർത്തിക്കുന്ന മഹിളാസമാജങ്ങൾക്കും ഇക്കാരയത്തിൽ സുപ്രധാന പങ്ക് വഹിക്കാൻ കഴിയും. പഞ്ചായത്തിലെ മഹിളാസമാജത്തിന്റെ വിവരം പട്ടിക 3ൽ കൊടുത്തിരിക്കുന്നു.

പട്ടിക 3

ക്രമ നമ്പർ	പേര്	സ്ഥലം1
1	കൈരളി മഹിളാ സമാജം	തളിയിൽ (പട്ടർകുളങ്ങര)
2	ഉദയാ മഹിളാ സമാജം	കോവുക്കുന്നു
3	പൗർണ്ണമി മഹിളാ സമാജം	ചങ്ങരംകുളം
4	നവോദയാ മഹിളാ സമാജം	പുക്കാട്

വിദ്യാഭ്യാസ രംഗത്ത് കായക്കൊടിയിൽ സ്ത്രീകൾ മുന്നേറുന്നു എന്ന് വിദ്യാഭ്യസപരമായ പഠനം വെളിവാക്കുന്നു. തൊഴിൽ രംഗത്ത് കൂലിയിലുള്ള അന്തരവും നാം മാറ്റേണ്ടിയിരിക്കുന്നു. പഞ്ചായത്തിലെ സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങൾ താഴെ കൊടുക്കുന്നു

1. തൊഴിൽ മേഖലയിൽ അധ്യാപികമാർ ഒഴികെ സ്ത്രീകൾ അവഗണന നേരിടുന്നു.

2 സ്ത്രീകൾ ആത്മവിശ്വാസത്തോടെ പ്രശ്നങ്ങൾ ഏറ്റെടുക്കുന്നില്ല.

3. ഉത്തരവാദിത്വമുള്ള ജോലികൾ പുരുഷന്മാർ സ്ത്രീകളെ ഏല്പിക്കുന്നില്ല.

4. സ്ത്രീകളുടെ സംഘടിത ശേഷി ഉണർന്ന് പ്രവർത്തിക്കുന്നില്ല.

5. സ്ത്രീധന സമ്പ്രദായം വ്യാപകമാവുന്നു.

6. സ്ത്രീകൾ ചെയ്യുന്ന പല ജോലികളും (വീട്ടുജോലിയുൾപ്പെടെ) തൊഴിലായി അംഗീകരിക്കുന്നില്ല.

7. മദ്യപാനം കുടുംബങ്ങളിൽ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു.

8. രാഷ്ട്രീയ സാമൂഹ്യ രംഗത്ത് നേതൃനിരയിലേക്ക് സ്ത്രീകളെ കൊണ്ടു വരുന്നില്ല.

9. സ്വയം തൊഴിൽ സംരഭങ്ങളിൽ സ്ത്രീകൾക്ക് വേണ്ടത്ര പിരജ്ഞാനമില്ല.

10 സാമ്പത്തിക ഞെരുക്കം തൊഴിൽ സംരഭങ്ങൾക്ക് തടസ്സം സൃഷ്ടിക്കുന്നു.

11. സ്ത്രീകൾ അപകടകരമായ നിർമ്മാണ മേഖലയിൽ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നു.

12. പെൻഷൻ പദ്ധതി വേണ്ടത്ര പ്രയോജനപ്പെടുന്നില്ല.

സ്ത്രീകൾക്ക് നിലവിലുള്ള പ്രശ്നങ്ങൾ ക്ക് ഗ്രാമ സഭാ റിപ്പോർട്ടിൽ നിന്നുള്ള പരിഹാര നിർദ്ദേശങ്ങൾ

1. സ്ത്രീകൾക്ക് സ്വയം തൊഴിൽ ചെയ്യാനാവശ്യമായ മേഖലകളെക്കുറിച്ചുള്ള ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുക.

2. വിവാഹ ധൂർത്ത് തടയാൻ വാർഡു തലത്തിൽ ജനകീയ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക പഞ്ചായത്ത് തലത്തിൽ വർഷത്തിൽ 2 വീതം സമൂഹവിവാഹം സംഘടിപ്പിക്കുക.

3. പരിശീലനം നേടിയ തൊഴിലുകളിൽ തൊഴിൽ ചെയ്യാനാവശ്യമായ ധന സഹായം നല്കുക വാർഡുതലത്തിൽ ഇവരെ സംഘടിപ്പിക്കുക.

4. സഹകരണാടിസ്ഥാനത്തിൽ വനിതകളുടെ നേതൃത്വത്തിൽ വാർഡുതലത്തിൽ കോഴിവളർത്തുകേന്ദ്രങ്ങൾ സ്ഥാപിക്കുക.

5. വീടുകളിൽ ഓരോ അടുക്കളത്തോട്ടങ്ങൾ ഉണ്ടാക്കുക.

6. വീടുകളിൽ ഡയറി യൂനിറ്റായി പശുകളെ വളർത്താനാവശ്യമായ ധനസഹായം സബ്സിഡിയോടു കൂടി നൽകുക.

7. റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം, ബെയ്ക്കറി, അച്ചാർ നിർമ്മാണം എന്നിവ സാദ്ധ്യതയുള്ള വാർഡുകളിൽ ആരംഭിക്കാൻ ധനസഹായം നൽകുക.

8. കുടിൽ വ്യവസായങ്ങൾ സഹകരണാടിസ്ഥനത്തിൽ സംഘടിപ്പിക്കുക

9. മെഴുകുതിരി നിർമ്മാണം, തീപ്പെട്ടി നിർമ്മാണം, പ്ലാസ്റ്റിക് പാത്ര നിർമ്മാണം ഇവ ചെറുകിട വ്യവസായ യൂനിറ്റായി സംഘടിപ്പിക്കുക.

10. രാഷ്ട്രീയ പാർട്ടികളുടെ നേതൃനിരയിലേക്ക് സ്ത്രീകളെ കൊണ്ടുവരിക.

11. തുല്യ ജോലിക്ക് തുല്യമായ വേതനം നടപ്പിലാക്കുക.

12. മദ്യം പൂർണ്ണമായും നിരോധിക്കണം.

13. കലാ സാംസ്കാരിക രംഗങ്ങളിൽ സ്ത്രീകൾക്ക് ആവശ്യമായ പ്രോത്സാഹനം നൽകുക.

14. സാമാന്യ വിദ്യാഭ്യാസമുണ്ടെങ്കിലും ശാസ്ത്രീയ ബോധ നിലവാരം സ്ത്രീകളിൽ ഉണ്ടാക്കിയെടുക്കുക.

നിങ്ങളെ നാം
ഒരാണിൽ നിന്നും
പെണ്ണിൽ നിന്നുമാണ്
സൃഷ്ടിച്ചത്.
പരസ്പരം വേർതിരിച്ചറിയുന്നതിന്
വേണ്ടിയാണ്
ഗോത്രങ്ങളും വർഗ്ഗങ്ങളുമാക്കിയത്.

ഖുർആൻ



പഞ്ചായത്ത് ഒരു കാർഷിക പ്രദേശമാണ് ഭൂവിസ്താരത്തിന്റെ കാര്യത്തിലും ജനസംഖ്യയിലും നമ്മൾ വളരെ മുന്നിലാണ്. പ്രധാന ഉല്പാദന മേഖലയായ കാർഷിക മേഖലയിൽ ഉല്പാദനത്തിന്റെ കാര്യത്തിലും ഉല്പാദനക്ഷമതയുടെ കാര്യത്തിലും നാം പിന്നോക്കം പോയി. വ്യവസായിക മേഖയിലാകട്ടെ യാതൊരുവിധ മുന്നേറ്റവും നടത്താനാകാതെ നിശ്ചലാവസ്ഥയിലുമാണ്. സേവനമേഖലയായ ആരാഗ്യ-വിദ്യാഭ്യാസ രംഗങ്ങളിൽ അടുത്തക്കാലത്ത് പഞ്ചായത്ത് ശ്രദ്ധേയമായ ചില പടവുകൾ കയറിയെന്നത് നേരാണ്. എന്നാൽ ഈ രംഗത്തും നിലവാരത്തകർച്ചയെപ്പറ്റി സഗൗരവം പര്യാലോചിക്കേണ്ടതുണ്ട്. ഇതിനിടയിൽ രജത രേഖയായി ചൂണ്ടിക്കാണിക്കാനുണ്ടായിരുന്നത് നിർണ്ണായക സമയങ്ങളിൽ പഞ്ചായത്തിലെ ജനങ്ങൾ കാണിച്ചിരുന്ന കൂട്ടായ്മയും സേവനസന്നദ്ധതയുമാണ്. നാടിനുവേണ്ടി സേവനസന്നദ്ധരായി വിയർപൊഴുക്കാൻ തയ്യാറാവുന്ന ജനങ്ങൾ പഞ്ചായത്തിന്റെ ഇതപര്യന്തമുള്ള വികസനചരിത്രത്തിൽ നിർണ്ണായക പങ്ക് വഹിച്ചിട്ടുണ്ട്.

നമ്മുടെ പഞ്ചായത്തിന്റെ സാമ്പത്തിക ചിത്രം ഒരിക്കലും മെച്ചപ്പെട്ടതായിരുന്നില്ല. കഴിഞ്ഞ കുറെ വർഷത്തെ വരവ്, ചെലവ് കണക്ക് പരിശോധിച്ചാൽ ഒരു കാര്യം വ്യക്തമാണ്. സർക്കാരിൽനിന്ന് കാലാകാലങ്ങളിൽ ലഭിക്കുന്ന ഗ്രാന്റുകളെയും മറ്റ് ധനാഗമ മാർഗ്ഗളെയും മാത്രം ആശ്രയിച്ച് നീങ്ങുന്ന ഒരു സമ്പദ് വ്യവസ്ഥയും സമ്പദ് വിതരണക്രമവുമാണ് നമ്മൾക്കുള്ളത്. പഞ്ചായത്തിന്റേതായ നല്ലൊരു ധനാഗമ മാർഗ്ഗമില്ലാത്തത് നമ്മുടെ എല്ലാ വികസന പ്രവർത്തനങ്ങളെയും വാസ്തവത്തിൽ പിറകോട്ട് വലിക്കുകയാണ്. ഇത് മുറിച്ചു കടന്ന് സ്വന്തം കാലിൽ നില്ക്കാനുള്ള സാഹചര്യം ദീർഘ വീക്ഷണത്തോടെ ഒരുക്കിയെടുക്കേണ്ടതാവശ്യമാണ്.

95-96 വർഷത്തിൽ പഞ്ചായത്തിന്റെ വരവ് ചെലവ് കണക്ക് താഴെ കൊടുക്കുന്നു.

പട്ടിക 1

നമ്പർ	ഇനം	ധനാഭ്യ	പിരിച്ചത്	ബാക്കി
1	കെട്ടിട നികുതി	283955	209931	74024
2	സർവ്വീസ് ചാർജ്ജ് (ലൈബ്രെസൈസ്സ്)	13891	8741	5149
3	തൊഴിൽ നികുതി	48553	42715	5838
4	ലൈസൻസ് ഫീ	2605	2452	153
5	വസ്തു കൈമാറ്റ നികുതി	75624	75624	-
6	മറ്റുവരവുകൾ (സർക്കാർ ഗ്രാന്റ് ഒഴിരെ)	353354	353354	-
7	ഡെപ്പോസിറ്റ്	19063	19063	-
8	മറ്റുള്ളവ	748901	748901	
9	വിനോദ നികുതി	ഇല്ല	ഇല്ല	ഇല്ല
10	ചന്ത വരവ്	"	"	"
11	വാഹന നികുതി	"	"	"
12	ലാന്റ് സെസ്സ്	"	"	"
13	പ്രദർശന നികുതി	"	"	"
ആകെ 85,165		1,65,2487	1,56,7322	

95-96 ലെ ചെലവ് സംബന്ധിച്ച വിവരം താഴെ പട്ടികയിൽ കൊടുക്കുന്നു

പട്ടിക 2

ക്രമനമ്പർ	ഇനം	തുക
1	ഭരണം	458068.00
2	പൊതുമരാമത്ത്	200138.00
3	വിദ്യാഭ്യാസം	61622.00
4	ജലവിതരണം,പൊതു ജനാരോഗ്യം	45143.00
5	തെരുവ് വിളക്കുകൾ	14480.00
6	മറ്റുള്ളവ	800656.00
ആകെ		1581007.00

1991-92 ലു 1995-96 ലും ഉണ്ടായിട്ടുള്ള വരുമാന വ്യതിയാനം പട്ടിക 3 ൽ സൂചിപ്പിച്ചിട്ടുണ്ട്

വിവിധയിനം ഗ്രാന്റുൾപ്പെടെ 15.67,322 രൂപ വരവുണ്ടായപ്പോൾ തന്നാണ്ടിലെ ചെലവ് 1581007 രൂപയാണ്. വർഷങ്ങളായി ഈ നില തുടരുകയാണ് എന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. പഞ്ചായത്തിന്റെ തനതുവരുമാനത്തിൽ കാര്യമായ വർദ്ധനവ് വന്നതായി കാണുന്നില്ല. 1991- 92 ലെയും 1995-96 ലെയും വരവ് ചിലവ് സംബന്ധിച്ച കണക്കുകൾ താരതമ്യം ചെയ്യുമ്പോൾ, ചെലവിനത്തിലുണ്ടായ വർദ്ധനവിന്റെ തോതനുസരിച്ച് വരവ് വർദ്ധിച്ചിട്ടില്ല എന്ന് കാണാം. പഞ്ചായത്തിന്റെ തനത് വരുമാന മാർഗ്ഗമായ കെട്ടിടനികുതിയിൽ 53% വർദ്ധനവ് ഉണ്ടായപ്പോൾ തൊഴിൽ നികുതിയിൽ 2.58% കുറവാണ് അനുഭവപ്പെട്ടത്. അതേ സമയം എസ്റ്റാബ്ലിഷ്മെന്റ് ചെലവിൽ 63.98% വർദ്ധനവ് ഇക്കാലയളവിൽ ഉണ്ടായിട്ടുണ്ട്. പഞ്ചായത്തിന്റെ പ്രധാനപ്പെട്ട മറ്റൊരു ചെലവിനം പൊതുമരാമത്തുമായി ബന്ധപ്പെട്ടതാണ്. 1995-96 ൽ രണ്ടുലക്ഷത്തിൽപരം രൂപ ഈ ഇനത്തിൽ ചെലവഴിച്ചിട്ടുണ്ട്. വർഷം തോറും ഈ ചെലവ് വർദ്ധിച്ചു വരുന്നതും കാണാം. പഞ്ചായത്തിലെ അവികസിത പ്രദേശങ്ങളിൽ ഗതാഗത സൗകര്യത്തിന് പ്രഥമ പരിഗണന നല്കിയതാവാം

പട്ടിക 3

നമ്പർ	ഇനം	1991-92	1995-96	വ്യത്യാസം	ശതമാനം
1	തനതു വരുമാനം				
	a) കെട്ടിട നികുതി	137177.00	209931.00	72754.00	+ 53
	b) തൊഴിൽ നികുതി	43849.00	42715.00	1134.00	- 2.5
	c) വിനോദ നികുതി	-	-	-	-
2	ഉപാധി രഹിത ഫണ്ട	127300.00		413065.00	+ 148.79
	മറ്റുവരവ്	150291.00	690656.00		
3	ജെ.ആർ.വൈ	105250.00	175442.00	70192.00	+ 66.65
4	ഗ്രാന്റുകൾ സംഭാവനകൾ	136028.00	448578.00	312550.00	+ 229.8
5	ആകെ വരവ്	699895.00	1567322.00	867427.00	+123.93
	എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ	279360.00	458068.00	178708.00	+ 63.98

ഇതിനുകാരണം. ജനകീയ കമ്മിറ്റികൾ ഏറ്റെടുത്തു നടത്തിയതും, കോൺട്രാക്ടർമാർ മുഖാന്തിരം നടത്തിയതുമാണ് മരാമത്ത് പണികൾ. ഇവിടെ ഒരു കാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്. പഞ്ചായത്ത് ഏറ്റെടുത്തു നടത്തുന്ന എല്ലാ വികസന പ്രവർത്തനങ്ങളും ജനകീയ കമ്മിറ്റികളുടെ നേതൃത്വത്തിൽ അതാതിടത്ത് രൂപീകരിക്കുന്ന 'വികസന സേനകൾ' മുഖാന്തിരം നടത്തിയാൽ ഇടത്തട്ടുകാരനെ ഒഴിവാക്കാനും കൂടുതൽ കാര്യക്ഷമമായി പരിമിതമായ ഫണ്ട് വിനിയോഗിക്കാനും സാധിക്കും. കൂടിവെള്ളം ലഭ്യമാക്കാൻ വേണ്ടിയും പഞ്ചായത്ത് വരുമാനത്തിന്റെ നല്ലൊരു ഭാഗം നീക്കിവെക്കുന്നുണ്ട്. അതുപോലെ ദുർബല വിഭാഗങ്ങൾക്കുള്ള ക്ഷേമപ്രവർത്തനത്തിനും ഫണ്ടിന്റെ നല്ലൊരു ഭാഗം നീക്കിവെക്കുന്നുണ്ട്.

കായക്കൊടി ഗ്രാമ പഞ്ചായത്തിൽ ആകെ എടുത്തുപറയാൻ പറ്റുന്ന ധനകാര്യസ്ഥാപനം പഞ്ചായത്ത് സർവ്വീസ് സഹകരണ ബേങ്കാണ്. 1995 ൽ ദേവർകോവിൽ കേന്ദ്രമായി പ്രവർത്തനമാരംഭിച്ച കുന്നുമ്മൽ ബ്ലോക്ക് എംപ്ലോയിസ് കോ-ഓപറേറ്റീവ് സൊസൈറ്റിയാണ് മറ്റൊന്ന്. ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനമെന്ന് പറയാവുന്ന കെട്ടിടനികുതി, തൊഴിൽ നികുതി എന്നിവ വളരെ പരിമിതമാണ്. വരുമാനം വർദ്ധിപ്പിക്കാനുള്ള ഏകമാർഗ്ഗം കെട്ടിട നികുതി വർദ്ധിപ്പിക്കുക എന്നത് മാത്രമാണ്. ജനങ്ങളുടെ ജീവിത സാഹചര്യം വെച്ചു നോക്കിയാൽ കെട്ടിടനികുതി ഇനിയും വർദ്ധിപ്പിക്കുക എന്നത് തികച്ചും അപ്രായോഗികവുമാണ്.

പഞ്ചായത്തിലെ ജനങ്ങൾ പ്രധാനമായും ബന്ധപ്പെടുന്ന ധനകാര്യസ്ഥാപനങ്ങൾ കായക്കൊടി പഞ്ചായത്ത് സർവ്വീസ് സഹകരണ ബേങ്കും കായക്കൊടിയിൽ പ്രവർത്തിക്കുന്ന സൗത്ത് മലബാർ ഗ്രാമീണ ബേങ്കും അയൽ പ്രദേശങ്ങളിൽ പ്രവൃത്തിക്കുന്ന വാണിജ്യബേങ്കുകളുടെ ശാഖകളെയുമാണ്. മിക്കബേങ്കുകളും കാർഷിക, കാർഷികേതര വായ്പകൾ നല്കുന്നുണ്ട്. എന്നാൽ വായ്പകൾ ലഭിക്കുന്നതിൽ ധാരാളം പ്രയാസങ്ങൾ അനുഭവപ്പെടുന്നുണ്ട്. ഉദാഹരണത്തിന് കാർഷിക വായ്പകൾ ആവശ്യമുള്ളപ്പോൾ, അത് ലഭിക്കുന്നതിലെ നടപടിക്രമങ്ങളുടെ സങ്കീർണ്ണത കാരണം, ആവശ്യമായവർക്ക് കൃത്യ സമയത്ത് ലഭിക്കാറില്ല.

പഞ്ചായത്തിന്റെ മിക്കഭാഗങ്ങളിലും ഗൾഫ് മേഖലയുമായി ബന്ധപ്പെട്ട് ജീവിക്കുന്നവരുണ്ട്. ഏറ്റവും കൂടുതൽ ഗൾഫുകാരുള്ള പ്രദേശം ദേവർകോവിൽ ആണ്. തൊട്ടടുത്ത് തളീക്കരയും. കായക്കൊടി, കരണ്ടോട് ചങ്ങരംകുളം പ്രദേശങ്ങളിലും, ഗൾഫ് കുടിയേറ്റക്കാർ ഏറെയുണ്ട്. ഗൾഫ് പണത്തിന്റെ വിനിയോഗത്തിലെ അശാസ്ത്രീയത കാരണം ഇത് നാടിന്റെ വികസനത്തിന് പരിമിതമായെ പ്രയോജനപ്പെടുന്നുള്ളൂ. മുസ്ലീം ജനവിഭാഗങ്ങളാണ് ഗൾഫിൽ ജോലി തേടിപ്പോകുന്നവരിലധികവും, ഇവരിൽ മൊത്തം ജനസംഖ്യയുടെ ആറ് ശതമാനത്തോളം പേർ വിദേശ ജോലിക്കാരണെന്നാണ് കണക്കാക്കിയിട്ടുള്ളത്. പഞ്ചായത്തിലെ ചിലപ്രദേശങ്ങളിൽ ഒരു വീട്ടിൽ ഒരാൾ എന്ന തോതിലെങ്കിലും ഗൾഫിൽ ജോലിചെയ്യുന്നവരുണ്ട്. സ്വന്തം കുടുംബത്തിന്റെയും. അവരെ ആശ്രയിച്ച് കഴിയുന്നവരുടെയും സാമൂഹ്യ സാമ്പത്തിക രംഗങ്ങളിലെ പുരോഗതിയാണ് ഈ മേഖലയിലുണ്ടായ നേട്ടമായി വിശേഷിപ്പിക്കാവുന്നത്. നാട്ടിലെ മിക്ക സാമുദായിക, സാംസ്കാരിക മേഖലകളിലും സംഭാവനകൾ നല്കുന്നതിൽ പഞ്ചായത്തിലെ ഗൾഫുകുടിയേറ്റക്കാർ മുൻപന്തിയിലുണ്ടാകാറുണ്ട്. എന്നാൽ കാർഷിക, വ്യാവസായിക മേഖലകളിൽ ഈ വിഭാഗത്തിന്റെ മുതൽ മുടക്ക് ഇല്ല എന്നു തന്നെ പറയാം. ഇക്കാര്യത്തിൽ വേണ്ടത്ര ബോധവൽക്കരണം നടത്തിയാൽ ഇവരുടെ സമ്പാദ്യത്തിൽ നല്ലൊരു ശതമാനം കാർഷിക, വ്യാവസായിക മേഖലകളിൽ നിക്ഷേപിക്കാനുള്ള സാദ്ധ്യത ഏറെയാണ്. പഞ്ചായത്തിന്റെ സമഗ്രവികസനത്തിന് ഗൾഫി മേഖലയിൽ പ്രവർത്തിക്കുന്നവർക്ക് നല്ല സംഭാവന ചെയ്യാൻ കഴിയുന്നതാണ്. പഞ്ചായത്ത് നേരിടുന്ന വികസന പ്രതിസന്ധിയെക്കുറിച്ചുള്ള ഒരവബോധം ബഹുജനങ്ങളിൽ സൃഷ്ടിക്കാനായാൽ വികസന പാതയിൽ നിരവധി പേരെ അണിനിരത്താൻ സാധിക്കുമെന്നുള്ളതിന് ഉദാഹരണമായിരുന്നു ഇക്കഴിഞ്ഞ പുനരർപ്പണ ദിനത്തിൽ പഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ നടന്ന വികസന പ്രവർത്തനങ്ങൾ. വിവിധ സന്നദ്ധ സംഘടനകളെയും വ്യക്തികളേയും ബഹുജനങ്ങളെയും മത്സരബുദ്ധിയോടെ ഇത്തരം പ്രവർത്തനങ്ങൾ ഏറ്റെടുക്കാൻ പ്രേരിപ്പിക്കുന്നതിലൂടെ സാധിക്കുന്നത് വാസ്തവത്തിൽ വമ്പിച്ച തോതിലുള്ള വിഭവസമാഹരണം തന്നെ.

പ്രശ്നങ്ങൾ

1 പഞ്ചായത്തിന്റെ പരിമിതമായ ധനസ്ഥിതി വികസന പ്രവർത്തനങ്ങൾ വേണ്ട വിധം നടത്താൻ സഹായിക്കുന്നില്ല.

2 ഭരണച്ചെലവിലുണ്ടാകുന്ന വർദ്ധനവിനനുസൃതമായ വരുമാന വർദ്ധനവ് ഉണ്ടാക്കാൻ കഴിയുന്നില്ല.

3 പഞ്ചായത്തിലെ ഭൂനികുതി, വാഹന

നികുതി, കോമ്പൻസേഷൻ തുടങ്ങിയവ കൃത്യമായി ലഭിക്കുന്നില്ല.

4 പഞ്ചായത്തിലെ വികസന പ്രവർത്തനങ്ങൾക്കാവശ്യമായ സാമ്പത്തിക സഹായം നൽകാൻ പറ്റിയ ധനകാര്യ സ്ഥാപനങ്ങളില്ല.

5 പ്രദേശികാവശ്യങ്ങൾക്കനുസൃതമായ സ്കീമുകൾ തയ്യാറാക്കാനോ, അവനടപ്പാക്കുന്നതിനാവശ്യമായ ധനസ്ഥിതിയോ പഞ്ചായത്തിനില്ല.

6 ധനകാര്യ സ്ഥാപനങ്ങൾ നൽകുന്ന വായ്പകൾ യഥാർത്ഥ ആവശ്യങ്ങൾക്ക് വിനിയോഗിക്കപ്പെടുന്നില്ല.

7 മനുഷ്യ വിഭവം സമാഹരിക്കുന്നതിനുള്ള ബോധ പൂർവ്വമായ ശ്രമങ്ങൾ നടക്കാത്തത് കാരണം മനുഷ്യവിഭവം പൂർണ്ണമായി ഉപയോഗിക്കാൻ സാധിക്കുന്നില്ല.

8 കാർഷിക-വ്യാവസായിക രംഗങ്ങളിൽ മൂലധന മിറക്കാനുള്ള ശ്രമം നടക്കുന്നില്ല.

9 ഗൾഫ് മേഖലയിലെ സമ്പാദ്യം പ്രത്യുല്പാദന പരമായ മേഖലകളിലേക്ക് തിരിച്ചു വിടാനുള്ള ബോധ പൂർവ്വമായ ശ്രമം നടന്നിട്ടില്ല.

10 സന്നദ്ധസംഘടനകളെ വികസന മേഖലയിലേക്ക് തിരിച്ചുവിടാൻ കഴിഞ്ഞിട്ടില്ല.

11 നാടിന്റെ വികസന മേഖലയിലേക്ക്, മനുഷ്യ വിഭവങ്ങൾ, മുൻകാലങ്ങളിൽ നിർല്ലോഭം ലഭിച്ചിരുന്നുവെങ്കിലും, ഇന്നതിന് കുറവ് വന്നുകൊണ്ടിരിക്കുന്നു.

സാദ്ധ്യതകൾ

പഞ്ചായത്തിലെ വിവിധ ഗ്രാമസഭകളിൽ നടന്ന ചർച്ചയിൽ മേൽപറഞ്ഞ പ്രശ്നങ്ങൾക്ക് പരിഹാരമായി നിരവധി സാധ്യതകൾ നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്.

1) വികസന സേന

(a) പഞ്ചായത്തിലെ മനുഷ്യ വിഭവം സമാഹരിക്കുകന്നതിന് വിവിധ വാർഡുകൾ കേന്ദ്രീകരിച്ച് വികസന സേനകൾ രൂപീകരിക്കുക. (b) ഓരോ വാർഡുകളിലും നടക്കുന്ന വികസന പ്രവർത്തനങ്ങൾ പൂർണ്ണമായും ഇങ്ങനെ രൂപീകരിക്കപ്പെടുന്ന വികസന സേനയുടെ നേതൃത്വത്തിൽ നടപ്പിലാക്കുക..

2 പഞ്ചായത്തിലെ ഒഴിഞ്ഞുകിടക്കുന്ന തരിശു നിലങ്ങളിൽ കൃഷിചെയ്യാനുള്ള സംവിധാനമുണ്ടാക്കുക.

3 തരിശു ഭൂമി പാട്ടത്തിന് കൊടുത്ത് കൃഷി ചെയ്യിപ്പിക്കുക.

4 സഹകരണാടിസ്ഥാനത്തിൽ കാർഷിക വിളകൾ ഏറ്റെടുത്ത് നടത്തി വിഭവ സമാഹരണം നടത്താവുന്നതാണ്.

5 വിനോദ കേന്ദ്രങ്ങൾ : വിനോദ നികുതിയിനത്തിൽ പഞ്ചായത്തിന്റെ വരുമാനം ഇന്ന് പൂജ്യമാണ്. ഈയിനത്തിൽ വരുമാന വർദ്ധനക്കായി പഞ്ചായത്തിൽ സിനിമാ ശാലകൾ സ്ഥാപിക്കാനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

6 ഗൾഫ് മേഖലയിൽ ജോലി ചെയ്യുന്നവരുടെ സമ്പാദ്യം കാർഷികവ്യവസായികമേഖലയിലേക്ക് തിരിച്ചു വിടാൻ പരിശ്രമിക്കുക.

7 പഞ്ചായത്തിലെ വിവിധ തരം നികുതികൾ ഏകീകരിക്കുകയും, ഒരു നിശ്ചിത തുകയിൽ കൂടുതൽ വരുമാന മുള്ളവർക്ക് വരുമാന സെസ്സ് ഏർപ്പെടുത്തുകയും ചെയ്യാം.

8 രജിസ്റ്റർ ചെയ്ത സന്നദ്ധസംഘടനകളിലൂടെ, വിവിധ ഏജൻസികളിൽ നിന്നുള്ള സഹായം ഉപയോഗിച്ച് വികസന പ്രവർത്തനങ്ങൽ നടത്താം.

9 പഞ്ചായത്തിലെ തൊഴിലില്ലാത്തവരെ സംബന്ധിച്ച സർവ്വെ നടത്തി വികസനപ്രവർത്തനങ്ങളിൽ പങ്കാളികളാക്കുക.

ഇത്തരത്തിൽ ദീർഘ വീക്ഷണത്തോട് കൂടിയും ബോധപൂർവ്വവുമായ ശ്രമത്തിലൂടെ പഞ്ചായത്ത് ഇന്ന് വിഭവ സമാഹരണത്തിന്റെ കാര്യത്തിൽ അഭിമുഖീകരിച്ചു കൊണ്ടിരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണാനും അതുവഴി ഒരു പുതിയ വികസന സംസ്കാരം രൂപപ്പെടുത്താനും സാധിക്കുന്നതാണ്.

ഗ്രമപഞ്ചായത്ത് പ്രവർത്തന രേഖ

1995 ഒക്ടോബർ മാസം 2ാം തിയ്യതി കായക്കൊടി പഞ്ചായത്തിൽ പുതിയ ഭരണസമിതി നിലവിൽ വന്നു. ത്രിതല പഞ്ചായത്ത് ഭരണസംവിധാനത്തിന് കീഴിൽ ഭരണ സമിതിയിൽ നിക്ഷിപ്തമായ അധികാരങ്ങളും ചുമതലകളും നിറവേറ്റുന്നതിൽ ആത്മാർത്ഥമായ പരിശ്രമം നടത്തുന്നതിന് ഭരണ സമിതി തയ്യാറായിട്ടുണ്ട്. ഏറ്റെടുക്കുന്ന പദ്ധതികൾ, വ്യത്യസ്ത ജനവിഭാഗങ്ങളുടെ സാംസ്കാരികവും സാമൂഹികവും സാമ്പത്തികവുമായ ഉന്നമനത്തിന് ഉതകുന്നവയായിരിക്കണം എന്നതാണ് ഭരണ സമിതിയുടെ കാഴ്ചപ്പാട്.

ഗ്രാമങ്ങളിലെ കലാകായിക സമിതികളെ ഉൾപ്പെടുത്തി വിപുലമായ പഞ്ചായത്ത് തലകലാകായികമേള കേരളോൽസവത്തിന്റെ ഭാഗമായി സംഘടിപ്പിച്ചിട്ടുണ്ട്. ഗ്രാമീണയുവജനങ്ങളുടെ സർഗ്ഗാത്മകതയെ പരിപോഷിപ്പിക്കാൻ ഇത്തരം വേദികൾക്ക് സാധിക്കുമെന്ന വിശ്വാസമാണ്, കേരളോത്സവത്തെ വിപുലമായ കലാ മേളയായി മാറ്റാൻ പഞ്ചായത്തിനെ പ്രേരിപ്പിച്ചത്.

പിന്നിട്ട ചുരുങ്ങിയ കാലയളവിനുള്ളിൽ പഞ്ചായത്തിലെ ഭൗതിക സാഹചര്യങ്ങൽ മെച്ചപ്പെടുത്തുന്നതിനാവശ്യമായ ചില ചുവടുവെപ്പുകൾ നടത്താൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. പാലങ്ങളുടെയും റോഡുകളുടെയും അറ്റകുറ്റപ്പണി തീർത്ത് ഗതാഗതയോഗ്യമാക്കാൻ ചില പദ്ധതികൾ ഇതിനകം തന്നെ ആവിഷ്കരിച്ചിട്ടുണ്ട്. അതിന്റെ ഭാഗമായി ചുവടെ ചേർത്തിട്ടുള്ള പ്രവൃത്തികൾ പഞ്ചായത്ത് ഏറ്റെടുത്ത് നടത്തുകയുണ്ടായി.

തളീക്കര-ദേവർകോവിൽ ഓവുചാലിൽനിന്നും മണ്ണ് നീക്കം ചെയ്തു. ഓത്യോട്ടുപാലം നരിക്കോട്ടുകണ്ടി താഴ റോഡ്, കാഞ്ഞിരത്തിൻകീഴിൽ പാറക്കുടുമ്പ് റോഡ്, ദേവർകോവിൽ-പൂക്കാട്ട്-പുന്നത്തോട്ടം റോഡ്, പാലോളി-മുണ്ടേട്യാട് റോഡ്, നെടുമണ്ണൂർ കൈതക്കൊല്ലി റോഡ്, ഉണ്ണിക്കണ്ടി മുക്ക് ഒതേനാണ്ടി-വെങ്കല്ലുള്ളതറ-മാവിലകുന്ന് റോഡ്, കാരേക്കുന്ന് മുക്ക് കായക്കൊടി ഹൈസ്കൂൾ റോഡ്, വണ്ണാത്തിപ്പൊയിൽ ഈന്തുള്ളതറ റോഡ്, മൂടാട്ട് മുക്ക്-മുട്ടുനട റോഡ്, കരണ്ടോട് സ്രാമ്പി-നരിക്കോട്ടുകണ്ടി റോഡ്, ട്രാൻസ്ഫോർമർ മുക്ക്-കിളിയംവയൽ റോഡ്, എടവലത്ത്-പട്ടർ കുളങ്ങര റോഡ്, മുക്കിലെ പീടിക-പുഴക്കൽ റോഡ് എന്നിവ ചെറിയ തോതിലെങ്കിലും അറ്റകുറ്റപ്പണി നടത്താൻ ഈ കാലത്തിനിടയിൽ കഴിഞ്ഞിട്ടുണ്ട്.

ഇവയ്ക്ക് പുറമെ ആരോഗ്യ രംഗത്ത് ചില ചുവടുവെപ്പുകൾ നടത്തുവാനും ഗ്രാമപഞ്ചായത്തിന് കഴിഞ്ഞു. പൾസ് പോളിയോ പരിപാടി രണ്ടു ഘട്ടങ്ങളായി പഞ്ചായത്തിൽ സംഘടിപ്പിച്ചിട്ടുണ്ട്. രോഗ പ്രതിരോധത്തെക്കുറിച്ചുള്ള അവബോധം ഗ്രാമീണ ജനങ്ങളിൽ സൃഷ്ടിക്കാനും ഈ പരിപാടികളിലൂടെ ഒരു പരിധി വരെ കഴിഞ്ഞു. പൊതുജനാരോഗ്യത്തെ ലക്ഷ്യമിട്ടുകൊണ്ടുള്ള പരിസര ശുചീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിന്റെ ഭാഗമായി തളീക്കര ടൗണിൽ കൊതുകുനിവാരണ പരിപാടി നടപ്പിലാക്കി.

ദുർബല വിഭാഗങ്ങൾക്ക് വീട് കെട്ടിമേയാനാവശ്യമായ ധനസഹായം നൽകിയിട്ടുണ്ട്. പഞ്ചായത്തിലെ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളിൽപെട്ട പതിനൊന്നു പേർക്ക് തയ്യൽ യന്ത്രം വാങ്ങുന്നതിന് ധനസഹായം നല്കിയിട്ടുണ്ട്.

പുതിയ ഭരണസമിതി അധികാരത്തിൽ വന്നതിനു ശേഷം പഞ്ചായത്തിന് ഏറ്റെടുക്കേണ്ടി വന്ന ഏറ്റവും വലിയ പ്രശ്നം കുടിവെള്ള ക്ഷാമം തരണംചെയ്യുക എന്നതായിരുന്നു. വേനൽ രൂക്ഷമായതോടെ, കുന്നിൻ പ്രദേശങ്ങൾക്കുപുറമെ പഞ്ചായത്തിലെ മറ്റു പ്രദേശങ്ങളിലും കുടിവെള്ളത്തിന് ക്ഷാമം നേരിടുകയുണ്ടായി. ഇത് കണക്കിലെടുത്ത് 4 ലോറികളിലായി വിവിധ ഭാഗങ്ങളിൽ കുടിവെള്ളം വിതരണം നടത്തി. പല പ്രദേശങ്ങളും ലോറിയിൽ വരുന്ന കുടിവെള്ളത്തിന് കാത്തിരിക്കേണ്ട അവസ്ഥ സംജാതമായി. ഒരളവു വരെ താല്കാലിക പരിഹാരമുണ്ടാക്കാൻ ഈ രംഗത്തുള്ള പഞ്ചായത്തിന്റെ പ്രവർത്തനങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട് ഇതിന് പുറമെ ജലക്ഷാമം പരിഹരിക്കുന്നതിനായി നെടുമണ്ണൂർ വെണ്ടേംകോട്ട് ചാലിൽ പഞ്ചായത്തിന്റെ നേതൃത്വത്തിൽ ഒരു കുളം കുഴിച്ചിട്ടുണ്ട്.

ബാലവാടി കുട്ടികൾക്ക് ഭക്ഷണം പാകപ്പെടുത്താൻ പാത്രം വിതരണം ചെയ്യുന്നതിനും, നിർധനരായ വിദ്യാർത്ഥികൾക്ക് തുണി, കുട എന്നിവ വിതരണം ചെയ്യുന്നതിനും കഴിഞ്ഞിട്ടുണ്ട്.

നിലവിലുള്ള ഭരണ സമിതി അധികാരത്തിൽ വന്നതിന് ശേഷം ഉൽഘാടനം ചെയ്യപ്പെട്ട ഒരു സ്ഥാപനമാണ് കായക്കൊടിയിലെ സർക്കാർ മൃഗാശുപത്രി. 6.1.96ന് ബഹു: മൃഗസംരക്ഷണ വകുപ്പ് മന്ത്രി ശ്രീ. പി.പി. തങ്കച്ചനാണ് ഉൽഘാടനം നിർവ്വഹിച്ചത്. പഞ്ചായത്തിൽ കന്നുകാലി വളർത്തുകാർക്ക് ലഭ്യമായ ഏറ്റവും വലിയ സൗകര്യമാണ് ഇതെന്നു പറയാം.

കോഴിക്കോട് ജില്ലാ പഞ്ചായത്ത് ആവിഷ്കരിച്ച വിദ്യാഭ്യാസ പരിപാടിയുടെ ഭാഗമായി കായക്കൊടി പഞ്ചായത്തിൽ ഈ വർഷം വിവിധ പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കിവരുന്നു. വിദ്യാഭ്യാസ പ്രവർത്തനങ്ങളുടെ ആദ്യഘട്ടം 27-6-96 ന് ഔപചാരികമായി ഉൽഘടാനം ചെയ്യപ്പെട്ടു. അന്ന് നമ്മുടെ ഗ്രാമ പഞ്ചായത്തിലെ മുഴുവൻ അദ്ധ്യാപകരുടെയും ഒരു യോഗം കായക്കൊടി കെ.പി.ഇ.എസ് ഹൈസ്കൂളിൽ വെച്ച് ചേരുകയുണ്ടായി. പഞ്ചായത്ത് പ്രസിഡന്റിന്റെ ആദ്ധ്യക്ഷതയിൽ ചേർന്ന യോഗം കുന്നുമ്മൽ സബ്ജില്ലാ പ്രിൻസിപ്പാൽ എ.ഇ.ഒ ശ്രീ. സി.കെ. കരുണൻ ഉൽഘാടനം ചെയ്തു. ശ്രീ കെ. ജയരാജൻ വിദ്യാഭ്യാസ സമിതിയുടെ പ്രവർത്തനങ്ങളെക്കുറിച്ച് വിശദീകരിച്ചു. ഇതോടനുബന്ധിച്ച് ഒരു പഞ്ചായത്ത് തല വിദ്യാഭ്യാസ സമിതിക്ക് രൂപം നല്കി. സമിതി പ്രാബല്യത്തിൽ വന്നതിനു ശേഷം വിദ്യാഭ്യാസ പ്രവർത്തനങ്ങളുമായി ബഹുദൂരം മുന്നോട്ടു പോകുവാൻ അതിനുകഴിഞ്ഞിട്ടുണ്ട്. വിവിധ വിഷയങ്ങൾ കേന്ദ്രീകരിച്ച് പഞ്ചായത്തിൽ ക്യാമ്പുകൾ സംഘടിപ്പിക്കുകയും തുടർ പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കുകയും ചെയ്തുവരുന്നു.

ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങൾ നമ്മുടെ ഗ്രാമപഞ്ചായത്തിൽ ശക്തമായി നടന്നു വരുന്നുണ്ട് - 1996 നവമ്പർ ഒന്നിന്റെ പുനരർപ്പണ ദിനം നമ്മുടെ പഞ്ചായത്തിലെ എല്ലാ വാർഡുകളിലും ക്രിയാത്മകമായി സംഘടിപ്പിച്ചിട്ടുണ്ട്. ഓരോ വാർഡിലും നടത്തിയ ജോലിയും പങ്കെടുത്തവരുടെ എണ്ണവും ചുവടെ ചേർത്തിട്ടുള്ള പട്ടികയിൽ നിന്നും മനസ്സിലാക്കാവുന്നതാണ്.

ക്രമ നമ്പർ	വാർഡ്	പ്രവൃത്തിയുടെ പേര്	ഭൗതിക വിവരം	പങ്കാളിത്തം	സമയം
1	I	അരയാൽമുക്ക്-നായിക്കരിമ്പൻ പൊയിൽ റോഡ് നിർമ്മാണം	നീളം 1 K.M വീതി 5 M	28 പേർ	8 മണി മുതൽ 2.30 വരെ
2	II	കൊടക്കൽത്താഴ-കനാൽ മുക്ക് റോഡ് നിർമ്മാണം	-	40 പേർ	8 മണി മുതൽ 4 വരെ
3		അകഡേറ്റ്-കനാൽ മുക്ക് റോഡ് നിർമ്മാണം	-	30 പേർ	" "
4	III	കരിക്കാടൻ പൊയിൽ റോഡ്		- 75 (പു-65 സ്ത്രീ-10)	7 മണി മുതൽ 4 വരെ
5	IV	ഓത്യോട്ട് പാലം-കരണ്ടോട് വയൽ സ്രാമ്പി റോഡ് റിപ്പയറും വീതിക്കൂട്ടലും	750 മീ.	30 പേർ	8 മണി മുതൽ 2.00 വരെ
6	V	ട്രാൻസ്ഫോമർ മുക്ക്-തളീക്കര റോഡ് വീതി അടിയന്തിര റിപ്പയർ	800M	49 പേർ	" "
7	VI	കോവുക്കുന്ന്-എൽ.പി. സ്കൂൾ റോഡ്	75M	47 (വികസന സേന)	7.30 മുതൽ 3.30 വരെ
8		കനാൽ പുറമ്പോക്ക് ഭൂമിയിൽ മരച്ചീനി നടൽ - " " -			
9	VII	കാരേക്കുന്ന്-പള്ളിയറമുക്ക് റോഡ് റിപ്പയർ, ഓവുചാൽ, കരിങ്കൽ ഫില്ലിംഗ്, മണ്ണ് ഫില്ലിംഗ്	-	46 പേർ	രാവിലെ മുതൽ 9 മണിക്കൂർ
10	VIII	ചേറ്റുപൊയിൽ-മുണ്ടേയ്യാട് റോഡ് നിർമ്മാണം	2KM	200 പേർ	8 മണി മുതൽ 5 വരെ
11	IX	ട്രാൻഫോർമുക്ക്-തളീക്കര റോഡ് അടിയന്തിര റിപ്പയർ	-	17 പേർ	9 മണി മുതൽ 3 വരെ
12	X	കട്ടിപ്പാറ-അടക്കോറ റോഡ്	2.500KM	110 (പു-83 സ്ത്രീ-27	9 മണി മുതൽ 3 വരെ
		ആകെ		663 പേർ	

അടിയന്തിര പ്രാധാന്യമുള്ള അനവധി ബാധ്യതകൾ പഞ്ചായത്തിനുണ്ട്. വരുമാനത്തിന്റെ കാര്യത്തിൽ നമ്മുടെ പഞ്ചായത്ത് ഏറെ പിന്നിലുമാണ്. പണമില്ല എന്നതുകൊണ്ട് മാറ്റിവെക്കാവുന്നവയല്ല നമ്മുടെ ആവശ്യങ്ങൾ. പഞ്ചായത്ത് ഭരണ സമിതിയും വികസന സമിതിയും ബഹുജന പങ്കാളിത്തത്തോടെ ഒറ്റക്കെട്ടായി മുന്നോട്ടുപോകുന്നതിലൂടെ വികസനപ്രവർത്തനങ്ങൾ ത്വരിതപ്പെടുത്താൻ നമുക്ക് കഴിയും. ഇതുവരെ നടത്തിയ വികസന പ്രവർത്തനങ്ങളിൽ ദർശിക്കാൻ കഴിഞ്ഞ ബഹുജന താല്പര്യം നമുക്ക് കരുത്തും പ്രത്യാശയും നല്കിയിട്ടുണ്ട്. അതുകൊണ്ടുതന്നെ ഭാവിയെക്കുറിച്ച് ആശങ്കകൾക്ക് അവകാശമില്ല. നമുക്ക് ശുഭ പ്രതീക്ഷയോടെ മുന്നോട്ടു നീങ്ങാം.

സെക്രട്ടറി
കെ. ഉണ്ണികൃഷ്ണൻ
കായക്കൊടി ഗ്രാമ പഞ്ചായത്ത്

പ്രസിഡന്റ്
സി.പി. സരോജിനി ദേവി
കായക്കൊടി ഗ്രാമ പഞ്ചായത്ത്.

പണിപ്പുരയിൽ സഹകരിച്ചവർ

കെ.പി. ബാലൻ മാസ്റ്റർ
ഇ. ലോഹിതാക്ഷൻ മാസ്റ്റർ
മൂടാട്ട് ഗംഗാധരൻ
വി.എ.സി. ഇബ്രാഹിം ഹാജി
നോവക്കര കൃഷ്ണൻ
കെ.പി. കുഞ്ഞിക്കണ്ണൻ
കെ.കെ. കുഞ്ഞിരാമൻ
പി.കെ. ബാബു
എം.പി. പ്രകാശ് ബാബു
ആർ. സജീവൻ
വി.കെ. പ്രദീപൻ
എം. അമ്മത് മാസ്റ്റർ
ഒ. ഷാനോജ്
കെ. വസുമതി ടീച്ചർ യു.ടി. നിഷ ടീച്ചർ
അസീസ് മാസ്റ്റർ കരണ്ടോട്
പി.പി. പവിത്രൻ
കെ.പി. മനോജൻ
പി.കെ. കുഞ്ഞമ്മദ് മാസ്റ്റർ
ടി.അബ്ദുൾ നാസർ മാസ്റ്റർ
ഇ.കെ. രാജീവൻ
സി.കെ. വിനോദൻ
കെ.രാധാകൃഷ്ണൻ മാസ്റ്റർ
വി.പി. രാജീവൻ
വി.കെ.ഗീത
പി. പവിത്രൻ
പി.കെ. ഗനീഷ്
എം.ടി. ശ്രീധരൻ
ടി.വി. ഷാജു
കെ.ടി. കുമാരൻ
വി.പി. സുരേന്ദ്രൻ
സി. അശോകൻ
കെ. പി. അജിത്
സി.കെ. ബാബു
പി.കെ. ആണ്ടി
ടി.പി. കൃഷ്ണൻ മാസ്റ്റർ
എൻ.കെ. റീന
വി.സി. രാജൻ
പി.പി. ബാലകൃഷ്ണൻ
ബാലകൃഷണൻ പാലയാട്
സി.കെ. രാജൻ
വി.കെ. അനന്തൻ മാസ്റ്റർ
പി.പി. കേളപ്പൻ.

കായക്കൊടിപഞ്ചായത്ത്

നിക്ഷിപ്തവനം - 23.500 ഹെക്ടർ

കായക്കൊടി ഗ്രാമപഞ്ചായത്ത്

അധികാരം ജനങ്ങളിലേക്ക്
ഒമ്പതാം പദ്ധതി ജനകീയപദ്ധതി

*



"ഓരോരുത്തരും അവരവരുടെ
നെറ്റി വിയർക്കെ പണിയെ
ടുത്തു ജീവിച്ചെങ്കിൽ ഭൂമി
സ്വർഗ്ഗമായി മാറുമായിരുന്നു"

- ഗാന്ധിജി


10
8
6
7
1
2
3
4
5
9
N
W
E
S

Printed at MANGALAM offset press Kallai, Calicut, Ph. 300063